X

# വിൽക്കപ്പെടാത്ത ബന്ധം

Not Saleable Relation

~~18693~~

DISTRIBUTING LIBRARY
No. ....... .........
KOTTAYAM

449

# വിൽക്കപ്പെടാത്ത ബന്ധം

(നോവൽ)

~~18693~~

83510

KOTTAYAM PUBLIC LIBRARY KOTTAYAM

DISTRIBUTING LIBRARY
No. ..........
KOTTAYAM

ഗ്രന്ഥകർത്താ

ഏവൂർ സി. കെ. മാധവൻനായർ

വില 2 – 25

വിദ്യാർത്ഥിമിത്രം ബുക്കുഡിപ്പോ,
ബേക്കർ റോഡ് : : കോട്ടയം.

# VILKKAPEDATHA BENDHAM

(NOVEL)

BY EVOOR C. K. MADHAVAN NAIR

First Edition:
March 1968

**Price Rs. 2-25**

*Copyright reserved by the Publishers*

Published by
**Auroville Publishers,
Kottayam-1.**

Distributors:
**The Vidyarthi Mithram Press & Book Depot,
Baker Road, Kottayam.**

Printed at
**The Vidyarthi Mithram Press,
Y. M. C. A. Road, Kottayam.**

P.N. 907 O.N. 2868—1500

DISTRIBUTING LIBRARY
No. ....... .......
KOTTAYAM

# അദ്ധ്യായം ഒന്ന്

കോരിച്ചൊരിയുന്ന മഴയാണ്. നേരം നന്നേ പുലർന്നിട്ടും എഴുന്നേല്ക്കാൻ കൂട്ടാക്കുന്നില്ല അച്ഛനും മകനും. മടിപിടിച്ചു കിടന്നുറങ്ങുകയാണെന്നു പറഞ്ഞുകൂടാ. പരസ്പരം ചൂടുപകർന്നുകൊണ്ടങ്ങനെ തൊട്ടുരുമ്മിക്കിടക്കുന്നതിൽ പരമസായൂജ്യം ദർശിക്കുന്ന ആ പിതാവും പുത്രനും.

ഇറമ്പു താണ പഴയ ഒററത്തായ് പുര. ഇടുങ്ങിയ രണ്ടോമൂന്നോ മുറികളുണ്ടാവും മൊത്തം. പൊക്കംകൂടിയ തെക്കെ പൂമുഖത്താണ് വീട്ടുമൂപ്പിലെ കട്ടിൽ. പത്തുപതിനേഴ വയസ്സായിട്ടും ബാബുവിന് പിതാവിന്റെ പള്ളക്കീഴിലെ സുഖനിദ്ര സമനുഗ്രഹിക്കു എന്നാവാം?

പേമാരിയെ തരിമ്പുംകൂസാതെ ഒരു മാന്യൻ പടി കയറി മുററത്തെത്തി. ആകെ ഒരു സിംഹവീക്ഷണം നടത്തി മെല്ലെ അടിത്തിണ്ണയിൽ കയറി കുട മടക്കി. പൂമുഖത്തു കട്ടിലിൽ ഉറങ്ങിക്കിടക്കുന്ന ഭവനനാഥനെയും പുത്രനെയും നിർന്നിമേഷം നോക്കി നിന്നുപോയി കുറെ നിമിഷം. വല്ലാത്ത പൊരുത്തക്കേടേതോ ദർശിക്കുമ്പോലെ!

വെളുത്തുരുണ്ട ശരീരമാണ് പിതാവിന്റേതു്. അതിനോടു നേരിയ വിദൂരസാദൃശ്യംപോലുമില്ല പുത്രന്റെ കായാമ്പുമേനിക്ക്. എന്നിട്ടും ഒന്നിനൊന്നു കെട്ടിപ്പിടിച്ച് ആത്മനിർവൃതികൊള്ളുകയാണ് ഉഭയവ്യക്തികളും.

ഏറെനേരമങ്ങനെ നിശ്ശബ്ദം നോക്കിനില്ക്കാൻ മനസ്സാന്നിദ്ധ്യം മതിയായില്ല ആഗതന്—"അല്ലല്ലാ! ഇവിടെ ആർക്കുമിന്നിതുവരെ നേരം വെളുത്തില്ലേ?"

അടുക്കളയായ വടക്കുവശം ചായ്പുമുറിയിൽനിന്നു് വീട്ടമ്മ മുഖം നീട്ടി. മഴയത്തു വന്നുകയറിയ മാന്യാതിഥിയുമായി ഒരു നിമിഷം കണ്ണിടഞ്ഞു. അത്രതന്നെ സുഖകരമല്ലാത്ത സ്വാഗതമാണു് ആതിഥേയിയുടെ മുഖത്തു നിഴലിച്ചതു്. അതിന്റെ പ്രതികരണമെന്നോണം പാടെ വിളറിപ്പോയ ചിരിയാണു് നവാഗതന്റെ വദനത്തിലും.

കണ്ണുതിരുമ്മി നാണുക്കുറുപ്പ് കട്ടിലിൽ എഴുന്നേററിരുന്നു—"ഇന്നത്തെ കണി കേമമായല്ലേ! ഇങ്ങെറയത്തോട്ട കേറിയിരുന്നാട്ടെ കോന്നപ്പുള്ളേ."

മടക്കിക്കുത്തഴിച്ചുതാഴ്ത്തി കയറി സഹജമായ ഗമയിൽത്തന്നെ മംഗലത്തു ഗോവിന്ദപ്പിള്ള ചാരുകസാലയിൽ ആസനസ്ഥനായി. തെല്ലകലെയിരുന്ന മുറുക്കാൻതട്ടവും താനായി നികടത്തിലേക്കടുപ്പിച്ചു.

മുഖം കഴുകിവന്ന ഗൃഹനാഥൻ ലോഹ്യം ചോദിച്ചു:—"തട്ടത്തിൽ മുറുക്കാനെല്ലാക്കൂട്ടവുമൊണ്ടാരുന്നോ?"

മുററത്തെ മഴവെള്ളം ഒരളവോളം രക്താഭമാകുംപടി ഒന്നു നീട്ടിത്തുപ്പിയ ശേഷം മാന്യാതിഥി പ്രത്യുക്തി മൊഴിഞ്ഞു:—"ഈ തുണ്ടുപറമ്പിലാണോ മുറുക്കാൻവട്ടങ്ങൾക്കെന്തെങ്കിലുമൊരു കുറവുണ്ടാവുക?"

അച്ഛന്റെ ചൂടകന്നതോടെ നിദ്രയും പിണങ്ങിപ്പിരിഞ്ഞ ബാബു മെല്ലെ കണ്ണുതുറന്നു. മിഴിച്ച ദൃഷ്ടിയൊന്നു പരക്കംചുറ്റി ചെന്നിടഞ്ഞതു് തന്നെത്തന്നെ തുറിച്ചുനോക്കിയിരിക്കുന്ന ബഹുമാന്യാതിഥിയുടെ ദൃഷ്ടിമുനയുമായിട്ടത്രെ. ഉറക്കം മതിയാവാത്ത ഈർഷ്യ കാട്ടാനെ ആ പതിനേഴാം വയസ്സുകാരനു തോന്നിയുള്ളു. തീരെ രസിക്കാത്ത മട്ടിൽ മറുവശംതിരിഞ്ഞു് കിടന്നുകളഞ്ഞു.

അക്ഷന്തവ്യമായ ആ അനാദരവിനു നേരെ ആയുധമുയർത്തി ഗോവിന്ദപ്പിള്ള. സാമാന്യം വലിയൊരു ധനികനും സമൂഹത്തിൽ ഒരു പ്രമാണിയുമാണയാൾ. നാട്ടിൽ ബഹുഭൂരിപക്ഷം വരുന്ന വെറും ദരിദ്രരിലൊന്നാണു് തുണ്ടുപറമ്പിൽ നാണുക്കുറുപ്പ്; വളരെ വളരെക്കാലം തന്റെ ആശ്രിതനായി കഴിഞ്ഞിരുന്നതാനും.

"ബാബുവിനിന്നു കാളേജില്ലേ?" തികച്ചും യജമാനസ്വരമാണു് ഗോവിന്ദപ്പിള്ളയിൽനിന്നുയന്നതു്. അതിനോടുള്ള പ്രതിഷേധം കൊണ്ടാവാം ബാബു മിണ്ടാൻപോയില്ല. അത്രത്തോളമൊന്നും ഗൗരവം കല്പിക്കാതെ നാണുക്കുറുപ്പു പറഞ്ഞു:—"ഒണ്ടെന്നാ തോന്നുന്നെ."

"എന്നിട്ടാണോ ഈ ഉച്ചയാവുംവരെയൊരുറക്കം?"

"എട്ടുപത്തു വെളുപ്പിനെ എഴുന്നേററിരുന്നു പഠിക്കയായിരുന്നു. ഇപ്പഴാണിങ്ങോട്ടു വന്നെൻറക്കൂടെ കേറി കെടന്നതു്."

"പഠിക്കുന്ന പിള്ളേരിങ്ങനെ മടിപിടിക്കാൻ സമ്മതിക്കരുതു്!"

"അവനെയങ്ങനെ അടിച്ചുതല്ലീ അപ്പം തീറേറണ്ട ആവശ്യമൊന്നുമില്ല—ഈശ്വരാനുഗ്രഹമൊണ്ടായി!"

"പിള്ളേരോടു സ്നേഹം മനസ്സിലേ ആകാവൂ! പുറത്തു കാണിച്ചാലവരു വഷളായിപ്പോവും."

"മനസ്സീലൊള്ളതു മറച്ചുപിടിച്ചോണ്ടു മറെറാന്നു കാണിക്കാൻ എന്നെക്കൊണ്ടു് എളുപ്പമല്ല."

ബാബു കണ്ണുതിരുമ്മി എഴുന്നേററു.

"ഇന്നു കാളേജിൽ പോകേണ്ടേ?" ബ്രഹ്മാന്ദതിഥിയുടെ കുശലാന്വേഷണമാണു്.

"പോണം."

"സമയമെന്തായി?"

"ടൈംപീസു് നോക്കണം."

"എങ്കിലും?"

അത്ര സൂക്ഷ്മമായി അറിഞ്ഞിട്ടെന്തുവേണമെന്നു ചോദിക്കുന്ന മട്ടിൽ ഒരു കപടഹാസം തൂകിയിട്ടു് അവൻ രംഗത്തുനിന്നകന്നു മെല്ലെ അടുക്കളയിലേക്കു്.

"മംഗലത്തെ മൂപ്പീന്നെന്തിനാണമ്മേ നേരം വെളുക്കുമ്പേ കണികാണിക്കാനെഴുന്നെള്ളിയിരിക്കുന്നതു്?"

"എനിക്കറിയാമോ?" അടുപ്പിൽ തീ മൂട്ടിക്കൊണ്ടിരിക്കുന്ന ജാനകിയമ്മ ദേഷ്യപ്പെട്ടു.

"അമ്മയും ഇന്നു് ആ മനുഷ്യനെയാണോ കണികണ്ടതു്?"

"അതെന്താ ചോദിച്ചെ?"

"ഉരിയാടുന്നേനു മുമ്പേ തല ചാടിപ്പറിക്കാൻ വരുന്നു!"

"എൻെറ മോനെ! മഴേംപിടിച്ചീ അടുപ്പിലൊന്നു തീ മൂട്ടുന്നേൻെറ പാടുകണ്ടോ? ഊതിയൂതിയെൻെറ വശംകെട്ടു! അതിൻെറടെപ്പാ നീയോരോ കിന്നാരം ചോദിക്കാൻ വന്നേക്കുന്നതു്?"

"ഓഹോ! ഇന്നിവിടെയും ഇടങ്കേടാണോ?"

"കടുംകാപ്പി വേണേലിന്നാ! കുടിച്ചോണ്ടു പോ."

"പിന്നെ മതി."

"ആറിപ്പോവും!"

"സാരമില്ല."

അവൻ കുടനിവത്തു മുററത്തേക്കിറങ്ങിയപ്പോൾ മാതാവു മനസാ പ്രാത്ഥിച്ചു:– "ഇവനിതിൻെറ സൂചനപോലും മനസ്സിലാവല്ലേ ഈശ്വരാ!"

കുളിവരെയുള്ള പ്രഭാതകൃത്യങ്ങൾ കഴിഞ്ഞു് ബാബു പടിഞ്ഞാറെ ചായ്പ്പുമുറിയിലെത്തുമ്പോൾ പൂമുഖത്തു ചൂടുപിടിച്ച ചച്ച്യയാണു് കുറുപ്പും ഗോവിന്ദപ്പിള്ളയുമായി.

"കുറുപ്പെനിക്കെന്തു പ്രമാണം തരാമെന്നാ?"

"ഈ വീടും പുരേടോംകൂടെ നാലഞ്ചുകൊല്ലത്തേക്കു് ഒററിയെഴുതിത്തരാം."

"പിന്നെ നിങ്ങളെങ്ങോട്ടു പോകും?"

"അതല്ലേ പറഞ്ഞതു്? പണത്തിനു പലിശതന്നാൽ മതിയല്ലോ? അതിനൊള്ള തേങ്ങാകാണും!—സെൻറു് മുപ്പത്തഞ്ചേയൊള്ളെങ്കിലും തെങ്ങുന്തല മോശമല്ല!"

പിന്നെ കവുങ്ങൊണ്ടു്; രണ്ടുമൂട്ടു പ്ലാവൊണ്ടു്; മാവൊണ്ടു്......"

"തെങ്ങേന്നു കിട്ടുന്ന നാളികേരംകൊണ്ടുതന്നെ തരുന്ന പണത്തിൻെറ പലിശ നടന്നില്ലേൽ മതിയല്ലോ?"

"പണ്ടത്തെ പണയാധാരമായിരുന്നെങ്കിൽ പ്രമാണത്തിൽ പറയുന്ന പലിശ തീരേണ്ട കാര്യമേയുള്ളു"

"ഈ നാണുക്കുറുപ്പൊരു സത്യദോഷം ചെയ്യുമെന്നു കോന്നപ്പിള്ളയ്ക്കു തോന്നുന്നുണ്ടോ?"

"അതല്ല കുറുപ്പേ. നമ്മളൊരു കരണംചെയ്താൽ അതൊരു കരണമായിരിക്കണം. മറെറാരുത്തനതെടുത്തു നോക്കിയാലെന്നെ കൊശവനാക്കരുതു്! ഇക്കാലത്തു് പണയാധാരത്തിനു പണം കൊടുക്കുന്ന കൊശവനേതാടോ?"

"ഒററിതന്നെ എഴുതിത്തരാം."

"ഒററിയാധാരത്തിലെ വാചകമെങ്ങനെയാ?"

"വസ്തു വിട്ടുതരുന്നെന്നു്."

"താമസമൊഴിഞ്ഞു്–"

"ഹതുടെ വേണോ?"

"പിന്നെങ്ങനെയാണു കുറുപ്പേ, കുടിപാർപ്പുള്ള പുരയിടം വിട്ടുകൊടുക്കുക?"

നാണുക്കുറുപ്പു വല്ലാതെ വിയത്തുപോയി. കുളിരുകൊണ്ടു ചൂളിപ്പോകുന്ന കോടക്കാററു തുടരെ വീശുന്നുണ്ടു പുറത്തു്. തൊട്ടു മുൻപിലിരിക്കുന്ന സമവയസ്കനായ അതിഥി തന്നെയും മെച്ചപ്പെട്ട

പ്ലാനൽത്തരങ്ങളാൽ ദേഹം പൊതിഞ്ഞുകെട്ടിയിരിക്കയാണ്. അടിയന്തിരാവശ്യത്തിൻെറ പൽച്ചക്രങ്ങൾക്കിടയിൽ കൊരുത്തുപോയ ദരിദ്രൻ നാണക്കുറുപ്പാകട്ടെ, തോളത്തുകിടന്ന തോത്തുകൊണ്ടു തലയും നെററിയും അമർത്തിത്തുടസ്സയാണ്.

അടവൊന്നു മാററി ധനികൻ ഉത്തമസ്സൻ—മഹദനുഗ്രഹം ചൊരിയുന്ന മന്ദസ്മിതമൊന്നു വിടൻു മാന്യാതിഥിയുടെ മുഖത്ത്—

"എന്നുവച്ചു നിങ്ങൾ തീതിന്നണ്ടാ–ലവലേശം!"

മൃതസഞ്ജീവനികണ്ട ആസന്നമരണൻെറ പ്രത്യാശാദീപ്തിനാളം കുറുപ്പിൻെറ നേത്രങ്ങളിൽ മിന്നി.

ഗോവിന്ദപ്പിള്ള ദിവ്യസാന്ത്വനം തുടൻു:–

"പ്രമാണത്തിലെന്തും എഴുതിവച്ചോട്ടെ. നിങ്ങൾ പ്രമാണം തരുന്നതെൻെറപേക്കല്ലെ? പിന്നെ നടക്കേണ്ടും വ്യവസ്ഥകൾ ഞാൻ സമ്മതിച്ചാൽ മതിയല്ലോ?"

എവിടെവിടെയോ തട്ടിത്തടഞ്ഞ നെട്ടവീർപ്പൊന്നു പുറത്തു തള്ളി നാണക്കുറുപ്പു പറഞ്ഞു:–

"എല്ലാം നിങ്ങള പറേമ്പോലെ. എനിക്കു വശമൊണ്ടായിട്ടല്ല, എൻെറ കൊച്ചൻെറ ആശയാ! അതിനുവേണ്ടി ഞാനെൻെറ സവ്വസോം തീറെഴുതാൻകൂടെ തയാറാണു താനും."

"തീറാധാരം വേണമെന്നു ഞാൻ നിർബ്ബന്ധിച്ചോ?"

"അല്ലെങ്കിലീ ആയിരത്തിഅഞ്ഞൂറിനു ഞാനീ മുപ്പത്തഞ്ചുസെൻറു തീറുതരാൻ പോണോ?"

"ആയിരത്തി അഞ്ഞൂറുകൊണ്ട് നിങ്ങൾ പറഞ്ഞ കാര്യം മുഴമിക്കുമോ?"

"ഇതുവരെ ഒരു ക്ലാസിലും തോററിട്ടില്ല അവൻ. ഇപ്പോൾ കാളേജിൽ മൂന്നാംകൊല്ലമാ. അട്ടത്തയൊരാണ്ടത്തേടം കൂടെ കടന്നു കേറിയാൽ ഭാരം തീൻു!"

"പ്രീയൂണിവേഴ്സിററിയും, ബി. എ. ആദ്യത്തെ കൊല്ലവും കഴിഞ്ഞു. അതുകൊണ്ടു കാര്യമായില്ല. മൂന്നാംകൊല്ലം കാളേജ് തുറന്നിരിക്കയാണ്. ഈ ആണ്ടും അട്ടത്തയാണ്ടുമാണ് പഠിക്കാനുള്ളത്. കണ്ടമാനം കാശും ചെലവാകണം!"

"കുഞ്ഞുന്നാളിൽത്തൊട്ടേ കണ്ടമാനച്ചെലവൊന്നുമില്ല ബാബുവിനു്. അവൻെറ തരക്കാരെപ്പോലുള്ള ധടപടാലിററിയോ ധാരാളിത്തമോ തീണ്ടിയിട്ടില്ല."

"എങ്കിലും അത്യാവശ്യത്തിനു വേണ്ടതു വേണ്ടായോ? ഒരു കാളേജിൽ പഠിക്കുന്ന കൊച്ചനു്?"

“അതൊക്കെയീ ആയിരത്തഞ്ഞൂറിനകത്തു ഞാൻ നിർത്തും.”

“ഒരുപക്ഷെ പോരാതെ വന്നാൽ?”

നാണുക്കുറുപ്പു പിന്നെയും മലച്ചു.

ഒററിയത്ഥം രണ്ടായിരമാക്കി ഉയർത്താൻ ഉത്തമണ്ണൻ കനിഞ്ഞു. അതിന്മേൽ കൂടുതൽ ഉഭയം ഈടാക്കുന്നില്ലെന്നും എടുത്തുപറഞ്ഞു.

ആവശ്യം അറിഞ്ഞു സഹായിക്കാൻ ദൈവം ഇറങ്ങി വന്നപോലെ തോന്നി—ആർക്കെ? അന്തംവിട്ടു പതറിനിന്നു പാവം അധമണ്ണനു്.

പക്ഷെ, കുറുപ്പിൻെറ കുടുംബാംഗങ്ങളിലെ പ്രതികരണം മറെറാരു വിധത്തിലായിരുന്നു. മംഗലത്തു ഗോവിന്ദപ്പിള്ളയെ കണി കണ്ടപ്പോൾതൊട്ടേ ബാബുവിനും മാതാവിനും മനസ്സുഞ്ഞുണ്ടിയെഴുന്നു. പതിവുള്ള കട്ടൻകാപ്പികുടി കുടിക്കാതെ മകൻ മഴയത്തിറങ്ങിപ്പോയപ്പോൾ ജാനകിയമ്മയ്ക്കു വീണ്ടുവിചാരമുദിച്ചു. അവൻ കുളിച്ചുവരുമ്പോഴേക്ക തിടുക്കത്തിൽ ഗോതമ്പു ചപ്പാത്തികൂടി തയ്യാറാക്കി. ആവിപറക്കുന്ന കാപ്പിയും പലഹാരവും മകൻെറ മേശപ്പുറത്തു് ഹാജരാക്കുംവരെ മാതാവിനു് മറെറാന്നിലും ശ്രദ്ധപോയില്ല. അമ്മ കൊണ്ടുവന്നുവച്ച ആഹാരപദാത്ഥങ്ങൾ അവൻ കാണാഞ്ഞിട്ടല്ല. തൊട്ടടുത്ത പൂമുഖത്തു മുഴങ്ങിക്കേട്ട ചർച്ചയാണു് പ്രഭാതഭക്ഷണത്തെക്കാൾ ത്വരപ്പെട്ട ശ്രദ്ധയ്ക്കു നിദാനമായി ഭവിച്ചതു്.

ആ ചായ്പുമുറിയിൽനിന്നു പൂമുഖത്തേക്കുള്ള വാതൽ മുൻപേ അടച്ചിരിക്കയാണു്. ആ അടഞ്ഞ വാതലിനു നേരെ തുറിച്ചുനോക്കി ഭാവം പകരുന്നു ബാബുവിനു്. അപ്പുറത്തു് കുടുംബനാഥനും മാന്യാതിഥിയും തമ്മിൽ കൈമാറുന്ന വാചകങ്ങൾ ജാനകിയമ്മയുടെ ചെവിയിലും വന്നുപെട്ടു. അമ്മയും മകനും പരസ്പരം കണ്ണിടഞ്ഞു. അടുത്തപടി അത്ഥം ചോദിക്കയായി, അവരുടെ ദൃഷ്ടിമുനകൾ. ചൂടുകാപ്പി പുറത്തെ മഴവെള്ളത്തെക്കാൾ തണുത്തുകഴിഞ്ഞതോ ചപ്പാത്തി നിരയെ ഈച്ച പൊതിയുന്നതോ ആ അമ്മയും മകനും അറിയുന്നേയില്ല.

പുകഞ്ഞുനിന്ന അഗ്നിപർവ്വതം ഒടുവിൽ പൊട്ടിത്തെറിച്ചു. പൂമുഖത്തേക്കുള്ള വാതൽ ബാബു വലിച്ചുതുറന്നു—‘അതു വേണ്ടാച്ഛാ.’

‘ഹേതാടാ?’ സാരമായി നടുങ്ങിപ്പോയി നാണുക്കുറുപ്പു്. മകൻെറ സ്വരത്തിൽ മുഴങ്ങിയ പാരുഷ്യം മാത്രമല്ല; മുഖത്തെ കാലുഷ്യവും ആയുസ്സിൽ ആദ്യമാണു് ആ അച്ഛനു്.

“അങ്ങനെ ആർക്കും ഇവിടം ഒററിയും തീറുമൊക്കെ എഴുതിയിട്ടെനിക്കു പഠിക്കേണ്ട!”

‘കെടപ്പാടം എഴുതിക്കാതെ പഠിച്ചിടത്തോളം പഠിച്ചാമതി ബാബുവിനു്.’ ജാനകിയമ്മയും മകൻെറ പിന്നിൽ മുഖമുയർത്തി.

'എന്തു നീയാണോ നിശ്ചയിക്കുന്നതു്?' നാണക്കുറുപ്പു വിറഞ്ഞു.

'ഈ ആധാരമെഴുതിക്കൊടുത്തിട്ടു് എന്റെ മോൻ പടിക്കണ്ടാ!'

'എനിക്കുള്ള സർവ്വസ്വം എഴുതിവിററാലും എന്റെ മോൻ പടിക്കണം!' എന്നായി നാണക്കുറുപ്പു്.

'പഠിക്കേണ്ടതാണെന്നാണാദ്യം പറഞ്ഞതു്.' ബാബു തുടൻ 'എനിക്കിങ്ങനെയൊന്നും തുടൻ പഠിക്കേണ്ടാ എന്നു്!'

'എന്റെ പണംകൊണ്ടു്?'—ഗോവിന്ദപ്പിള്ള.

'അതെ.'

'അതു നീ പറയണമെടാ!'

'പറയിക്കാൻ വന്നാൽ!'

നാണക്കുറുപ്പും ഗോവിന്ദപ്പിള്ളയും തമ്മിൽത്തമ്മിൽ നോക്കി തരിഞ്ഞിരുന്നുപോയി.

# അദ്ധ്യായം രണ്ടു്

ആകാശമദ്ധ്യത്തിലാണന്നു സൂര്യനുദിച്ചതു്. പുലർവെളിച്ചം നാലഞ്ചുമണിക്കൂറിലേറെ നീണ്ടുനിന്നെന്നുമാത്രം. തലേ രാത്രി രണ്ടാം യാമത്തിൽ തുടങ്ങിയ ഘോരവർഷം പ്രാതസ്സന്ധ്യയുടെ മേൽ കനത്ത മൂടുപടം ചാർത്തി ദീർഘ ദീർഘം പെയ്തൊഴിഞ്ഞ നഭസ്സിന്റെ നെറുകയിൽ പ്രചണ്ഡഭാനുബിംബം പ്രത്യക്ഷപ്പെട്ടപ്പോൾ പകൽ പകുതി പോക്കററടിക്കപ്പെട്ട ഖേദം പലർക്കും തോന്നി. പ്രകൃതിശക്തികളെ മെരുക്കിയെടുത്തു ഗൃഹഭൃത്യവേലക്കുവരെ നിയോഗിച്ചുകഴിയുന്ന മേലേക്കിടക്കാർക്കു മഴയോ മഞ്ഞോ വെയിലോ ഒരു പ്രശ്നമാവാറില്ല. പക്ഷെ ബഹുഭൂരിപക്ഷം വരുന്ന ദരിദ്രജനതയുടെ പൊറുതിമുട്ടിക്കാൻ കൂടി പോന്നതാണു് അവയോരോന്നും.

മുറ്റത്തു വെയിൽ പരന്നപ്പോൾ നാണുക്കുറുപ്പു് ദിവാസ്വപ്നത്തിൽ നിന്നുണർന്നു— "അല്ലാ; നേരം മദ്ധ്യാഹ്നമായോ?"

ഒട്ടുറക്കെയായിപ്പോയി. ആത്മഗതത്തിനു സഹധർമ്മിണി മറുപടികൊടുത്തു. "ഇന്നു നിങ്ങക്കച്ചനും മോനുമിതെന്തുപററി?"

ഇടയ്ക്കെപ്പോഴോ യാത്രപറഞ്ഞിറങ്ങിപ്പോയി ബഹുമാന്യാതിഥി. പിടലിയുമൊടിച്ചിട്ടു് ഗോവിന്ദപ്പിള്ള പടിയിറങ്ങിപ്പോകുന്നതു ജാനകിയമ്മയും കണ്ടു. കരളിൽ തറഞ്ഞുനിന്ന കട്ടാരമുള്ളു വലിച്ചൂരിക്കളഞ്ഞ കണക്കേ അവരൊന്നാശ്വസിച്ചു. പലതരത്തിലും പെരുമപ്പെട്ടവനാണു മംഗലത്തുമൂപ്പിൽ. എവിടെയും തലയുയർത്തിപ്പിടിച്ചേ നടക്കാറുള്ളു. പാരമ്പര്യസിദ്ധമായ പ്രാമാണ്യം—പണപ്പൊലിമയിൽ

പട്ടത്ത ഘനഗാംഭീര്യം—എല്ലാമെല്ലാം ഇവിടെയിതാ തകന്നടിഞ്ഞു. പാടെ തളർന്നൊടിഞ്ഞുപോയി ശിരസ്സ്. കാൽനഖങ്ങളിൽകണ്ണും നട്ടാണു നടന്നകന്നതു്.

ആ അതിഥി വന്നുകയറിയപ്പോൾ മുതൽ ആചരിച്ചുപോന്ന ഘോഷാരീതിക്കു് അന്ത്യം കുറിച്ചുകൊണ്ടു് ജാനകിയമ്മ നേരെ പൂമുഖത്തേക്കുചെന്നു. പുരയിറമ്പത്തു തൂങ്ങിനിന്ന മുഴുത്ത വെള്ളത്തുള്ളികളോരോന്നും വെട്ടിത്തിളങ്ങുന്ന വൈഡൂര്യമായി മാറി നിലത്തുവീണു തകരുന്നതു നോക്കിയിരിക്കുകയാണു് ഗൃഹനാഥൻ. കടന്നു കൺമുൻപിൽ ചെന്നു നാലുചാലുനടന്നിട്ടും കണ്ടമട്ടില്ല മുഖത്തു്. നേരെ ചായ്പുമുറിയിലിറങ്ങി. മേശപ്പുറത്തു മുഴകൈയൂന്നി മുഖം താങ്ങിപ്പിടിച്ചിരിക്കയാണു് ബാബു. പുസ്തകമൊന്നും മുൻപിൽ തുറന്നുകിടപ്പില്ല. പതിവിൻപടിയിരുന്നു പഠിക്കയല്ലവൻ. കണ്ണുംമിഴിച്ചുറങ്ങുകയാണു് അച്ഛനെപ്പോലെ. എങ്കിലുമൊന്നു തിരിഞ്ഞുനോക്കി. കടന്നു ശല്യപ്പെട്ടത്താൻ വരുന്നതെന്തിനാണെന്നു കണ്മുനയിൽ കൊരുത്തു ചോദിച്ചു. കാലത്തെ കുളിച്ചുവന്നു വെറുംവയറോടിരിക്കയല്ലേ?

''ഒള്ളതെഴുതി വിററും മോനെ പഠിപ്പിച്ചോളാമെന്നു കരുതി', കുറുപ്പു സ്വരമുയർത്തി.

'അതിനും വേറെയാരേം കണ്ടില്ല് നിങ്ങൾ?''

''ചോദിക്കുന്ന കാശുതരാൻ കോന്നപ്പുള്ളയാണേററതു്''

''മറെറല്ലാരോടേം അന്വേഴിച്ചുകഴിഞ്ഞു.''

''ഞാനൊരുത്തൻെറ ഓശാരത്തിനു ചെന്നതല്ല.''

''എങ്കിലെന്തിനീ ഉളുപ്പുകെട്ട വഴിയെ—''

''നിനക്കു മങ്ങലത്തുകാരെയിത്ര കയ്ച്ചുപോയതെന്താ?''

ആ ചോദ്യത്തിനു മുൻപിൽ ചൂളിപ്പോയി ജാനകിയമ്മ. അവരുടെ വെളുത്തു ചുവന്ന മുഖം പാടെ വിളറി വിയർത്തു. സമഷ്ടിയായുത്തരം പറയാനുണ്ടാവും അവർക്കു്. പക്ഷെ, വാക്കിനു വാക്കുപറഞ്ഞു് വെട്ടിത്തുറന്നു വിടാവുന്ന വസ്തുതയല്ല ഒന്നും. പ്രത്യേകിച്ചും പ്രിയ ഭർത്താവിനോടു്;...പത്തുപതിനേഴു വയസ്സു പ്രായമായ ഒരു പുത്രൻ കേൾക്കെ!......ഒരു പുത്രൻ കേൾക്കെ!......

പറയാത്ത പ്രത്യുക്തി കുറെ പറഞ്ഞു കേട്ട കണക്കെ നാണക്കുറുപ്പു് ഒന്നിരുത്തി മൂളി. ഏറിയ നാളായി അകമെ അമർത്തിവച്ചിരുന്ന ഒരഗ്നിപർവ്വതത്തിൻെറ നേരിയ ഹുങ്കാരംപോലെ മുഴങ്ങി ആ മൂളൽ. ജാനകിയമ്മയ്ക്കു മനക്ഷീണം കുറെക്കൂടി വർദ്ധിച്ചു.

വയറു കാഞ്ഞിരുന്ന ബാബുവിനും ശുണ്ഠിയിളകി. ഇരുന്നയിരു

പ്പിൽ നിന്നിളകാതെ വിളിച്ചു ചോദിച്ചു—"അച്ഛനറിഞ്ഞിട്ട വല്ലകാരണവുമുണ്ടോ?"

"ഹതു ചോദിക്കാൻ നീയാരെടാ?" എന്നായി പിതാവു്. ജാനകിയമ്മ പതറിനോക്കി—ഭർത്തൃമുഖത്തും പിന്നെ മായ്പുമുറിക്കുനേരെയും; ആ അച്ഛൻ ആയുസ്സിലാദ്യമായി മകനോടു കയർത്തു കാണുകയാണു്. ബാബുവും പണ്ടെങ്ങുമില്ലാതെ പിതാവിൻെറ നേർക്കു പരുഷസ്വരമുയർത്തുകയാണ്.

"ഞാനോ? ഞാനൊരു മനുഷ്യൻ;" ബാബു.

"മനുഷ്യനോ മാടോ?" നാണുക്കുറുപ്പു്.

"കണ്ടിട്ടെന്തു തോന്നുന്നു?"

"നിന്നെ കണ്ടാൽ—മുഖത്തു കണ്ണുള്ളവനൊക്കെ—പലതും തോന്നും."

ബാബു പൂമുഖത്തു കയറി തെളിഞ്ഞുനിന്നു. അച്ഛൻെറ നേത്രങ്ങളിൽ തീപ്പന്തം ജ്വലിച്ചു. മകനും വഴങ്ങാൻ ഭാവമില്ല. ജാനകിയമ്മ വിലപിച്ചു.—

"നിങ്ങളിതെന്തു ഭാവിച്ചോണ്ടാ...അച്ഛനും മോനും?"

"ഇത്രേമായ നിലയ്ക്കിനി എന്തായാലെന്താ?" നാണുക്കുറുപ്പു്.

"ഞാനെന്തോ ചെയ്യുന്നോ?" ബാബു.

"എൻെറ പകേന്നുവന്ന പെഴയാ—ഇതെല്ലാം." കുറുപ്പു്.

"ഏതെല്ലാം?" ജാനകിയമ്മ

"ഇങ്ങനൊരു മകനെ......"

"മോനെ—?"

"ദൈവം തന്ന നിധിയായി കരുതി ലാളിച്ചു."

"അങ്ങനല്ല്യോ വേണ്ടതു്?"

"സത്യത്തിൽ—"

"ഈശ്വരൻ കഴിഞ്ഞു നിങ്ങളല്ല്യാതുണ്ടോ ഞങ്ങൾക്കു്?"

"എനിക്കോടീ?"

"നിങ്ങൾക്കു ഞങ്ങളും."

"എവിടംവരെ"

നമ്മളുടെ രണ്ടിൻേറം അവസാനം വരെ."

"എന്നുതന്നെ ഞാനും കരുതി"

"അതിനിപ്പഴെന്തുപററി?"

"ഒന്നുമൊന്നും പറയാതേം പറയിക്കാതേം ഇരിക്കയാ ഭംഗി."

കുറുപ്പു മുററത്തേക്കിറങ്ങി. അത്രനേരത്തോളം നീട്ടിവച്ച പ്രഭാതകൃത്യങ്ങൾക്കു തിടുക്കപ്പെട്ടാവാം.

അല്പം കഴിഞ്ഞു ബാബുവും വേഷം പകൎന്നു പുറത്തേക്കിറങ്ങി. ജാനകിയമ്മ പിന്നിൽനിന്നു വിളിച്ചു—

"വീട്ടിൽ വെന്തിരിക്കുന്നവക വല്ലതും കഴിച്ചേച്ചുണ്ടുപോ—എ ങ്ങോട്ടായാലും."

ഒന്നു തിരിഞ്ഞു നോക്കുകപോലും ചെയ്യാതെ പടിയിറങ്ങി നട ക്കുകയായി അവൻ. മകൻ ദൂരെ വളവുതിരിഞ്ഞു ദൃഷ്ടിയിൽനിന്നു മറ ഞ്ഞപ്പോൾ മാതാവു പുടവത്തുമ്പു വലിച്ചു കണ്ണീരൊപ്പി വീട്ടിലേക്കു തിരിച്ചു കയറി—

"ചെറുക്കനേതാണ്ടോ മനസ്സിലായെന്നാതോന്നുന്നെ! വേണ്ടതും വേണ്ടാത്തതുമൊക്കെ പറഞ്ഞുകൊടുക്കാനൊണ്ടു മനുഷേരു്. ആയുസ്സി ലിന്നുവരെ അച്ഛന്റെ നേരെനിന്നു കറുത്തതിലൊരക്ഷരം പറഞ്ഞിട്ടി ല്ല അവൻ. എന്തൊരു സ്നേഹോം ഭക്തീമാരുന്നു തന്തയെ; ഒക്കെപ്പോയി —ഒററ നാഴിക കൊണ്ടു്......"

തന്തേം ഇതുവരെയെടുക്കാത്ത ദേഷ്യം മുഴുക്കെ എടുത്തങ്ങു വെള മ്പിക്കൊടുത്തു; ഇത്രനാളും ഇതെല്ലാം മനസ്സിൽ വച്ചോണ്ടൊള്ള പെരു മാററമാരുന്നോ ഈ മനുഷ്യൻ? പാലുപോലെ ചിരിച്ചുകാട്ടി ഞങ്ങ ളുരണ്ടിനേം; കൊറച്ചൊന്നുമല്ല; പത്തുപതിനേഴുകൊല്ലം;...

ഭൂമിയോളം ക്ഷമേം ദൈവത്തെപ്പോലെ, സ്നേഹകാരുണ്യോം ഒണ്ടെന്നു മൂന്നു തരം മനസ്സിൽ കണ്ടു. അസൂയ പെരുത്ത ശത്രുക്കളു് എരികുട്ടിക്കൊടുത്തിരിക്കും കൊറെയൊക്കെ. അയലത്തു മറെറല്ലാവീ ട്ടിലേംപോലൊള്ള അലൎച്ചയൊന്നുമില്ല തുണ്ടു പറമ്പിൽ. അതു ക ണ്ടാൽ സഹിക്കുമോ സാമദ്രോഹികൾ? പിടിച്ചുരുത്തി കിന്നാരം വളരെ വളരെ ചെവിയിൽ കോരിക്കൊടുത്തിരിക്കാം— അച്ചനും മോനും......

അടുക്കളയിൽ അടുപ്പിന്നരുകിൽ കുത്തിയിരിക്കയാണു ജാനകി യമ്മ. അടുപ്പത്തു വേകാൻ വച്ചിരിക്കുന്നവകയെന്തെന്നു ശരിക്കോൎമ്മ യില്ല. യാന്ത്രികമായി തീ കൂട്ടുന്നുണ്ടു് പാത്രത്തിന്നടിയിൽ. അതേ ക്കാൾ പതിന്മടങ്ങു പാവകൻ ജ്വലിച്ചുയരുകയാണു ഹൃദന്തരത്തിലും.

"ജാനകീ!..." മുററത്തു പരുക്കൻ വിളിമുഴങ്ങി. വെള്ളിടി വെട്ടിക്കേട്ട കണക്കേ വല്ലാതെ ഞെട്ടിപ്പോയി അവർ. ഭൎത്തൃസ്വര മാണു്. പണ്ടെങ്ങും കേട്ടു പരിചയമില്ലാത്ത സ്വരപാരുഷ്യം മാത്ര മല്ല പെട്ടെന്നു പേടിപ്പെടുത്തിയതു്. തുടൎന്നുപോന്ന മനോവ്യാപാര ത്തിൽ ബഹുഥാ ഭീകരത മുററി വളൎന്ന മൂൎത്തി പെട്ടെന്നു പിന്നിൽ ഗൎജ്ജിക്കും പ്രതീതി!

“ഫെന്താ......” നിലംപറ്റെത്താണ വിനീതവിധേയത്വത്തിന്റെ വലിഞ്ഞിഴഞ്ഞ സ്വനമേ പ്രത്യക്തിയിലുള്ളു.

“നിൻെറ മോനെവിടെപ്പോയേതു?”

“ദൈവത്തിനറിയാം.”

‘നിന്റെവായിൽക്കെടക്കുന്ന നാക്കല്ലിയോ? ചോയിക്കാരുന്നല്ലോ”

“അമ്മക്കു മാത്രമല്ല—അച്ഛനും ചോദിക്കാം. എവിടെപ്പോവ്വാടാ—എന്നു്;”

“അതൊക്കെ മക്കൾ അനുസരിച്ച നില്ക്കുന്നെടത്തോളമേ ആകാവു. അല്ലെങ്കിൽ—മാനക്കേടാ.”

“ഈ പതിനേഴ വയസ്സിനുള്ളിൽ ഒണ്ടാവാത്ത മൊരട്ടത്തനമാരുന്നു—ഇന്നവനു്.”

‘എന്നെങ്കിലുമൊരിക്കലീ-ചാക്കീന്നു പൂച്ച-പൊറത്തു ചാട്ടമെന്നെനിക്കറിയാം!’

‘ദൈവമൊരുത്തൻ— വരുത്തുമ്പോലെയൊക്കെ— അനുഭവിക്കയല്ലേ തരമുള്ളു.’

‘ഉപ്പുതിന്നാലതിനു വെള്ളം കുടിച്ചുതന്നെ തീരണമെപ്പഴായാലും!”

‘അറിഞ്ഞോണ്ടു വാരിത്തിന്നതല്ലെന്നു് ഒരു സത്യമുണ്ടെനിക്കു്.”

‘അറിഞ്ഞോണ്ടു ചെയ്തതാണെന്നു് ഇതുവരെയൊരുത്തീം പറഞ്ഞിട്ടില്ല ലോകത്തു്.’

‘പാവം പെണ്ണിനെയെങ്ങനേം വലക്കാം-ആണുങ്ങൾക്കു്.’

‘പറഞ്ഞുപറഞ്ഞുവരുമ്പം ശുദ്ധമേ പൂച്ചക്കുഞ്ഞാ-എല്ലാഅവളും.”

‘പൂച്ചയെ പുലിയാക്കുന്നതും പുലിയെ പൂച്ചയാക്കുന്നതും അട്ടത്തവൻെറ ഗൊണം.’

‘നീയിതിലേതാ സത്യത്തിൽ? പൂച്ചയോ പുലിയോ?

‘ഈ പത്തിരുപതു കൊല്ലംകൊണ്ടു് മനസ്സിലാവാത്ത മനിഷേനോടിനിയാരാ ഒന്നു പറഞ്ഞുകൊട്ടക്കാൻ?’

‘ഈ ഇരുപതു കൊല്ലംകൊണ്ടും പിടികിട്ടിയിട്ടില്ല പൊന്നേ—പരമാത്ഥത്തിൽ!’

‘എന്നെ?’

‘ഈശ്വരനാണെ സത്യം.’

‘എന്നാലിജ്ജന്മം ഇങ്ങനങ്ങു കഴിയട്ടെ. ഇനിയത്തെ ജന്മത്തു്—എഴുത്തുപള്ളീൽവച്ചു്—ഹരീ ശ്രീ തൊട്ടേ നമുക്കു പഠിച്ചുനോക്കാം.’

ഉറക്കെയൊന്നു പൊട്ടിച്ചിരിച്ചു നാണക്കുറുപ്പു്. മാഞ്ഞുമാഞ്ഞുവന്ന കോപഗൗരവം നിശ്ശേഷം തുത്തടിച്ചുകളയും്മട്ടിലായിരുന്നാച്ചിരി.

'അപ്പഴട്ടത്ത ജന്മത്തും ഈ വഹസ്സു കൊള്ളാത്തവന്റെ പെടലിക്കു തന്നെ നീ തൂങ്ങിക്കൊള്ളാമെന്നു നിശ്ചയിച്ചു?'

തൻേറടി കുട്ടംബിനി കൗശലപൂൎവ്വം സംഭാഷണഗതി വെട്ടിത്തിരിച്ചുവിട്ടു—'അതൊക്കെ നമുക്കു നേരംപോലെയിരുന്നു പറഞ്ഞുതീക്കാം. എനിക്കു നൂൻനില്ക്കാൻ വയ്യാ; വയററിലൊന്നുമില്ലാഞ്ഞു്! നിങ്ങളു കഞ്ഞികുടിക്കാൻ വന്നേ!'

അന്നു പകലന്തിയോളം പിന്നെ തെളിഞ്ഞുതന്നെനിന്നു; പ്രകൃതിയും ആ കുട്ടംബാന്തരീക്ഷവും. അന്തിമയങ്ങിയപ്പോൾമുതൽ അമ്മയ്ക്കു മകനെ കാണാത്ത കുണ്ഠിതം കൊട്ടമ്പിരിക്കൊണ്ടുതുടങ്ങി. ആറേഴു മണിക്കൂർ സമയം എവിടെയോ അപ്രത്യക്ഷമായിരുന്ന കാർമേഘപടലം ചുരുങ്ങിയ നിമിഷങ്ങൾക്കുള്ളിൽ നഭോമണ്ഡലമാകെ കൈയടക്കിക്കഴിഞ്ഞു. ചക്രവാളത്തിൻെറ ഏതു കോണിൽനിന്നോ കൊട്ടങ്കാററു് ചീറിപ്പാഞ്ഞെത്തു. ദിനംപ്രതി ജനംപെരുത്തു ഭാരം വൎദ്ധിച്ച മേദിനിയെ ശരിക്കൊന്നു സാന്ത്വനപ്പെടുത്താനാവുമോ വർഷപാതങ്ങളുടെ ആരംഭം? അല്ലെങ്കിൽ ഒരൊററ ഹൈഡ്രജൻ ബോംബുകൊണ്ടെന്നോ നിശ്ശേഷം നശിച്ചുപോകാവുന്ന ഭൂമണ്ഡലം നാഴികക്കുമുൻപേ തകൎത്തു തരിപ്പണമാക്കാൻ സംഘടിതയത്നം തുടങ്ങുകയോ?

അടൻവീഴംപടിയാണു് മഴയാരംഭിച്ചതു്. വൃക്ഷലതാദികളെ സമൂലം പിഴുതെറിയുന്ന കാററിൻ്റെ കയ്യാംകളിയും. അട്ടക്കളമൂലയിൽ ചുരുണ്ടുകൂടിയിരിക്കയാണു ജാനകിയമ്മ. തെക്കേ പൂമുഖത്തു് ചമ്രം പടിഞ്ഞിരുന്നു് സന്ധ്യാനാമം ദീൎഘദീൎഘം ഉരുവിടുന്നുണ്ടു് നാണക്കുറുപ്പു്. പേമാരിയുടെയും പിശറിൻെറയും ഇരമ്പലിന്നിടയിലും ഭത്താവിൻെറ നാമസങ്കീൎത്തനങ്ങൾ അട്ടക്കളയിലോളം വന്നലയ്ക്കുന്നുണ്ടു്. ഭയത്തിൻെറയും ദുഃഖത്തിൻെറയും പതൎച്ച നന്നേയുണ്ടു് ഭത്തൃസ്വരത്തിൽ. ആ പൊല്ലാത്ത നേരത്തു ബാബു അരുകിലില്ലാത്ത വ്യാകുലതയാണു് അവിടെയും സ്വരപ്പെടുന്നതു്.

അപാരമപാരം ആപച്ഛങ്കകളിൽ പട്ടത്ത

അപത്യവിരഹത്തിൽ തേങ്ങലുകൾ! എന്നിട്ടും ആ അമ്മയുടെ വ്യഥിതഹൃദയത്തിലെ പ്രതികരണം വേറൊരു തരത്തിലായിരുന്നു.........'ചെറുക്കനെ വഴക്കു പറഞ്ഞോടിച്ചേച്ചിരുന്നു നാമം ജപിക്കയോ! ഒരു നരന്തൊള്ളതിൻെറ മനം നൊമ്പരപ്പെടുത്താനേ പഠിച്ചിട്ടൊള്ളു ദുഷ്ടൻ! അല്ലെങ്കിലും അങ്ങനെയല്ലാതെ വരുമോ? എന്നെ കാണിക്കാൻ—ലോകരെ ബോദ്ധ്യപ്പെടുത്താൻ—കുറെ സ്നേഹമാണെന്നു ഭാവിക്കും. അതിലെന്തുമ്മാത്രം കഴമ്പു കാണുമെന്നു കണക്കാക്കാവുന്നതേയൊള്ളു.........'

ആറേഴുനാഴികയിരുട്ടിയപ്പോൾ പൂമുഖത്തു ചെന്നു ചോദിച്ചു—
'അത്താഴം വെളമ്പട്ടെ?'

'അവൻകൂടെ വരട്ടെ.'

'അവനിന്നീ കാററത്തും മഴയത്തും വന്നില്ലെങ്കിൽ—?'

'വരാതെവിടെപ്പോകാനാ?'

'വല്ല കൂട്ടകാരടേം വീട്ടിൽ പോയിരിക്കും. ഈ മഴയത്തും കാററത്തും അവരു വിട്ടമോ? കൊടയുംകൂടെ എടുക്കാണ്ടാപോയിരിക്കുന്നതു്.'

'ഏതായാലും അവൻ വന്നിട്ടുമതി എനിക്കിന്നത്താഴം!'

തുടന്നു തർക്കിച്ചിട്ടു ഫലമില്ലെന്നു ജാനകിയമ്മയ്ക്കറിയാം. അവർ അടുക്കളയിൽ ചെന്നു് ചോറും കറികളുമെല്ലാം അടച്ചൊതുക്കിവച്ചും ആ വാതലിന്നും തഴുതിട്ടും മെല്ലെ പൂമുഖത്തു മടങ്ങിയെത്തി കാലും നീട്ടിയിരുന്നു മുറുക്കാൻ തുടങ്ങി.

ഗൃഹനാഥൻ തലയുയർത്തി ആരാഞ്ഞു—'നീയുമൊന്നും കഴിച്ചില്ലേ?'

'നിങ്ങളച്ഛനും മോനും പട്ടിണിയിരിക്കുമ്പം ഞാമ്മാത്രമെന്തിനാ കഴിക്കുന്നെ?'

'ഒന്നല്ല—പത്തു ദെവസം പട്ടിണികെടന്നാലും എനിക്കൊന്നുമേശുകില്ല. അതുപ്പോലല്ല നീ. ഒരുനേരം തെററിയാൽമതി, കെടപ്പിലായിപ്പോവും!'

'അങ്ങു ചാവട്ടെ! ഇങ്ങനെന്തിനാ മനിഷേരു ജീവിക്കുന്നെ? ഒരു നാഴികേമില്ല—മനോസുഖമെന്നൊന്നു്.'

'ഇന്നത്തെ കാര്യമോ? ഇനി എന്നെന്നേക്കുമോ?'

'ഇതുവരെ പൂമെത്തേലല്ലായിരുന്നോ?'

'അതിനു ദൈവം തലേലെഴുതിവിടണം.'

'വള്ളിപുള്ളി വിസർഗ്ഗം തെററാതെ മുഴുവൻ വായിച്ചു നിങ്ങൾ!'

'അവനോൻെറ തലേലെഴുത്തു് അവനോനുതന്നെ വായിക്കാനൊക്കുമോ?'

'ഞാൻ വിചാരിച്ചു—എൻെറ കാര്യമാ പറഞ്ഞതെന്നു്!'

'എൻെറ ഭാര്യ പൂമെത്തേലിരുത്താൻ എന്നെക്കൊണ്ടു കഴിയാതെപോയി.'

'കീറപ്പാക്കേൽ കെടന്നാലും മതി; ഹേമിക്കാൻ വരരുതു്.'

'കൈതമുള്ളുകൊണ്ടു നോവിച്ചിട്ടുണ്ടോ നിന്നെ ഞാൻ?'

'മനസ്സു വേദനിപ്പിക്കരുതു്.'

'അവനോൻെറ മനസ്സിനകത്തു് മററു വല്ലോർക്കും വന്നു ദേഹണ്ഡിക്കാനൊക്കുമോ?'

'നാക്കുവളച്ചാൽ കുത്തുവാക്കേ കേൾക്കാനൊള്ളു!'......

'ഒക്കെ നിൻെറ ശങ്കാവെഷം.'

'മഹാ പെഴയാ ഞാൻ?'

'എന്നു ഞാമ്പറഞ്ഞോ?'

'ഈ വളച്ചുകെട്ടി പറഞ്ഞാൽ കൊറെയൊക്കെ എനിക്കും മനസ്സിലാവും. എന്നെ എരുത്തിലൊന്നുമല്ല കെട്ടുന്നതു്!'

'ഈ നാണക്കുറുപ്പും വെറും ഉമ്മാമ്മയല്ല ജാനകീ!'

'ദാ കണ്ടോ? ഇതാണു പറഞ്ഞതു്–നിങ്ങൾക്കു നെഞ്ചത്തു കുത്തുന്ന വാക്കേ നാക്കേന്നു വീഴുകൊള്ളൂ.'

തൊട്ടുമുന്നിൽ വലിയൊരു മിന്നൽ വീശി. തുടന്നു ഘോരഘോരം മേഘഗജ്ജനവും. കുറെ നിമിഷങ്ങളോളം പ്രപഞ്ചമാകെ നടുങ്ങിപ്പോയി. അതിൻെറ പ്രത്യാഘാതത്തിൽനിന്നു കഷ്ടിച്ചു പ്രജ്ഞാശക്തി വീണ്ടുകിട്ടിയപ്പോൾ കുറുപ്പും ഭാൎയ്യയും ഒപ്പം വിലപിച്ചു–

'ഇപ്പോഴെൻെറ ചെറുക്കനെവിടെയാണോ ദൈവമേ!'

ആ അച്ഛനമ്മമാരുടെ ആത്മപ്രലപനത്തിനുമുൻപിൽ ബധിരതഭാവിക്കാൻ നിയതി ധൈര്യപ്പെട്ടില്ല. പേമാരിയും പിശറും വിദ്യുത് പ്രസരവും തരിമ്പും കൂസാതെ മന്ദം നടന്നടുക്കുന്നുണ്ടു ബാബു. അമ്മ ആശ്വസിച്ചിരുന്നപോലെ കൂടെ ചങ്ങാതിമാരാരുമില്ല. പ്രകൃതിയുടെ ഭീഷണതാണ്ഡവത്തിൽ നന്നേ രസിച്ചുനീങ്ങുകയാണൊററക്കു്. ശ്വാസമടക്കി നിന്നുപോയി–ബഹുമുഖ ദൈവവശ്യത്തിന്നടിമകളായ ഉപകർത്താക്കൾ.

പുറന്തിണ്ണയിൽ കയറി കുടമടക്കിവച്ചു് കുത്തുമടിയഴിച്ചു കുടഞ്ഞു നിൽക്കുമ്പോഴും കടന്നു കുശലാന്വേഷണത്തിനു കരൾക്കരുത്തു പോരാ നാണക്കുറുപ്പിനു്. താരതമ്യേന മനസ്സാന്നിദ്ധ്യം മുൻപേ വന്നുദിച്ച ജാനകിയമ്മ ചോദിച്ചു—

"നീയെന്റെ മോനെ—ഈ കാലം കെട്ടകാലത്തു്—ഇത്രേം നേരം എവിടെപ്പോയിക്കെടക്കുവാരുന്നു?"

"ഒരു ജോലിക്കാര്യത്തിനു്," തികച്ചും അക്ഷോഭ്യമായിരുന്നു ബാബുവിൻെറ പ്രത്യുത്തരം.

"ഹെവിടെ"

"ബോംബെയിൽ"

"അവിടംവരെ പോയോ?"

"അവിടെ എനിക്കൊരു ജോലിയുണ്ടാക്കിത്തരാൻ കഴിയുന്ന ഒരാൾ ഇപ്പോൾ അവധിയിൽ വന്നിട്ടുണ്ടു്. അയാളെയൊന്നു കാണാൻ പോയി. സംഗതി സാധിച്ചുതരാമെന്നു മറുപടിയും കിട്ടി."

# അദ്ധ്യായം മൂന്നു്

അതിൻെറ മൂന്നാം ദിവസം പ്രഭാതത്തിലും തുണ്ടുപറമ്പിൽ വീട്ടുകാർ കണികണ്ടതു മംഗലത്തു ഗോവിന്ദപ്പിള്ളയെയായിരുന്നു.

"നാണക്കുറുപ്പേ! ബാബുവിൻെറ പഠിത്തം നിത്തിയോ?" എന്നു ചോദിച്ചുകൊണ്ടാണു് മഹാനുഭാവൻ ആ ഇറമ്പുതാണ പുരയിലേക്കു കുനിഞ്ഞുകയറിയതു്. ഉദ്വേഗഭരിതമാണാ ചോദ്യം. അതിന്റെ ധ്വനിയെന്തെന്നു വ്യക്തമാവാതെ വീട്ടുകാരൻ മിഴിച്ചുനോക്കി. രാവിലെ ഉറക്കമെഴുന്നേററു താഴത്തെ തിണ്ണയിൽ ഇറങ്ങിയിരുന്നു മുറുക്കുകയായിരുന്നു കുറുപ്പ്. ഏറെ ദിവസങ്ങളോളം നീണ്ടുനിന്ന അടച്ചുപിടിച്ച മഴ ഒന്നു മാറിനില്ക്കുയാണു തലേന്നാൾതൊട്ടേ. ശരിക്കൊന്നു കുളിച്ചുകയറിയ പ്രതീതിയുണ്ടു പ്രകൃതിക്കു പൊതുവെ. തെളിഞ്ഞ നീലാകാശം. പെരുവെള്ളം വാന്നൊലിഞ്ഞുതോന്ന പറമ്പും വയൽ വരമ്പുകളും.

വീട്ടുകാരൻ ഇരുന്നു മുറുക്കുന്ന പുറന്തിണ്ണയിൽ തങ്ങിയില്ല ബഹുമാന്യാതിഥി. ആ വീട്ടിൽ അദ്ദേഹത്തിനു കല്പിച്ചു് ആസനസ്ഥനാവാൻ പററിയ ഒരു കസാലയുള്ളതു പൂമുഖത്താണ്. കയറിയിരുന്ന ശേഷം അതിനടുത്തുള്ള കട്ടിലിലേക്കു ശ്രദ്ധതിരിഞ്ഞു. ബാബു ഉണർന്നിട്ടില്ല. അച്ഛനെഴുന്നേററു പോയ ശേഷമാവും അവൻ മറുവശം തിരിഞ്ഞുകിടക്കയാണു്.

വായിലിട്ട പാക്കു ചവച്ചുകഴിഞ്ഞു കുറുപ്പു മറുപടി പറഞ്ഞു—
"എന്നില്ല......"

18693

"എങ്ങാണ്ടു ജോലിയ്ക്കു പോവ്വാണെന്നും കാളേജീന്നു ടീ-സി. മേടിച്ചെന്നുമൊക്കെ കേട്ടു."

"ആരു പറഞ്ഞു?"

"പറഞ്ഞതാരായാലെന്താ? കാര്യം നേരാണോ?"

കള്ളപ്പുഞ്ചിരി പരന്നു കുറുപ്പിൻെറ മുഖത്തു്—"മനസ്സറിഞ്ഞു നേരൊന്നു പറഞ്ഞിട്ടൊണ്ടോ ഞാനീ ആയുസ്സിൽ?"

"അതു താനെന്നെയൊരു വെപ്പു വെക്കയായിരുന്നു!"

"അയ്യേ!......"

"നാട്ടിലും വീട്ടിലും കാര്യമായ കാര്യങ്ങൾ പലതും നടത്തേണ്ട ഒരുത്തനു ശുദ്ധഹരിശ്ചന്ദ്രനാവാൻ പററത്തില്ല ചിലപ്പൊഴൊക്കെ"

"കണ്ടോൻെറ നെലം പൂട്ടാനും തുമ്പാവെട്ടാനും ജനിച്ച ഈ നാണക്കുറുപ്പെന്തോന്നറിഞ്ഞു?"

"അതെന്നോടു പറയാതെ! നമ്മളുതമ്മിൽ ഇന്നും ഇന്നലെയും കാണാൻ തുടങ്ങിയതല്ല."

"കൊച്ചുന്നാളിലൊന്നിച്ചു കളിച്ചുവളൻ. പിന്നെ കോന്നപ്പുള്ള പല സ്ഥലത്തും പഠിക്കാമ്പോയി. ശങ്കുപ്പിള്ളച്ചിററപ്പൻ മരിച്ചപ്പോൾ മങ്ങലത്തെ മൂപ്പുംകിട്ടി. അവിടുന്നങ്ങോട്ടു വന്ന എഴിച്ചം സാമാന്യക്കാക്കു സ്വപ്നം കാണാനൊക്കുമോ?"

"നാണക്കുറുപ്പ് അന്നുമിന്നുമെൻെറ കൂട്ടുകാരൻ!"

"അതതെ"

"എങ്കിലും—ഇപ്പഴിപ്പം നിങ്ങളു പഴയ ആളല്ല!"

"വയസ്സായി വരുകല്യോ?"

"ഞാനേ?"

"പണോം ഭാഗ്യോമൊള്ളോക്കെന്തു വയസ്സാവാനാ?"

ആ ഉറങ്ങിക്കിടക്കുന്ന (ഒരു പക്ഷേ ഉറക്കം നടിച്ചുകിടക്കുന്ന) ബാബുവിൻെറ പുറത്തു് ഒളികണ്ണാൽ തുടരെ തഴുകുന്ന മാന്യാതിഥി. അത്രത്തോളമായിട്ടും ഉണരാന്നെഴുന്നേററു പോകാത്ത അമർഷമല്ല നോട്ടത്തിൽ. അഭികാമ്യമായതെന്തോ രഹസി കൺകുളിർക്കെ കാണാൻ തരപ്പെട്ട താല്പര്യമത്രേ. കിഴക്കേ പുറന്തിണ്ണയിൽ കിഴക്കോട്ടു തിരിഞ്ഞിരുന്നു സംസാരിക്കുന്ന നാണക്കുറുപ്പിനു പൊങ്ങിയ പൂമുഖത്തെ അപാംഗ വിക്രിയകളൊന്നും ലവലേശം ദൃശ്യമല്ലതന്നെ.

ഒരുനീണ്ട നെടുവീർപ്പിട്ടു നിവന്നിരുന്നു് ഗോവിന്ദപ്പിള്ള പ്രമുഖ പ്രശ്നത്തിലേക്കു പ്രത്യാഗമിച്ചു—"അതുകള! നമ്മുടെ ബാബുവിൻെറ കാര്യം—"

"അവന്ന ബോംബെയിൽ പോണമെന്നു്?"

"തനിച്ചോ?"

"കോടനാട്ട ക്മാരന്നായരു വന്നിട്ടൊണ്ടു്—അയാള്ള ബോംബേലല്യേ? പോയിട്ട പത്തു പതിനെട്ട കൊല്ലോമായി. രണ്ടുമൂവായിരം ശമ്പളമൊണ്ടിപ്പം. ഏതോ കമ്പനീല്ലാ! അവിടെയിച്ചെറുക്കനുമൊരു ജോലി മേടിച്ചു കൊടുക്കാമെന്നാ പറഞ്ഞിരിക്കുന്നതു്"

"കുറുപ്പു ക്മാരൻനായരെ കണ്ടു സംസാരിച്ചോ?"

"ഈ ചെറുക്കൻെറ വർത്ത്വാനം കേട്ടൊന്നു പോയി ഇന്നലെ. അമ്പമ്പോ! ആ വീടിപ്പഴൊന്നു കാണണം! പൊറത്തുനിന്നു നോക്കിയാലറിയത്തില്ല. രാജകൊട്ടാരം! മനിഷേക്കു രൂപായൊണ്ടെങ്കിലെന്തവാ വയ്യാത്തതു്?"

"കുറുപ്പിനറിയാമോ? ആനവകോടി നാരായണൻ ചെട്ടിയും ഒട്ടു പറക്കമുററും വരെ മംഗലത്തെ പര്യമ്പൊറത്തായിരുന്നു!"

"ങാ! കാക്കേടെ കൂട്ടിലാ കുയില്ല മൊട്ടയിടുന്നേ!"

"ഇന്നാ സ്മരണയൊന്നുമില്ല ക്മാരന്നായക്കു്"

"ഒന്നുമൊന്നും ഓക്കാതിരിക്കയാ ഒരു കണക്കിനു ഭംഗി"

"അതു വെറും ഉപ്പില്ലായ്മ!"

"ഞാനും മറുനാട്ടീന്നൊന്നും കുററിയൂരി വന്നതല്ല! കാര്യങ്ങളൊന്നുമറിഞ്ഞു കൂടായ്കയുമില്ല!"

"മോനു ജോലി കൊടുക്കാമെന്നു പറഞ്ഞപ്പോഴേക്കു കുറുപ്പും ക്മാരന്നായരുടെ ചെപ്പിലായി?"

"ഈ ചുരുണ്ടു കെടക്കാനൊള്ള മൂന്നു സെൻറ് വെലയോ ഒററിയോ എഴുതിക്കൊടുക്കണമെന്ന് അയാളാവശ്യപ്പെട്ടില്ല."

"എങ്കിലിതുതന്നെ ലാക്ക്! വെറുതെ സൗജന്യം തരാമെന്നു പറഞ്ഞ വക മുഴക്കെയിങ്ങു വാങ്ങിക്കോ!"

ബാബു കണ്ണു തിരുമ്മി തുങ്ങിയെഴുന്നേററു തുടരെ കോട്ടുവായിട്ടു.

"നീ പഠിത്തം നിർത്തിയോ?" ബഹുമാന്യാതിഥി ക്രോസ്സാരംഭിച്ചു.

"ഇല്ല" അത്രതന്നെ രസിക്കാത്ത മട്ടിലാണു ബാബുവിൻെറ മറുപടി.

"നിൻറച്ഛൻ പറഞ്ഞല്ലോ—ബോംബേൽ ജോലിക്കു പോവ്വാണെന്നു്?"

"ശരിയാ!"

"നിൻറച്ഛൻ പറഞ്ഞതോ നീ പറഞ്ഞതോ?"

"രണ്ടും" അപ്പൊഴേക്കും അവൻ അപ്പുറത്തു മറഞ്ഞു കഴിഞ്ഞു.

ആ അനാദരവിൽ ഈർഷ്യപ്പെട്ട് അതിഥി ആതിഥേയൻെറ

നേർക്കു തിരിഞ്ഞു—"ഇപ്പഴത്തെ പിള്ളേൾക്ക്"...മര്യാദയ്ക്കു വർത്തമാനം പറയാനും അറിയാൻ വയ്യായോ?"

"പിള്ളേരല്ലേ?"

"വിവരം പഠിക്കാനല്ലേ—ഇതുങ്ങളെ—ഇല്ലാത്ത കാശുകൂടി ചെലവാക്കി കാളേജിലയയ്ക്കുന്നതു്?"

"വിവരക്കേടും പഠിക്കുമായിരിക്കാം."

"അടിച്ചുതല്ലി നയിക്കാത്തതിൻെറ ദോഷമായിരിക്കും;"

"എങ്ങനേം വളൎന്നുവരട്ടെ. പിന്നല്ല്യോ ഗൊണോം ദോഷോം തിരിക്കുന്നതു്?"

"നല്ല മാർഗ്ഗത്തിൽക്കൂടിത്തന്നെ വളരണം."

"അതൊരു കാര്യമൊണ്ട കോന്നപ്പിള്ളേ; ഒരാൾക്കു നല്ലതാവുന്നതു പിന്നെ പത്തുപേൎക്കു മഹാചീത്തയാ ലോകത്തു്;"

"ഇഷ്ടാനിഷ്ടങ്ങൾ?"

അതിനല്ലേ തുക്കമുള്ളൂ?"

സമാനസ്കന്ധരിലും സാമാന്യക്കാർക്കിടയിലും നന്നെ കവിഞ്ഞതോതിൽ മതിക്കപ്പെട്ടുന്നു—മംഗലത്തു ഗോവിന്ദപ്പിള്ളയുടെ മഹാപ്രാഭവം! പക്ഷെ, ബഹുനിസ്സാരരായ തുണ്ടുപറമ്പിൽക്കാർ മാത്രം സമീപകാലത്തു വളരെയൊന്നും വകവച്ചു കൊടുക്കുന്നില്ല. നാണുക്കുറുപ്പോ ജാനകിയമ്മയോ ബാബുവോ നാക്കെടുത്തു വളച്ചാൽ ധിക്കാരമാണു ധ്വനിക്കുക! എന്നുവച്ചു് ഇറങ്ങിത്തിരിച്ച ലക്ഷ്യത്തിൽ നിന്നു പിന്മാറാൻ ഹൃദയം സമ്മതിക്കുന്നുമില്ല.

തെല്ലൊന്നു കഴിഞ്ഞു പ്രഭു—"ബാബു രണ്ടുകൊല്ലംകൂടി പഠിക്കട്ടെ കുറുപ്പേ; ബീയെയെങ്കിലുമാകട്ടെ. പിന്നെപ്പോകട്ടെ ഉദ്യോഗത്തിനു്, അതും—ഇന്നാട്ടിലെങ്ങുമൊരു ജോലി കിട്ടാത്തപോലെ—ദൂരെ കാണാമറയത്തു പറഞ്ഞയയ്ക്കണോ അവനെ?"

"എനിക്കുമൊട്ടും മനസ്സൊണ്ടായിട്ടല്ല കോന്നപ്പള്ളേ," അനുഭാവപൂൎവ്വമാണു കുറുപ്പിന്റെ പ്രത്യുക്തി. "ഒന്നും എഴുതിവിററു പഠിപ്പിക്കേണ്ടെന്നാ ചെറുക്കൻെറ പിടിവാശി. ഉദ്യോഗത്തിലിരുന്നോണ്ടും പടിക്കാമ്പോലും ബോംബേലു്; പഠിച്ചു ജയിക്കുന്നേനൊപ്പിച്ചു ശമ്പളക്കൂടുതലും കിട്ടുമത്രേ! ഒക്കെ ക്മാരന്നായരു പറഞ്ഞിളക്കി കൊണ്ടുപോവ്വാ; അയാൾക്കുമിവനെ വല്യകാര്യമാ;"

"ഈ ഒരു മോൻെറ അനച്ചപററി കിടന്നില്ലെങ്കിൽ അച്ഛനുറക്കം വരുമോ?"

"അതിപ്പോഴെന്നെന്നും ആശിക്കാമോ? അവനൊന്നൊരു മേൽഗതി

വരുന്ന വഴിയ്ക്കല്ലേ പോകുന്നതു്? കൊറച്ചൊക്കെ തന്തേം തള്ളേം സഹിക്കണം? പിന്നെ വേണ്ടപ്പെട്ടോരും...

ഒരു പടികൂടിയിറങ്ങി ഗോവിന്ദപ്പിള്ള—"അന്നു പറഞ്ഞപോലെ ആധാരമൊന്നും നിങ്ങൾ എഴുതിത്തരേണ്ടാ; ബാബുവിനു രണ്ടുകൊല്ലം പഠിക്കാൻ വേണ്ടിവരുന്ന രൂപാ ഞാന്തരാം!"

വിസ്മയം പൊട്ടിവിടന്നു കുറുപ്പിൻെറ മുഖത്തു്—"സൗജന്യം?"

"അതിനു്—ഈശ്വരൻ സഹായിച്ചു്—എനിക്കാരോട്ടും വരുതി ചോദിക്കേണ്ടാ കുറുപ്പേ"

"എങ്കിലും—എനിക്കു വിശ്വാസം വരുന്നില്ല.;"

"രൂപാ ഒന്നടങ്കം എണ്ണിത്തന്നാലോ?"

"വെറുതെ പാവങ്ങളെ പറഞ്ഞുമിരട്ടാതെ."

ഗോവിന്ദപ്പിള്ള മുഖം തിരിച്ചു ബാബുവിനെ വിളിച്ചു—"നിനക്കു ബീയെ വരെ പഠിക്കാനെത്ര രൂപാവേണം?"

അവനാചോദ്യം മനസ്സിലാവാത്തമട്ടിൽ സ്വപിതാവിനെ നോക്കി. നാണക്കുറുപ്പു വിശദീകരിച്ചു—

"അതിനാവശ്യമുള്ള രൂപാ മംഗലത്തെ അമ്മാവൻ തരാമെന്നു്;"

"അങ്ങനെ ആക്കമാക്കം കടപ്പെട്ടിട്ടു് എനിക്കു പഠിക്കണ്ടാന്നു ഞാമ്പറഞ്ഞതല്ലേ;"

"അങ്ങനെ നിൻെറ കാര്യമെല്ലാം നീയൊരുത്തൻ നിശ്ചയിച്ചാൽ മതിയോ?" അല്പം അധികാരസ്വരത്തിലാണു ഗോവിന്ദപ്പിള്ള.

"ഇദ്ദിക്കിൽ വേറെ ആരോടെല്ലാം നടന്നു വരുതിചോദിക്കണമെന്നു മനസ്സിലായില്ല;"

"ഞാനിരിക്കുന്നെടത്തു നീ വന്നു വരുതി ചോദിക്കേണ്ട; നിനക്കു കുറച്ചിലാണു്; നീയിരിക്കുന്നിടത്തു ഞാൻ വന്നു പറയുന്നു. കേൾക്കാൻ സമ്മതമുണ്ടോ?"

"ഇല്ല."

"കാര്യം?"

"പലതുമുണ്ടാവാം"

"പറഞ്ഞുകൂടെ?"

"പറയാൻ പാടില്ലാത്തതുമുണ്ടു്."

"ഇനിയാ ഒളിച്ചുകളിയൊന്നും വേണ്ട;"

"എന്നെനിക്കുകൂടി തോന്നേണ്ടേ?"

"നീയെൻെറ ശത്രുവിൻെറ കൈയിലെ ആയുധമാകാൻ പോകയാണു്;"

"ആരാണിവിടത്തെ ശത്രു?"

"എൻറട്ടത്തുനിന്നു നിന്നെ റാഞ്ചാൻ നോക്കുന്നു—"

"അയ്യയ്യോ! അങ്ങോട്ടുചെന്നു ശരണം പ്രാപിക്കയാരുന്നു;"

"അങ്ങനെ മറെറാരുത്തനെ ചെന്നാശ്രയിക്കാൻ—ഞാൻ തടി പോലെയിരിക്കെ......"

"തമ്മിൽ ഭേദം തൊമ്മനെന്നു തോന്നി!"

ഹൃദയവേദനയോടെ നാണക്കുറുപ്പിന്റെ നേക്കു തിരിഞ്ഞു ഗോവിന്ദപ്പിള്ള— "ഇതു കേട്ടോ കുറുപ്പേ?,'

"അത്രയ്ക്കൊന്നും ചികഞ്ഞു ചോദിക്കാൻ പോകരുത്—ഇപ്പഴത്തെ പിള്ളേരോട്!" എന്നായി ആ ചങ്ങാതി.

അനുനയപൂർവ്വം ഗോവിന്ദപ്പിള്ള സ്വരം താഴ്ത്തി—"ബാബൂ!"

"എന്താ......"

"നീയെന്നെ ഒരുതരത്തിലും ധിക്കരിക്കരുത്!"

"അനുസരിക്കാനാവാത്ത കല്പനയാവുമ്പോൾ?"

"നിൻെറ അച്ഛനാണതു പറയുന്നതെങ്കിൽ?"

"ഇല്ല! ഇത്രേം പ്രായത്തിനിടയ്ക്ക് ഇതുപോലൊരു ദുശ്ശാഠ്യം എന്റച്ഛനിൽനിന്നുണ്ടായിട്ടില്ല!"

"നിൻറച്ഛൻ?"

"അതെ! എൻറച്ഛൻ!"

"നീ തല മറന്നെണ്ണ തേയ്ക്കാതെ!"

ബാബുവിൻെറ മുഖവും സ്വരവും രൂക്ഷമായി—"ഞങ്ങളെ കൂട്ടത്തോടെ തേജോവധത്തിനു തുനിയാതെ!"

ഗോവിന്ദപ്പിള്ള നട്ടങ്ങിപ്പോയി. പാടെ ഭാവം പകന്ന ആ പതിനേഴാം വയസ്സുകാരൻെറ നേരെ നോക്കാൻ കരുത്തില്ലാതെ പരവശൻ തലതാഴ്ത്തി.

മണിക്കൂറൊന്നു കഴിഞ്ഞു മകൻ ഗോതമ്പുദോശയ്ക്കു മുൻപിൽ വന്നിരുന്നപ്പോൾ ജാനകിയമ്മ താക്കീതു ചെയ്തു—"ഒള്ള ഗുരുത്തം കളയരുതു മോനെ—എവിടെപ്പോയാലും!"

ചട്ട്ണിയിൽ മുക്കിയുയർത്തിയ ദോശ വായിലേക്കിടാതെ ബാബു ചോദിച്ചു—"ഈ ഗോതമ്പുദോശയുടെ ഗുരുത്വമാണോ?"

"പെററ തള്ളേക്കൂടെ പരിഹസിക്കാൻ പഠിച്ചു നീ! പിന്നാ മറെറാള്ളോരെ......"

"ആരെയെന്തു പറഞ്ഞെന്നാ?"

"മങ്ങലത്തെ അമ്മാവൻ ഇന്നിവിടുന്ന് എറങ്ങിപ്പോയ പോക്കു കണ്ടോ?"

"നാട്ടിലെ വലിയ സ്വത്തുകാരനും പ്രമാണിയുമാണെന്നു വച്ച് സകലമാനപേരെയും ഭരിക്കാനിറങ്ങാമോ?"

"നിൻെറ നന്മയ്ക്കുവേണ്ടി പറഞ്ഞതാ! നിന്നോടൊള്ള സ്നേഹം കൊണ്ട്!"

"അല്ലെങ്കിലീ പത്തുസെൻറു പറമ്പിനോടൊള്ള സ്നേഹം കൊണ്ട്!"

"അയ്യോ! മങ്ങലത്തേക്ക പറമ്പോ നെലമോ വല്ലതുമൊണ്ടോ?"

"ഒരുപാടൊരുപാടൊണ്ടെങ്കിൽ ഒന്നുമില്ലാത്തവക്ക് കൂടി കുറെ എഴുതിക്കൊടുക്കട്ടെ."

"അങ്ങനെ വല്ലോരും ചെയ്യുമോ ലോകത്ത്?"

"മഹാത്മാക്കൾ"

"അവനോൻെറ വക വല്ലോക്കും വെറുതെയങ്ങു വിളിച്ചുകൊടുക്കുമോ?"

"മംഗലത്തു മൂപ്പിലെപ്പോലുള്ളവരെ മാത്രമേ അമ്മ അറിയൂ!"

"ഇവിടുത്തെ മൂപ്പിലേം!"

"ഇവരു രണ്ടു പേരുടെയും നാമം ഒരേ വായിൽപറയരുത്!"

"നിനക്കാ മനുഷ്യനോടിത്ര വൈരാഗ്യമെന്താ?"

"മുജ്ജന്മ ശത്രുത്വം!"

"അതു പാടില്ലല്ലോ!"

"പറഞ്ഞിട്ടെന്തുഫലം?"

"പെരുത്ത പണക്കാരനാണെങ്കിലും നിൻെറ അച്ചൻെറ ഏറ്റവുമടുത്ത ചങ്ങാതിയാണ്."

"അതുകൊണ്ടാവാം—അവസരം വന്നപ്പോൾ ഈ ചുരുണ്ടു കിടക്കാനുള്ള തുണ്ടുഭൂമികൂടിയങ്ങു പിടുങ്ങാൻ നോക്കിയത്?"

ഈശ്വരാധീനം കൊണ്ടൊന്നും നടന്നില്ലല്ലോ?"

"വശത്തിലടുത്തു കൂടി വേലയിറക്കി നോക്കുകയാണ് പിന്നെയും',

നീ പഠിച്ചു കേമനാവണമെന്നാഗ്രഹിച്ചിട്ടാണെങ്കിലോ?"

"കേമനല്ല ഞാൻ—വെറും പീറയായാൽത്തന്നെ അയാൾക്കെന്താ?"

മൊഴിമുട്ടിയ വിമ്മിട്ടം മാത്രമല്ല ജാനകിയമ്മയുടെ മുഖത്തു കാണപ്പെട്ടത്......

# അദ്ധ്യായം നാല്

സംവത്സരങ്ങൾക്കു ശേഷം സന്ധ്യകഴിഞ്ഞ സമയത്ത് തുണ്ടുപറമ്പിൽ ഇറയത്ത് ഒരു രാത്രിഞ്ചരൻ വന്നുകയറി. പകൽവെളിച്ചത്തിൽ പരക്കെ ബഹുമാന്യനായി പരിഗണിക്കപ്പെട്ടുന്ന ഒരു പ്രമുഖ വ്യക്തിയാണ്—ഇരുട്ടു പരന്ന നേരത്തിങ്ങനെ ഒളിച്ചുപതുങ്ങി പ്രവേശിച്ചതു്. നാലുനാൾ മുൻപ് ബാബുവിൻെറ ന്യായവാദത്തിനു മുൻപിൽ മൊഴിമുട്ടി തലകുനിച്ചിട്ടുപോയ മഹാപ്രഭു ഈ ഇറമ്പുതാണ കൊച്ചുപുരയിൽ വീണ്ടും നുഴഞ്ഞുകടക്കുകയാണ്.

മുനിഞ്ഞുകത്തുന്നുണ്ട് ഒരു ചെറിയ നിലവിളക്ക്. അതിൻെറ നേരിയ വെളിച്ചത്തേക്കു നീങ്ങുകയല്ല ആഗതൻ. ഇരുട്ടുവാക്കിനു ചുവരും ചാരി ഇരിക്കുന്നുണ്ടായിരുന്നു വീട്ടുകാരി. ഇരുട്ടു കട്ടപിടിച്ച കണക്കേയുള്ള നെടുങ്കൻഗാത്രം അടുത്തെത്തും മുൻപേ അവർ തിരിച്ചറിഞ്ഞു. ഭയാശങ്കകളടക്കി മെല്ലെ തൂങ്ങിയെഴുന്നേററു.

ഉച്ഛ്വാസവായു മുഖത്തടിക്കും മട്ടിൽ തൊട്ടടുത്തു ചെന്നു മന്ത്രിച്ചു ആഗതൻ—''ജാനകീ!''

അതേ ശ്രുതിയിൽ നിന്നൊട്ടുമുയരാതെയാണു പ്രത്യുക്തിയും—''എന്നുതന്നെയാണെൻെറ പേരു്.''

''നീ കെറീസ്സുയാണോ?''

''ആ കസേരേച്ചെന്നിരുന്നാട്ടെ''

''നീയാ വിളക്കിൻെറ തിരിയൊന്നു താഴ്ത്തിയേരെ''

അതിഥി തൻെറ പതിവുസീററിൽ ചെന്നമന്നു. ആ കസാലയുടെ ഭാഗത്തേയ്ക്കു വെളിച്ചം വീശാതെ ജാനകിയമ്മ വിളക്കൊന്നു തിരിച്ചുവച്ചു.

"ബാബുവെപ്പോൾ പോയി?"

"ഇന്നുച്ചയ്ക്കു മുമ്പേ"

"കുറുപ്പു കൂടെപ്പോയില്ലേ?"

"എറണാകുളം വരെ"

"അതെന്താ?"

"അതുതന്നെ വേണ്ടാന്നു പറഞ്ഞതാ ക്മാരന്നായരു്! തന്തയ്ക്കു മനസ്സൊറപ്പു വരുന്നില്ല. അവനെ റെയിലേ കേററിവിട്ടേച്ചു നാളെയിങ്ങു വരാമെന്നു്!"

"അപ്പോൾ ഇന്നിവിടെ നീ തനിച്ചല്ലേയുള്ളു?"

"അതിനന്തിക്കൂട്ട കരുതി വിരുന്നു വന്നതാരിക്കും?"

"അയ്യയ്യേ! അപരാധം പറയാതെ!"

"ഹോ! ഒരു പുണ്യവാളൻ!"

"ചെറുപ്പത്തിൻെറ ചാപല്യം മനുഷ്യസഹജമാണു ജാനകീ! ഞാൻ പലപ്പോഴും പറഞ്ഞിട്ടില്ലേ? പശ്ചാത്തപിച്ചിട്ടുമില്ലേ പതിനായിരം തവണ? ജീവിതത്തിലൊരിക്കലെങ്കിലും തെററു ചെയ്യാത്ത ഒരുത്തനുമില്ലെന്നേ! പക്ഷെ, ഒരിക്കൽ ചെയ്ത തെററു് പിന്നെ ശരിയായി വന്നു എനിക്കു്. അധികമാരുമറിയാത്ത മഹാഭാഗ്യമായി ത്തീന്നു!"

"പുറത്താരും കേൾക്കരുതു്. പ്രത്യേകിച്ചും മുഡാനിക്കുഞ്ഞമ്മ! പിന്നെൻെറ ബാബുവും."

(മംഗലത്തു ഗോവിന്ദപ്പിള്ളയുടെ മഹാപ്രാഭവത്തിനു ചേർന്ന പട്ടമഹിഷിയത്രെ മുഡാനിക്കുഞ്ഞമ്മ.)

മുഡാനിയെ പേടിയില്ലെനിക്കു്." ഗോവിന്ദപ്പിള്ള തുടർന്നു: "പക്ഷെ, ബാബുവിൻെറ മുൻപിൽ ചൂളിപ്പോകുന്നു! അവനോടാരോ വേണ്ടാത്ത കിന്നാരമൊക്കെ പറഞ്ഞുകൊടുത്തിരിക്കും!"

"ഇവിടെയൊരു പരമശുദ്ധൻ!"

"അയാൾ സ്നേഹമുള്ളവനാണു ജാനകീ!"

"നിങ്ങൾ തമ്മിൽ എപ്പോഴെങ്കിലും......എന്തെങ്കിലും......ഇതേപ്പററി സൂചിപ്പിച്ചിട്ടുണ്ടോ?"

"മനസ്സിലാവാഞ്ഞിട്ടല്ല......അറിഞ്ഞില്ലെന്നു നടിക്കയാ. ബാബുവെന്നു പറഞ്ഞാലയാൾക്കു പ്രാണനാണുതാനും!"

83510

KOTTAYAM PUBLIC LIBRARY KOTTAYAM

“അവനും അങ്ങനെതന്നെയാണങ്ങോട്ടും.’,

“വാസ്തവം!”

“ഇടയ്ക്കുനിന്നു ഞാൻ സത്യത്തിൽ...ഉമിത്തീയിലെപ്പോലെ... നീറുകയാണു ചിലപ്പോൾ!”

“അതുകൊണ്ടാണോ കാണാമറയത്തു പറഞ്ഞയച്ചതു്?”

“അടയ്ക്കാ മടിയിലൊതുങ്ങും. അടയ്ക്കാമരമോ?”

“പഠിത്തം മതിയാക്കി ബോംബെയിൽ പോകണമെന്നു ബാബുവിൻെറ നിർബ്ബന്ധമായിരുന്നോ?”

“ഈ പുരേടമൊററിയെഴുതിക്കൊടുക്കണമെന്നു പറഞ്ഞതാണവനു പിടിക്കാഞ്ഞതു്.”

“മാളോരെ ബോധ്യപ്പെട്ടുത്താൻ വല്ലതുമൊന്നു വരച്ചുവയ്ക്കണമെന്നല്ലാതെ ഞാമ്പറഞ്ഞോ? അതിനു പൊന്നുപോലെ സമ്മതമില്ലെങ്കിൽ വേണ്ടാന്നും പിന്നെ പറഞ്ഞില്ലേ”

“പ്രമാണംകൂടെയില്ലാതെ രൂപാ തരുന്നതും ഇവിടെ വാങ്ങിക്കുന്നതും ലോകക്കു കൂട്ടതൽ പ്രസ്താവത്തിനു കാരണമല്ല്യോ?”

“ഏറെ വന്നാൽ...ബാബുവിനെ പഠിപ്പിക്കുന്നതു് ഞാനാണെന്നങ്ങു പറയും! അതു കുറച്ചിലാണോ നിങ്ങൾക്കു്?”

“എനിക്കെന്തു കൊറച്ചില്യതോന്നാനാ? അവൻെറ തന്തയ്ക്കും മങ്ങലത്തുന്നു് ഒരു സഹായം പററുന്നതിൽ മാനക്കേടു തോന്നണ്ടാ. പക്ഷെ ഞങ്ങളുരണ്ടിനേം പോലല്ല ബാബു! അവൻ വലിയ അഭിമാനിയാ?”

“അവനങ്ങനെയല്ലെങ്കിലേ എനിക്കതെട്ടുതമുള്ളു.”

“എരപ്പാളിയുടെ പൊറുതിയും ഏഴുനെലമാളികക്കാരൻെറ സിതിയും! അതല്ലേ അവൻെറ മട്ടു്? അവനോൻെറ പാട്ടിലൊതുങ്ങുന്ന പൊണ്ണുക്കാര്യമേ ആകാവൂ—ആക്കായാലും!”

“ഈ തുണ്ടുപറമ്പിൽ വളരേണ്ടവനല്ല ജാനകീ അവൻ!”

“പിന്നെവിടെയാ വളരേണ്ടതെന്നു വച്ചാൽ വിളിച്ചോണ്ടുപോയി നിർത്തു്!”

“അവൻ വരുമോ?”

“മൂധാനിക്കുഞ്ഞമ്മ ചൂലെടുക്കും!”

“നിങ്ങളു തന്തേം തള്ളേം നിങ്ങടെ പള്ളക്കീഴീന്നു വിടുകയുമില്ല”

“എന്തിനാ വെറുതെ...ഇരുട്ടിൻെറ മൊട്ടും നിലാവിൻെറ കിളുന്നും എണ്ണിനോക്കാൻ പോണു”

“നാണുക്കുറുപ്പും സമ്മതിക്കുമോ—ബാബു മംഗലത്തു വന്നു പാക്കാൻ?”

"എന്തിനാ? അവിടത്തെപ്പോലെ എട്ടുകെട്ടും മാളികയുമൊന്നു മില്ലെങ്കിലും—ഇവിടൊരു കുനൻ പെരയൊണ്ട്—എൻെറ മോനു പാക്കാൻ!"

"അവൻ അവനാണെങ്കിൽ അവൻെറ കാലത്ത്—ഇവിടെയു മുണ്ടാവും എട്ടുകെട്ടുംമാളികയും"

"എന്നാലും ഇവിട്ടത്തെ മനിഷേനെയേ അവൻ അച്ഛാന്നു വിളിക്കൂ!"

"അങ്ങനല്ലേ പറഞ്ഞു പഠിപ്പിച്ചതു്?"

"പിന്നെന്തു പറഞ്ഞു കൊടുക്കണമാരുന്നു?"

"ഒട്ടൊക്കെ അറിയാൻ പ്രായമായപ്പോഴെങ്കിലും കാര്യം രഹസ്യമായി സൂചിപ്പിക്കാമായിരുന്നു!"

"ശരിയായി! അവൻെറ നേരെ നിന്നു പറഞ്ഞാൽ—പണ്ടു പരശുരാമൻ ചെയ്തപോലെ—അന്നവനെൻെറ തലവെട്ടും!"

"ഇന്നറിയാതിരിക്കയാണോ?"

"എന്നു വച്ച്—ഞാന്തന്നെ അവനോടെ പറയാനോ?"

"ഇക്കഥയെവിട്ടന്നോ അറിഞ്ഞശേഷമാണോ—ബാബുവിനെന്നോടൊരു വൈരാഗ്യം പോലെ!"

"കണ്ടോ? അതാണവൻെറ പ്രകൃതം!"

"അതേസമയം അവനെച്ചൊല്ലി രക്തക്കണ്ണീരൊഴുക്കയാണു ഞാൻ സദാസമയം! ഇനിയൊന്നു കാണാൻ കിട്ടുന്നതേതുകാലത്തോ ദൈവമേ! അതിൻെറ ആധികൊണ്ടു രാത്രിയിലുറക്കമില്ല ജാനകീ! ഇന്നലെയാണെങ്കിൽ പോളക്കൂട്ടിയടച്ചിട്ടില്ല!"

"കുഞ്ഞമ്മ വിളിച്ചു കാര്യം ചോദിച്ചില്ലേ?"

"പോത്തുപോലെ കിടന്നുറങ്ങിക്കൊള്ളും മദഗരം! അതേ മുറിയിൽ അടുത്ത കട്ടിലിൽ ഉറക്കം വരാതെ കിടന്നു ഞെളിപിരിക്കൊള്ളുന്നതു് ആരറിയുന്നു? ലൈററണച്ചും മുൻപേ കേൾക്കാം—ശവത്തിൻെറ കൂക്കം വലി!"

"ഇവിടെയിരുന്നു്—ഇതുപ്പോലെ പതുക്കെ—എന്തു വേണമെങ്കിലും പറയാം. അവർ കേൾക്കാമ്പോണോ?"

"അഥവാ—കേട്ടാൽ—എന്നെ വെടിവെച്ചുകളയും?"

സംഭാഷകർ രണ്ടും ഒരേ നിമിഷം ഞെട്ടിത്തെറിച്ചു! മുററത്തൊരു നിഴലാട്ടം! ആരോ കടന്നു വരുകയാണു്?

ഗോവിന്ദപ്പിള്ളയും കസാലയും പൂർണ്ണമായി ഇരുട്ടിൻെറ മറവിലത്രെ. വീട്ടുകാരി ജാനകിയമ്മ തിരിതാഴ്ത്തപ്പെട്ട നിലവിളക്കിൻെറ നേരിയ വെളിച്ചത്തിലും. നീണ്ടുനീണ്ടു പോയ സംഭാഷണത്തിലും

 18693

രണ്ടാളിൻെറയും സജീവശ്രദ്ധ വീട്ടുപടിക്കലേക്കായിരുന്നു. ഏകാകിനിയായ ഗേഹിനിയുടെ കുശലമന്വേഷിക്കാൻ അയൽവക്കത്തെ ജീവകാരുണ്യശാലികളാരാനും വരുന്നുണ്ടോ എന്നു്! അഥവാ ഒഴക്കുപ്പോ പഞ്ചസാരയോ ഒരു പാതി അടയ്ക്കായോ കടം ചോദിച്ചു വരാവുന്ന അന്തിക്കൈമുട്ടുകാരെ.

കൊതുകിനെ പേടിച്ചിരുന്ന കരടിയുടെ മുൻപിൽ അകപ്പെട്ട അനുഭവമാണുണ്ടായതു്. ക്ലേശാതെ കുണുങ്ങിക്കുണുങ്ങി കയറിവന്ന കുറുമുണ്ടൻ വിളക്കിൻെറ സമീപമെത്തുമ്പോൾ സാക്ഷാൽ ഗൃഹനാഥൻ! പ്രിയപുത്രനു് അനുയാത്ര പോയിരുന്ന നാണുക്കുറുപ്പു്.

പകൽ രണ്ടരമണിക്കുള്ള ട്രെയിനിലാണു ബാബു കയറിയതു്. അവൻെറ ഭാവിരക്ഷാകർത്തൃത്വം ഭരമേററ കുമാരൻ നായർ സകുടുംബം അതേ കമ്പാർട്ടുമെൻറിൽത്തന്നെയുണ്ടു്. അച്ഛനെ കാണാനും കാണിക്കാനുമായി വാതില്ക്കൽത്തന്നെ നിലകൊണ്ട ബാബു കണ്ണീരിനിടയിലൂടെ ദൂരെ മിന്നിമറയുവോളം പാവം പ്ലാററ്ഫാറത്തിൽ നോക്കിനിന്നു. മകൻ കയറിയ തീവണ്ടിയുടെ പുകയുടെ വാൽപോലും നീലാകാശത്തിൽ വിലയിച്ചു കഴിഞ്ഞപ്പോൾ മെല്ലെ പിന്തിരിഞ്ഞു. ആയുസ്സിലാദ്യമായി അന്നു തനിയെ വീട്ടിൽ തങ്ങുന്ന ആത്മദാരങ്ങളെപ്പററിയായി അടുത്ത ചിന്ത. സുദുസ്സഹമായ പുത്രവിരഹദുഃഖം സമാസമം പങ്കിടാൻ തിരക്കുപ്പെട്ടു ചിത്തം. നേരെ ബസ്സ്സ്റ്റാൻഡിലേക്കു നടന്നു വേഗം.

പൂമുഖത്തുകയറി വന്നപാടെ മുനിഞ്ഞുകത്തുന്ന നിലവിളക്കിന്റെ തിരി നീട്ടുകയായിരുന്നു വീട്ടുകാരൻ. വിളക്കുതെളിഞ്ഞപ്പോൾ വടക്കേ ചുവരരുകിൽ സ്തംഭിച്ചുനില്ക്കുയാണു ജാനകിയമ്മ. പടിഞ്ഞാറു കുസാലയിൽ കൊത്തിവച്ച വലിയൊരു മരപ്പാവ കണക്കെ ഗോവിന്ദപ്പിള്ളയും. രണ്ടാൾക്കും ശ്വാസംകൂടി നിലച്ചുപോയി കുറെ നേരത്തേക്കു്.

തെളിച്ച വിളക്കിനേക്കാൾ നൂറുമടങ്ങു ജ്വലിച്ചു നാണുക്കുറുപ്പിൻെറ മുഖം. അനന്തരനിമിഷത്തിൽ എന്തെന്തു സംഭവവികാസങ്ങൾ സംജാതമായിക്കൂടാ? കുടുംബിനിയുടെ ഭയസംഭ്രമപാരമ്യവുമായി തെല്ലിടകണ്ണിടഞ്ഞു കുറുപ്പു്. അതിലൊട്ടുമയപ്പെട്ട നോട്ടമാണു് അടുത്ത പടി ഗോവിന്ദപ്പിള്ളയുടെ നേക്കു്. അക്ഷന്തവ്യമായ മഹാപരാധങ്ങൾക്കും മറക്കാനാവാത്ത സുചിരസൗഹാർദ്ദം അവിടെയും അന്തിമവിജയം നേടി. പാടെ മുറിഞ്ഞു പറയാനോ പെരുമാറാനോ കുറുപ്പുമടിച്ചു. ഒരു തരത്തിലുള്ള ഒച്ചപ്പാടും ഉണ്ടാകരുതെന്നു പണ്ടേ ആഗ്രഹമുണ്ടു് ആ അഭിമാനിക്കു്.

"ങ് ആ! കോന്നപ്പിള്ളയോ?"

"ഞങ്ങള് കുറുപ്പിനെ നോക്കിയിരിക്കയാരുന്നു!" ചാരം പൂശിയ ചിരി സ്വരപ്പെടുത്തി ഗോവിന്ദപ്പിള്ള.

"ഞാനിന്നു വരത്തില്ലെന്നു പറഞ്ഞാണു പോയതു്"

"പക്ഷേ, വരുമെന്നെനിക്കറിയാം. വരുകേം ചെയ്തല്ലോ?"

"ബാബുവിനെപ്പോൾ വണ്ടികിട്ടി?" കടന്നു കാര്യം ചോദിക്കാൻ ജാനകിയമ്മയും ധൈര്യപ്പെട്ടു.

തിരിഞ്ഞു തീക്ഷ്ണമായൊന്നു നോക്കിയതേയുള്ളു കുറുപ്പ്.

കൂട്ടപ്രതിയുടെ തുണയ്ക്കു നീങ്ങാൻ നിർബന്ധിതനായി ഗോവിന്ദപ്പിള്ള—"ങ് ആ? അതു പറഞ്ഞില്ലല്ലോ! കൊച്ചനെ വണ്ടികേററീട്ടല്ലേ കുറുപ്പു പോന്നതു്?"

"ഇവിടെയിവൾ തനിച്ചാണല്ലോന്നോർത്തു പോയി!"

"അത്രയ്ക്കു നെഞ്ഞുറപ്പില്ലാത്ത അച്ഛനെന്തിനാ കൂടെപ്പോയതു്?"

"പലതും പറഞ്ഞുകേട്ട കഥകൾ കുറെ കണ്ണിനുനേരെ കാണാൻ!"

"ഇന്നത്തെ എറണാകുളം കൊച്ചി കാണാൻ?"

"അതും ആയുസ്സിലൊന്നു കാണാനൊത്തു."

"കണ്ടിട്ടെങ്ങനെയിരിക്കുന്നു?"

"നേരു പറഞ്ഞാൽ—ഞാനെന്തോ കണ്ടു?"

"കണ്ടെടത്തോളം?"

"അപാരമപാരം!"

"അവിടെത്തന്നെയങ്ങു പാക്കാൻ തോന്നി?"

"അതെ! അതാരുന്നു നല്ലതെന്നു് ഇപ്പോൾ തോന്നുന്നു!"

പ്രതാപിഗോവിന്ദപ്പിള്ള ജാള്യതയുടെ ചുഴിയിലേക്കു താഴ്ന്നു താഴ്ന്നുപോയി. കൂട്ടത്തിൽ കരളിൽ കൂരമ്പുപോലെയുള്ള കുത്തുവാക്കുകളും! വെറും പ്രാകൃതന്റെ പ്രകോപനങ്ങളൊന്നും കുറുപ്പിൽ പെട്ടെന്നു പ്രത്യക്ഷപ്പെട്ടില്ല. ന്യായമായ കൈയേററത്തിനും മുതിന്നില്ല. പടിപടിയായി തേജോഹാനി വരുത്തുകയായിരുന്നു കൈക്കൊണ്ട പരിപാടി. ഒരതിത്തിയോളമായപ്പോൾ അതിഥി ഒന്നു പിടഞ്ഞു. അപരാധിയായോ തസ്കരനായോ മുദ്രകുത്തുന്നതിനു മുൻപു് ഉള്ള മാനത്തോടെ തടിതപ്പാൻ എഴുന്നേററു കഴിഞ്ഞു.

"ഒരു പാടിരുട്ടി. ഞാൻ നാളെ വരാം. കാര്യങ്ങൾ വിസ്തരിച്ചു പറയാം. കുറുപ്പും യാത്രാക്ഷീണംതീക്കു്"

അനുമതിയോ തടസ്സമോ—ഉച്ചരിച്ചില്ല ആതിഥേയൻ. മുൻപിൽ കണ്ട കൂരിരുട്ടിന്റെ മുഴക്കം കണക്കെ ഒന്നിരുത്തി മൂളുകമാത്രം ചെയ്തു.

ഗോവിന്ദപ്പിള്ള മുററത്തിറങ്ങിയപ്പോൾ നാണുക്കുറുപ്പു സ്വ

പത്നിയുടെ നേരെ തിരിഞ്ഞു—"നീ നിൻെറ മോനെക്കൂടെ മറന്നല്ലോടീ!"

ജാനകിയമ്മയ്ക്കു നാവു പൊന്താതെയായി. പക്ഷേ, മനസ്സിലോത്തു—"ഞാനെൻെറ മോനെ മറക്കുവാരുന്നോ വാസ്തവത്തിൽ?"

"നേരല്ലേ പറഞ്ഞതു്?" എന്നായി വീണ്ടും കുറുപ്പു്.

"ഞാനാരേം വിളിപ്പിച്ചിട്ടു വന്നതല്ല"

"അന്നോ ഇന്നോ?"

"അന്നുമിന്നും"

"അന്നു നിനക്കീ വഹയ്ക്കു കൊള്ളാത്തവനെ മാത്രമോത്താൽ മതിയായിരുന്നു. ഇന്നതല്ല! തന്നോളം പോന്ന ഒരു ചെറുക്കനൊണ്ടു്. അവനു മറെറല്ലാററിലും വല്യതാ മാനം! അതീപ്പെറ്റ തള്ളയോക്കണം!"

"വല്യവല്യമങ്ങലത്തെ മൂപ്പിലാണെങ്കിലും—നിങ്ങളു തമ്മിലെ അട്ടപ്പോം സ്നേഹോംകൊണ്ടു്—ഇവിടെ വരുന്നു. അരുതെന്നു വെലക്കാൻ ഞാനാരാ?"

"നീയെന്നെ പഠിപ്പിക്കാൻ വരുവാണോ?"

"പറേന്നേനുത്തരം പറഞ്ഞില്ലെങ്കിലും വഴക്കു്"

"വേണ്ടകാലത്തു ഞാൻ നിന്നെ വഴക്കു പറഞ്ഞില്ല! വീട്ടീന്നടിച്ചെറക്കിയില്ല! അതെൻെറ തെററു്"

"അടിച്ചെറക്കരുതെന്നാരും അപേക്ഷിച്ചില്ല. കാലു പിടിച്ചില്ല—"

"ഇവിട്ടന്നെറക്കിവിട്ടാൽ ഇതിനേക്കാൾ മെച്ചപ്പെട്ടെടത്തു ചെന്നു പൊറുത്തോണ്ടേനേ?"

"അല്ലെങ്കിലെൻെറ കുഞ്ഞിനേം കൈയ്ക്കു പിടിച്ചോണ്ടു പെരുവഴിയേ നടന്നുതെണ്ടിയേനേ?"

"അങ്ങനെ തെണ്ടാനൊണ്ടായതല്ല അവൻ!'

"പെഴച്ചുപോയവടെ വയററിൽ മുളച്ചാൽ?"

"കുപ്പക്കുഴീലും നവരത്നം വിളയും!"

"സ്നേഹമുള്ള കണ്ണുകൊണ്ടു നോക്കുമ്പം!'

"ആ സ്നേഹം കൊണ്ടാ പറേന്നതു്. നമ്മടെ ചെറുക്കാനെയോത്തെങ്കിലും—നമ്മളു രണ്ടും കൊറെ ഒതുങ്ങണമെന്നു്!"

അതിനുശേഷമാണു് അവിട്ടത്തെ പടിക്കൽ നിന്നൊരു നിഴൽ നടന്നകന്നതു്

# അദ്ധ്യായം അഞ്ച്

നാലു മക്കളാണു മൂഡാനികുഞ്ഞമ്മയ്ക്കു്. നാലും പെൺമക്കൾ. അമ്മയുടെ തനിപ്പകർപ്പുകൾ. പട്ടിലും പകിട്ടിലും പൊതിഞ്ഞ കുറെ മനുഷ്യഗോളങ്ങൾ!

തുള്ളിത്തുളുമ്പുന്ന താരുണ്യമായി, ഗോമതിക്കും സുഭദ്രയ്ക്കും. പാവാടയും ഹാഫ് സാരിയുമാണു് രുദ്രാണിക്കു്. മുട്ടോളമെത്തുന്ന സ്കർട്ടു വരെയേ ആയുള്ളു കൂട്ടത്തിലേക്കിളയ ഗിരിജയ്ക്കു്.

വേണ്ടതിലേറെ വേലക്കാരുണ്ടു്, വീട്ടിൽ സ്ഥിരം സർവ്വീസിൽ. എങ്കിലും അപ്പപ്പോൾ അടുത്തുകൂടുന്ന 'സ്വകാര്യ'ക്കാർക്കു് സ്വയം ഏർപ്പെടാൻ ജോലികൾ ഏതു സമയത്തും കണ്ടെത്താം. ആകെക്കൂടി ആ അമ്മയ്ക്കും മക്കൾക്കും താന്താങ്ങളുടെ ദേഹത്തു കടന്നുകൂടിയ എറുമ്പിനെ തൂക്കാൻപോലും കൈ മെയ് ചലിപ്പിക്കേണ്ട കാര്യമില്ല.

പ്രായസഹജമായ ചടങ്ങെന്ന നിലയിൽ സ്കൂളിൽ പോകുന്നുണ്ടു്, രുദ്രാണിയും ഗിരിജയും. രണ്ടും നാലും വർഷങ്ങൾക്കുമുമ്പ് സുഭദ്രയും ഗോമതിയും ആ വഴിപാടു മതിയാക്കി. ആരുമാരും എസ്. എസ്. എൽ. സി. കടന്നുകയറാൻ മിനക്കെട്ടില്ല. സുദൃഢമായ ആ അതിർത്തി ചാടിക്കടന്നിട്ടു് മംഗലത്തെ കൊച്ചുകുഞ്ഞമ്മമാർക്കു് ജീവിതത്തിൽ കൂടുതലൊന്നും നേടാനില്ല.

നേരംകിട്ടുമ്പോഴെല്ലാം നമ്മയോഗം കൂടും, നിർബ്ബന്ധമായി. ആഹാരാദിചര്യകൾക്കും അണിഞ്ഞൊരുങ്ങലിനും അവശ്യം വേണ്ടിവരുന്ന സുദീർഘസമയം തട്ടിക്കഴിച്ചു് ദിനംപ്രതിയുള്ള നീക്കിബാക്കി

വിനോദംവകയിൽ ചെലവെഴുതാതെ നിവൃത്തിയില്ലല്ലോ? പരിചയ പരിധിയിൽപ്പെട്ട ഏതെങ്കിലുമൊരു വ്യക്തിയെ വിമർശിക്കയൊവും മിക്കവാറും. അതാതു ദിവസത്തെ ചർച്ചയ്ക്കൊരു ഗൃഹപ്പിഴക്കാരൻെറ യോ-ക്കാരിയുടെയോ പേരു് അവതരിപ്പിക്കേണ്ടതു് അന്നന്നു് അടുത്തു പാറിക്കൂടുന്നവരുടെ ഡ്യൂട്ടിയാണു്. കാര്യമായ തനതാവശ്യം എന്തെങ്കിലും കരളിൽ കരുതിക്കൊണ്ടാവും ആ വിരുതരുടെ വരവു്. അത്മംഗലത്തെ കുഞ്ഞമ്മമാരിൽനിന്നു സുലളിതം സാധിക്കാൻ ഈ തിരുമുൽക്കാഴ്ച വസ്തുണമെന്നും പരക്കെ ബോദ്ധ്യമുണ്ടു്.

തുണ്ടുപറമ്പിൽ വീടിനു തൊട്ടു തെക്കേ അയൽപക്കത്താണു് കോളേത്തു കുഞ്ഞിലക്ഷ്മിഅമ്മ. എമ്പാടും തലതിരിഞ്ഞ ഏഴെട്ടു മക്കളും മദ്യപൻ ഭർത്താവുമാണു് കുഞ്ഞിലക്ഷ്മിയമ്മയ്ക്കു്. അവർക്കു വയറുനിറയെ ആഹാരവും തലതണുക്കെ എണ്ണയും ഇടയ്ക്കിടെ പഴമുണ്ടും കിട്ടുന്നതു് മൂഡാനിക്കുഞ്ഞമ്മയുടെ മുഖപ്രീതിയിൽനിന്നത്രേ! മനസ്സറിഞ്ഞുനേരൊന്നു പറഞ്ഞുപോവില്ല പാവം. ഈ ദുഃഖസത്യം ഒരു ലക്ഷം തവണയെങ്കിലും ബോദ്ധ്യപ്പെട്ടിട്ടുണ്ടു് കുഞ്ഞമ്മമാർക്കു്. എന്നാലുമെന്തെങ്കിലും പുതിയ കല്പിതകഥകൾക്കു ദാഹംപൂണ്ടിരിക്കുകയാണു മഹാഭാഗ്യവതിമാർ.

ചാരംപുരണ്ട ചകിരിപോലെ വെളുത്ത തലമുടി എഴുന്നുനില്ക്കും. തോളെല്ലു തലോടുന്ന ഊഞ്ഞോൽക്കാതുകൾ, മലമ്പ്രദേശത്തെ കിണറുകളോളം കുഴിഞ്ഞ കണ്ണുകൾ, അവസാനം ശേഷിച്ച രണ്ടോ മൂന്നോ പല്ലുകൾ, ചുരുങ്ങിച്ചുളുങ്ങി മുതുകൊട്ടിയ വയറും—ഇതൊക്കെയാണു് കുഞ്ഞിലക്ഷ്മിയമ്മ.

കുഞ്ഞമ്മമാർ രാവിലെ കാപ്പികുടിക്കാനിരിക്കുമ്പോഴാണു് കുഞ്ഞിലക്ഷ്മിയമ്മയുടെ തിരപ്പുറപ്പാടു്— "ഒരു വിരുന്നുകാരികൂടിയൊണ്ടേ......"

യജമാനത്തികൾക്കു വിളമ്പാൻ നിന്ന അടുക്കളക്കാരിയുടെനേർക്കു് ആജ്ഞാസൂചകമായ നോട്ടമൊന്നയച്ചു മൂഡാനിക്കുഞ്ഞമ്മ. ആ അകത്തളത്തിൽ കാലുകുത്തിയപാടെ ആഗതയുടെ ബുഭുക്ഷ പെരുത്ത നേത്രങ്ങൾ അമ്പേ തിളങ്ങി കണ്ടുകളിൽ. മഹാഭാഗ്യം പിറന്ന മംഗലത്തെ കുഞ്ഞുങ്ങളുടെമുൻപിൽ നിരന്ന ലഘുഭക്ഷണവിഭവങ്ങളിലാണു് ദൃഷ്ടി വ്യാപരിച്ചതു്. ആ ആഹാരമേശയ്ക്കടുത്തുതന്നെ നിലത്തു് ആസനമുറപ്പിച്ചു അടുത്ത പടി. അപ്പോഴേക്കു് അവരുടെമുമ്പിലും അതേപടി ഒരു പലഹാരത്തട്ടം ഹാജരായിക്കഴിഞ്ഞു. ശരിക്കു വെളുക്കെ ഒരിക്കൽക്കൂടി ചിരിച്ചു് കുഞ്ഞിലക്ഷ്മിയമ്മ തുടന്നു—

"ഇന്നലെ ഞങ്ങക്കെല്ലാം ശിവരാത്രിയല്ലാരുന്നോ?"

"അതെന്താ കുഞ്ഞിലക്ഷ്മിയമ്മേ?"

"ഏമാൻ അപ്പുറത്തൊണ്ടോ?" നന്നേ അടക്കിയ സ്വരത്തിൽ അന്വേഷിച്ചു കുഞ്ഞിലക്ഷ്മിയമ്മ.

ഇല്ലെന്നു കണ്ണിറുക്കി മംഗലത്തെ സീമന്തപുത്രി. സുഭദ്ര അല്പംകൂടി വിശദീകരിച്ചു– "രാവിലെ പാടത്തു പോയിക്കാണുമെന്നാ തോന്നുന്നതു്."

"അല്ലെങ്കിലും നമ്മളിവിടെ സംസാരിക്കുന്നതു് അച്ഛൻ അപ്സ്റ്റെയറിൽ കേൾക്കാൻ പോണോ?" സുഭദ്ര ധൈര്യപ്പെടുത്തി.

"അതല്ല–കേട്ടോണ്ടു വന്നാലും–ഞാൻ കള്ളമൊന്നുമല്ല പറേന്നതു്!" എന്നായി കുഞ്ഞിലക്ഷ്മിയമ്മ.

"കള്ളമൊന്നു പറഞ്ഞിട്ടൊണ്ടോ കുഞ്ഞിലക്ഷ്മിയമ്മ ജനിച്ചേപ്പിന്നെ?" രുദ്രാണിയാണു്.

"അതൊക്കെക്കള!" യോഗാദ്ധ്യക്ഷ മൂഡാനിക്കുഞ്ഞമ്മ റൂൾചെയ്തു. "കാര്യം പറ കുഞ്ഞിലക്ഷ്മിയമ്മേ!"

"ഇന്നലെ ഞങ്ങടെ വടക്കേൽ വല്യ പുഹിലാരുന്നു!"

"ആരുമായിട്ടാ?"

"ആ പെരുമപ്പെട്ട ഭവനത്തിലെ നാഥൻെറ ആസ്ഥാനദിക്കിലേക്കു് ഏഷണിക്കാരി വിരൽ ചൂണ്ടി–

"ഇവിടുത്തെ അദ്ദേഹം?"

സമ്മതിച്ചു തലകുലുക്കി കുഞ്ഞിലക്ഷ്മിയമ്മ.

കുഞ്ഞമ്മ സാകൂതം സ്മരിക്കയായി–"ഹതാണെന്നു പറ! ഇന്നലെ രാത്രി വന്നു കേറിയപ്പംതൊട്ടേ ഒരു ഗൗരവം!"

"എപ്പഴിങ്ങു വന്നു?"

"ഒത്തിരിയിരുട്ടി."

"എന്നാൽ ഏമാന്നിങ്ങു പോന്നശേഷം തുണ്ടുപറമ്പിൽ വഴക്കാരുന്നു."

"മോൻ ചെറുക്കനുമായിട്ടാണോ?"

"അവനിന്നലെ വാമ്പേഴ്സ്സോ മറേറാ പോയില്ല്യോ? നമ്മടെ കോടനാട്ടെ കൊച്ചൻെറകൂടെ."

"ങേ! ങേ!" വായിലേക്കയത്തിയ പലഹാരം പാത്രത്തിലിട്ടു് വദ്ധിച്ച ജിജ്ഞാസയോടെ കുഞ്ഞമ്മ ചോദിച്ചു– "ക്മാരൻനായരു കൂടെ കൊണ്ടുപോയോ–തുണ്ടുപറമ്പിൽ ജാനകീടെ തിരുസന്തതിയെ?"

"ആ ഒരു മോൻ പിരിഞ്ഞ ദുഃഖമായിരിക്കും ഈ അച്ഛനു്" ഗോമതി.

"നമ്മളോടൊക്കെ ദേഷ്യോം!" സുഭദ്ര.

"ഇവിടെ ഞങ്ങള് നാലിദനേം കണ്ണെട്ടത്തിട്ടൊണ്ടെങ്കിൽ കണ്ടു ക്കൂടാ അച്ഛൻ്." രുദ്രാണി.

"ഈ അമ്മയ്ക്കീ നാലിൻേറംകൂടൊരു ആണിനെക്കൂടെ പെറാൻ വയ്യാരുന്നോ?" ഗിരിജ.

"ഗിരിജക്കുഞ്ഞു പറഞ്ഞതു നേരാ!" കുഞ്ഞിലക്ഷ്മിയമ്മ തുടൻ:– "കുഞ്ഞമ്മയ്ക്കീ നാല്ല തങ്കക്കൊടങ്ങടെകൂടൊരു ആമ്പാടിക്കുട്ടനെക്കൂടെ ദൈവം തന്നില്ല! അല്ലാരുന്നെങ്കിലീ തുണ്ടുപറമ്പിലെ എസ്ധ്യാനി ഇത്രയ്യൊന്നും നെഹളിക്കുമോ?"

കുഞ്ഞിലക്ഷ്മിയമ്മയുടെ മുമ്പിലെ ഒഴിഞ്ഞ തട്ടത്തിൽ പിന്നെയും പലഹാരവകകൾ വന്നുകുമിഞ്ഞു. വിളമ്പിയ വേലക്കാരിയുടെ വിശേഷബുദ്ധിക്കൊരു പൂച്ചെണ്ട് മുഡാനിക്കുഞ്ഞമ്മയുടെ നയനങ്ങളിൽ വിടൻ. വിരുന്നുകാരിയുടെ ചുക്കിച്ചുളിഞ്ഞു കാണപ്പെട്ടു.ഉദരത്തിന്റെ ടണ്ണേജ് ഓത്ത് കൂട്ടത്തിലേക്കിളയ ഗിരിജ മൂക്കത്തു വിരൽവച്ചു.

സഹഭോജികളുടെ ശ്രദ്ധ സംഭാഷണത്തിലേക്കു പിടിച്ചെട്ടുക്കാൻ കുഞ്ഞിലക്ഷ്മിയമ്മ ശ്രമിച്ചു–"ഞങ്ങക്കുറുപ്പും എറണാകുളംവരെ പോയിരുന്നു; മോനെ വണ്ടികേററി വിടാൻ."

"ഇവിട്ടുന്ന് എറണാകുളംവരെ പഴയ കമ്പനിവള്ളത്തിലാരുന്നോ?" രുദ്രാണി.

"നീ കമ്പനിവള്ളത്തിന്റെ കഥ പണ്ടൊള്ളോരു പറഞ്ഞുകേട്ടിട്ടില്ലാതൊണ്ടോ?" മുഡാനിക്കുഞ്ഞമ്മ.

"അച്ഛനമമ്മേം പണ്ടു വൈക്കത്തഷ്ടമി തൊഴാൻപോയ കഥ പറഞ്ഞുകേട്ടിട്ടൊണ്ട്." സാവിത്രി.

"പിന്നെ ഞങ്ങടെ ടെസ്റ്റ്ബുക്കിലുമുണ്ട്–നമ്മുടെ വാഹനങ്ങളെപ്പററി ഒരു ലസൻ." ഗിരിജ.

"അന്നെന്റെ കുഞ്ഞിലക്ഷ്മിയമ്മേ,ഞങ്ങടെ വള്ളത്തിൽ–കൂടൊരു നെലവക്കാരിയായി–തുണ്ടുപറമ്പിൽ ജാനകീം കാണും പതിവായി!" മുഡാനിക്കുഞ്ഞമ്മ.

"ഇതൊന്നും കുഞ്ഞമ്മ കോളേത്തു കുഞ്ഞിലക്ഷ്മിയോടെ പറഞ്ഞു കേപ്പിക്കണ്ടാ. എനിക്കറിയാൻ വയ്യായോ നിങ്ങളാനയേം കൊതുകിനേം?"

"ആനെ കുത്തുന്ന കൊതുകുമുണ്ട്–ആനക്കൊതുക്!" രുദ്രാണി.

"ആന വള്ളത്തിൽ കേറുമോ കുഞ്ഞിലക്ഷ്മിയമ്മേ?" ഗിരിജ.

"വള്ളത്തേലല്ല—വിമാനത്തേൽ കൂടെ കേറും! ഇന്നാള് പത്രത്തിൽ വായിച്ചില്ലേ?" സുഭദ്ര.

"അപ്പോൾ—എറണാകുളത്തുപോയ നാണക്കുറുപ്പ് ഇന്നലെ തന്നെയിങ്ങു വന്നോ?" മൂധാനിക്കുഞ്ഞമ്മ.

"വരത്തില്ലാന്നാരുന്നു ഇവിടെ രണ്ടുപേരും കരുതിയതു്!"

"അങ്ങനെ ലാക്കുനോക്കി മോഷ്ടിക്കാൻ ചെന്നു—ഇവിട്ടത്തെ കള്ളൻ!"

"അതിനെന്താ? കൊറെ ഇരുട്ടിയപ്പോ—ടെമസ്സൻ വന്നു! തൊണ്ടിയോടെ പിടിച്ചു!"

"അടിക്കയോ മറേറാ ചെയ്തോ?"

"എന്താണ്ടൊക്കെ തട്ടും മുട്ടും കേട്ടു—രണ്ടുമൂന്നു നാഴിക നേരത്തേക്ക്."

"ആ നാണക്കുറുപ്പിനു കൈ പൊങ്ങിയോ—ഇവിട്ടത്തെ അദ്യത്തിനെ........."

"അളമുട്ടിയാൽ ചേരേം തിരിഞ്ഞു കടിക്കും കുഞ്ഞമ്മേ! അയാളു വന്നു കണ്ടപ്പഴത്തെ രംഗം അതായിരിക്കും!"

"ജാനകിയെ തല്ലിക്കാണും അവൾടെ നായരു്. അതിൻെറ ശബ്ദമാരിക്കും നിങ്ങൾ അയലത്തുകാരു കേട്ടതു്."

"ഇങ്ങനെ കിഴിച്ചു കിഴിച്ചു ചോദിച്ചാൽ—ഞാൻ കുഞ്ഞമ്മേടെ മൊഹത്തുനോക്കി കള്ളം പറയണോ?"

"ഉണ്ടചോറിനുപ്പില്ലാത്ത പട്ടി!......" മൂധാനിക്കുഞ്ഞമ്മ കൂടുതൽ ജ്വലിച്ചു.

"അതെ! ചോറിട്ട കൈയ്യുതന്നെ കടിച്ചു!" കുഞ്ഞിലക്ഷ്മിയമ്മ തുടന്നു: "കള്ളുകുടിയനാണെങ്കിലും ഞങ്ങടങ്ങെ—പിള്ളേരടെ തന്തേം—ഇതുതന്നെ പറഞ്ഞു!"

"എന്നിട്ടുവരെല്ലാം കൈയ്യുംകെട്ടി നോക്കിക്കൊണ്ടു നിന്നു?"

"ഇതെന്തു പറകയാ? അടിപിടീം വഴക്കും കേട്ടോണ്ടെല്ലാരും ഓടിച്ചെന്നപ്പഴല്യോ—അതുവരെ നടന്ന പുഹിലെല്ലാം അറീന്നതു്!".

"അപ്പഴാരും കണ്ടില്ല കുറുപ്പു തല്ലുന്നതു്?"

"അടിച്ചവനും അതു കൊണ്ട അദ്യോം അതുതന്നെ പിന്നേം വിസ്തരിക്കുന്നു! അതൊന്നും കേട്ടാരപ്പോരായോ?"

"മതിമതി! നിറുത്തു്!"

"കണ്ണിനു കണ്ടെന്നുവച്ചു് ഞാനിതാരോടും ഉരിയാടാൻ പോന്നില്ല."

"വല്ലവരും ചോദിച്ചാൽ—ഇവിട്ടത്തെ അദ്യം കുറുപ്പിനെ തല്ലിയ ശബ്ദമാണു നിങ്ങളൊക്കെ കേട്ടതെന്നു പറഞ്ഞേക്കണം!"

"അത്രമേലെന്നെ ക്രാസ്സുചെയ്യാൻ വരുന്നതാരാ? മുഖത്തൊരാട്ടു കൊട്ടുക്കും ഞാൻ! കുഞ്ഞിലക്ഷ്മിയെ ശരിക്കറിയത്തില്ല ആരും!"

"ഇവിടെയിപ്പറഞ്ഞതിലൊരക്ഷരം കുഞ്ഞിലക്ഷ്മിയമ്മ ഇനിയൊരു ജീവിയോടും ശബ്ദിച്ചുപോകരുതു്!"

"ഈശ്വരനാണെ—എന്റെ കുഞ്ഞമ്മയാണെ—ഈ നാലു കുഞ്ഞുങ്ങളാണെ—എൻെറ എട്ടു മക്കളാണെ......" വിളമ്പുകാരിയുടെ നേക്കു തിരിഞ്ഞു തുടന്നു: "ചായവെള്ളം കൊറച്ചുംടിങ്ങുതാ കൊച്ചേ! തൊണ്ടയൊണങ്ങിപ്പോയി!"

ചുളിവു നിശ്ശേഷം നികന്നുയന്ന വയററത്തു തടവിക്കൊണ്ടു സാവധാനം എഴുന്നേററു മിട്ടുക്കി. കടന്നുവന്ന നേരത്തെ വളഞ്ഞ നട്ടെല്ലു് ശരിക്കു നിവന്നുനീണ്ട നിലപാടിൽ. ഒരു ജേതാവിൻെറ വിജയകാഹളംപോലെ ഏമ്പക്കവുമുയന്നു ആ നെട്ടന്തടിയിൽ. അവക്കു മുൻപിൽ മേശപ്പുറത്തു നിരന്ന തട്ടങ്ങളിലെല്ലാം ആദ്യം വിളമ്പിയതിൻെറ പകുതിയിലേറെയും ബാക്കിയാണു്. താനായി വിളമ്പിയ സാങ്കല്പികവസ്തുതകൾ ആതിഥേയ കുടുംബാംഗങ്ങളിൽ വരുത്തിയ പ്രത്യാഘാതം ഏതാണ്ടൊക്കെ മുഖങ്ങളിലും നിഴലിക്കുന്നുണ്ടു്.

ഉദ്ദേശം രണ്ടു മണിക്കൂർ കഴിഞ്ഞു കുഞ്ഞിലക്ഷ്മിയമ്മ തിരിച്ചുപോകുമ്പോൾ. എട്ടുപ്പതു ചുമട്ടു വേറെയുമുണ്ടു്—അരിയും പരിപ്പും മുളകും തുണിത്തരങ്ങളുമായി നിത്യതസ്കൃത്യാവശ്യമായ വസ്തുക്കൾ പലതും. മൂഡാനിക്കുഞ്ഞമ്മ മനസ്സറിഞ്ഞു ചെയ്ത ദാനം. അഥവാ, കുഞ്ഞമ്മമാർക്കു കൽക്കണ്ടത്തെക്കാൾ ഇനിക്കുന്ന ഏഷണികൾക്കു പാരിതോഷികം!

അന്നുരാത്രി ഉറക്കറയിൽവച്ചു ഭത്താവിനെ ആയുസ്സിലാദ്യമായി ഒന്നുപദേശിക്കാൻ മുതിന്നു മൂഡാനിക്കുഞ്ഞമ്മ—

"ഒറങ്ങിയോ?"

"ഉം......"

"ഉറങ്ങുന്നവരു വത്തമാനം പറയുമോ?"

"ഉം......"

"ഇതൊറക്കത്തിലെ മൂളലല്ല!"

ഡബിൾകട്ടിലിൽ മറുവശം തിരിഞ്ഞു കിടക്കയാണു പുരുഷൻ. ഉരുണ്ടു നീങ്ങിച്ചെന്നു ഭർത്തൃശരീരത്തിലുരുമ്മിക്കൊണ്ടാണു കുടുംബിനിയുടെ അന്വേഷണം. സമയദോഷംകൊണ്ടു ഗോവിന്ദപ്പിള്ളയ്ക്കു കട്ടത്ത സൈ്വരക്കേടായേ തോന്നിയുള്ളു. കതറിമാറി ഗജ്ജിച്ചു ക്ഷുഭിതൻ—

"എന്നെയൊറക്കിയിട്ടേ നീയിന്നൊറങ്ങു?"

"അതല്ല്യോ എൻെറ ധർമ്മം?"

"കൊതുകിൻേറം മൂട്ടേടേം കുലധർമ്മം!"

"അടിയിരിക്കുന്നെടത്തു ചെന്നു ചെവിട്ട കാട്ടിക്കൊട്ടുക്കുക!"

"നീയിന്നു രണ്ടു വാങ്ങിച്ചേ അടങ്ങൂ!"

"ഇന്നലെ കിട്ടിയതിൻെറ വീതം സൂക്ഷിച്ചുവച്ചിട്ടൊണ്ടോ?"

"ഹെവിടെന്നുകിട്ടി? ആക്കുകിട്ടി?"

"എനിക്കറിയാമോ? നിങ്ങള്ള നടക്കുന്ന വഴിക്കെല്ലാം ഞാൻപുറകേ നടക്കയൊണോ?"

"നീ ഇവിടെയിരുന്നാൽമതി. ലോകത്തെവിടെവിടെ നടക്കുന്നതും നടക്കാത്തതും റിപ്പോർട്ടുകിട്ടും. ഇല്ലാത്ത നുണയോരോന്നു പറഞ്ഞോണ്ടു വരുന്നവർക്കെല്ലാം ഇഷ്ടംപോലെ വാരിക്കൊട്ടുക്കാൻ ഇവിടെയുണ്ടുതാനും!"

"ഇല്ലാത്ത പാവങ്ങൾക്കു വല്ലതുമൊന്നു നുള്ളിക്കൊട്ടുത്തെന്നുവച്ചു നമ്മള്ള മുടിഞ്ഞുപോകേം മററുമില്ല. മങ്ങലത്തു വരുന്നേനു മുമ്പും— ഞങ്ങളും—കോയിക്കലൊള്ളോരു്—വല്ലോർക്കും നുള്ളിക്കൊട്ടുത്തുതന്നെ ശീലിച്ചതാ! എന്നുവച്ചു് ഇട്ടകൈക്കു കടിക്കുന്ന നന്ദികെട്ട പട്ടികൾക്കല്ല—ഇവിട്ടത്തെപ്പോലെ! എങ്കിലും ഇത്രകാലോം പററിത്തിന്നു ജീവിച്ച ആ പറപ്പട്ടിക്കു് ഇപ്പഴിതിനു കൈപൊങ്ങിയല്ലോ! സാമദ്രോഹി!"

"ആരെപ്പററിയാണു നിൻെറയീ പരാമർശങ്ങൾ?"

"ഇന്നലെവരെ നിങ്ങടെ പുറകേ നിഴലോ വാലോ ആയി നടന്നവൻ!"

"എൻെറ പുറകെ—പലപ്പോഴും—പലതുമുണ്ടാവും."

"അതിലീ തുണ്ടുപറമ്പിൽ നാണുക്കുറുപ്പു് ഒരുത്തനേയുള്ളൂ."

"അതുശരി!"

"എന്തുശരി? ഇത്രേംകാലോമില്ലാത്ത ഒരു രോഷം ഇപ്പട്ടിക്കു് ഇപ്പഴെവിട്ടുന്നു വന്നു?"

"അതൊക്കെ ആക്കും വരാവുന്നതേയുള്ളൂ."

"അക്കാര്യം കേട്ടപ്പത്തൊട്ടെൻെറ ചങ്കുകഴയ്ക്കുന്നു. എന്നിട്ടാ എരപ്പേടെ കൈകൊണ്ടു പത്തുപൊതിരംമേടിച്ച മനുഷ്യൻ നിന്നു പുഞ്ചിരിതൂകുന്നു!"

"സത്യത്തിൽ നാണുക്കുറുപ്പു് എൻെറ ദേഹത്തു മണ്ണു നുള്ളിയിട്ടിട്ടില്ല. പക്ഷെ അടിക്കേണ്ടതായിരുന്നു—നീ പറയുമ്പോലെ! ഇന്നുമിന്നലെയുമല്ല—വളരെ വളരെ മുൻപേ!"

"ബാബുവിനെ പെറ്റനാൾമുതല്ലേ അയാൾക്കറിഞ്ഞുകൂടായോ?"

“അറിയാമെന്നോ അറിഞ്ഞുകൂടെന്നോ ആക്കും തീർച്ച പറഞ്ഞുകൂടാ.”

“മുഖത്തു കണ്ണല്ലേ മനുഷ്യർക്ക്?”

“ബാബുവിൻെറ നെററിക്കെഴുതിവച്ചിരിക്കുന്നോ?”

“എഴുതിവച്ചുണ്ടോ—എൻറീശ്വരാ!”

“നീയുമവനെ കണ്ടിട്ടുണ്ടല്ലോ? എന്തുതോന്നുന്നു?”

“നിങ്ങളെ പറിച്ചുവച്ചിരിക്കയാണെന്നു തോന്നി—കണ്ടിട്ട്?”

“ഉടനെ വിളിച്ചിങ്ങു കൊണ്ടുപോന്നു?”

“അതിൻെറ കാര്യം?”

“നീ പെററ നാലുമക്കൾക്കിവിടെയെന്തു കാര്യമുണ്ടോ—അതിലൊട്ടും താഴെയല്ല—മറെറാരുത്തിയുടെ വയററിൽ എനിക്കു പിറന്ന ഒരേയൊരു മകൻ!”

മൂധാനിക്കുഞ്ഞമ്മ ഭയങ്കരമായി നടുങ്ങി നുറുങ്ങിപ്പോയി.

# അദ്ധ്യായം ആറ്

കണ്ടവർ കണ്ടവർ ആശ്ചര്യം കൂറി. ബഹുജനമദ്ധ്യത്തിൽ വച്ചു പോലും മംഗലത്തു ഗോവിന്ദപ്പിള്ളയും തുണ്ടുപറമ്പിൽ നാണുക്കുറുപ്പും തമ്മിൽ കണ്ടാൽ മിണ്ടുകയില്ല. പരസ്പരം അറിയുന്ന ഭാവമേയില്ല. ആയുസ്സിൽ അതിനുമുൻപു കണ്ട പരിചയം കൂടി നടിക്കാറില്ല രണ്ടാളും.

കുറുപ്പാണു മുൻകൈയെടുത്തതു്. തമ്മിൽ എല്ലാംകൊണ്ടും വലിപ്പം കൂടും ഗോവിന്ദപ്പിള്ളയ്ക്കു്. അതു മററുള്ളവർ വകവച്ചുകൊടുക്കുന്നുണ്ടു് പരക്കെ. കുട്ടിക്കാലം തൊട്ടേ കുറുപ്പും ഏറാൻ മൂളി നിന്നിരുന്നു. ഗോവിന്ദപ്പിള്ളയുടെ നിഴലെന്നപോലെ സദാ പിന്നാലെ കൂടിയിരുന്നു. വിക്രീതദാസനെപ്പോലെ വിധേയത്വം ഭാവിച്ചിരുന്നു.

സമീപകാലത്തു സ്വല്പശ്ശ: പിന്നോക്കം ചവിട്ടി. പ്രതാപവാനായ പുരോഗാമിയിൽനിന്നു കുറേശ്ശെ പിൻവലിഞ്ഞു. കരുതിക്കൂട്ടി കൂടുതൽ കൂടുതലകന്നു. എഴുന്നെള്ളിക്കാൻ ഏതാനും പേർ പിന്നിലില്ലെങ്കിൽ ഏതൊരു പെരുമപ്പെട്ടവനാണു പരിക്ഷീണിക്കാത്തതു്?

പുറകേ നടന്നവൻ മുൻപിൽ കുറുകെ കേറിനിന്നു. പരസ്യമായി ധിക്കരിച്ചില്ല. സമാദരിക്കേണ്ട മഹനീയത്വത്തെ ഭാവഹാവങ്ങളാൽ ഭർത്സിച്ചില്ല. എങ്കിലും അതേക്കാളെല്ലാം സുദുസ്സഹമായ അവഗണന! അപരിചിതത്വം! അതാണു കുറുപ്പിൽ പ്രത്യക്ഷപ്പെട്ടതു്. പഴയ സ്വരച്ചേർച്ച നഷ്ടപ്പെട്ട ധനികസുഹൃത്തിനു പിന്നെ മുഖം കൊടുക്കാൻകൂടി കൂട്ടാക്കിയില്ല കുറുപ്പു്.

ഏറിയകാലം തൻെറ ചരണാശ്രിതനായി അറിയപ്പെട്ട ഒരു ക്ഷുദ്രജീവി, ഒരുനാൾ നേരം വെളുത്തപ്പോൾ, തന്നെ അറിയില്ലെന്നു നടിക്കേ! അപരാധപരിധിയിൽപ്പെട്ടുത്താവുന്ന ഏതെല്ലാമോ അങ്ങോട്ടാചരിച്ചിട്ടുണ്ടാവാം. പണത്തിൻെറയും പ്രാമാണ്യത്തിൻെറയും പെരുമയിൽ തട്ടിക്കഴിക്കാവുന്ന കുറെ കാട്ടായങ്ങൾ, പണമോ മററു പ്രൗഢികളോ കണികാണാനില്ലാത്ത ഒരുവനാണതിനു ഗമയെടുക്കുന്നതു്. ഇണങ്ങിക്കൂടിനിന്ന കാലത്തു ബഹുമാ മുതലെടുത്തവനും!

ഈ ചിരകാലസുഹൃത്തിൻെറ വൈമുഖ്യത്തെയോ വൈരസ്യത്തെയോ നെഞ്ചിട്ടു നില്ക്കാൻ ഗോവിന്ദപ്പിള്ളയ്ക്കു പ്രയാസമുണ്ടു്. അതേ പ്രത്യസ്ത്രംതന്നെ അങ്ങോട്ടും തൊടുത്തുവിടുകയേ ഗത്യന്തരമുള്ളു. നോക്കാത്ത രാജാവിനെ തൊഴാൻ മടിക്കും ശുദ്ധ ഇരപ്പാളിപോലും. ഒരിരപ്പാളിതന്നെ ആ നിർഘൃണതപത്തിനു തുടങ്ങിയാലോ?

ആരുമാരും രണ്ടാളെയും കാര്യം ചോദിക്കാൻ സമീപിച്ചില്ല. അധികം പേക്കും ദുർജ്ഞേയമല്ല, അവർ തമ്മിലെ വൈരസ്യത്തിൻ്റെ അടിസ്ഥാന കാരണം. വളരെ വളരെ വൈകിയിട്ടെങ്കിലും കുറുപ്പിൻെറ പൗരുഷം തെല്ലു തലയുയർത്തിക്കണ്ടതിൽ ചിലരെല്ലാം സന്തോഷിക്കുന്നുണ്ടു്. സമൂഹത്തിൽ എഴുന്നു നിൽക്കുന്ന എതിർകക്ഷിക്കു വന്നുകൂടിയ വിലകേടിനെ ഭർത്സിക്കുന്നവരുമുണ്ടു്.

ആഴ്ചവട്ടങ്ങളോളം നീണ്ടു ആ ആന്തരികസമരം. ദിവസം നീങ്ങുന്തോറും ജയിച്ചു കയറുകയാണു കുറുപ്പ്. മറുപക്ഷത്തു്—നിമിഷത്തിനു നിമിഷം പരാജയച്ചുഴിയിൽ താഴുകയാണു മംഗലത്തുപ്രഭു.

ഉഗ്രമായ "ടഗ് ഓഫ് വാർ" നടന്നു ഗോവിന്ദപ്പിള്ളയുടെ ഉള്ളിൽ. പൊക്കിപ്പിടിക്കേണ്ട പ്രാഭവത്തെക്കാൾ വെട്ടിമുറിക്കാനോ മാസ്സാനോ ആവാത്ത രക്തബന്ധത്തിനു മൂല്യം കല്പിക്കേണ്ടിവന്നു ഒടുവിൽ. ഒരു കാലത്തു തൻെറ ആശ്രിതനായിരുന്ന ദരിദ്രൻെറ സമസ്തധാർഷ്ട്യങ്ങളും നിരുപാധികം ക്ഷമിച്ചുകളയാൻ സന്നദ്ധതയുദിച്ചു. പൊള്ളയായ പൊങ്ങച്ചത്തിനുവേണ്ടി—ഒരു മകനുള്ളവനെ പാടെ പരിത്യജിക്കാൻ വയ്യെന്നു ബോധ്യമായി. ബാബുവിനെ വീണ്ടെടുക്കുന്നതിനു വേണ്ടിവന്നാൽ കുറുപ്പിൻെറ കാലുപിടിക്കുന്നതിലും തെററില്ലെന്നു നിശ്ചയിച്ചു. ആരാരിൽനിന്നു്—എന്തെന്തു പ്രതികരണങ്ങളും അഭിമുഖീകരിക്കാൻ തയാറായി നേരെ തുണ്ടുപറമ്പിൽ പൂമുഖത്തു പിന്നെയും ചെന്നു കയറി.

നല്ലതെളിഞ്ഞ പകൽ സമയമാണു്. പത്തുമണികഴിഞ്ഞിരിക്കും. പറമ്പിൽ തെങ്ങിനുതടമെടുക്കുകയാണു വീട്ടുകാരൻ. അടുത്തകാലത്തെ അലോഹ്യത്തിനു നിരക്കാത്ത ആഗതൻെറ വരവു തെല്ലുകലെ വച്ചേ

കണ്ടിരുന്ന കുറുപ്പ്. ആഗതൻ പഴയ പതിവിൻപടി കൂസാതെ കടന്നു വന്നു കുനിഞ്ഞു കയറി പൂമുഖത്തു കസാലയിലമന്നതു് ഏറുകണ്ണിലൂടെ കണ്ടു. ചെയ്തുകൊണ്ടിരുന്ന ജോലി പെട്ടെന്നു നിത്തിവയ്ക്കേണ്ട ആവശ്യം തോന്നിയില്ല അപ്പോഴെങ്ങും. അതിഥിമര്യാദയിലെ ആചാരനീതികളുടെ വിദൂരവ്യാപ്തിയിൽ ചിന്തചെന്നു കുടുങ്ങി കുറെ കഴിഞ്ഞപ്പോൾ. തല്ക്കാലം പ്ലാൻചെയ്തിടത്തോളം പണിതീൎന്നെന്നു ഭാവിച്ചു തുമ്പായും തോളിലേററി മുററത്തെത്തി. കരുതിക്കൂട്ടി കണ്ണുകളെ നിയന്ത്രിച്ചു തുമ്പായിൽ പററിയിരുന്ന വളമണ്ണു ചുരണ്ടിക്കളയുകയായിരുന്നു പിന്നെ. അങ്ങേപ്പുറത്തു് അനന്യശ്രദ്ധയെന്ന ഭാവത്തിൽ തിട്ടക്കപ്പെട്ട അട്ടക്കളപ്പണിയിൽ മുഴുകിനില്ക്കയാണു ജാനകിയമ്മ. അത്രത്തോളം അസുഖകരമായ സാഹചര്യത്തിലും അവിടെ കയറിവരാൻ തോന്നിയ കരളുറപ്പു തന്നെ ആദ്യം ശബ്ദിച്ചു—

"എന്താ ദേഹണ്ണമാരുന്നോ കുറുപ്പേ?"

അപ്പോൾ കാണുന്ന മട്ടിൽ അതിഥിയെ ഒന്നു നോക്കി ആതിഥേയൻ പ്രതിവചിച്ചു—

"ഓ! രണ്ടുമൂട്ടു തെങ്ങിനു തടമെടുക്കാനൊണ്ടാരുന്നു!"

കുറുപ്പു വടക്കുവശത്തേക്കു നീങ്ങി. കൈകാൽ കഴുകി വെടിപ്പാക്കാൻ മാത്രമല്ല, അന്നത്തെ അപൂൎവ്വാതിഥിയുടെ ആഗമനത്തിൽ സകുടുംബിനിക്കുണ്ടായേക്കാവുന്ന നെഞ്ചിടിപ്പിന്റെ തോതൊന്നു തിട്ടപ്പെടുത്താനും.

അശേഷം പുതുമ നടിക്കാതെ കുറുപ്പു പൂമുഖത്തു വന്നിരുന്നു. മുറുക്കാൻതട്ടം നീക്കി വച്ചു. ഗോവിന്ദപ്പിള്ള പിന്നെയും കടന്നു ചോദിച്ചു—

"ബാബുവിന്റെ എഴുത്തു വരാറുണ്ടോ?"

"ഓഹോ! ഈ ഒരു മാസത്തിനെടക്കു നാലെഴുത്തുവന്നു. ഇന്നലേമൊണ്ടാരുന്നു ഒന്നു്."

"എന്തൊക്കെയുണ്ടു വിശേഷം?"

"ബോമ്പേലോ? അവിടെ വിശേഷമല്ലാതൊണ്ടോ? തൊടുന്നതും പിടിക്കുന്നതും കാണുന്നതും പറേന്നതുമെല്ലാം അതുവരെ കാണാത്ത വിശേഷങ്ങളല്ല്യോ? അവനും നല്ലപ്പം പോവല്ല്യോ ആ ദിക്കിൽ?"

"പൊതുവേയുള്ള സ്ഥലവിശേഷങ്ങളൊന്നുമല്ല— അവന്റെ ജോലീം ജീവിതോം താമസോമെല്ലാം......"

"ഒക്കെ സുഖമാണെന്നാ എഴുത്തിൽ കണ്ടതു്."

"ജോലി കിട്ടിയോ?"

"അങ്ങോട്ടു ചെല്ലുന്നേനു മുൻപോ?"

"ജോലിയില്ലാതെ—ബോംബെ പോലുള്ള ഒരു നഗരത്തിൽ എങ്ങനെ ജീവിക്കും? ഒരു ദിവസമെങ്ങനെ കഴിയും? അതിനുമാത്രം രൂപാ വല്ലതും കൊണ്ടു പോയിട്ടുണ്ടോ?"

"എവിടെയിരുന്നിട്ടാ കൊണ്ടു പോണതു്? രൂപായൊണ്ടാരുന്നെങ്കിൽ തുടന്നു പടിക്കേല്ലാരുന്നോ? പടിത്തം എടക്കു വച്ചുനിർത്തി ജോലിക്കു പോയതുതന്നെ കാശില്ലാഞ്ഞിട്ടല്ല്യോ?"

"നീട്ടിയ മുതൽ വാങ്ങിക്കാൻ നിങ്ങൾക്കു കുറച്ചിലായിപ്പോയി?"

"ഇതെന്തു കൂത്താണെന്നാ ഞാഞ്ചോദിക്കുന്നതു്? ഇവിടുത്തെ ചെറുക്കനു മങ്ങലത്തെ മൂപ്പില്ലു രൂപാ കൊടുക്കേണ്ട കാര്യമെന്താ?"

"എന്തെങ്കിലും കാര്യം കാണുമെന്നു വച്ചോ!"

"ലോകരു ചോദിക്കുമ്പോൾ?"

"ഏതവനാ നഷ്ടമെന്നു തിരിച്ചങ്ങോട്ടും ചോദിച്ചേക്കണം!"

"അതൊരു മുട്ടാപ്പോക്കു്"

"എല്ലാ ലോകരേം വിളിച്ചറിയിച്ചു് അനുവാദം വാങ്ങിച്ചോണ്ടാണോ—ഓരോരുത്തൻേറം കാര്യങ്ങൾ നടക്കുന്നതും നടത്തുന്നതും?"

"പറയാനും കേക്കാനും കൊള്ളാവുന്ന കാര്യങ്ങൾ"

"അതു രണ്ടുമല്ല ഞാമ്പറഞ്ഞതു്?"

"ആണോ?"

"നിങ്ങളൊക്കെക്കുടെന്നെ തുശിയേൽകേററാതെ!"

"ഞാനായിട്ടൊരു ദ്രോഹോം മങ്ങലത്തു വന്നു ചെയ്തിട്ടില്ലെന്നാ എൻെറ ഓർമ്മ!"

"ഞാനിങ്ങോട്ടു വരുന്നതാണോ നിങ്ങൾക്കെല്ലാം ദ്രോഹം"

"നേരു പറയാണോ—ഭംഗിപറയാണോ?"

"യുക്തം പോലെ!"

"അറുത്തുമുറിച്ചു പറയാൻ വല്യമടിയുണ്ടു്!"

"അതുകൊണ്ടൊന്നും പറഞ്ഞില്ല?"

"പറയിപ്പിക്കയൊരുന്നു!"

"എൻെറ കുരുപ്പേ, നിങ്ങൾക്കീ സ്നേഹമില്ലായ്മ—എന്നു തുടങ്ങി?"

"കുടിക്കുന്ന വെള്ളത്തിൽ നഞ്ചുകലക്കാൻ തുടങ്ങിയതു ഞാനല്ല"

"ഞാൻ ഗുണം ചെയ്താലും ദോഷമായേ നിങ്ങൾക്കു തോന്നൂ!"

"മനസ്സറിഞ്ഞു ചെയ്തതന്ന ഗുണങ്ങളോരോന്നോർക്കുമ്പം മറിച്ചു പറയാമോ?

"ഇന്നോളമൊന്നും ചെയ്തിട്ടില്ല?"

"ഒവ്വേ!—"

"ആരോ ശരിക്കു ക്ഷുദ്രം ചെയ്തിട്ടുണ്ട്! ഇണങ്ങിയിരുന്ന നമ്മളെ തമ്മിൽ പിണക്കാൻ!"

"എങ്കിലതിവിട്ടത്തെ അവളാ!"

"നണുക്കുറുപ്പിനുള്ളതിനേക്കാൾ കൂടുതൽ വൈരാഗ്യം നിങ്ങടെ ഭാര്യക്കാണല്ലോ എന്നോട്ട്?"

"അതും സത്യസ്വരൂപനെൻെറ ചെവിക്കു കേൾപ്പിച്ചുതന്നു!"

"ഏതാണ്ടുകേട്ട നിങ്ങൾ വേറെയോതാണ്ടോ ധരിച്ചു!"

"പത്തു പതിനെട്ടുകൊല്ലത്തെ കാര്യങ്ങളൊക്കെ നമ്മളിവിടെയോന്നഴിച്ചു നിരത്തണോ?"

"പതിനെട്ടോ മുപ്പത്താറോ കൊല്ലമല്ല—നമ്മള് തമ്മിൽ അടുത്ത ചങ്ങാതികളായിട്ട്!"

"ഞാനൊരു പെണ്ണിനെ സമ്മന്തം കഴിച്ചിട്ട് കൊല്ലം പതിനെട്ടല്ലെങ്കിൽ ഇരുപതേ ആയൊള്ളു."

"കുറുപ്പിനെക്കാൾ എട്ടു പത്തുകൊല്ലം മുൻപേ ഞാനും സംബന്ധം കഴിച്ചു."

"മുഡാനിക്കുഞ്ഞമ്മയോടൊരു കളിവാക്കു പറയാൻ കൂടെ ഞാമ്പോയിട്ടില്ല."

"ഒന്നുരിയാടിപ്പോയാലുടനെ ആകാശമിങ്ങിടിഞ്ഞു വീഴുമെന്ന് എനിക്കു പേടിയില്ലതാനും!"

"അതിനൊന്നും പോകാത്തതുകൊണ്ട് ആയുസ്സു ചുരുങ്ങിയില്ല!"

"പിന്നല്ലേ? എൻെറ ഭാര്യയോടു നിങ്ങളോ—നിങ്ങടെ ഭാര്യയോടു ഞാനോ—സംസാരിക്കയല്ല, സ്വല്പം സ്വാതന്ത്ര്യം കാട്ടിയാൽ ത്തന്നെ തലവീശാൻ വരുന്നവനാര്?"

"അത്തരം കാര്യങ്ങൾ അനുഭവത്തിൽ വരുമ്പോഴേ അതിൻെറ എരിവും ചൂട്ടും മനസ്സിലാവൂ!"

"നാണുക്കുറുപ്പിനു് ഈ എരികേറിയതു് ഈയിടെയാ!"

"അതല്ല! പക്ഷെ—ചെറുക്കനുടെ മനസ്സിലായി വന്നപ്പം—ഞാൻ പിന്നെ പൊതിഞ്ഞു വയ്ക്കുന്നതു ശുദ്ധചെററത്തരം!"

"അച്ഛനും മോനും കൂടെ എന്നെയങ്ങു വെടിവെച്ചേരെ!"

'നിങ്ങളിലൊരാൾ എന്നെയങ്ങു തട്ടിയേരെ!"

"നിങ്ങളെന്നു പറഞ്ഞാൽ—?"

"കൊന്നപ്പുള്ളയോ—ബാബുവോ?"

"ബാബുവിനോടു പറഞ്ഞാലവൻ—എന്നെ വധിക്കും!"

"അതാണോ നിങ്ങടെ വംശപാരമ്പര്യം?"

ഗോവിന്ദപ്പിള്ള ഒന്നു ചിരിച്ചു.

കുറുപ്പു കൂടുതൽ ക്ഷോഭിച്ചു—"എനിക്കു ചിരിവരുന്നില്ല!"

പൊട്ടിവിടർന്ന ചാരി പെട്ടെന്നു മങ്ങി; ഗോവിന്ദപ്പിള്ളയ്ക്ക്— "എൻെറ ഭാഗ്യദോഷം!"

ജാനനകിയമ്മ കടന്നുവന്നു.

അടുക്കളയിൽനിന്നു പടിഞ്ഞാറെ ചായ്പുമുറിയിലെത്തി പതുങ്ങിയിരുന്നു ചെവികൊടുക്കയായിരുന്നു ആ ഗേഹിനി. മഹാപ്രതാപശാലിയായ മംഗലത്തു പ്രഭു സ്വഭർത്താവിൻെറ സന്നിധിയിൽ വെറും പുഴുവായി താഴുന്നതു കേട്ടിട്ടു സഹിച്ചില്ല മനസ്വിനിക്കു്—

"ഇതെന്താ നിങ്ങളുതമ്മിലിങ്ങനെയൊക്കെ?"

നാണുക്കുറുപ്പിനു തീരെ രസിച്ചില്ല—സ്വഭാര്യയുടെ അപ്പോഴത്തെ പ്രവേശനം. ഒട്ടേറെ നാളായുള്ളിൽ പുകഞ്ഞുയന്ന കോപക്ഷോഭം ഒന്നോടെ ഉദ്ധൂതമായി—വെള്ളക്കോടിക്കാരിയുടെ നേരെ! കരളിൻെറ കരളോളം ചെന്നു തറയ്ക്കുന്ന, വിഷംതേച്ച നേട്ടമാണുടനെ പാഞ്ഞതു്. തുടർന്നൊരാക്രോശവും—

"എല്ലാം—നീയൊരുത്തി നിമിത്തം!"

ജാനകിയമ്മ വാല്യതാഴ്ത്തി ഓടിപ്പോയില്ല. നേരെ മറിച്ചു്—കള്ളപ്പുഞ്ചിരിതൂകി തെളിഞ്ഞുനിന്നു പറകയായി—"എങ്കിലിവളെയിനി ജീവനോടെ വച്ചേക്കരുതു്!"

അമ്പരന്നുപോയി പുരുഷന്മാർ രണ്ടും. പെട്ടെന്നു പരാജയം സമ്മതിക്കുന്നതു് ആണത്തമല്ലെന്ന വീണ്ടുവിചാരമുണ്ടായി നാണുക്കുറുപ്പിനു്—

"അതിനെൻെറ കൈ അഴുക്കാക്കാൻ സമ്മതമില്ല."

"അതെന്തു കട്ടപ്പമാണെന്നാ—ഞാഞ്ചോദിക്കുന്നതു്?" പണ്ടെങ്ങുമില്ലാത്ത ഭാവഗൗരവംപൂണ്ടു ജാനകിയമ്മ തുടർന്നു "പഴവരുപറേം—പെട്ടുപോയ പെഴയെല്ലാം പെണ്ണിൻെറ പൊറത്താണൊട്ടുവിലെന്നു്; അവളെ പെഴപ്പിച്ചവനു കൂടെ മാറിനിന്നു പരമയോഗ്യനാവാ.!"

"നിന്നെ പെഴപ്പിക്കാനട്ടത്തുകൂടിയവനല്ല—ചുണ്ടപറമ്പിൽ നാണുക്കുറുപ്പു്! ആവതുപോലെ അന്നഴിച്ചുതരാൻ; നാലുമാളോരറിഞ്ഞു സമ്മന്തം കഴിച്ചു, എന്നുവച്ചു കെറുവുതോന്നുമ്പം കഴുത്തു ഞെക്കിക്കൊല്ലാൻ നമ്മളാളല്ല."

"അറും പെഴയായൊരുത്തിയെ കൂടെ പൊറുപ്പിക്കാൻ നിങ്ങടെ ആണത്തം സമ്മതിക്കുമോ?"

"ഒരു ചെറുക്കനൊള്ളവനെ വിചാരിച്ചു് ഞാനെല്ലാം ക്ഷമിക്കുന്നു;"

"അവൻ കേൾക്കെയും വളരെയേറെ വെട്ടിവിട്ടിട്ടുണ്ടു നിങ്ങൾ."

"ഞാനോ നീയോ പറഞ്ഞുകൊടുക്കാതെ തന്നെ ഏതാണ്ടൊക്കെ മനസ്സിലാക്കി ബാബു."

"അതുകൊണ്ടീ നശിച്ച നാട്ടീന്നേ പൊയ്ക്കളയണമെന്നു് അവൻ കരുതി."

"എന്നിട്ടും കൊറെ ഒതുങ്ങാൻ ഒരുക്കമില്ല നീ?"

"എന്തിനൊതുങ്ങുന്നു? ഇനി ആരെ മറയ്ക്കാൻ?"

"ഞാനൊരുത്തൻ തടിപോലിവിടൊണ്ടു്."

"പേടിവരുന്നില്ല!"

"പെണ്ണുങ്ങളെ അടിച്ചു പേടിപ്പിക്കാനും എനിക്കു വയ്യ!"

'ഒരാമ്പ്രന്നോനെന്നനെലയ്ക്കു് ആകാവുന്നതെന്തെങ്കിലുമൊണ്ടോ?'

"ഒരാമ്പ്രന്നോൻതന്നെയെന്നു നിനക്കു ബോധ്യമുണ്ടോ?"

"എങ്ങനെ ബോധ്യപ്പെടണം?"

ഷണ്ഡനല്ലാത്ത ആ ഭർത്താവു ചൂളിപ്പോയി. ബാബുവിൻെറ ജനനത്തിനു സുമാർ മൂന്നു വർഷം മുമ്പു തുടങ്ങുന്ന തങ്ങളുടെ ദാമ്പത്യജീവിതം ആകെയൊന്നോർമ്മിച്ചു, നാണുക്കുറുപ്പു്. നീണ്ടനീണ്ട ദശകങ്ങളിലെ നിതാന്തസഹവാസത്തിനിടയ്ക്കു് ഒരിക്കലെങ്കിലും തന്നിൽ തെല്ലും അസംതൃപ്തി കാട്ടിയിട്ടില്ല, ജീവിതസഖി. തിളച്ചുയർന്ന താരുണ്യം പരസ്പരം ശരിക്കും ആസ്വദിച്ചുതന്നെ സംവത്സരങ്ങൾ നയിച്ചു. ഇന്നു വാസ്തവത്തിൽ വയസ്സു് അൻപതിനോടടുത്തു, തനിക്കു്. എങ്കിലും ഇരുപതുവർഷം മുൻപു തുടങ്ങിയ മധുവിധുകാലം മുഴമിപ്പിച്ചെന്നു രണ്ടാൾക്കും ഭാവമേയില്ല. ഇത്തരത്തിൽ കഴിഞ്ഞുപോരുന്ന ഒരു കൂട്ടാളി തിരിഞ്ഞുനിന്നു മുട്ടചോദ്യം ചോദിച്ചാൽ......

പറഞ്ഞു മൊഴിമുട്ടിക്കാൻ മുൻപേ മുതിർന്നതു് താനാണു്. അസ്ത്രപ്രത്യസ്ത്രങ്ങളുടെ ബലപരീക്ഷയായി പിന്നെ. അവസാനം ഒരുബ്രഹ്മാസ്ത്രംതന്നെ അയാൾ തൊടുത്തുവിട്ടു. "ഞാനിനിയെൻെറ ആണത്തമെങ്ങനെ ഇവളെയൊന്നു ബോധ്യപ്പെടുത്താൻ......?"

മനോവ്യാപാരത്തിൻെറ മലവെള്ളപ്പാച്ചിലിൽ ചുവടുറപ്പിച്ചു നിൽക്കാൻ മെല്ലെ മുറുക്കാൻതട്ടം കടന്നുപിടിച്ചു നാണുക്കുറുപ്പു്. ഒരു പാക്കെടുത്തു വെട്ടി ചവറുകളഞ്ഞു നുറുക്കിവച്ചു. വെററില തെരഞ്ഞെടുത്തു ഞെട്ടുംവാലും പിച്ചിനീക്കി......

വീട്ടുകാർ തമ്മിലെ സംഭാഷണം വെട്ടിമുറിച്ചകണക്കെ പെട്ടെന്നു നിന്നതിൽ കൂടുതൽ വീർപ്പുമുട്ടിയതു ഗോവിന്ദപ്പിള്ളയ്ക്കായിരുന്നു. ആതിഥേയയുഗ്മം പരസ്പരം അഭിമുഖമായി നിന്നു സമരമാരംഭിച്ച

പ്പോൾതൊട്ടേ ശ്വാസസ്തംഭനം ബാധിച്ചിരുന്നു ബഹുമാന്യാതിഥിക്ക്. യോഗിപ്രതിയോഗികളിലോരോ കക്ഷിയും പരസ്പരം പ്രയോഗിക്കുന്ന നിശിതാസ്ത്രങ്ങളോരോന്നും തന്നിലൂടെ തുളച്ചുകയറിപ്പോകുന്നതായും അനുഭവപ്പെട്ടിരുന്നു. എങ്കിലുമതിന് ആകസ്മികമായി സമൂലസ്തംഭനം നേരിട്ടപ്പോൾ തദനന്തരസംഭാവ്യമെന്തെന്നായി ഭീതി. അത്യുഗ്രമായ കൊടുങ്കാററിനു മുൻപുമുണ്ട്, അല്പനേരം ശാന്തത!

"ഞാനൊരു കാര്യം പറയാൻ വരുകയായിരുന്നു." ക്ഷുഭിതദമ്പതികളുടെ ശ്രദ്ധ മററുവഴിക്കു തിരിച്ചുവിടാൻ ശ്രമിച്ചു മംഗലത്തു കാരണവർ.

"എന്താ കാര്യം?" എന്നു ചോദിച്ചു കുറുപ്പ്—തീക്ഷ്ണമായ നോട്ടം കൊണ്ടുമാത്രം.

"ബാബുവിനെ ബോംബേന്നിങ്ങു വിളിക്കണം."

"എന്തിന്?" ചുണ്ടുവിടർത്തി മൊഴിഞ്ഞു, കുറുപ്പ്.

"അവനു സുഭിക്ഷമായി ജീവിക്കാൻ വേണ്ട സ്വത്തു ഞാൻ കൊടുക്കാം."

"എങ്ങനെ?"

"ഇഷ്ടദാനം."

"ഏതു മുറയിൽ?"

"ഒരച്ഛൻ മകനുകൊടുക്കുന്ന—"

"കോന്നപ്പിള്ളേടെ മോനാണോ അവൻ?"

"സത്യത്തിലതേ!"

"തനിക്കിതെൻെറ മുഖത്തു നോക്കിപ്പറയാൻ ധൈര്യം വന്നോ?"

"കുറുപ്പിനും അറിയാൻ മേലാത്ത കാര്യമല്ലല്ലോ?"

"ഹെൻെറ–ഒരേയൊരു നരന്തുമോൻെറ തന്ത–ഞാനല്ല, നീയാണെന്നു്?"

കസാലയിൽ നിന്നെഴുന്നേററുവന്നു കുറുപ്പിൻെറ കൈ കടന്നുപിടിച്ചു യാചിച്ചു ഗോവിന്ദപ്പിള്ള—"കുറുപ്പു ക്ഷമിക്കണം! അങ്ങനെയൊക്കെ പററിപ്പോയി. അതിനു തക്ക പ്രായശ്ചിത്തം ചെയ്യാനും ഞാൻ തയ്യാറുണ്ട്."

# അദ്ധ്യായം ഏഴ്

നാണുക്കുറുപ്പിന്റെ കൈപ്പത്തിയിൽ രണ്ടുതുള്ളി ബാഷ്പകണങ്ങൾ പതിച്ചു. അയാളുടെ കൈത്തലങ്ങൾ രണ്ടും ഗോവിന്ദപ്പിള്ളയുടെ പിടിയിലമർന്നിരിക്കയാണ്. അന്നോളം പുലർത്തിപ്പോന്ന ഗമയെല്ലാംവിട്ട്—തനിക്കുള്ള പ്രാഭവത്തിന്റെ ഗരിമയാകെ വിഗണിച്ച്—ദയനീയം ക്ഷമയാചിച്ചുവന്നു—തന്നെ ഗ്രഹിച്ച ഹസ്തങ്ങൾ പെട്ടെന്നു പരുഷം പറിച്ചെടുക്കാൻ പ്രാപ്തനായില്ല, പൂർവ്വസുഹൃത്ത്. പക്ഷേ, കരുണ യാചിച്ചുവന്നു കരംപിടിച്ച ഘോരാപരാധിയുടെ നേരെ നോക്കാൻ കൂട്ടാക്കിയില്ല. ചുടുകണ്ണീർക്കണങ്ങളുടെ സ്പർശനമാത്രയിൽ ആ പരാങ്മുഖത്വം പമ്പകടന്ന് ആശ്ചര്യപ്പെട്ടു തുറിച്ചുനോക്കി. മംഗലത്തു പ്രഭുവിന്റെ വീരലോചനങ്ങൾ രണ്ടും നിറഞ്ഞുതുളുമ്പുന്നു!

ദൃക്സാക്ഷി ജാനകിയമ്മയ്ക്കുതെല്ലും സഹിക്കാമായിരുന്നില്ല, ആ കാഴ്ച. സ്വതേ തെല്ലൊന്നു ചുവന്നു വിശാലമായ താമരക്കണ്ണുകളാണ് ഗോവിന്ദപ്പിള്ളയ്ക്ക്. അതൊന്നുകൂടി കലങ്ങിമറിഞ്ഞ് നീർ തുളുമ്പിനിൽക്കുന്നു.

പണ്ടേ കടുത്ത മാസ്മരശക്തിയുണ്ട്, ആ കണ്ണുകൾക്ക്. കമനീമണികളുടെ കരൾ കോരിത്തരിപ്പിക്കാൻ പോന്ന മിന്നൽപ്പിണരുകളത്രേ—അറിയപ്പെട്ട കാലംതൊട്ടേ അവയിൽനിന്നുതിരുക. മനസ്സറിയാതെ ജാനകിയമ്മയും അന്നൊരിക്കൽ ആ അന്യപുരുഷനു വിധേയയായിപ്പോയതും ആ നേത്രരശ്മികളുടെ മായാവശ്യശക്തിയാൽ മാത്രമായിരുന്നു.

തൊട്ടത്തു കൈയ്യുപിടിച്ചുനില്ക്കുന്ന രണ്ടു പുരുഷന്മാരെയും തമ്മിലൊന്നു താരതമ്യവിവേചനംചെയ്യാൻ തോന്നിപ്പോയി, ജാനകിയമ്മയുടെ നാരീചിത്തത്തിനു്. വെളുത്തുരുണ്ട സുഭഗൻ നാണക്കുറുപ്പിനെക്കാൾ വാസ്തവത്തിൽ ബഹുസുന്ദരമല്ലേ മറേറ ഇരുണ്ടു നെടിയ ഗാത്രംതന്നെയും? നിറമൊന്നു മങ്ങിപ്പോയതിലെന്തു കാര്യം? വികാരപരമായ ബുഭുക്ഷ ബഹുഥാ ശമിപ്പിക്കാൻ പോന്ന ശരീരഘടനയാണു്. ആരാധിച്ചുപോകുന്ന വീരഗൗരവപ്രഭയുമുണ്ടു്, മുഖത്തു സദാ.

പണ്ടു നാണക്കുറുപ്പു് തന്നെ പെണ്ണുകാണാൻ വന്ന കാലംതൊട്ടേയുള്ള കഥകൾ ജാനകിയമ്മ കരളിലോർത്തുപോയി. തുണ്ടുപറമ്പിലേതിനേക്കാൾ സ്വല്പംകൂടി മെച്ചപ്പെട്ടതാണു തൻെറ കുലഭവനം. താൻ കാഴ്ചയിലൊട്ടും മോശമല്ലെന്നു് മുഖക്കണ്ണാടി ദിവസം പത്തുപ്രാവശ്യമെങ്കിലും ധൈര്യപ്പെടുത്തും. തരക്കാരായ മററു തരുണിമാരുടെ കൂട്ടത്തിൽവച്ചു് തന്നെയാണു ചെറുപ്പക്കാർ കണ്ണുപറിക്കാതെ നോക്കുക! താനും തിരിച്ചങ്ങോട്ടൊന്നു ശ്രദ്ധിക്കാൻവേണ്ടി തപസ്സുനിന്നിട്ടുണ്ടു് വളരെപ്പേർ.

പത്തുപതിനാറു വയസ്സായപ്പോൾമുതൽ പലരും വന്നു, വിവാഹാലോചനയുമായി. ഓഹരിയുടെയും ആഭരണത്തിൻെറയും കാര്യത്തിൽ യോജിക്കാതെ പിരിഞ്ഞു കുറെപ്പേർ. കഷ്ടിച്ചു കൊടുക്കാവുന്നതിൽ വളരെക്കൂടുതലേ വന്നുകാണുന്നവർ ചോദിക്കൂ. ഇല്ലാത്ത പൊങ്ങച്ചം എടുത്തുവിളമ്പാൻ തന്റെ വീട്ടുകാർക്കും വിരുതുകൂടും. പെണ്ണും ചെറുക്കനും തമ്മിൽ കണ്ടിണങ്ങുകയാണു് ഓരോ കല്യാണാലോചനയിലെയും ആദ്യത്തെ പരിപാടി. അങ്ങനെ ആണും പെണ്ണും തമ്മിലിണങ്ങി മുന്നോട്ടു നീങ്ങുന്ന പര്യാലോചനകളാണു്, പണസംബന്ധമായ പൊരുത്തക്കേടു പറഞ്ഞു പിരിഞ്ഞുപോകുന്നതു്.

അങ്ങനെ സംവത്സരങ്ങൾ അഞ്ചോ ആറോ കടന്നുപോയി. വയസ്സു് ഇരുപത്തിരണ്ടു കഴിഞ്ഞു, വധുവിനു്. പെണ്ണിനു പ്രായംകൂടുന്തോറും വിവാഹമാലോചിച്ചു വരുന്ന കൂട്ടർക്കും പ്രിയം കുറഞ്ഞു. അതേസമയം പെൺവീട്ടുകാർക്കു ബഹുഥാ തിടുക്കം കൂടുകയും. അടുത്തുകൂടുന്ന ഒരുത്തൻെറ തലയിൽ—അത്രവളരെയൊന്നും ചികഞ്ഞുനോക്കാതെ—തന്നെ കെട്ടിയേൽപ്പിക്കാൻകൂടി അവളുടെ വീട്ടുകാർ തയ്യാറെപ്പെട്ടു.

ഈ ആവശ്യം മുററിനിന്ന അവസരത്തിലാണു്, ഒരു ദിവസം രണ്ടു് അഭിജാതതരുണന്മാർ ആഗമിക്കുന്നതു്. കുറേക്കൂടി മുൻപേ കുടുംബിയായിക്കഴിഞ്ഞ ഗോവിന്ദപ്പിള്ളയുമുണ്ടു്, നാണക്കുറുപ്പിനോടൊപ്പം. അന്നേവരെ വന്നണഞ്ഞ ആലോചനക്കാരുടെ സാമ്പത്തികചർച്ചയൊന്നും ഉന്നിഞ്ഞില്ല, നവാഗതർ. തികഞ്ഞ പ്രാഭവം

പൊന്തിനിൽക്കുന്ന പെരുമാററമേയുള്ളു പ്രമുഖവ്യക്തിക്കു്. നാണക്കുറുപ്പും തൻെറ താണനിലവാരം എടുത്തുപറയാൻ തുനിഞ്ഞില്ല.

പുതിയ കൂട്ടരെ പിൻപുറത്തൂടെ ഒളികണ്ണാൽ ദർശിച്ചപ്പോൾ ജാനകിയമ്മയ്ക്കു തോന്നി, വരനാവാൻ വന്നിരിക്കുന്നതു ഗോവിന്ദപ്പിള്ളയാണെന്നു്. രണ്ടാളും ചെറുപ്പം. നിറമൊന്നു മങ്ങിയിട്ടാണെങ്കിലും കൂട്ടത്തിൽ കൂടുതൽ ശ്രദ്ധേയനത്രേ ആ പുരുഷൻ. അയാളുടെ അനുചരനോ ആശ്രിതനോ ആയി അപരനെയും വിലയിരുത്തി.

ഇഷ്ടൻതന്നെ പിന്നെ വെട്ടിത്തുറന്നു പറഞ്ഞു തന്റെഅച്ഛനോടു്—

“നമ്മുടെ കൂട്ടുകാരനൊരു സംബന്ധംവേണം. അതിനിവിടുത്തെ കുട്ടിയെ കിട്ടിയാൽ കൊള്ളാം......”

ഒളിഞ്ഞുനിന്നു കേട്ടപാടെ ഉള്ളൊന്നു ഞെട്ടിപ്പോയി,വധുവിനു്. പക്ഷേ, രക്ഷാധികാരിയായ കുടുംബപിതാവു് നിറഞ്ഞ സന്തോഷത്തോടെ പ്രതിവചിച്ചു:—

“ഇപ്പത്തന്നെ വേണേങ്കി വിളിച്ചോണ്ടു പോയാട്ടെ; മംഗലത്തെ കുഞ്ഞല്ല്യോ വന്നു ചോദിക്കുന്നതു്?”

മംഗലത്തുകാരുടെ പ്രാഭവവും പ്രൗഢിയും പണ്ടേ പറഞ്ഞുകേട്ടിട്ടുണ്ടു്. അത്ര വലിയകൊമ്പിൽ കടന്നു പിടികൂടാൻ പ്രത്യാശിക്കാമോ? കൂട്ടത്തിലദ്ദേഹം എടുത്തുപറഞ്ഞ വിശേഷണംതന്നെയും—“നമ്മുടെ കൂട്ടുകാരൻ”—തങ്ങളുടെ നിലയ്ക്കു വളരെ വിലപ്പെട്ടതത്രേ. മംഗലത്തെ അദ്ദേഹത്തിന്റെ കൂട്ടുകാരൻ! അത്രത്തോളമെങ്കിലും അടുപ്പമായി—ആ പെരുമപ്പെട്ട ഭവനവുമായി.

അന്നു പറഞ്ഞ ചങ്ങാത്തം അമ്മാതിരി ഘട്ടങ്ങളിൽ സാധാരണ പ്രയോഗിക്കാറുള്ള വെറും ഭംഗിവാക്കായിരുന്നു. തുടർന്നുനടന്ന വിവാഹച്ചടങ്ങുകളിലും അനന്തരജീവിതത്തിലും ആ സൗഹാർദ്ദം ദീർഘദീർഘം പ്രത്യക്ഷപ്പെട്ടിരുന്നു. സമ്പൽപ്രൗഢിയിലും പ്രാമാണ്യത്തിലും സാക്ഷാലുള്ള അന്തരം അവഗണിച്ചുതന്നെ നാണക്കുറുപ്പും ഗോവിന്ദപ്പിള്ളയും പരസ്പരം പെരുമാറിപ്പോന്നു. അവർ തമ്മിലെ അഭേദ്യമൈത്രിയെ അനുകരിച്ചു താനും കുറെ സ്വാതന്ത്ര്യം ശീലിച്ചു.

ബാബുവിനെ ഗർഭംധരിച്ച ദിവസം ജാനകിയമ്മയ്ക്കു് ജീവിതത്തിലൊരിക്കലും മറക്കാവതല്ല. സുദിനമെന്നതിനെക്കാൾ സ്വർഗ്ഗീയ ശുഭരാത്രിയെന്നു പറയുന്നതിനാവും കൂടുതൽ സാംഗത്യം. അന്നു നാണക്കുറുപ്പു തിരുവനന്തപുരത്തിനു പോയിരിക്കയാണു്—മംഗലത്തെ ഒരു കേസുകാര്യത്തിനു്. കുറെ സംവത്സരങ്ങളായി നടന്നുവരുന്ന ഒരു സിവിൽക്കേസ്സുണ്ടു് ഹൈക്കോടതിയിൽ. രണ്ടുമൂന്നു ദിവസത്തെ താമസമുണ്ടാവുമെന്നും യാത്രാവേളയിൽ എടുത്തുപറഞ്ഞു.

വിവാഹം നടന്നിട്ട വർഷം രണ്ടു കഴിഞ്ഞു. ഇണ്ടുപറമ്പിലെ പൊറുതിക്കാരി 'അറാമച്ചി'യാണോ എന്നു് അയല്ക്കാരികൾ ആശങ്ക പ്രകടിപ്പിച്ചു തുടങ്ങി. കുറെ മൂതിർന്ന പ്രായത്തിലാണു വിവാഹം. തുള്ളിത്തുളമ്പുന്ന യൗവ്വനമാണു രണ്ടുപേർക്കും. സമകാലീനദാമ്പത്യത്തിൽ രണ്ടാം പ്രസവംകഴിഞ്ഞു തൊട്ടടുത്ത വീട്ടിലെ ശങ്കരിക്കു്. കുളിമുറമാറിയെന്നുപോലും പറയുന്നില്ല ജാനകിയമ്മ.

തനിക്കുവേണ്ടി തന്റെ കേസ്സു നടത്താൻ സമുചിത സജ്ജീകരണങ്ങളോടെ നാണുക്കുറുപ്പിനെ യാത്രയാക്കാൻ ഗോവിന്ദപ്പിള്ള നേരത്തെ വന്നിരുന്നു. പോകുന്ന വഴിക്കു തുണ നിൽക്കാൻ ഗ്രാമദേവനെ കൈകൂപ്പി നാണുക്കുറുപ്പും യാത്രയിറങ്ങി. ആ പരമശുദ്ധഗതിക്കാരന്റെ കണ്ണുതപ്പി ഒരു കള്ളക്കണ്ണെറിഞ്ഞു കൂട്ടുകാരൻ! അന്നോളമുണ്ടാവാത്ത ഒരു അപചാരമായിരുന്നു അതു്. ഏതേതു കുമാർഗ്ഗങ്ങളിലൂടെയും ചീറിപ്പുളഞ്ഞു പോകാവുന്ന ദൂരത്തിവ്യാപ്തിയിൽ മനസ്സുമുഴകി അപ്പോൾ മുതൽ! അന്തിക്കൂട്ടിനു് ഒരയൽക്കാരി തള്ളയെ മുൻകൂട്ടി ഏർപ്പാടു ചെയ്തിരുന്നു സ്വഭർത്താവു്. അന്തിമയങ്ങിയപ്പോൾ നിറയെ അത്താഴംകൊടുത്തു് ആ കിഴവിയെ പുറത്തെ കോലായിൽ ഉറങ്ങാൻ വിട്ടു. വൃദ്ധയുടെ കൂർക്കം തെല്ലുച്ചശ്രുതിയിലായപ്പോൾ മുററത്തു ദൂരെ കാലൊച്ചകേട്ടു് തരപ്പെട്ട മുറിയിലെ വിളക്കണച്ചു വീട്ടുകാരി. 'പടപടാ' നെഞ്ചിടിക്കുന്നുണ്ടെങ്കിലും കതകടയ്ക്കാൻ നീങ്ങിയില്ല.

ഇരുട്ടിലൂടെതന്നെ വന്നുകയറി. എങ്കിലും ആ ഇരുണ്ടുനീണ്ട ശരീരവടിവുംനടപ്പും ചിരപരിചിതമാണു്. ആഗതൻ വാതൽ കടന്നപ്പോൾ വശത്തിലൊഴിഞ്ഞുചെന്നു കതകടച്ചു തഴുതിട്ടു. പണ്ടു പെണ്ണുകാണാൻ വന്നനാൾമുതൽ ഹൃദയതന്ത്രികളെ സ്പർശിക്കുന്ന സ്വരം നന്നെ താഴ്ന്ന ശ്രുതിയിൽ ചെവിയിൽപ്പെട്ടു പിന്നാലെ—

"ജാനമ്മേ...!"

"എന്റെ പേരു ജാനകീന്നാ!"

"എങ്കിൽ—ജാനകിക്കുട്ടീ!"

"കുട്ടികളൊന്നുമായില്ല."

"അതെന്റെ കുറുപ്പിനെ മനസ്സിനിഷ്ടപ്പെടാഞ്ഞിട്ടാ!"

"ഹിതാരുപറഞ്ഞുപിടിപ്പിച്ച പൊല്ലാപ്പാ ദൈവമെ!"

"ഇന്നീ ഇരുട്ടത്തു പ്രത്യക്ഷപ്പെട്ട കരിങ്കള്ളൻ ദൈവം!"

"അമ്പാടി കൃഷ്ണനും കറുത്തതാ; കള്ളനുമാ!"

"ഗോപസ്ത്രീകളുടെ കൂട്ടത്തിൽ ജാനകിയെന്നൊരുത്തിയെ ആരും പറഞ്ഞുകേട്ടിട്ടില്ല."

"ആ പതിനാറായിരത്തെട്ടിൽ ഒരു മൂഡാനിയുമില്ല"

"അപ്പോൾ—നമ്മടെ കുഞ്ഞമ്മയോടു മനസാ പകയുണ്ടു്."

"അയ്യോ ദൈവമേ! ഭാഗ്യം പെറന്ന മങ്ങലത്തു കുഞ്ഞമ്മേപ്പറ്റി-ഈ തെണ്ടിപ്പെണ്ണു തുണ്ടുപറമ്പി ജാനകിക്കെന്തു പകതോന്നാനാ?"

"മൂഡാനിയെ മംഗലത്തു കുഞ്ഞമ്മയാക്കിയ ഞാൻതന്നെയാണു നിന്നെ തുണ്ടുപറമ്പിലും കൊണ്ടുവന്നതു്."

"അതൊരു ശരിയാ; അന്നെൻെറ അച്ചൻതന്നെ പറഞ്ഞില്ല്യോ—മങ്ങലത്തെ കുഞ്ഞുവന്നു ചോദിച്ചിട്ടാണെന്നു്?"

"അതെ; മംഗലത്തെ കുഞ്ഞിനുംകൂടെ വേണ്ടീട്ടാരുന്നു-ഞാനെന്റെ വരുതികേട്ടു നില്ക്കുന്നവനെക്കൊണ്ടു സംബന്ധം കഴിപ്പിച്ചതു്;"

"ആ മനിഷേനിതു തിരുവനന്തപുരത്തിരുന്നു കേട്ടാമതി-ഈ വീട്ടിൽ രണ്ടു ചാക്കാലയാ! എന്നേം കൊല്ലും; അയാളും ചാവും."

"സംബന്ധം കഴിഞ്ഞപ്പോൾത്തൊട്ടു നാണുക്കുറുപ്പിനു കുറെ ശൌര്യം കൂട്ടതലാ! അതുവരെ പുഴക്കനെല്ലിനു വാപൊളിക്കുന്ന ശുദ്ധപൂത്തക്കോടനാരുന്നു. കൊള്ളാവുന്ന ഒരുത്തി കൂടെ വന്നു പൊറുത്തതിൻെറ ഗുണമാണെന്നാ എനിക്കുതോന്നുന്നതു്."

"ഇതെന്തു കൊതിയനാ?"

"രണ്ടുകൊല്ലം കൊണ്ടുള്ള കൊതിയാ തങ്കം;"

"ഞാനും വിചാരിച്ചു—ഇത്രേം നാളായിട്ടും......"

"ആ കഴകൻെറ കണ്ണുംവെട്ടത്തുവച്ചൊന്നു നേരെനോക്കാൻകൂടി എനിക്കു പേടിയാ;"

"ഈ വല്യമങ്ങലത്തെ അദ്യത്തിനു്—ഇവിടുത്തെ ഈ വെള്ളരിക്കാപ്പട്ടണത്തെ—അത്രയ്ക്കു പേടിയോ;"

"നിന്നെയൊരുത്തിയെ കരുതി; അവൻ ആദ്യത്തെ അരിശത്തിനു എൻെറ പൊന്നുംകൊടത്തിനെ വല്ലതും ഉപദ്രവിച്ചാലോ? അല്ലാതെ—അവനെത്ര വളർന്നാലും-എന്നെയെന്തോ ചെയ്യാനാ?"

"ഇവിടുന്നറിയാത്ത വളർച്ച വല്ലതുമുണ്ടോ ആ മനുഷ്യനു്?"

"അപ്പോൾ ജാനകിക്കുട്ടിക്കും കാര്യം കാര്യംപോലെ മനസ്സിലാക്കാനുള്ള പ്രാപ്തിയുണ്ടു്."

"എന്നെ എരുത്തിലിലാണോ കെട്ടുന്നതു്? ഈ തുണ്ടുപറമ്പിലെ നാലുമൂട്ടു തെങ്ങേന്നു വെളയുന്നതാണോ ഈ വീട്ടിലിന്നു ചെലവാകുന്നതു്? ഉപ്പുംതൊട്ടു കർപ്പൂരംവരെ അപ്പപ്പോഴത്തെ ആവശ്യത്തിനു വേണ്ടതെല്ലാം കൊണ്ടുവരുന്നതു് എവിടുന്നാണെന്നറിഞ്ഞുകൂടായോ? ആരു മനസ്സറിഞ്ഞു കൊടുത്തയയ്ക്കുയാണെന്നു കണക്കു കൂട്ടരുതോ?"

"നിന്നെ സംബന്ധം കഴിക്കുന്നതിനു മുൻപും നാണുക്കുറുപ്പു്

എന്നെക്കൊണ്ടു കഴിയുകയായിരുന്നു. അവനെക്കൊണ്ടൊരു വിവാഹം കഴിപ്പിക്കാനും ഞാനാണുത്സാഹിച്ചതു്. അവിടം തൊട്ടുള്ള അധിക ച്ചെലവും പിന്നെ ഞാൻ അറിയാതൊക്കുമോ?''

ഞാൻ വിചാരിച്ചു—''ഇത്രത്തോളം അഗാധമായ—ആത്മാത്ഥമായ—ഈ സ്നേഹം ഇന്നുവരെ അറിയാൻ കഴിഞ്ഞില്ലല്ലോ; എന്നു്!''

അനന്തര നിമിഷങ്ങളിൽ തോന്നി—യഥാത്ഥത്തിൽ ജീവിതാനന്ദമെന്നാലെന്താണെന്നു്; ഇതുവരെ കഴിഞ്ഞതെല്ലാം ഇതിനോടു തട്ടിച്ചുനോക്കുമ്പോൾ വെറും നിഴലുകൾ മാത്രം! സ്ത്രീപുരുഷബന്ധത്തിന്റെ മിഥ്യകൾ; സത്യമായതു ബോദ്ധ്യപ്പെട്ടപ്പോൾ ഭൂതകാലാനുഭവങ്ങളിലെ ശൂന്യത വ്യക്തമാവുന്നു.; പാഴായി കഴിഞ്ഞുപോയ ദീർഘകാലഘട്ടത്തിൻെറ നഷ്ടമോത്തു ചിത്തം വ്യഥിതമാകുന്നു;..................

പുലരിവെളിച്ചം വീഴും മുൻപു പിടഞ്ഞെഴുന്നേററു. പരിരംഭണത്തിലമർന്നിരുന്ന ബാഹുലതകൾ മനസ്സില്ലാമനസ്സോടെയാണു് അഴിച്ചെടുത്തതു്. ശബ്ദം കേൾപ്പിക്കാതെ സാക്ഷാനീക്കി കതകുതുറന്നു. പുറത്തെ കോലായിൽ കിടന്ന കിഴവി ഉണന്നെഴുന്നേററു പോയിരിക്കുന്നു. ആരുമാരും നോട്ടു ചെയ്യാനില്ലെന്നു് ധൈര്യമുറച്ചു. അകത്തു ചെന്നു ധരിപ്പിച്ചു് ഇറക്കിവിടുകയും ചെയ്തു..............................

തിരുവനന്തപുരത്തിനു പോയിരുന്ന മനുഷ്യൻ തിരിച്ചു വരുംവരെയും മനസ്സിനു വലിയ കുലുക്കമില്ലായിരുന്നു. ബസ്സിറങ്ങിയപാടെ മംഗലത്തു ചെന്നു കേസ്സുകെട്ടും കണക്കും ഏല്പിച്ചിട്ടാണു് ഇഷ്ടൻ തുണ്ടുപറമ്പിലേക്കു പോന്നതു്. ഭരമേല്പിച്ചയച്ച കാര്യങ്ങൾ പരമാവധി ഭംഗിയായി നിർവ്വഹിച്ച കൃതകൃത്യതയുണ്ടാവാം അവിടെ നിന്നിറങ്ങുംവരെ. തങ്ങളുടെ വൈവാഹിക ജീവിതത്തിൽ ആദ്യമായുണ്ടായ ദീർഘവിരഹത്തിൽ മറെറാരു കൃത്യവിലോപം ദർശിക്കയായി പിന്നെ നടന്നപ്പോൾ. തുടരെ മൂന്നുനാൾ തമ്മിൽ കാണാതിരുന്നിട്ടില്ല കല്യാണത്തിനു ശേഷം. നീണ്ട രണ്ടാണ്ടിനിടയ്ക്കു് ആദ്യമായുണ്ടായ വികല്പം ക്ഷമിച്ചുകിട്ടാൻ മാർഗ്ഗമാരാഞ്ഞു മനസാ. ഒരു തരത്തിലും സ്നേഹശൂന്യത ആരോപിക്കപ്പെടരുതെന്നു് ഈശ്വരസമക്ഷം ഹൃദയം പ്രാത്ഥിച്ചിരിക്കാം. അങ്ങനെ വലിയൊരു അപരാധഭാരവും ചുമന്നുകൊണ്ടാവും പാവം വീട്ടിലെത്തുന്നതു്.

കഴുത്തിൽ താലിവച്ച പുരുഷനെ നാലുനാൾക്കുടി ദൂരെ കണ്ടപ്പോഴേക്കു മനസ്സിലൊരു തീ കേറി തനിക്കു്: ക്ഷമാപണത്തിൻെറ ചിരിയുമായി സമീപിക്കയാണു ഭത്താവു്. ഒരിക്കലും ക്ഷമിക്കാത്ത ഘോരദുരാചാരത്തിൻെറ ജ്വാലയിൽനിന്നു ദഹിക്കയാണു താൻ. ഭത്താവെന്ന പദത്തിൻെറ മുഴപ്പും ഘനവും ഗൗരവവും ആയുസ്സിലാദ്യ

മായി ശരീരത്തിലെ സിരാപടലമാകെ പഠിപ്പിച്ചുതന്നു; രക്ഷിക്കാനും ശിക്ഷിക്കാനുമുള്ള പരമാധികാരത്തിന്റെ പരിധിവൈപുല്യവുമൊന്നുപാളി നോക്കിപ്പോയി. ഒരു സ്ത്രീ ജീവിതത്തിലെ ഭാഗ്യനിർഭാഗ്യങ്ങൾ തരംതിരിക്കുന്ന കരങ്ങളേതെന്നു കണ്ടറിഞ്ഞു. മരണപര്യന്തം ഭഞ്ജിക്കപ്പെടാത്ത ഉഗ്രശപഥമൊന്നു മനസാ ചെയ്തു.

അതിനുശേഷം തൻെറ ചാരിത്രചോരൻ നേത്രങ്ങൾക്കു ചതുർത്ഥിയത്രേ! തീരെയിഷ്ടപ്പെടാതെയും ദൃഷ്ടിവീഥിയിൽ പെട്ടെന്നിരിക്കും സാഹചര്യദോഷത്താൽ. ആവുന്നത്ര അറപ്പും വെറുപ്പും പ്രകടിപ്പിക്കമാത്രമാണു പിന്നെ കരണീയം. അന്നേവരെ ഭർത്തൃസന്നിധിയിലും ലോകസമക്ഷവും നിലനിന്ന ചിത്തധൈര്യം പാടെ പോക്കററടിച്ചു നയവഞ്ചകൻ! പക്ഷെ, പുറത്തൊരു ജീവിക്കും പിടികൊടുത്തുകൂടാ-ക്കുരിരുട്ടത്തു പററിയ ജീവിതപരാജയം.

പ്രപഞ്ചത്തിലെ വക്രതയെന്തെന്നു ലവലേശം ഗ്രഹിച്ചിട്ടില്ലാത്ത ഒരു ശുദ്ധാത്മാവ് പഴയപടി പ്രാണസുഹൃത്തായി തന്നെ വിശ്വസിക്കുന്നു. ആ പരിശുദ്ധചിത്തൻെറ 'നല്ല പാതി'യായി നടിക്കേണ്ട തനിക്കു മനംനിറഞ്ഞ രോഷവും നിന്ദയും പൊതിഞ്ഞു കാണിക്കാനേ നിവൃത്തിയുള്ളു.

ബാബുവിനെ പ്രസവിച്ച ഇടയ്ക്കു മനസ്സിൻെറ സമനില പിന്നെയും തകന്നു. കുഞ്ഞിൻെറ കുരുന്നു മുഖം കണ്ടപ്പോൾ മുതൽ അവൻെറ അച്ഛനോട് ഒരു അദൃശ്യബന്ധം അങ്കുരിച്ചു ആന്തരികമായി. ചതിച്ചതു നിശ്ശേഷം ക്ഷമിക്കാനും ചില സമയം പ്രചോദനമുണ്ടായി. പക്ഷെ, മൂന്നു വഷത്തോളം കാത്തിരുന്നു കണ്ട കുഞ്ഞോമനയെ കരളലിഞ്ഞു താലോലിക്കുന്ന മററെ അച്ഛൻെറ സന്നിധിയിൽ മുമ്പത്തെ മനോദൗർബല്യങ്ങൾക്കു സ്ഥാനമില്ലാതെ പോയി. താൻ പെററമകനെ ഒന്നെടുത്തു ലാളിക്കാൻ കൂടി ധൈര്യം വന്നില്ല മംഗലത്തുപ്രഭുവിനു്. അദ്ദേഹത്തിൻെറ കൈയിലിരിക്കുമ്പോൾ കുഞ്ഞിൻെറ മുഖഛായ വല്ലവരും താരതമ്യപ്പെടുത്തിയെങ്കിലോ?

കഴിവിൻെറ പരമാവധി അഭിനയിച്ചു ഫലിപ്പിക്കുന്നുണ്ടു താൻ. അവിടെ ഫലിക്കുന്നതു വാസ്തവത്തിൽ സ്ത്രീസഹജമായ ദുസ്സാമർത്ഥ്യം. അതിൻെറ പേരിൽ കൃതകൃത്യതതോന്നും പലപ്പോഴും. കൂട്ടത്തിൽ, കരൾ പതിനായിരം കഷണമായി വിണ്ടുകീറുന്ന നൊമ്പരവുമുണ്ടു ചില സമയം. അഭിനയത്തിൻെറ വേലിക്കെട്ടുകൾ അറിയാതെ പൊളിഞ്ഞുകയറുന്ന മിന്നലാക്രമണങ്ങൾ!

മകനെ മടിയിലെടുത്തു മുലകൊടുക്കുമ്പോൾ ഗോവിന്ദപ്പിള്ള

മനസ്സിൽ ഓടിക്കയറും. അതേ പുത്രനിൽ അതീവതല്പരനായി നാണു കുറുപ്പു സമീപമുണ്ടാകും. ഉള്ളിലെ കള്ളൻെറ വികൃതികളോരോന്നു മടിയിലിരിക്കുന്ന ശിശുവിൻെറ മുഖത്തു പ്രതിഫലിക്കും. പ്രപഞ്ച സൌന്ദര്യമൊക്കെ കൂടി ഒരു കിശോരരൂപത്തിൽ ദശിച്ചു ജന്മസായൂജ്യമടയുന്നു തൊട്ടരുമ്മിയിരിക്കുന്ന ഭത്താവു്. ആ അച്ഛനോളം തുറന്നാഹ്ലാദിക്കാൻ പെററമ്മയ്ക്കു കഴിയുന്നില്ല. കുരുന്നുമുഖത്തെ മറെറചരായാസാദൃശ്യം വല്ലാത്ത പേടിസ്വപ്നം സൃഷ്ടിക്കുന്നുണ്ടു്. തേൻ കുഴമ്പിലല്പം എരിവു പോലെ!

സൂക്ഷ്മസ്ഥൂല ശരീരികളായി ഒരേ സമയത്തു രണ്ടാൾ 'കുഞ്ഞിന്റച്ഛ'നായി അഭിമുഖീകരിക്കുമ്പോഴത്തെ എരിവും ചൂടും ഇതാണെങ്കിൽ—രണ്ടും സ്ഥൂലരൂപത്തിൽ നേരിടുന്ന ചുരുങ്ങിയ സന്ദർഭങ്ങളുടെ ഭീകരതയോ? ഉററചങ്ങാതിക്കൊരുണ്ണി പിറന്നതിൽ അനുമോദിക്കാൻ കടമയുണ്ടു് ഗോവിന്ദപ്പിള്ളയ്ക്കു്. തങ്ങൾ തമ്മിലുള്ള ഉറ്റചങ്ങാത്തത്തിൻെറ മുഴപ്പുംമുഴവൻ അവിടെ എടുത്തു വിളമ്പാതെയും നിവൃത്തിയില്ല. താനായി മനസ്സറിഞ്ഞു സഹായിച്ചതായി അഹന്തതോന്നാം ആ മനുഷ്യനു്. അതിൻെറ ചെറുകിരണങ്ങൾ കൺകോണിൽ മിന്നിമറയും തരംപോലെ. ആ കള്ളക്കടക്കണ്ണേറുകളെ സാജാത്യദൃഷ്ടിയിലൂടെ സ്വീകരിക്കുമ്പോൾ സമീപവത്തിയായ പഞ്ചപാവത്തിനോടു സത്യത്തിലൊരനുകമ്പയത്രേ ആദ്യം പൊന്തിവരുക; ഒട്ടൊക്കെ കണ്ടാലും കണ്ടില്ലെന്ന ഭാവം ദൗർബല്യത്തിന്റേതല്ലെന്നു പിന്നെ വഴിയെ ബോധ്യപ്പെടും, കൂട്ടപ്രതി തൊണ്ടിനുള്ളിലേക്കു തലവലിച്ചുകളയും ആമയെപ്പോലെ!

പ്രപഞ്ചകത്താവും ഒരു പുരുഷനായിരിക്കണം! സ്വവഗ്ഗത്തിന്റെ സവ്വതോമുഖമായ രക്ഷ മാത്രമേ സ്രഷ്ടാവു നോക്കിയുള്ളു. പൊടിയോളം പോന്ന—പെണ്ണിൻെറ കൈപ്പിഴ കൂടി—ഗിരികൂടത്തോളം പെരുപ്പിച്ചു കാട്ടാൻ മനസ്സിരുത്തുകയും!

കള്ളം പിടിക്കപ്പെട്ടുപോയെന്നു നേരിയ സംശയം തോന്നിയാലുടനെ സ്വതസ്സിദ്ധമായ ഗമയുടെ ഗൗൺ അണിഞ്ഞു കഴിയും ഗോവിന്ദപ്പിള്ള. പെരുത്തപണവും പ്രാമാണ്യവുമുണ്ടു് ജനങ്ങളുടെ വാ പൊത്താൻ. അഥവാ, കുറെ പണവും പ്രാമാണ്യവുമുള്ളവക്കു് അവശ്യഘടകമാവാം ഇമ്മാതിരി ഏതാനും വൈകല്യങ്ങൾ.

കുററസമ്മതത്തിൽ നിന്നുള്ള ആ മനുഷ്യൻെറ ഒളിച്ചോട്ടം തനിക്കും അക്കാലത്തു വളരെ സഹായകമായിരുന്നു, സമാശ്വാസകരമായിരുന്നു. ജഗദീശൻ കനിഞ്ഞു നൽകിയ ദിവ്യനിധിയായി കരുതി

യിരിക്കയാണു കുറുപ്പും ബാബുവിനെ. ആ അമിതാഹ്ലാദവായ്പിനെ തിരെ ചെറുവിരലനക്കാൻ കൂടി മിനക്കെട്ടില്ല ചിരകാല സുഹൃത്ത്. ഈ പരമശുദ്ധൻെറ മിഥ്യാഭിമാനത്തെ കഴിയുന്നിടത്തോളം ഊതി പ്പെരുപ്പിക്കാൻ ഉദ്യമിച്ചിട്ടേയുള്ളു. ഒരതിത്തിയോളം അതുകണ്ടു സന്തോഷിച്ചു താനും. എങ്കിലും ഇടയ്ക്കിടെ ഉൾക്കളത്തിൽ ഇടിവാൾ മിന്നി! ഒരു മനുഷ്യാധമൻെറ പരമവഞ്ചനയുടെ കൊട്ടുംകാളിമ യോർത്ത്!

ക്രമേണ ഗോവിന്ദപ്പിള്ളയിൽനിന്നു ബലമായി മനസ്സകലാൻ പ്രേരകമായി ഭവിച്ചു ഈ ചേതോവികാരം. കൂട്ടുകാരൻെറ കുഞ്ഞി നെ കൈയിലെടുത്തു ലാളിക്കുന്നതു തന്നെയും പൊങ്ങച്ചത്തിനു പോ രായ്കയെന്നു കരുതിയിരിക്കാം. പരസ്യമായി വിവാഹം കഴിച്ച ഭത്താ വിൻെറ സാന്നിദ്ധ്യത്തിലല്ലാതെ തന്നെയും കുഞ്ഞിനെയും ദശിക്കയി ല്ലെന്നു വ്രതമെടുത്തിരിക്കാം. ആ അംഗീകൃത സന്ദശനവേളയിലും ആയുസ്സിൽ മുൻപു കണ്ട ഭാവം നടിക്കില്ല. അത്രയേറെ അകൽച്ചവന്നതു സ്വത്തിൻെറ നിലവാരത്തിൽ മാത്രമല്ലേ? ധനപരമായി അയാളെ ആശ്രയിച്ചു കഴിയുന്ന ഒരു ദരിദ്രനാണു കുറുപ്പ്. തൻെറ ചരണാശ്രി തപരിഷയിൽപ്പെട്ട രണ്ട് അല്പപ്രാണികളായേ പ്രഭു ഗണിക്കുന്നുള്ളു തങ്ങളെയും! അയാൾക്കു ജനിച്ച മകനെയും അവനെ പെററ തന്നെയും!

ബാബുവിനും കുഞ്ഞുന്നാളിൽത്തൊട്ടേ ആ മനുഷ്യനെ തീരെ യിഷ്ടമല്ല. അച്ഛൻെറ കൈയിലോ മടിയിലോ കളിച്ചു ചിരിച്ചിരി ക്കുന്ന നേരത്ത് മംഗലത്തെ അമ്മാവനെ ദൂരെ കണ്ടാൽമതി കുരുന്നു മുഖം കോൾകൊണ്ടു മുറുകും! (അതേ ചേരിയിൽപ്പെട്ട മററു പലരേയും പോലെ നാണക്കുറുപ്പും മകനെക്കൊണ്ടു ഗോവിന്ദപ്പിള്ളയെ അമ്മാ വനെന്നു വിളിക്കാൻ പഠിപ്പിച്ചു) അടിസ്ഥാനസത്യത്തിനു കടകവിരു ദ്ധമായ ഈ അഭിസംബോധനതന്നെയും അമ്പേ അമഷത്തിൽ മുക ച്ചാണ് അവനിൽ നിന്നു പുറത്തു വരുന്നത്. പ്രപഞ്ചത്തിലെ വളപ്പം ഗ്രഹിച്ചു തുടങ്ങാത്ത പിഞ്ചുമനസ്സിൽ മറിച്ചെന്തു പ്രതികരണ മുണ്ടാവാം?

# അദ്ധ്യായം എട്ട്

ഭൂതകാല ചെയ്തികൾ ചലചിത്രപടലം പോലെ ഗോവിന്ദപ്പിള്ളയ്ക്കു സ്മൃതിയിൽ പൊന്തി വന്നു—

സഹധർമ്മിണി മൂധാനിക്കുഞ്ഞമ്മ രണ്ടു ദശകങ്ങൾക്കു മുൻപു വെട്ടിവിട്ടു—''സിൽബന്ധി നാണുക്കുറുപ്പിന്റെ ചരക്കു മോശമല്ല!''

ആ വിവാഹം നടന്നയിടയ്ക്കാണു്. അതിന്റെ നടത്തിപ്പിൽ താനെടുത്ത പങ്കു് സാമാന്യം ഗ്രഹിച്ചിട്ടുണ്ടു ഗൃഹിണി. അങ്ങനെ ദുരർത്ഥംകൊണ്ടു മൂർച്ചക്കൂട്ടിയ ചാട്ടുളിയൊന്നു നെഞ്ചിനു നേരെ വലിച്ചെറിയുകയായിരുന്നു സംശയാലു. പെട്ടെന്നു സമർത്ഥമായി തട്ടിത്തെറിപ്പിക്കാതെ പ്രാണനു രക്ഷയില്ല!

''നിന്നെക്കാൾ മോശമല്ലെന്നു്?''

''രണ്ടും ചെന്നു കോളുകൊണ്ട മുതലാളിക്കേ അറിയാവൂ''

''വെള്ളിക്കിണ്ണോം കോളാമ്പീം വകതിരിച്ചു കാണാനെനിക്കറിയാം! അതാതിനുള്ള വില കൊടുത്തു വാങ്ങിക്കാനും!''

''രണ്ടും ഒരാളിന്റെ ആവശ്യത്തിനല്ലേ?''

''പാൽക്കഞ്ഞി കുടിക്കുകേം വേണം. മനുഷ്യർക്കു മുറുക്കിത്തുപ്പുകേം വേണം.''

''അത്രേ ഞാനും പറഞ്ഞുള്ളു''

പിന്നെ മൂന്നുവർഷം കഴിഞ്ഞു മൂധാനി തന്നെ റിപ്പോർട്ടു ചെയ്തു —''കുറുപ്പിന്റെ ഭാര്യപെററു! മിടുമിടുക്കനൊരാൺകുഞ്ഞു്!''

''അതിനും ഭാഗ്യം വേണം!'' എന്നായിരുന്നു തന്റെ മറുപടി.

''ഒരാണിനെ പെറാനല്ലേ?''

''ഒന്നിനു രണ്ടുപെററു. ഇനിയൊരു പത്തിരുപതുകൂടി പ്രതീക്ഷി ക്കേം ചെയ്യാം. ആൺ തരിയൊന്നിൻെറ കുഞ്ഞിക്കാലുകാണാൻ സുകൃതം ചെയ്യണം—കഴിഞ്ഞ ജന്മത്തിൽ!''

''ഞാനോ സുകൃതം ചെയ്തിട്ടില്ല—''

''അതിൻെറ ദുരിതം നീ മാത്രം അനുഭവിച്ചാൽപോരാ!''

''ദൈവം സഹായിച്ച്—ഇനിയെന്നെ വഴക്കു പറയണ്ടാ!''

''അതെന്താ?''

''തുണ്ടുപറമ്പിലെ കൊച്ചിനെ കണ്ടേച്ചു വരുന്നവരൊക്കെ പറയുന്നു—''

''എന്ത് രണ്ടുകൊമ്പും തുമ്പിക്കൈയുമുണ്ടോ അതിനു്?

''വെളുത്തകോഴി കറുത്തമുട്ടയിട്ടെന്നു്!''

''ങേ? ങേ?''

''തന്തേം തള്ളേം വെളുത്തുവെള്ളരിക്കാ പോലെ! കൊച്ചു്—കാരിപ്പുംളുന്തുപോലെ കറുത്തും!''

''ഹിതാരുപറഞ്ഞു?''

''അയ്യോ! ഒരു സത്യവാദി ഹരിശ്ചന്ദ്രനിരിക്കുന്ന കണ്ടില്ലേ്യാ? നിങ്ങടെ തലസ്സൊരൂപമാ പോലും—തുണ്ടുപറമ്പി ജാനകിയുടെ മോൻ!''

''നീ കണ്ണിനു കണ്ടില്ലല്ലോ? വല്ലവരും വന്നു വേണ്ടാത്ത വൃത്തി കേടൊക്കെ പറഞ്ഞു പിടിപ്പിക്കയല്ലേ?''

''ഞാനൊന്നു പോകട്ടെ?''

''ശ്ശെയ്! കുറച്ചിൽ! പോകാഞ്ഞിട്ടുതന്നെ ഇത്രയും അപവാദം പറയുന്നു ലോകരു്!''

''എനിക്കതിനെയൊന്നു കാണണമെന്നുണ്ട്''

''ചാവാതെ കിടന്നാൽ—നടക്കാൻ പ്രായമാകുമ്പോൾ—ഇങ്ങു വരും. അവൻെറ തന്തേടെ കൂടെ.''

ആ പ്രവചനം—അല്ലെങ്കിൽ പ്രത്യാശ—ഫലിച്ചില്ല പതിനേഴ കൊല്ലമായിട്ടും!

പിതാവെന്നു പറയപ്പെട്ടുന്ന നാണുക്കുറുപ്പു തന്നെയും അടുത്ത കാലത്തു് മംഗലത്തു നിന്നു് കൂടുതൽ അകന്നകന്നു മാറുകയാണു്.

മുഡാനിക്കുഞ്ഞമ്മ പിന്നെയും രണ്ടു പ്രസവിച്ചു. പഴയപടി മാതാവിൻെറ രണ്ടു് പ്രതിരൂപങ്ങൾ. വളൎന്നുവന്നപ്പോഴും അച്ഛൻെറ ഛായ ലവലേശം തീണ്ടിയിട്ടില്ല പുത്രിമാർ നാലുപേൎക്കും.

അതേ സമയം—ബാബുവിൻെറ വളർച്ചയിലെ ഓരോഘട്ടവും ഒരു രഹസ്യവേഴ്ചയുടെ വിളംബരമായിരുന്നു!

നാണുക്കുറുപ്പിൻെറ കൈയിൽ വച്ചാണു ശിശുവിനെ ആദ്യമായി കാണുന്നതു്. കഷ്ടിച്ചു രണ്ടുമാസം പ്രായമെത്തിയിരിക്കും അപ്പോൾ. ഒരു തെളിഞ്ഞ സായംകാലം. സൂര്യൻ അസ്തമിക്കാറായി. കനകപ്രഭവീശുന്ന സന്ധ്യാംബരം. സാന്ദ്രശീതളമായ ചെറുകാററു വീശുന്നുണ്ടു്. അരുമക്കുഞ്ഞിനെ നെഞ്ഞത്തു കുറുകെ ചേത്തു പിടിച്ചിരിക്കയാണു കുറുപ്പു്. ജീവിതസായൂജ്യം കിട്ടിയമട്ടുണ്ടു് ആ അച്ഛനു്. പ്രശാന്തസുന്ദരമായ നീലാകാശം സാകൂതം ചിമ്മിച്ചിമ്മി നോക്കുന്ന ആ കുഞ്ഞിക്കണ്ണുകൾ നിർവൃതിദായകമായ പ്രകൃതിനിരീക്ഷണത്തിൻെറ പ്രാഥമികപാഠങ്ങൾ പരിശീലിക്കയാവാം. ആ പളുങ്കിന്മണികളിലൂടെ പ്രതിഫലിക്കുന്ന പരമാഹ്ലാദരശ്മിയാൽ ഹഠാദാകഷിതമത്രേ താതൻെറ സമസ്തചേതനകളും. അന്തിമയങ്ങുന്ന നേരത്തു സ്വന്തം വീട്ടുമുററത്തു കുഞ്ഞിനെയും കൊണ്ടു ലാത്തുകയാണെന്നേ മററു കാണികൾക്കു തോന്നൂ. അനന്തരതലമുറയുടെ കൈയും പിടിച്ചു വിശാലലോകത്തേക്കു സുദീർഘയാത്ര തുടങ്ങിയ ചേതോഭാവമാണു് ശുദ്ധാത്മാവിനു്.

അടങ്ങാത്ത അസൂയയാണു് ആ ചങ്ങാതിയോടു തോന്നിയതു്. സത്യത്തിലർഹിക്കാത്ത അപത്യസുഖമല്ലേ കുറുപ്പു് അനുഭവിക്കുന്നതു്? മുഴുത്ത വൈരുദ്ധ്യം പ്രസ്പഷ്ടമത്രേ, മുഖത്തു കണ്ണുള്ളവക്കെല്ലാം. ആ ദുഃഖസത്യത്തിനുനേരെ ജാത്യാന്ധത നടിക്കയാണു് കുറുപ്പു സാമത്ഥ്യപൂർവ്വം. അഥവാ, അയാളുടെ നേത്രങ്ങളിലിൽ ഈ കൊടിയ വൈരുദ്ധ്യം തീരെ വെളിപ്പെടുന്നില്ലേ?

കടന്നു് കുഞ്ഞിനെ പിടിച്ചെടുക്കണമെന്നു കരളിൽ കൊതിതോന്നി. അകലെനിന്നാരെങ്കിലുമതു കണ്ടാലോ? ചങ്ങാതിയുടെ കുഞ്ഞെന്നനിലയിൽ അവകാശസ്വാതന്ത്ര്യങ്ങളുപയോഗിക്കാം; കുറുപ്പുമായുള്ള ചിരകാലസൗഹാർദ്ദത്തിനുകൂടി ദുർവ്യാഖ്യാനം പ്രചരിക്കുന്നുണ്ടിപ്പോൾ. സാമ്പത്തികമായി തങ്ങൾതമ്മിലുള്ള ഭീമമായ അകൽച്ച പണ്ടും വേണ്ടാത്ത ദുരത്ഥം വച്ചുകെട്ടാൻ വഴിതെളിച്ചിരുന്നു. ഈ ശിശുവിൻെറ ജനനംമുതൽ പണ്ടില്ലാത്ത ദുഷ്പ്രവാദങ്ങൾകൂടി പ്രചാരത്തിൽ വന്നു. ആ നിലയിൽ ഹൃദയത്തിൻെറ അദമ്യമായ ദാഹം അമത്തിവയ്ക്കുകയല്ലേ നിവൃത്തിയുള്ളു.

വളന്നു വളന്നു വന്നു് ബാബുവിനു ബുദ്ധിയുറച്ചതോടെ അച്ഛൻെറ കൂട്ടുകാരനായി അറിയപ്പെടുന്ന ഈ കറുത്ത നെടുങ്കനെ അടുത്തു

കാണുന്നതുതന്നെ ഭയമായിരുന്നു. ഒട്ടൊന്നു് ഓർമ്മയുറച്ചപ്പോൾമുതൽ ഭയത്തോടൊപ്പം ഒരു പകയോ വെറുപ്പോകൂടി നിഴലിട്ടുതുടങ്ങി. ഏതെങ്കിലുംതരത്തിൽ താൻ സമീപിക്കാൻതന്നെയും സമ്മതിക്കില്ലവൻ. പിന്നല്ലേ കന്നെടുത്തു ലാളിക്കുക?

പ്രകൃത്യാ ജന്മശത്രുത്വമുണ്ടു് ചില ജീവികൾക്കു തമ്മിൽ. എലിക്കു പൂച്ചയോടും പാമ്പിനു കീരിയോടും കോഴിക്കു കുറുക്കനോടുമെല്ലാം. അതേതരത്തിൽ അവനു് ജനനത്തോടൊപ്പം ബാധിച്ചതാണു് തന്റെ നേക്കൊരു തീരാപ്പകയും. ആ പരാങ്മുഖത്തെ നേരിട്ടുമ്പോഴെല്ലാം ശക്തിയായ കുററബോധമുദിക്കും മനസ്സിൽ. പുറത്തു കാട്ടാൻ ധൈര്യമില്ല—സാമൂഹ്യമായ പ്രമാണിത്തമോർത്തു്. മിക്കവാറും സമീപത്തുണ്ടാവുന്ന നാണുക്കുറുപ്പിനെ പേടിച്ചും.

തനിക്കു കരളിന്റെ കരളായ ആ കുരുന്നുമെയ്യ് കാലത്താൽ വളന്നുവരുന്തോറും അതിനുള്ളിലെന്നോ കുടികൊണ്ട വിരോധവും വദ്ധിക്കയായിരുന്നു. അകലുംതോറും അടുത്തുകൂടാൻ ആവേശം പെരുത്തു തനിക്കും. സ്വഭാര്യയിൽ പിറന്ന നാലു പെൺമക്കളുണ്ടു്, തന്നെ അച്ഛനെന്നു വിളിക്കാനും ആദരിക്കാനും. ഈ അച്ഛന്റെ ദയാമയമായ പെരുമാററത്തിനു ദാഹിച്ചിരിക്കയാണു നാലു പെൺപിള്ളേരും. എങ്കിൽക്കൂടി തനിക്കു പിറന്ന—തന്നെപ്പോലിരിക്കുന്ന—ഒരേയൊരു മകന്റനേക്കാണു് ഈ അച്ഛന്റെ അപത്യസ്നേഹമാകെയും!

ബാബുവും നാണുക്കുറുപ്പും കൊക്കിൽ ജീവനുള്ളകാലം തുറന്നുസമ്മതിക്കാൻ തയ്യാറില്ല—തന്റെ നിഗൂഢപിതൃത്വം. വെറും പൊള്ളയായ സാമൂഹ്യാചാരം അതിന്റെ മുഴവൻ കരുത്തോടെയും പൊതിഞ്ഞുപിടിക്കുന്നു, തനി യാഥാത്ഥ്യത്തെ. എല്ലാ ബാഹ്യഭംഗികളെയും പിച്ചിച്ചീന്തി നഗ്നസത്യം പുറത്തു വരുത്തണമെന്ന ശാഠ്യം വളരുന്നു ഹൃദയത്തിലും.

മുഡാനിക്കുഞ്ഞമ്മ പെററ നാലു കൊച്ചുകുഞ്ഞമ്മമാരെയുംകാൾ സുഭിക്ഷതയിൽ ജീവിക്കാൻ ന്യായമായും അവകാശമുണ്ടു് ബാബുവിനു്. മംഗലത്തെ പെരുത്ത സമ്പത്താണു് ആ കൊച്ചുകുഞ്ഞമ്മമാരെ പൊന്നിന്റെ പുറത്തിരുത്തി വളത്തുന്നതു്. അതേസമയം അവർ നാലുപേരെയുംകാൾ സുഖസമൃദ്ധിയിൽ ജീവിക്കേണ്ട ഇവനൊരുത്തൻ സ്വതേ ദരിദ്രനാരായണനായ നാണുക്കുറുപ്പിന്റെ സമസ്ത വറുതികളിലുംപെട്ടു് വാടിത്തളന്നു വരുന്നതോർമ്മിച്ചാൽ കരൾക്കാമ്പു ദഹിച്ചുപോകുന്നു! സമയത്തിനു നല്ല ആഹാരമോ സാമാന്യം മതിപ്പുംള്ള വേഷമോ തുല്യവയസ്കർ പലരെയുംപോലെ സ്വല്പം ധാടിമോടികളോ അവനിന്നു ലഭിക്കുന്നില്ല. ഈ പതിനേഴ വയസ്സുവരെ ലഭിച്ചിട്ടു

മില്ല. സർവ്വതോമുഖമായ ബുദ്ധിമുട്ടും ഇല്ലായ്മയുംകൊണ്ടു നിറഞ്ഞ തുണ്ടുപറമ്പിലെ ചെറുകുരങ്ങുള്ളിൽ വീഴ്പുമുട്ടുകയാണ്! നിത്യദാരിദ്ര്യത്തിൻെറ ആ പട്ടുകുഴിയിൽനിന്ന് അവനൊരുത്തനെ സമുദ്ധരിച്ചെടുക്കാൻ മനസ്സും ബുദ്ധിയും ചെലുത്തിനോക്കി. ഒട്ടേറെ ഉപായങ്ങൾ പ്രയോഗിച്ചു. പല പരിപാടികളും ആവിഷ്കരിച്ചു. മൊട്ടപ്പാറക്കെട്ടിനുനേക്കു തൊടുത്തുവിട്ട ഒളിയമ്പുകളായി അവസാനിച്ചു അവയെല്ലാം.

ആരൊരുവനെ അനുഭവിച്ചുപോരുന്ന പരമദാരിദ്ര്യത്തിൽനിന്നു കരയേററാനുദ്ദേശിച്ചോ അവൻതന്നെയാണതു ധിക്കരിക്കുന്നതു്. അനുകമ്പാപൂർവ്വം നീട്ടിയ സഹായഹസ്തം തട്ടിമാററുന്നതു്! സ്നേഹപൂർവ്വം നൽകിയ സഹായവാഗ്ദാനങ്ങളെ നിരസിക്കുന്നതു്! അവസാനം നിരങ്കുശമായ അപത്യവാത്സല്യത്തോടെ സർവസ്വദാനത്തിനു മുതിന്നപ്പോഴും മുഖം വെട്ടിത്തിരിച്ചതു്!

ശ്വസിക്കുന്ന പ്രാണവായുകൂടി മറ്റാക്കെങ്കിലും ഒററിയോ തീറോ എഴുതിക്കൊടുക്കാൻ ഒരുമ്പെട്ടിറങ്ങി നാണക്കുറുപ്പു്. എഴുതിക്കൊടുക്കാവുന്ന എല്ലാ ആധാരങ്ങളും ഏററുവാങ്ങാൻ തുനിഞ്ഞു, ധനികനായ താൻ. മതിപ്പുംവിലയിൽ കൂടുതലെന്നല്ല–ഒരു മതിപ്പില്ലമൊതുങ്ങാത്ത വൻസംഖ്യതന്നെയും കൊടുക്കാമെന്നു സമ്മതിച്ചു. യാതൊരു രേഖയും ഇല്ലാതെ നിരുപാധികം ദാനംചെയ്യാൻ സന്നദ്ധനായി. അപ്പോഴേക്കു് അതുവരെ ആരും നിനച്ചിരിക്കാത്ത മറെറാരു സഹായമാർഗ്ഗം ദൂരെ കണ്ടു. തഴുകിപ്പിടിച്ചിരുന്ന സ്നേഹഭരിതൻെറ സമാശ്ലേഷഹസ്തങ്ങൾ തട്ടിമാററി. തൊടുത്തുവിട്ട ശരംകണക്കെ വിദൂരകേന്ദ്രത്തിലേക്കു പറന്നേ കഴിഞ്ഞു ഹൃദയശൂന്യൻ.

ഹൃദയശൂന്യമെന്നോ സ്നേഹശൂന്യമെന്നോ വാസ്തവത്തിൽ വ്യവഹരിക്കാമോ? ഏതേതു ദൈന്യനിലയിലും ചലിക്കാത്ത വീരാഭിമാനമല്ലേ എല്ലാററിനുമടിയിൽ? രഹസ്യവാതലിലൂടെ നീട്ടുന്ന ദാനമായല്ലേ അവനു തോന്നുക? തങ്ങളുടെ ഇല്ലായ്മയെ സമ്മതിച്ചുകൊണ്ടല്ലേ വച്ചുനീട്ടുന്ന ഭിക്ഷ വാങ്ങിക്കാനാവൂ? ആരുമാരും ലോകത്തു ധനവും കൊണ്ടുവന്നു ജനിക്കുന്നില്ല. അപൂർവ്വം ചിലക്കു് ജനിച്ചുവീഴുന്ന ഗൃഹം സുഭിക്ഷതയുടെ കേന്ദ്രമായിരിക്കും. പിന്നെ ചിലക്കു് ജീവിക്കാൻ വേണ്ട വക സ്വയം നേടേണ്ടിയിരിക്കും. ആ വഴി കഴിവതു പണിപ്പെട്ടിട്ടും പരാജയപ്പെട്ടുപോകുന്ന ബഹുഭൂരിപക്ഷമുണ്ടു്, പ്രപഞ്ചത്തിലൊട്ടാകെ. അങ്ങേയററം അദ്ധ്വാനിച്ചിട്ടും അവശതയിലേക്കു് അനുദിനമെന്നോണം അടിഞ്ഞടിഞ്ഞുതാഴുന്ന ഹതഭാഗ്യർ! അക്കൂട്ടത്തിലും ദുരഭിമാനികളുണ്ടു്, അപൂർവ്വമായെങ്കിലും. സ്വയാജ്ജിതമായ സ്വല്പ വിഭവംമാത്രം സ്വാദിഷ്ഠമായിത്തോന്നുന്നവർ; അത്തരത്തിലൊരുത്ത

നാണു് തുണ്ടുപറമ്പിൽ നാണക്കുറുപ്പം്. ആ വളത്തച്ഛനിൽനിന്നു വശമാക്കിയ മൗഢ്യം വളരെയുണ്ടാവും ബാബുവിനും.

ന്യായമായി കൈനീട്ടി വാങ്ങാവുന്ന മുതലേ അവനു വേണ്ട എന്നു വിചാരിക്കുന്നതു ദുരഭിമാനമാണോ? ബോധ്യമല്ലാത്ത പിതൃപുത്രബന്ധത്തിനു തലകുനിക്കാത്തതു മൗഢ്യമാണോ? പെരുമപ്പെട്ടവനെ നോക്കി പിതാവെന്നു വിളിക്കാൻ നില്ക്കില്ല നിജമുള്ളവൻ! ശുദ്ധമൂലമായ ജാത്യഗുണമാണതു തെളിയിക്കുന്നതു്. മനസ്സിലായിട്ടില്ലെങ്കിലും മംഗലത്തു ഗോവിന്ദപ്പിള്ളയുടെ മകൻതന്നെയാണവൻ! ഈ പിടിവാശിയും ശാഠ്യവുമില്ലെങ്കിലേ വിസ്മയിക്കേണ്ടു. സിംഹത്തിൻെറ സന്തതി സടകുടയും, സ്വാഭാവികമായി!

എങ്കിലും അതേപാട്ടിനുവിടാൻ എനിക്കിന്നു മനസ്സു വരുന്നില്ല. എൻെറ മകനെ എനിക്കു തിരെയ്യ വേണം! അവനെ ഇത്രനാളും വളത്തിപ്പോന്ന കാവൽക്കാരൻ മാത്രമാണു് നാണക്കുറുപ്പം്. യഥാൎത്ഥ ഉടമസ്ഥൻ മുറപ്രകാരം ആവശ്യപ്പെട്ടമ്പോൾ മടക്കി ഏല്പിക്കേണ്ട ബാദ്ധ്യതയേയുള്ളു കാവൽക്കാരനു്!

ഇവിടെ കാവൽക്കാരനോ കൈവശക്കാരനോ അല്ലല്ലോ ബലമായ തടസ്സം നില്ക്കുന്നതു്. ആക്കുവേണ്ടി മംഗലത്തു ഗോവിന്ദപ്പിള്ള മണൽത്തരിയോളം ചെറുതാകാൻ തുടങ്ങുന്നുവോ ആ അരുമക്കുട്ടൻ തന്നെയ അങ്ങേയറ്റം ഇടന്തിരിവെട്ടുകയാണു്! കൊതിച്ചുനീട്ടിയ ക്കൈ തട്ടി തനിയെ ഉരുണ്ടുകളികയാണു തങ്കക്കുടം. കടന്നുപിടിച്ചാശ്ലേഷിക്കാൻ നീട്ടിയ കരവലയത്തിൽനിന്നു കുതറിയോട്ടുകയാണു കുസൃതിക്കുട്ടൻ.

ഗത്യന്തരമില്ല കുഞ്ഞേ! എനിക്കു നിന്നെ വേണം! നിന്നെ മാത്രം! നിരുപാധികം വേണംതാനും. അതിനുവേണ്ടി മറെറന്തും ത്യജിക്കാനും തയ്യാറുണ്ടു്. ഒരു മകനെക്കാൾ വലുതല്ല ഭൂമിയിൽ മറ്റൊരു സമ്പത്തും.

നിന്നെ പുത്രഭാവേന വളത്തിക്കൊണ്ടുവന്നു കുറുപ്പം്; കാക്കക്കൂട്ടിൽ കുയിൽ കണക്കെ. അതൊരു സഹായമായി കരുതുന്നില്ല പുംസ്കോകിലം. ദൂഷിച്ച സ്വകാര്യതല്പരതയായേ കാണുന്നുള്ളു. ഒരു കുയിൽക്കുഞ്ഞിനെ തൻെറ കുഞ്ഞാക്കിയെടുക്കാൻ ക്രോഷ്ടാവു പരമാവധി ശ്രമിച്ചു. അതിൻെറ പേരിൽ ഒരവകാശവാദമുന്നയിക്കാൻ കാര്യമെന്തു് കാകനു്? സ്വകിശോരത്തിനുമേൽ ബലിഭുക്കിനൊരു കുട്ടവകാശം സമ്മതിച്ചുകൊടുക്കുമോ ആൺകുയിൽ?

നാണക്കുറുപ്പിനു വേണമെങ്കിൽ മംഗലത്തെ സ്വത്തിന്റെ പകുതി എഴുതിക്കൊടുക്കാം. പതിനേഴു വയസ്സു വരെ ബാബുവിനെ വളത്തിക്കൊണ്ടുവന്നതിൻെറ കൂലിയായിരിക്കട്ടെ. അഥവാ, കുറുപ്പിൻെറ

മകനെന്ന ലോകബോധ്യത്തിൽനിന്നു വിടർത്തിയെടുക്കാനുള്ള വ്യയമായിക്കൊള്ളട്ടെ.

അത്ഭുതമേ! അത്യാവേശപൂർവ്വം അടുത്തു ചെല്ലുന്തോറും അകന്നകന്നുമാറുകയാണു് ഓരോ ഘടകവും. താനായി സ്വയം താഴ്ന്നുകൊടുക്കുന്നിടത്തോളം ബന്ധപ്പെട്ട വ്യക്തികൾ തലയ്ക്കുമീതെ സവാരി നടത്തുകയാണു്. അറിയപ്പെട്ട കാലംമുതൽ ഒരാശ്രിതനായിക്കഴിഞ്ഞ നാണക്കുറുപ്പുംപോലും അയാളുടെ വീട്ടിൽവച്ചു് അമ്പേ തട്ടിക്കയറുകയാണു്! താനായി വച്ചുനീട്ടിയ നിഖിലസഹായധനങ്ങളും നിർവിശങ്കം നിരാകരിക്കുന്നു—ശുദ്ധമേ ദരിദ്രനാരായണൻ!

പ്രത്യാശ മുഴുവൻ തകരുന്നു. പുത്രന്റെ മേലുള്ള അവകാശവാദം കൂടി നിഷേധിക്കപ്പെടുന്നു.! ബാബുവിനെ വിട്ടുകിട്ടില്ലെന്നു വെളിപ്പെടുന്നു! ശേഷിച്ച ജീവിതം ദുർവഹഭാരമായിത്തീരുന്നു!

ഇന്നോളം നിലനിന്ന അഹന്തയാകെ ഒരു പിടി ചാമ്പലായി മാറി. സ്വന്തം ആസ്തിത്വം തന്നെയും തുത്തുമാസ്സും പോലെ. ശരീരത്തിൽ ചരിക്കുന്ന പ്രാണശ്വാസമെമ്പാടും നെടുവീർപ്പിലൊതുങ്ങുന്നുണ്ടു്. ജീവരക്തമാകെ തപ്തബാഷ്പബിന്ദുവിലും.!

DISTRIBUTING LIBRARY
No. ..............
KOTTAYAM

# അദ്ധ്യായം ഒൻപത്

"അയ്യേ!......മണ്ടാ......" കുറുപ്പ് ഗോവിന്ദപ്പിള്ളയുടെ കണ്ണീർക്കണങ്ങളെ കളിയാക്കുകയാണു്.

"ഞാമ്പറഞ്ഞതു.........മനസ്സിലായോ?" നന്നേ ശ്രമപ്പെട്ടാണു ഗോവിന്ദപ്പിള്ളയുടെ ശബ്ദം പുറത്തേക്കു വരുന്നതു്.

"പറയാത്തതും കൊറെ മനസ്സിലായി."

"എനിക്കൊള്ള സ്വത്തിന്റെ നേരെ പകുതി ഞാൻ ബാബുവിന്റെ പേക്കെഴുതിക്കൊടുക്കാം."

"വെലകെട്ട വാക്കൊന്നും കണ്ടമാനം വലിച്ചെറിയാതെ കോന്നപ്പുള്ളേ!"

"വെറുതെ പറകയല്ല, ഞാൻ!"

"ഇവള് കേൾക്കാൻ കൂടിയായിരിക്കും?"

"നിങ്ങള് രണ്ടുപേരും കേൾക്കാൻ"

"അത്രയ്ക്കു വിവരക്കേടൊണ്ടോ—നിങ്ങൾക്കെന്നോടു പറയാൻ?"

"ഞാനായിരമായിരം തവണ മാപ്പു പറകയാ......"

"അതായിക്കോ!"

"ദാനയാധാരം?"

"വേണ്ടാ!"

"കുറുപ്പിൻെറ പേക്കല്ലേ"

"എനിക്കും എന്റെ മോനും വേണ്ടാ—ഒരുത്തൻേറം ദാനം! നല്ലോണ്ണം കൈകൊണ്ടു വേലയെടുത്തു ജീവിക്കാനറിയാം ഞങ്ങൾക്കു്. പിന്നൊരുത്തൻെറ പിച്ചക്കാശിനു മോഹിക്കണോ?"

സഹായാഭ്യർത്ഥനയോടെ മംഗലത്തു പ്രഭു ജാനകിയമ്മയുടെ നേക്കു തിരിഞ്ഞു—"വാസ്തവത്തിലിതു പിച്ചക്കാശാണോ ജാനകി യമ്മേ?"

കുറുപ്പിൻെറ മുഖം പിന്നെയും ചുവന്നു—"പോടീ അപ്പുറത്തു്!"

നിശ്ശബ്ദം രംഗത്തുനിന്നു നിഷ്ക്രമിക്കാതെ ഗത്യന്തരമില്ല ഗൃഹ ണിക്കു്. പത്നി പോയി മറഞ്ഞ ശേഷവും ഭർത്താവിൻെറ ദേഷ്യം പിന്നാലെ ഇരച്ചെത്തുകയാണു്—

"അവളു വന്നിരിക്കുന്നു! നാണുക്കുറുപ്പിനു കാര്യഭോദം പറഞ്ഞു തരാൻ!"

കുറുപ്പു കുറച്ചു ക്ഷമയോടെ കേൾക്കണം—"അനുനയസ്വരത്തിൽ വീണ്ടും ആരംഭിച്ചു ഗോവിന്ദപ്പിള്ള."

"ഒരുപാടു ക്ഷമയൊന്നും പഠിപ്പിക്കാൻ വരാതെ!"

"നിങ്ങടെ കൊച്ചനു നല്ലൊരു സ്വത്തു കിട്ടാമ്പോകയാണു്. അതിനു വിലക്കു പറയരുതു്! തടസ്സപ്പെടുത്തരുതു്!"

"ഈ സൊത്തൊരു കൂട്ടമാണു് മനിഷേനെ ഇത്രയ്ക്കു ചീത്തയാക്കു ന്നതു്."

"സ്വത്തു മനുഷ്യനു ജീവിക്കാനൊള്ളതാ!"

"സൊത്തില്ലാത്തോരാരും ജീവിക്കുന്നില്ലേ?"

"അരിഷ്ടിച്ചു ജീവിക്കും. അതുപോരാ ബാബു!"

"അവൻ രാജകൊട്ടാരത്തിലല്ല ജനിച്ചതു്. ഉണ്ടപറമ്പിലാ?"

"എന്നുവച്ചു ന്യായമായി കിട്ടാവുന്ന മുതൽ ഉപേക്ഷിക്കണോ?"

"അപ്പറഞ്ഞ ഞായമാണെനിക്കു മനസ്സിലാവാത്തതു്."

"ഇതിൽക്കൂടുതൽ ഞാനെങ്ങനെ വിശദീകരിക്കാനാ?"

"ഈ സൊത്തുകാക്കു മാനാഭിമാനമെന്നൊന്നു തൊട്ടുതെറിക്കാൻ കൂടെയില്ല്യോ?"

"ഞാനെൻെറ അഭിമാനം കൂടി വിററു! ഒരു......"

"ദത്തുപുത്രനെ മേടിക്കാൻ?"

"ശരി! ദത്തുപുത്രനെങ്കിൽ ദത്തുപുത്രൻതന്നെ! ആ നില്യ്ക്കെങ്കിലും കരുതി അവനെ എനിക്കു വിട്ടുതരൂ!"

"കോന്നപ്പുള്ളേടെ നെഞ്ചു കരിങ്കല്ലാണോ? എനിക്കെത്രയൊ ണ്ടൊന്നിനെ നിങ്ങക്കു വിട്ടുതരാൻ? ആണായാലും പെണ്ണായാലും അതൊന്നുമാത്രം. അതിനെയങ്ങു തന്നേക്കാൻ പറഞ്ഞാൽ ദൈവത്തി നു പൊറുക്കുമോ?"

"ഒരു കൂട്ടവകാശമായാലോ?"

"എങ്ങനെ?"

"നമ്മൾ രണ്ടാൾക്കും ഒരുപോലെ അവകാശം!"

"നെറികേട്!"

"ഒന്നുമില്ലെന്നേ!"

"എന്നെനിക്കുകൂടെ തോന്നണ്ടേ?"

"അവനെയിട്ട കഷ്ടപ്പെടുത്തിയേ നിങ്ങൾ സമ്മതിക്കൂ? സുഭിക്ഷമായി ജീവിക്കാനുള്ള വക ഞാൻ കൊടുക്കാമെന്നു പറയുന്നു. കൊക്കിൽ ജീവനുള്ള കാലം നിങ്ങൾ സമ്മതിക്കയില്ല. എന്നാൽ നിങ്ങൾ കൊടുക്ക്, അതില്ലതാനും. അപ്പോൾ അവൻ വലയണമെന്നല്ലേ സിദ്ധാന്തം? ഒരു മകനോടുള്ള സ്നേഹമാണോ ഇതു്? കൊടുംദ്രോഹമല്ലേ കുറുപ്പേ? ഒരു തന്തയ്ക്കു മകനോടു ചെയ്യാവുന്നതിലേക്കും വലിയ ദ്രോഹം!"

നാണക്കുറുപ്പു് ഒന്നു മലച്ചു. വാക്സാമാർത്ഥ്യം പെരുത്ത ഗോവിന്ദപ്പിള്ളയുടെ മുൻപിൽ അവസാനം പാവം അമ്പേ പരാജയപ്പെട്ടു. മൊഴിമുട്ടി നിലത്തിരുന്നു മെല്ലെ മുറുക്കാൻതട്ടം നീക്കിവച്ചു.

അവസാനം തൊടുത്തുവിട്ട ബ്രഹ്മാസ്ത്രം കുറിക്കുകൊണ്ട കൃതാർത്ഥതയോടെ ഗോവിന്ദപ്പിള്ള യാത്ര പറഞ്ഞിറങ്ങി.

അന്നോളമുള്ള തൻെറ ചെയ്തികളും അനുഭവങ്ങളും പുതിയ കാഴ്ചപ്പാടിലൂടെ വിലയിരുത്തുകയാണു നാണക്കുറുപ്പു്. തനിക്കും ഗോവിന്ദപ്പിള്ളയ്ക്കുമിടയിലെ പൊരുത്തങ്ങളും വൈരുദ്ധ്യങ്ങളും പൂർണ്ണരൂപത്തിൽ പൊന്തിക്കണ്ടു. മംഗലത്തുഭവനവുമായി കെട്ടുപിണഞ്ഞ സ്വജീവിതം ഉടനീളം ചുരുൾ നിവർന്നു വരികയായി മനോമണ്ഡലത്തിൽ.

തറവാട്ടു ഭാഗം നടന്ന കാലത്തു തനിക്കു കിട്ടിയ വീതമാണു്— ആ മുപ്പത്തിഅഞ്ചുസെൻറു പൊറ്റപ്പറമ്പും ഒരു കൂനൻപുരയും! അതിനു മുൻപും അവിടെയാരോ കുടിപാർത്തിരുന്നുവെന്നു് കേട്ടിട്ടുണ്ടു്. പക്ഷെ, അത്രത്തോളമെങ്കിലും മനുഷ്യവാസയോഗ്യമായി മാററിയെടുത്തതു നാണക്കുറുപ്പായിരുന്നു. അന്നു പുരുഷപ്രാപ്തി വന്നിട്ടേയുള്ളു കുറുപ്പിനു്. ഒരുപിടി സമുന്നതസങ്കല്പങ്ങളിൽ മുഴുകിയായിരുന്നു അതുവരെയുള്ള ജീവിതം. നാട്ടിൽ പെരുമപ്പെട്ട രണ്ടു ഭവനമാണു ജന്മം നൽകിയതു്; കക്കാട്ടും, മംഗലത്തും. കക്കാട്ടു കാർത്ത്യായനിയമ്മയിൽ മംഗലത്തു രാമൻപിള്ളയ്ക്കു ജനിച്ച മകൻ. അച്ഛൻ മരിക്കുവോളം അച്ഛൻവീട്ടിൽത്തന്നെ വളർന്നു. അതിനുശേഷവും അവിടെത്തന്നെ തുടരാൻ സൗകര്യമുണ്ടായിരുന്നു. പിതൃവ്യൻ ശങ്കുപ്പിള്ളയ്ക്കും കൊച്ചുനാണുവിനെ സ്നേഹമായിരുന്നു. തുല്യവയസ്കനും കളിത്തോഴനുമായ ഗോവിന്ദപ്പിള്ളയാണു പിന്നെ മംഗലത്തു മൂപ്പേററതു്. മരിച്ച

രാമൻപിള്ളയുടെ മകൻ മച്ചമ്പിയെ കൂടെ പിടിച്ചുനിത്താൻ പുതിയ മംഗലത്തു കാരണവർ കുറെ ശ്രമിക്കയും ചെയ്തു. എട്ടത്താൽ പൊന്താത്ത ദുരഭിമാനത്തിൻെറ പിണിയാളുകളായിപ്പോയി തൻെറ അമ്മാവന്മാർ. ഇരുന്നുണ്ട വീട്ടിൽ ഇരന്നുണ്ണാൻ കക്കാട്ടെ കുഞ്ഞിനെ വിട്ടുകൊടുക്കില്ലെന്നു ശാഠ്യം പിടിച്ച കാരണവന്മാർ. അച്ഛൻെറ മരണശേഷം അതേ ഗൃഹത്തിൽ ആശ്രിതനായി കൂടുക അങ്ങേയറ്റം ആക്ഷേപകരമെന്നു വിധിച്ചു. അംഗസംഖ്യ പെരുത്ത കക്കാട്ടെ അൻപത്തെട്ടെണ്ണത്തിലൊന്നായി അനന്തരജീവിതം നയിക്കാൻ നിർബന്ധിതനായി.

ഭാഗപത്രം രജിസ്റ്റ്രാവും വരെ ബലപ്പെട്ടുനിന്നു ബഹുമാന്യമാതുലന്മാരുടെ ശാസനാധികാരം. തമ്മിൽ തട്ടിച്ചുനോക്കുമ്പോൾ ധനപ്രൗഢിയും തലയെടുപ്പും പണ്ടേ മംഗലത്തേക്കാണ്. അതിനടുത്ത പടി പൊതുവെ മതിക്കപ്പെട്ടിരുന്നു കക്കാട്ടും; സ്വത്തു പൊതുവിൽകിടന്നപ്പോൾ. അതു് അൻപത്തിയെട്ടായി നുള്ളി പങ്കുവച്ചപ്പോൾ ഓരോ അംഗവും ഓരോ തുണ്ടുപറമ്പന്മാരായി തരം താഴ്ന്നേ പോയി. തുലദുഃഖിതനു് സാന്ത്വനമരുളാൻ ഒരുത്തനുമില്ല കഴിവും ശ്രദ്ധയും. താന്താങ്ങൾക്കുള്ള തുച്ഛം സെൻറ് തോന്ന്യാസം തീറെഴുതിത്തള്ളിയാലും ചോദിക്കാനാരുമില്ല.

ഒരുതരത്തിൽ ഓരോരുത്തരും ഒററപ്പെടുകയായിരുന്നു ഈ ആളോഹരിമൂലം. എരിപൊരികൊള്ളുന്ന പരമദൈന്യതയായിരുന്നു തറവാട്ടംഗങ്ങളിൽ പലക്കും. കൂട്ടത്തിൽ ഒട്ടൊന്നു പിടിച്ചുനിൽക്കാൻ പഴുതുകിട്ടി നാണുക്കുറുപ്പിനു്. പെരുമപ്പെട്ട മംഗലത്തു മച്ചമ്പിയുടെ ദീനാനുകമ്പ! കുട്ടിക്കാലം തൊട്ടേ കളിത്തോഴനായിരുന്ന കുറുപ്പിനെ സ്വന്തം സിൽബന്ധിയായി സ്വീകരിച്ചു പ്രഭു ഗോവിന്ദപ്പിള്ള.

പഴയ കക്കാട്ടു കുറുപ്പെന്നു തന്നെയാണു് കരളിലിന്നും നിനവു്. തുണ്ടുപറമ്പിൽ കുറുപ്പെന്നേ പരിഗണിക്കുന്നുള്ളു ഗോവിന്ദപ്പിള്ള പോലും. സമ്പത്തിൻെറ തോതു നോക്കിയാണു ലോകർ എളിമയും പെരുമയും നിർണ്ണയിക്കുന്നതു്. ഏതെങ്കിലും പെരുമ അവകാശപ്പെടുന്നില്ല. ഇങ്ങേയററം എളിമ സമ്മതിച്ചുകൊടുക്കാൻ മനസ്സനുവദിക്കുന്നുമില്ല.

ഭാഗ്യം പെരുത്ത മംഗലത്തു ഭവനത്തിലെ ഭരണാധികാരം കിട്ടി ഗോവിന്ദപ്പിള്ളയ്ക്കു്. ഒട്ടനേകം ഭൃത്യരെ അയാൾക്കു് ആവശ്യമുണ്ടു്. ആ വഴിക്കു് വെറുമൊരു ഭൃത്യൻെറ വിനീതവിധേയത്വം തന്നെക്കൊണ്ടാവില്ല. ബന്ധുത്വമുള്ളവൻെറ സൗജന്യം പററി ജീവിക്കാനും

അഭിമാനം അനുവദിക്കുന്നില്ല. പിടിപ്പതു പണിയെടുക്കാം പരസ്പര ബഹുമാനം പൊട്ടിച്ചെറിയാതെ. ചെയ്യുന്ന ജോലിക്കു പ്രതിഫലമെന്ന നിലയിൽ തരുന്നതു കൈപ്പററി ജീവിക്കയുമാവാം.

എഴുതിവയ്ക്കാത്ത വ്യവസ്ഥകളായിരുന്നു. എങ്കിലും വരവണ്ണും വ്യതിചലിക്കാതെ അനുവത്തിച്ചുപോന്നു; തുറന്ന പെരുമാററത്തിൽ രണ്ടു ചങ്ങാതികൾ. കാര്യം നടത്തിപ്പിൽ യജമാനനും കിങ്കരനും. കല്പിക്കേണ്ടതു ഗോവിന്ദപ്പിള്ള; കല്പിക്കുമ്പടി കാര്യം നിവത്തിക്കേണ്ടതു നാണുക്കുറുപ്പും.

കൂലിത്തക്കം ദീർഘകാലചരിത്രത്തിലില്ല. സൗജന്യം കൊടുക്കുകയാണെന്നു ദാതാവു ഭാവിക്കയില്ല. അവശ്യജീവിതാവശ്യങ്ങളറിഞ്ഞു വേണ്ടതുതരും ആ മനുഷ്യൻ. കിട്ടുന്നതു കയ്യിലൊതുക്കി നിത്യം ചെലവിനങ്ങൾ. ജോലിക്ലേശം മുഴപ്പിച്ചു പറയാൻ പോകില്ല. പണിയുഴപ്പുകയായിരുന്നുവെന്നു ഭർത്സിക്കില്ല മേലാളൻ.

എങ്കിലും ഏറെ നാളത്തെ ചര്യയിൽ യജമാനഭൃത്യഭാവം ഇരുഭാഗത്തും ദാർഢ്യം പൂണ്ടു. ഇരുചേരികളിലും പെട്ട പാർശ്വവത്തികൾ കുറെക്കൂടി വകതിരിച്ചുകണ്ടു. പ്രഭുവും ആശ്രിതനും പരസ്പരം അങ്ങനെ അഭിസംബോധന ചെയ്യാറില്ല. താന്താങ്ങളുടെ സ്ഥാനം നന്നേ ധ്വനിക്കും സംഭാഷണത്തിൽ, പെരുമാററങ്ങളിലും.

പ്രായംചെന്ന പലർക്കുമറിയാം—താൻ മരിച്ചുപോയ മംഗലത്തു കാരണവരുടെ മകനാണെന്നു്! ഇന്നത്തെ ഗോവിന്ദപ്പിള്ളയുടെ മാതുലപുത്രനാണെന്നു്. പക്ഷെ, അടുത്തകാലത്തെങ്ങും ആരുമാരും അക്കാര്യം ഉരിയാടിക്കേൾക്കാറില്ല, പെരുമപ്പെട്ട ഗോവിന്ദപ്പിള്ളയുടെ അനിഷ്ടം ശങ്കിച്ചാവാം. ആ പെരുമപ്പെട്ടവൻ പണ്ടും പരസ്യമായി സമ്മതിച്ചിട്ടില്ല പ്രസ്തുത ബന്ധം. കരുതിക്കൂട്ടി ഘനക്ഷയത്തിനു കവാടം തുറന്നിടുമോ ബുദ്ധിശാലി?

ജാനകിയുടെ വിവാഹമാലോചിച്ചുചെന്ന ദിവസം ന്യായമായി പ്രതീക്ഷിച്ചു—വരപക്ഷത്തെ വിലപ്പെരുപ്പം കരുതിയെങ്കിലും വാസ്തവത്തിലുള്ള ബന്ധം വെട്ടിവിടുമെന്നു്! ചെറുക്കൻെറ കാരണവരോ രക്ഷാധികാരിയോ ആയി ചെന്നിരിക്കയാണു ഗോവിന്ദപ്പിള്ള. അമ്മാതിരി സന്ദർഭങ്ങളിൽ ഭംഗിക്കു കുറെ അധികപ്പററു പറയും സാധാരണ. സത്യത്തിലുള്ളതുതന്നെയും സമ്മതിക്കാൻ തുനിഞ്ഞില്ല മഹാനുഭാവൻ. തരപ്പെടുന്നിടത്തെല്ലാം സ്വന്തം പെരുമ കൂട്ടിക്കാട്ടാൻ തല്പരനത്രേ ആ മനുഷ്യൻ. സിൽബന്ധിയുടെ സംബന്ധാലോചനയ്ക്കു ചെല്ലുന്നിടത്തു സ്വയമിടിച്ചുതാഴ്ത്താൻ ധൈര്യപ്പെടുമോ? നാണുക്കുറുപ്പിന്റെ

നിലയിലൊരു മച്ചമ്പിയുണ്ടെന്നു സൂചിപ്പിക്കുന്നതുപോലും മഹാപോരായ്മയല്ലേ പ്രാഭവത്തിനു്?

അച്ഛൻെറ അനന്തിരവരും അമ്മാവൻെറ മക്കളും അന്യോന്യം മച്ചമ്പിമാരാണു്. സാഹോദര്യത്തിലും കവിഞ്ഞ സമത്വവും സ്വാതന്ത്ര്യവുമാണു മച്ചമ്പിമാർക്കു തമ്മിൽ. മൂപ്പിളമ കണക്കാക്കിയുള്ള ഗുരുത്വവും ലഘുത്വവുമുണ്ടു് സഹോദരങ്ങൾ തമ്മിൽ. ജീവിതത്തിലെ മററു് ഉച്ചനീചഭാവങ്ങളെക്കൂടി പരിഗണിക്കാത്ത നിരുപാധിക സമത്വവും അതിനൊത്ത സ്വാതന്ത്ര്യവുമാണു മച്ചമ്പിമാർക്കിടയിൽ. ഈ സമുദായപാരമ്പര്യംകൂടി സ്ഥാനത്തു പ്രകടിപ്പിച്ചില്ല, ദുസ്സാമർത്ഥ്യം പെരുത്ത മംഗലത്തു മഹാൻ.

ഈ അന്യാചാരത്തിനു നേരെ ആദ്യമായി കുരുന്നുവിരൽ ചൂണ്ടിയതു ബാബുവായിരുന്നു. മംഗലത്തു ഗോവിന്ദപ്പിള്ളയെ കണ്ണെടുത്തിട്ടുകണ്ടുകൂടാ കുട്ടിക്കാലംതൊട്ടേ അവനു്. ആ തെററുതിരുത്തി നേർവഴിക്കു നയിക്കാൻ നിരവധി സാമോപായം പ്രയോഗിച്ചുനോക്കി നാണുക്കുറുപ്പു്. സ്വപക്ഷം സമർത്ഥിക്കാൻ തങ്ങൾ തമ്മിലെ സൗഹാർദ്ദപ്പൊലിമയുടെ നാരായവേരുകൾ വരെ തുറന്നു കാട്ടി. അത്രയേറെ ആഴത്തിലേക്കു നടന്ന ചർച്ചകൾ കൂടുതൽ അപകടം വരുത്തുകയേ ചെയ്തുള്ളു. ഗോവിന്ദപ്പിള്ളയിലെ ക്ഷന്തവ്യമല്ലാത്ത കൊടിയ ദൗഷ്ട്യമായി വ്യാഖ്യാനിച്ചെടുത്തു കുരുന്നുപയ്യൻ. അരുമപ്പെട്ട മകൻെറ മൊഴിക്കു മനസ്സിനെ കീഴടക്കാൻ അത്ഭുതശക്തിയുണ്ടാവുമല്ലോ? ബാബു പറഞ്ഞു പറഞ്ഞു വന്നപ്പോൾ കുറെ കാര്യമുണ്ടെന്നു കുറുപ്പിനും തോന്നിത്തുടങ്ങി. പെരുമപ്പെട്ട മച്ചമ്പിയുടെ പേരിൽ ദീർഘകാലമായി നിലനിന്ന മൈത്രീബന്ധത്തിനും അയവുണ്ടായി. കഴിവതും അകന്നകന്നു മാറാൻ തുടങ്ങി ക്രമേണ.

എങ്കിലും, അതേ ബാബുവിൻെറ അഭിവൃദ്ധിമാർഗ്ഗത്തിൽ അനിവാര്യമായ വിഷമം ബാധിച്ചപ്പോൾ ആ വഴിക്കു സഹായിക്കാൻ കെല്പുള്ള ഗോവിന്ദപ്പിള്ളയെ ശരണംപ്രാപിക്കാൻ നിർബന്ധിതനായി. ദൈവം കനിഞ്ഞു തന്ന നിധിയാണു കുറുപ്പിനു സ്വപുത്രൻ. അവനെ അങ്ങുയരെ ആകാശത്തോളം വളർത്തി വലുതാക്കണമെന്നു നിസ്വനായ പിതാവു ദിവാസ്വപ്നം കണ്ടു. അടങ്കലിൻപടി പറന്നുയരാൻ പണത്തിൻെറ ബലത്ത ചിറകുകൾ അത്യന്താപേക്ഷിതമത്രെ. പണപ്പൊലിമയുടെ കരുത്തു് വേണ്ടതിലേറെയുണ്ടു് ഗോവിന്ദപ്പിള്ളയ്ക്കു്. കടം തന്നു സഹായിക്കാൻ കെഞ്ചുന്നതിൽ കുറച്ചിലൊന്നുമില്ല. കൊടുത്തു വീട്ടാൻ വകയുള്ളിടത്തോളമല്ലേ കടം ചോദിക്കൂ?

ആവശ്യപ്പെട്ടതിൽ കവിഞ്ഞ സംഖ്യ തരാൻ ഉത്തമജ്ഞൻ സമ്മതിച്ചു. വ്യവസ്ഥകൾ നന്നേ മയപ്പെട്ടത്താനും. ഈ ഇളവെല്ലാം ഇരകൊരുത്ത ചൂണ്ടലിൻെറ ചരടയച്ചു വിടുന്ന ദുർന്നയം മാത്രമാണെന്നു ബാബു സമർത്ഥിച്ചു. തൊണ്ടയ്ക്കു ചൂണ്ടൽ തറയുന്ന ഭോജ്യപരിപാടി വിശന്ന വേളയിലും സ്വീകാര്യമല്ലതന്നെ.

കടം ചോദിച്ചതും കുറെ കൂട്ടതലും ദാനമായി തന്നേക്കാമെന്നായി പിന്നെ. അത്തരം പിച്ചക്കാശു മുടക്കി തുടർന്നു പഠിക്കാൻ തയാറില്ല ബാബു. സർവ്വതന്ത്രസ്വതന്ത്രമായ സ്വാശ്രയജീവിതമാണ് അവൻെറ ലക്ഷ്യം. വല്ല പണക്കാരനും വിലയ്ക്കപ്പെടാവുന്നതല്ലത്രേ വരിഷ്ഠ ജീവിതം.

അവൻെറ വാദമുഖങ്ങളെ ജയിക്കാൻ കോപ്പില്ല പാവം പിതാവിനു്. ഇഷ്ടത്തിനു വിരുദ്ധമായി താൻ വരച്ചവരയിൽ നിൽക്കണമെന്നു ദുശ്ശാഠ്യവുമില്ല. ബാബുവിനുകൂടി സർവ്വഥാ ഹിതകരമായ പാതയിലൂടെ മാത്രം സ്വചരണങ്ങൾ ചലിപ്പിക്കാനേ കുറുപ്പിനുദ്ദേശമുള്ളു. ആ പതിനേഴവയസ്സുകാരൻ പറയുന്നതെന്തും പിതാവിനു വേദവാക്യമത്രേ.

പ്രതീക്ഷിക്കാത്തപടി സംഭവങ്ങൾക്കു പിരിമുറുകിവന്നു. കെട്ടുപാടുകൾ കൂടുതൽ കൂടുതൽ സങ്കീർണ്ണങ്ങളായി. ആ അരുമപ്പുത്രൻെറ പേരിൽ അവകാശവാദവുമായി അപരൻ കടന്നുവരുന്നു. ആ എതിരാളിയോ? എല്ലാത്തരത്തിലും തന്നെക്കാൾ അനേകംമടങ്ങു ബലവാൻ!

പരാജയ ഭീതിയല്ല. ബാബുവിനെ അക്കഴിഞ്ഞ പതിനേഴവർഷംകൊണ്ടും മനസ്സിലാക്കാൻ കഴിഞ്ഞിടത്തോളം ഒരു പരാജയഭീതിക്കു പ്രസക്തിയില്ല. കനകംകൊണ്ടഭിഷേകം ചെയ്യാമെന്നു പ്രലോഭിപ്പിച്ചാലും അവൻ പ്രതിപക്ഷം ചേരുകയില്ല. പക്ഷേ, ആരൊരുവൻെറ അഭ്യുന്നതിക്കു വേണ്ടി പ്രാണശ്വാസം കൂടി സന്ത്യജിക്കാൻ തോന്നിപ്പോകുന്നോ—അതേ ആരോമൽപുത്രനു്—തൻെറ ആയുഷ്ക്കാലം മുഴവനും കഠിനാദ്ധ്വാനം ചെയ്താലും സ്വപ്നം കാണാനാവാത്ത സ്വത്തും പദവിയും ഗോവിന്ദപ്പിള്ള സമ്മാനിക്കുന്നു.

ആ അത്ഭുതഭാഗ്യത്തിനു കുറുക്കുനില്ക്കുന്നതു താനൊരുത്തൻ! ബാബുവിനു വച്ചുനീട്ടുന്നമുതൽ വേണ്ടെന്നു വിലക്കാൻ കൈ ചലിപ്പിക്കുന്നില്ല നാണുക്കുറുപ്പ്. പക്ഷേ ഭൂമണ്ഡലത്തിൽ താനൊരുത്തൻ തടിപോലെ ജീവിച്ചിരിക്കുമ്പോൾ അതവനു കിട്ടാമ്പോണില്ല! ഒരച്ഛൻ

മകനെ തനിക്കൊത്ത പ്രാഭവത്തിലേക്ക പിടിച്ചുയൎത്താൻ കൈ നീട്ടുന്നു. വകയില്ലാത്ത മറെറാരച്ഛനെ–പുറകിൽ വിളിക്കാനപ്പോൾ–പിന്നിൽ കാണാമോ?

അപത്യസ്നേഹമൊന്നുമാത്രം കൈമുതലായുള്ള ഈ എളിയവന്റെ തിരോധാനം ബാബുവിന്നു കുറെ നാളത്തേയ്ക്കു മനക്ലേശമുണ്ടാക്കാം. തത്സമയം–സമൎത്ഥമായ സാന്ത്വനം പറയാൻ സാമൎത്ഥ്യം പെരുത്ത ഒരച്ഛനും പെററമ്മയും ഇരുവശത്തുമുണ്ടാകും! കാലംകൊണ്ടെൻെറ കുഞ്ഞിൻെറ മനോവിഷമം മാറിപ്പോകും! മികച്ച ധനൈശ്വൎയ്യങ്ങളിൽ മുഴകി മേല്ക്കുമേൽ ജീവിതസൗഖ്യം വൎദ്ധിക്കും!.

# അദ്ധ്യായം പത്ത്

ആറേഴതവണ മുറുക്കിത്തുപ്പി. അതിനിടയിലെപ്പോഴോ അതിഥി യാത്രപറഞ്ഞിറങ്ങിപ്പോയി. ആ മാന്യൻ പടിയിറങ്ങി നടന്നകലുന്നതു് അട്ടക്കളെയുടെ വടക്കേ മുററത്തുനിന്നു ജാനകിയമ്മയും കണ്ടു. പിന്നെയും മണിക്കൂറുകൾ നിശ്ശബ്ദം ഇഴഞ്ഞുനീങ്ങി. എന്നിട്ടും പൂമുഖത്തു വായുതന്നെയും സ്തംഭിച്ച പ്രതീതിയാണു്.

പാങ്ങല്ലാതെ നേരം വളരെ നീണ്ടപ്പോൾ ഗേഹിനി പതുങ്ങിവന്നു് ഉളിഞ്ഞുനോക്കി. പഴയപടി ചുവരും ചാരിയിരിക്കുകയാണു ഗൃഹനാഥൻ. അറച്ചറച്ചു മുന്നോട്ടുനീങ്ങി വെളിച്ചപ്പെട്ടു മെല്ലെ ചോദിച്ചു.

“ഹെങ്കിലും—ഇതെന്തിരുപ്പാ ദൈവമേ! നേരോം ഉച്ചതിരിഞ്ഞല്ലോ?”.

ശബ്ദം കേട്ട ഭാഗത്തേക്കു് മുഖംതിരിച്ചൊന്നു നോക്കിയതേയുള്ളു കുറുപ്പ്. പ്രത്യുക്തിയൊന്നുമുണ്ടായില്ല.

“ഒന്നെണീച്ചു പല്ലുതേച്ചു കഞ്ഞികുടിക്കാൻവന്നേ!” കഠിന തപസ്സിളക്കാൻ ഗൃഹനായിക ഒരിക്കൽക്കൂടി മിനക്കെട്ടുനോക്കി.

പൂർണ്ണ ബധിരന്റെ നിർവ്വികാരതയാണു കുറുപ്പിന്റെ മുഖത്തു കണ്ട മറുപടി.

പുകഞ്ഞു നില്ക്കുന്ന അഗ്നിപർവ്വതത്തിന്മേൽ കൂടുതൽ ദേഹണ്ഡമിറക്കിനോക്കാൻ ജാനകിയമ്മ ധൈര്യപ്പെട്ടില്ല.

എങ്കിലും നിശ്ശേഷം പരാജയപ്പെട്ടു പിൻവാങ്ങാൻ നിവ്വാഹവുമില്ല—“ചെവികേക്കത്തില്ല്യോ—ബാബൂന്റച്ചനു്?”

............"

"കണ്ണുതൊറന്നോണ്ടിരുന്നൊറങ്ങുവാണോ?"

"............"

അടുത്തുചെന്നു പ്രേമപൂർവ്വം തോളത്തുപിടിച്ചു കുലുക്കാൻ നോക്കി ജാനകിയമ്മ. ആ വിരൽത്തുമ്പുകൾവന്നു തൊട്ടുംമുമ്പേ തട്ടിയെറിയപ്പെട്ടു. സാദൃശങ്ങളായ അനുനയ പരിപാടികൾക്കാകെ പ്രതിരോധം പ്രഖ്യാപിക്കുമാറു പെട്ടെന്നെഴുന്നേററു ഭർത്താവ്. കൈനീട്ടി സ്പർശിക്കാൻ കഴിയാത്ത ദൂരത്തിലേക്കു മാറിനിന്നു ക്രുധിതൻ. ആയുസ്സിലന്നോളം ദർശിക്കാത്ത ഭർത്തൃരോഷമത്രേ ജാനകിയമ്മയെ അഭിമുഖീകരിച്ചതു്.

അവർ പകച്ചു നോക്കിനില്ക്കെ കുറുപ്പു മുറിക്കകത്തുകയറി വേഷം പകർന്നു് എവിടേക്കോ യാത്രക്കൊരുങ്ങുകയാണു്, കുടയുമെടുത്തു മുററത്തിറങ്ങി. അത്രനാളും തൻെറ ജീവിതത്തിലെ 'നല്ലപാതി' യായിരുന്ന ഒരുത്തി അവിടെനില്പുണ്ടെന്നു് ആ മനുഷ്യൻ ഭാവിക്കുന്നതേയില്ല. സഹികെട്ട ജാനകിയമ്മ ചോദിച്ചുപോയി—

"ഈ വെന്തകഞ്ഞികൂടെ കുടിക്കാതെയിതെവിടെപ്പോവ്വാന്നോ?"

"ഞാനിനിയെവിടെപ്പോയാൽ ഏതവൾക്കാ നഷ്ടം?" മുഖം കൊടുക്കാതെ മുന്നോട്ടു നടക്കുന്നതിനിടയിൽ പ്രത്യുക്തി വലിച്ചെറിഞ്ഞു യാത്രികൻ.

പടിയിറങ്ങിയ ശേഷവും പിന്നോക്കം തിരിഞ്ഞുനോക്കിയില്ല നാണുക്കുറുപ്പ്.

കുഞ്ഞിലക്ഷ്മിയമ്മയും അവരുടെ ഭർത്താവും തെക്കേ വേലിക്കൽ കാവൽ നില്ക്കുകയാണു മണിക്കൂറുകളായി. അന്നു മംഗലത്തു ഗോവിന്ദപ്പിള്ള തുണ്ടുപറമ്പിൽ സന്നിഹിതനായ സമയം തൊട്ടേ ആ അയല്ക്കാരുടെ അടിയന്തിര ശ്രദ്ധ പതിഞ്ഞിരുന്നു. കടന്നുചെന്നു കുശലാന്വേഷണം പണ്ടും പതിവില്ല. മുഴക്കുടിയനായ മാതുപ്പണിക്കരെ കുറുപ്പിനു തീരെ പിടുത്തമല്ല. ഇല്ലാത്തതേതും വിളിച്ചുപറയാൻ ക്ലേശമില്ലാത്ത കുഞ്ഞുലക്ഷ്മിയമ്മയെ ജാനകിയമ്മയ്ക്കും വളരെ വെറുപ്പാണു്. ഇഷ്ടമല്ലാത്ത അടുത്ത അയൽക്കാരുടെ മേൽസ്ഥാനത്തും അസ്ഥാനത്തും ചെളിവാരിയെറിയാൻതന്നെ തുനിഞ്ഞു നില്ക്കുകയാണു കോളേത്തു കുടുംബാംഗങ്ങളെല്ലാം.

പരിസരംകൂടി മറന്ന നിലയിൽ നാണുക്കുറുപ്പു പടിയിറങ്ങി കുറെ ദൂരം ചെന്നപ്പോൾ പിന്നിലൊരു കുശലാന്വേഷണം കേട്ടു—

"ഈ എരിവെയിലെത്തെങ്ങോട്ടാ ചങ്ങാതീ?"

ബഹുമുഖ ചുട്ടചിന്തകളുടെ സമ്മർദ്ദത്തിൽ കേവലം സ്വപ്നാടനമായ നടത്തം പെട്ടെന്നു ബ്രേക്കിട്ട് കുറുപ്പു പിന്തിരിഞ്ഞുനോക്കി. വെളുക്കെച്ചിരിച്ചുകൊണ്ടു പിന്നാലെ ശീഘ്രം നടന്നടുക്കുകയാണു മാതുപ്പണിക്കർ. ആ അടുത്ത അയൽക്കാരൻ അത്രത്തോളം തെളിഞ്ഞു ചിരിച്ചു കണ്ടിട്ടില്ല. കുറുപ്പു വഴിയിലെങ്ങാനും വച്ചു വശാൽ കണ്ടുമുട്ടാറുണ്ടു മുൻപും. മദ്യലഹരിയിൽ മയങ്ങി ചുവന്നു ചിമ്പിയ കണ്ണുകളുമായി. ആളറിഞ്ഞു കഴിയുമ്പോൾ പണിക്കരുടെ രക്തനേത്രങ്ങൾ തീപ്പന്തംപോലെയാവും. മാനികൾക്കു കേൾക്കാൻകൊള്ളാത്ത കുറെ 'ഴകാര' സാഹിത്യം ഇഴഞ്ഞിഴഞ്ഞു പുറത്തു വരും. പ്രകോപനത്തിനൊന്നും വഴിവെക്കണമെന്നില്ല. മുഴക്കുടിയനെ മുൻപിൽ കണ്ടാൽ മുഖം തിരിച്ചുകളയും നാണക്കുറുപ്പ്. അതിനെ അനാദരവായോ ആ സ്വാരസ്യമായോ വ്യാഖ്യാനിച്ചെട്ടുക്കും മദ്യമത്തൻ. പിന്നെയങ്ങോട്ടു പൂരപ്പാട്ടിൻെറ ഉരുൾപൊട്ടുകയാണ്.

അസാധാരണമാം വിധം അന്നു പച്ചയ്ക്കാണു പണിക്കർ. ആയുസ്സിലന്നോളവും തോന്നാത്ത ചങ്ങാത്തവും വിളിച്ചു പറയുന്നു. അങ്ങേയററം വിസ്മയമാണു കുറുപ്പിനു തോന്നിയതു്. അയാളിലെ ചിന്താപാരതന്ത്ര്യവും താല്ക്കാലികമായി വിട്ടകന്നു.

"ങാ! പണിക്കരെങ്ങോട്ടാ?"

"ചുമ്മായെറങ്ങി" കുറുപ്പിൻെറ ഒപ്പമെത്തി മുന്നോട്ടുനടന്നുകൊണ്ടാണു പണിക്കരുടെ പ്രത്യുക്തി.

"ഞാനൊരു നീണ്ടയാത്രയ്ക്കിറങ്ങിയതാ!"

"നേരെ-കാശീയ്ക്കാണോ?"

"ദൈവംതമ്പുരാനനുഗ്രഹിച്ചാൽ-കാശി, രാമേശ്വരം-കാണണമെന്നൊണ്ടു്!"

"താനിതുവരെ പോകാത്തതാണെനിക്കത്ഭുതം!"

"അതെന്താ?"

"സത്യത്തിൽ-ആണായ്പ്പെറന്ന ഒരുത്തനു സഹിക്കാവതാണോ തനിക്കുവന്ന അനുഭവം?"

"ബാബുവിൻെറ കാര്യം"

"അതെ! കണ്ടോനുപെറന്ന കൊച്ചിനു തന്തയാവാൻ സാമാന്യപ്പെട്ടോരെയൊന്നും കിട്ടത്തില്ല കുറുപ്പേ!"

"ഞാനസാമാന്യനാ!"

"പതുക്കെപ്പറയണോ?"

"പണിക്കർക്കു പതുക്കെപ്പറയാനറിയാമോ?"

"എനിക്കൊരുത്തൻെറ മുമ്പിൽ 'ടാ' ന്നു വളഞ്ഞുനിന്നു തല ചൊറിയാൻ വയ്യാ! ചെവി കടിക്കാനും!"

"ഉള്ള നേരു മുഴവൻ നടക്കുന്നെടത്തെല്ലാം വിളിച്ചുപറഞ്ഞോണ്ടു നടക്കണോ?"

"എനിക്കു തന്നെപ്പോലെ നാലുപേരറിഞ്ഞുകൂടാത്ത കാര്യമൊന്നുമില്ല!"

"എന്നാലിന്നുതൊട്ടു പണിക്കരു മുണ്ടുവാങ്ങിക്കേണ്ടാ! ഉടുക്കേണ്ടാ'

"ഭ്രാന്തനെന്നു വിളിക്കും കാണുന്നവർ"

"മറയ്ക്കേണ്ടതു മറയ്ക്കാത്തവനെല്ലാം അക്കൂട്ടത്തിലാ"

"വല്ലപ്പോഴും രണ്ടുപാത്രമെടുക്കുമെന്നുവച്ചു ഞാൻ ഭ്രാന്തനല്ല"

"എടുത്ത പാത്രത്തിൻെറ കെട്ടു തീരുംവരെ!"

"എൻെറ നേരെനിന്നൊരുത്തൻ ശബ്ദിക്കത്തില്ല!"

"അഥവാ വല്ലോരും ശബ്ദിച്ചാലും ചെവിയുണ്ടെങ്കിലല്ലേ കേൾക്കു?"

"എട്ടു പെററു ഞങ്ങടെ കുഞ്ഞിലക്ഷ്മി, എട്ടും എന്നെപ്പോലെയാ—! പിന്നെ ഒരുത്തനെന്നെയെന്തോ പറയാനാ?"

"അച്ചി പെററ കാര്യമേയൊള്ളോ മനിഷേക്കു പറയാൻ?"

"അവിടെ മഞ്ഞളിക്കേണ്ടാത്തവനു ലോകത്തു് ആരുടെ മുമ്പിലും തലപൊക്കിപ്പിടിച്ചുതന്നെ നില്ക്കാം."

"തല നേരെനിന്നാൽ!"

"താനെന്നെ പിന്നേം കളിയാക്കുവാ!"

"ശ്ശേയ്!"

"ഞാൻ കുടിക്കും കുറുപ്പേ—"

"നേരോ?"

"ഈ പോകുന്ന വഴി താൻ രണ്ടു പാത്രം മേടിച്ചുതന്നാലും വേണ്ടാന്നു നിഷേധിക്കത്തില്ല ഞാൻ"

"കഷ്ടമേ! കൈയിലൊരു കാശില്ലാതെ പോയല്ലോ?"

"ഒണ്ടെങ്കിലും—നീയാരും—ഒരുത്തനു നാലുകാശു മനസ്സറിഞ്ഞു കൊടുക്കുന്നോനല്ല!"

"ജാഡ പറഞ്ഞു വല്ലോന്റേം പിടുങ്ങാനും പോകത്തില്ല!"

"കൈയിലില്ലാത്തോൻ ബുദ്ധിമുട്ടിനു വായിട്ടു ചോദിക്കും—സ്നേഹമുള്ളോരോടെ"

"സ്നേഹമുണ്ടായാൽപ്പോരാ—മടിയിൽ കാശും വേണം!"

"തൻെറ കൈയിലിപ്പം കാശില്ലെന്നൊരു സത്യം ചെയ്യാമോ?"

"അതിൻെറ ആവശ്യം?"

"കാശിൻെറ?"

"അല്ല! തന്നെ സത്യം ചെയ്തു ബോധ്യപ്പെടുത്തേണ്ട കാര്യമെന്തെന്നു്?"

"അതാ പറഞ്ഞെ! കൈയിവച്ചോണ്ടു കള്ളം പറകയാരുന്നെന്നു്.!"

"ഒണ്ടെങ്കിലിരിക്കട്ടെ. പണിക്കക്കു ഞാനൊന്നും തരാനില്ലല്ലോ—വായ്പവാങ്ങിയ വകയിൽ?"

"തുണ്ടുപറമ്പിൽ നാണുക്കുറുപ്പെന്തിനാടോ വല്ലോരോടേം വായ്പ വാങ്ങിക്കാൻ പോകുന്നതു്? മങ്ങലത്തു കോന്നപ്പുള്ളയില്ല്യോ തനിക്കു ചെല്ലും ചെലവുതരാൻ? എട്ടുകൂട്ടക്കേ ചോറും കറിയും—എന്തു പറഞ്ഞാപ്പോരായോ തനിക്കു്? അതുമൊരു ഭാഗ്യം തന്നെയാ വാസ്തവത്തിൽ! പക്ഷേ—എല്ലാക്കും മനസ്സുവരത്തില്ല!"

അങ്ങേയററം അസഹ്യതയോടെ കുറുപ്പു തിരിഞ്ഞുനിന്നു–"ഞാൻ കാര്യമായി പറകയാ പണിക്കരെ! താനെവിടെപ്പോകാനെറങ്ങിയതാ?"

"പേടിക്കണ്ട! തുണ്ടുപറമ്പിലേക്കല്ല! മററെവിടെപ്പോയാലും!"

"താൻ നടന്നോളു"

"കുറുപ്പു്—?"

"ഞാൻ കറെ കഴിഞ്ഞു വന്നോളാം"

"അതിനു മുമ്പേ പോയിട്ടെനിക്കേതു രാജ്യം പിടിക്കാനാ?" പണിക്കരും കുറുപ്പിൻെറ തണൽ പററി നിലകൊണ്ടു.

നാണുക്കുറുപ്പു തലയ്ക്കു കൈവച്ചു—"ഇതൊരു ശല്യമായല്ലോ ദൈവമേ!"

അത്ഥസൂചകമായൊന്നു ചിരിച്ചിട്ടു പണിക്കരുപദേശിച്ചു—"വല്ലതുമൊന്നുഴിഞ്ഞെറിഞ്ഞേരെ! ബാധയൊഴിഞ്ഞോളാം!"

"എന്തുവേണം?"

"ഇന്നത്തെ വെള്ളം കുടിയ്ക്കുള്ളവക"

കുറുപ്പിനു കോപം വന്നു—"കരണമടച്ചൊന്നു തന്നാൽ താൻ വെള്ളം കുടിച്ചുപോകും!"

"പറഞ്ഞോണ്ടു വന്നേനെടയ്ക്കു പെട്ടെന്നങ്ങു ദേഷ്യപ്പെട്ടാലോ ചങ്ങാതീ?" പണിക്കർ നയത്തിലാണു്.

"ഇതുവരെയില്ലാത്ത ചങ്ങാത്തമൊന്നും ഇപ്പളെടുക്കേണ്ട" എന്നായി കുറുപ്പും്.

പണിക്കക്കും ഭാവം പകൻ—"അല്ലെങ്കിലേതു പട്ടിയാടാ—നാണോം മാനോം തീറുവിററ നിന്നോടൊക്കെ—ചങ്ങാത്തമാകാൻ വരുന്നതു്?"

"കള്ളിനു കാശു തന്നില്ലെങ്കിൽ നീ ശകാരിക്കും?" കുറുപ്പും രൂക്ഷഭാവത്തിൽ കൈദയാങ്ങിക്കൊണ്ടു സമീപിച്ചു.

"മനസ്സു പോലെ വല്ലോം തന്നേരെ! വഴക്കു തീരട്ടെ!"

"നിന്നെ തല്ലിയാലെൻെറ കൈക്കുടെ നാറും!"

"എന്നാൽ തല്ലണ്ടാ"

"താനൊഴിഞ്ഞു പോകുന്നുമില്ല?"

"അതെങ്ങനെയാ? ഒന്നുമൊന്നും കിട്ടാതെ?"

"വഴിയെ പോകുന്നവരെക്കൊണ്ടു വല്ലതും പറയിപ്പിച്ചേ താൻ സമ്മതിക്കു?"

"കുറുപ്പിതിനുമ്മാത്രം പിശുക്കു പിടിച്ചാലോ?"

"ഈ തീയിലീവാഴക്കു വേവത്തില്ല പണിക്കരെ!"

"വേകാതെവിടെപ്പോകാനാ?"

"അതു കണ്ടോളു!" കുറുപ്പും മുൻപോട്ടുനടന്നു വെല്ലുവിളിയോടെ.

ആ നടത്തം കുറെ നോക്കിനിന്നു നൈരാശ്യപൂർവ്വം നെട്ടവീർപ്പിട്ടു പണിക്കർ പിരാകി—"ഗതികെട്ടവൻ! പോണവഴിക്കു പുല്ലുടെ മുളക്കാതെ പോട്ടെ!"

.................................................................................................................

ആയുസ്സിലാദ്യമായി കുഞ്ഞിലക്ഷ്മിയമ്മ അനുതാപഭാരവും ചുമന്നുകൊണ്ടു തുണ്ടുപറമ്പിലെത്തി. പിണങ്ങിയിറങ്ങിപ്പോയ ഭത്താവു് ദൂരെ കണ്ണിൽ മറയുംവരെ മുററത്തു നോക്കി നിന്നു ജാനകിയമ്മ. പൊട്ടിക്കരഞ്ഞുകൊണ്ടാണു വീട്ടുതിണ്ണയിലേക്കു പ്രത്യാഗമിച്ചതു്. താൻ എന്നെന്നേക്കുമായി ഒററപ്പെട്ടെന്നു തോന്നി. കരകാണാക്കടലിൻ നട്ടവിലാണു് ഇനിയുള്ള ജീവിതമെന്നും! പുരമുറിക്കകത്തേക്കു കയറാൻ കാലുകൾ ചലിച്ചില്ല. അപാരമായ വൈവശ്യതയോടെ പുറന്തിണ്ണയിൽത്തന്നെ കുനിക്കുടി. മരച്ചില്ലകൾക്കിടയിലൂടെ വളരെ ദൂരെ ചക്രവാളസീമയിൽ ദൃഷ്ടി ചെന്നു തറഞ്ഞു. പണ്ടെങ്ങുമില്ലാത്തവണ്ണം പെരുത്ത സൗഹാർദ്ദം പ്രകടിപ്പിച്ചു കടന്നുവന്ന കുഞ്ഞിലക്ഷ്മിയമ്മയെ കുറെനേരത്തേക്കു കണ്ടതേയില്ല ഖിന്നചിത്ത.

"നട്ടുച്ചക്കു്—കണ്ണും തൊറന്നിരുന്നോണ്ടൊറങ്ങ്വാന്നോ കുഞ്ഞേ?"

തെല്ലൊന്നു നട്ടങ്ങി മുഖം തിരിച്ചു ജാനകിയമ്മ—"ഹെനിക്കാരുമില്ലെൻെറ കുഞ്ഞിലക്ഷ്മിച്ചേച്ചീ!........."

"പോഴീ!" അട്ടത്തിരുന്നു പുറം തടവിക്കൊണ്ടു സാന്ത്വനമോതി അയൽക്കാരി—"ഒരു കാര്യോമില്ലാത്ത കാര്യത്തിനിങ്ങനിരുന്നു കരേണോ? ആണുങ്ങളാണെങ്കിൽ ചെലപ്പൊഴൊന്നു കെറീച്ചെന്നിരിക്കും. കൈവാക്കിനു കിട്ടിയാൽ രണ്ടു തന്നെന്നും വരും. ഒന്നുമെങ്ങും നടപ്പില്ലാത്ത കാര്യങ്ങളാണോ? നെനക്കിതാദ്യമാ! അതാ— സഹിക്കാതെ പോയതു്! എണ്ണീച്ചുചെന്നു വീട്ടിലെ കാര്യം വല്ലോം നോക്കു്. ചിണുങ്ങിക്കോണ്ടിരിക്കാതെ!"

"എന്നെ അടിച്ചില്ല! തല്ലിയില്ല! ഈ ഇരുപതുകൊല്ലത്തിനെടയ്ക്കു മണ്ണുനുള്ളിയിട്ടു നോവിച്ചിട്ടില്ല! കറുത്തതിലൊരക്ഷരം മുഖത്തുനോക്കി പറഞ്ഞിട്ടുമില്ല........."

"അങ്ങനെ ഭാര്യമാക്കു കിട്ടേണ്ട പതിവൊന്നും കിട്ടാഞ്ഞിട്ടിരുന്നു പൊട്ടിക്കരയുവാന്നോ?"

"ആ അടിയും ചീത്തപറച്ചിലും.........ഈ ചുട്ടുകൊള്ളി പറച്ചിലിനെക്കാൾ—എത്രയോ ഭേദം!"

"അടികൊണ്ടിട്ടില്ല നീ. നാണുക്കുറപ്പും നിന്നെ ഈയ്ക്കിലെടുത്തു മേലു നോവിച്ചിട്ടില്ല."

"ഫലമെന്താ?"

"ഭൂമിപോലെ ക്ഷമിക്കും ചില ആമ്പ്രന്നോമ്മാരു്"

"ക്ഷമിക്കാത്ത തെറെറാന്നും ചെയ്യാൻ ഞാൻ പോവത്തില്ല"

"ഈ ആണുങ്ങളൊട്ടും ക്ഷമിക്കാത്ത ഒരു തെറെറാണ്ടു ജാനകീ!"

"ഈ ലോകത്തൊരു പെണ്ണും ചെയ്യാത്ത—?"

"എന്നു ഞാമ്പറഞ്ഞില്ല"

"പിന്നെന്തോന്നാ ചേച്ചീ?"

"ഇന്നു മങ്ങലത്തെ അദ്യം വന്നപ്പും കുറുപ്പിവിടെയില്ലാരുന്നോ?"

"തെങ്ങിനു തടമെടുത്തോണ്ടു നില്ക്കുയാരുന്നു"

"അതു നിങ്ങളുരണ്ടും ഓത്തില്ല?"

"പകൽ നേരത്തു തുറു കാണാതെ പോകുമോ?"

"ഒക്കെ മറന്നുപോവും—ചെല ഗുളിക കാലത്തു്!"

"നിങ്ങളു ഹാറേന്നപോലൊള്ള പെശകൊന്നും കണ്ണിനു കണ്ടിട്ടില്ല—"

"പിന്നെ?"

"അവരുതമ്മിലെന്തെല്ലാമോ പറഞ്ഞു ഭിന്നിച്ചു!"

"അയ്യോടാപാടെ! തീക്കട്ടേച്ചെന്നു് ഉറുമ്പരിച്ചോ? നാണുക്കുറുപ്പിനു നാക്കു പൊങ്ങിയോ—അദ്യത്തിൻെറ നേരെ നിന്നു കാര്യം പറ

യാൻ? ഒണ്ടായ കാലം തൊട്ട പുറകേ വാലാട്ടി നടന്നവൻ—ഒരു ദിവസം കേറിതിരിഞ്ഞു നിന്നാൽ ദേഷ്യം വരുത്തില്ല്യോമനിഷേക്ക്? എന്നിട്ട്—എന്നിട്ട്—എവിടം വരെയായി വഴക്ക മൂത്തു്?''

ജാനകിയമ്മയ്ക്കു ഭാവം പകൎന്നു—''നിങ്ങള്ള കുഞ്ഞുകുട്ടികളടക്കം തെക്കേ വേലിക്കൽ നോക്കി നില്ക്കയാരുന്നല്ലോ?''

''അതു പിന്നങ്ങനല്ല്യോ ജാനകീ? അയലത്തൊരു വഴക്കകേട്ടാൽ—ആരായാല്യമെറങ്ങി നോക്കത്തില്ല്യോ?''

''ഇവിടെ നടന്നതൊക്കെ കണ്ടു ബോധ്യപ്പെട്ടില്ലേ?''

''നീ കെറീക്കാതെ കൊച്ചേ!''

''നിങ്ങടെ കിന്നാരം കേട്ടാലാക്കാ കരള്ള തുള്ളാത്തെ?''

''ഞാൻ നാണംകെട്ട പട്ടിയായിട്ടാ—നിന്നോട്ട വലിഞ്ഞുകേറി വത്‌പാനത്തിനു വന്നതു്!''

''പെരയ്ക്കു തീ പിടിക്കുമ്പഴല്ലേ വാഴവെട്ടാൻ തക്കം?''

''നിൻെറ പെരയ്ക്കു തീ വയ്ക്കാൻ ഞാൻ വന്നില്ല. ഈ നാലയലത്തുകാരും വന്നില്ല! നിയ്ക്കുന്ന പഴേ പുരയ്ക്കുതീ വെച്ചാൽ പകരം മണി മാളിക വച്ചോളാമെന്നു നീ കരുതി! പണിയിച്ചു തരാമെന്നു വല്ലോരും പറഞ്ഞെന്നുമിരിക്കും!''

''ഒവ്വേ; ഒരുപാട്ടപേരൊണ്ടെനിക്കു മാളികവയ്ക്കാൻ;''

''ഒരുപാടെന്തിനാ? ഒറച്ച ഒരു കൊമ്പേൽ പിടിച്ചാൽ മതി. അതു ഭാഗ്യംകൊണ്ട പതിനായിരത്തിൻെറ ഫലോം ചെയ്യും.''

''എത്തിപ്പിടിച്ചോന്നും എനിക്കു നേടേണ്ടായെങ്കിലോ?''

''നിനക്കു വേണ്ടെങ്കിൽ നിൻെറ മോനുവേണം!''

''അവൻെറ തലയിലെഴുതിയിരിക്കുന്നതു ദൈവമാ,''

''ഒന്നിനു രണ്ട തന്തമാരല്ല്യോ ആ ഒരു മോനുവേണ്ടി ചാവാൻ നിൽക്കുന്നതു്?''

ജാനകിയമ്മയ്ക്കും നിഷേധിക്കാനാവാത്ത നഗ്നയാഥാൎത്ഥ്യമാണു്. അത്ഭുതയോഗം! അനന്യവിശിഷ്ടം! അതിനെ വലയംചെയ്തു നില്ക്കുന്ന വൈജാത്യങ്ങളാണു സമീപകാലത്തു സംഭവിച്ച സമസ്തവൈതരണികളും. ഖേദിക്കാനോ മോദിക്കാനോ? രണ്ടിനുമുണ്ട സാംഗത്യം! എങ്കിലും ദുഃഖിക്കയല്ല ബുദ്ധി. തിക്തകവശങ്ങളെ അവഗണിക്കാൻ നോക്കണം. മാധുര്യമഹിമാവിൽ മറെറല്ലാം മറക്കണം.

മുറുക്കാൻ തട്ടം നീക്കിവച്ചു സുഖമായൊന്നു മുറുക്കി കുഞ്ഞിലക്ഷ്മിയമ്മ. തുടൎന്നു ഹിതഭാഷണത്തിനുമാരംഭിച്ചു—

''ംഗലത്തെ കുഞ്ഞമ്മയ്ക്കു നിന്നോട്ട മഹാകണ്ണുകടിയാ–കൊച്ചേ''

"എന്തിനു്?" നിശബ്ദം ദൃഷ്ടിമുനയാൽ ചോദിച്ചു ജാനകിയമ്മ.

"അവരവിടെ വന്നുകേറിയ കാലംതൊട്ടു—അവരെ സമ്മന്തം ചെയ്തോണ്ടു വന്ന ദെവസംതൊട്ടു—സൂചിമേൽ തപസ്സുനിൽക്കയല്ലേ്യാ?"

ശബ്ദരഹിതമായ ചോദ്യം ജാനകിയമ്മയുടെ നേത്രങ്ങളിൽ വീണ്ടും ജ്വലിച്ചു.

'അവക്കൊരാൺതരിയുണ്ടാവാൻ! അച്ഛനെ പറിച്ചെട്ടത്ത കണക്കിതുപോലൊരു പൊൻകുട്ടനെ പെറാൻ!'

'പടക്കുതിരകണക്കെ പെൺമക്കൾ നാലൊണ്ടല്ലോ മൂധാനി കുഞ്ഞമ്മയ്ക്കു്?'

ജാനകിയമ്മ മൗനം ഭഞ്ജിച്ചു.

'നാലിൻെറം തന്തയേതെന്നു നെററിക്കെഴുതിപ്പററിക്കണം.'

'തള്ളേടെ ഛായേംവരും മക്കളായാൽ'

'തന്തേ—തീണ്ടീട്ടൊണ്ടോ നാലിനേം കണ്ടാൽ?'

'അതിനാരു പെഴച്ചു?'

'അതേ സമയം—അദൃത്തിൻെറ തലസ്സൊരുപമല്ലേ്യാ ഇവിട്ടത്തെ ബാബു?'

അതെ എന്നോ അല്ലെന്നോ പറഞ്ഞില്ല ജാനകിയമ്മ.

'അതുകൊണ്ടിവനെയങ്ങു ദത്തെടുക്കാൻ പോവ്വാപോലും!' കുഞ്ഞിലക്ഷ്മിയമ്മ തുടർന്നു.

'ഹാരു്?'

'കുഞ്ഞമ്മ'

'പിന്നല്ലേ്യാന്നു്;'

'എന്താ? നെനക്കിഷ്ടമല്ലേ?'

'പെററവയറിനു സഹിക്കുമോ—പെററവൾക്കിഷ്ടമോ—കുഞ്ഞിലക്ഷ്മിച്ചേച്ചീ? നിങ്ങളും ഏഴെട്ടുപെററതല്ലേ? പക്ഷിയായാലും പാടായാലും അതിലൊന്നിനെ വല്ലോർക്കും ദാനം കൊടുത്തേക്കാമെന്നു തോന്നുമോ?'

'ഞാനാണെങ്കിൽ കൊടുക്കും; കുട്ടത്തിക്കെടന്നു ദുരിതപ്പെടാതെ ഒന്നെങ്കിലും മനിഷേരെപ്പോലെ വളരട്ടേന്നു വിചാരിക്കും. പക്ഷേ, എൻെറ പുഴക്കളെ ഏതു പട്ടിക്കു വേണം?'

'വെറുതെ പറകയാ ചേച്ചി. അണ്ടിയോടടുക്കുമ്പോഴേ മാങ്ങായുടെ പുളിയറിയൂ;'

'ലക്ഷപ്രഭുക്കളാ അവരു്; അവിടെയീ കൊച്ചൻ ചെന്നു പററിയാൽ കുഞ്ഞമ്മേടെ പെൺമക്കൾ നാലും പിന്നെ പൊറമ്പന്തല്ലേ?

ബാബുവാണു പിന്നെ മങ്ങലത്തെ മുഴവനവകാശീം; രാജയോഗമ ല്ല്യോ? ചില്ലറപ്പെട്ട കാര്യമാണോ? അതു തട്ടിത്തെറിപ്പിച്ചു കളയാൻ ഒരു പെററവൾക്കു തോന്നാമോ?'

'അങ്ങനെവല്ലോം ഞാനൊന്നു സമ്മതം മൂളിയാൽ...അതിൻെറ പിറേറന്നെൻെറ കുഞ്ഞിനെ...വെഷം കൊട്ടുത്തുകൊല്ലും അവരു്.'

'അയ്യോ മഹാപാപീ! നെനക്കിതു പറയാൻ നാക്കുപൊങ്ങിയ ല്ലോ? മങ്ങലത്തു കുഞ്ഞമ്മ ആരാണെന്നാ നീ വിചാരിച്ചെ? സാക്ഷാൽ മഹാലക്ഷ്മിതന്നെയാ; നെനക്കറിയാൻ വയ്യാ;'

മഹാലക്ഷ്മിയോ ചുടലഭദ്രകാളിയോ ആരുമാകട്ടെ. എൻെറ കുഞ്ഞിനെ മനസ്സറിഞ്ഞോണ്ടു കൊലക്കു കൊട്ടുക്കത്തില്ല—കൊക്കിൽ ജീവനൊള്ളകാലം.'

'ഇതു കോഴിയുടെ ബുദ്ധിയാണല്ലോ? കൊല്ലാൻ പിടിച്ചാലും വളത്താൻ പിടിച്ചാലും ഒരുപോലെ കരേം;'

'എന്നെങ്കിലുമൊരു ദിവസം കൊന്നു തിന്നാനല്ല്യോ കോഴിയെ വളത്തുന്നതു്?'

'നിൻെറ മോനുമൊരു കോഴിയാണെങ്കിലാ പേടിവേണം;'

'ആലോചിച്ചിട്ടെൻെറ തലചുററുന്നു ചേച്ചീ.'

'തല ചുററുന്നതു വയററിൽ ആഹാരമെന്നുമില്ലാഞ്ഞാ; നീയിന്നി തുവരെയൊന്നും കഴിച്ചു മട്ടില്ലല്ലോ?'

'ബാബുവിൻെറച്ചനുമിന്നു ജലപാനം കഴിച്ചില്ല.'

'ഏതച്ചൻ?'

'ഇവിട്ടത്തെ...'

'നാണുക്കുറുപ്പിനെവിടെച്ചെന്നാലും ചോറുകിട്ടും. വീട്ടീന്നുതന്നെ കഴിക്കണമെന്നില്ല.'

'എങ്കിലും ആ മനുഷ്യനു കൊട്ടുക്കാതെ ഞാനെങ്ങനെ—ഒററയ്ക്കു്—വെളമ്പിക്കഴിക്കും?'

'ഒററയ്ക്കു വേണ്ട; ഞാൻ കൂടെവരാം. നിൻെറ കൈകൊണ്ടു വല്ലതു മൊന്നു വെളമ്പിത്തന്നു കഴിച്ച നാളുമറന്നു. ഇവിടത്തെ തീയലിൻേറം പുളിശ്ശേരിയടേം സ്വാദു നാക്കേൽത്തന്നെയിരിക്കുന്നു. നിൻെറ കൂട്ടാ ൻെറ വിശേഷം ഞാൻ മങ്ങലത്തു ചെല്ലുമ്പോഴൊക്കെ പറയാറൊണ്ടു്. തുങ്ങിപ്പിടിച്ചിരിക്കാതിങ്ങോട്ടെണ്ണീച്ചുവാ കൊച്ചേ.'

# അദ്ധ്യായം പതിനൊന്നു്

കുടിയൻ മാതുപ്പണിക്കരുമായി വാക്കേററം കഴിഞ്ഞു നടന്നകന്ന നാണക്കുറുപ്പിനെ ആ നാട്ടിലാരും പിന്നെ കണ്ടിട്ടില്ല. ആഴ്ചകളും മാസങ്ങളും കടന്നുപോയി. അവസാനം സന്ധിച്ച ആ അയൽക്കാരൻെറ മൊഴിയിൽ ദിവസം നീങ്ങുന്തോറും പൊടിപ്പും തൊങ്ങലും വദ്ധിച്ചു. പറഞ്ഞുപറഞ്ഞു കുറെചെന്നപ്പോൾ പ്രാസ്താവിത കഥയിൽ സത്യത്തിൻെറ ചേരുവ എത്രത്തോളമെന്നു വക്താവിനു തന്നെയും നിശ്ചയമില്ലാതായി. പണിക്കരുടെ പൊങ്ങച്ചംപറച്ചിലിൽ പത്തിനൊൻപതു് പതിരാണെന്നു വിശ്വസിക്കുന്നവരും കുറുപ്പിൻെറ പേരിൽ ഉല്ക്കണ്ഠാകുലരായി. വാത്തകൾ കേട്ടുകേൾപ്പിച്ചു ഗോവിന്ദപ്പിള്ളയുടെ ചെവിയിലുമെത്തി. മാതുപ്പണിക്കരെ വരുത്തി വിസ്തരിക്കയായി അനന്തരപരിപാടി.

മദ്യപൻ മാതുപ്പണിക്കർ പഞ്ചപുഛമടക്കി മംഗലത്തെ പെരുമപ്പെട്ട പടി നുഴഞ്ഞുകയറുമ്പോൾ ഗോവിന്ദപ്പിള്ള മുകളിലത്തെ നിലയിലാണു്. പെരുവഴിയിലും തൻെറ പതിവുവിഹാരകേന്ദ്രമായ മററു പൊതുസ്ഥലങ്ങളിലും തലയിൽ വട്ടക്കെട്ടും റൗഡിമട്ടുമാണു പണിക്കർക്കു്. ആ മനുഷ്യൻ അത്യാദരം ആവിഷ്കരിച്ചു. കുനിക്കൂടി പൂച്ചയുടെ നടത്തമെടുത്തു മംഗലത്തു വളപ്പിനുള്ളിൽ. ഭയഭക്തിപുരസ്സരം ചരിഞ്ഞുനോട്ടം വീട്ടിൻെറ മുകൾത്തട്ടിലേക്കും തുടരെ പായിക്കുന്നുണ്ടു്. മേലേനിലയിൽ ചാരുകസേരയിൽ മലൻുകിടന്ന ഗൃഹനാഥൻ നിവർന്നിരുന്നു കൈത്തലം ലഘുവായൊന്നു ചലിപ്പിച്ചു. ചുരുണ്ടു

വളഞ്ഞ മാതുപ്പണിക്കർ കുറെക്കൂടി കുനിഞ്ഞു മുന്നോട്ടു നീങ്ങി. അറച്ചറച്ചു പുറന്തിണ്ണയും കോണിപ്പടികളും പതുങ്ങിക്കടന്നു വല്ലതരത്തിലും രണ്ടാം നിലയിലെത്തി. ഭവനാധിപൻ ആംഗ്യഭാഷയിൽ ആജ്ഞാപിച്ചിട്ടാണെങ്കിലും ഓരോ ചുവടു മുന്നോട്ടു പറിച്ചുവയ്ക്കാനും ഭയപ്പെടുന്നുണ്ടു പണിക്കർ. തന്നെപ്പോലുള്ള കൃമികൾക്കു കടന്നു ചെല്ലാമോ—ഇതുപോലുള്ള ഇന്ദ്രലോകത്ത്?

'വരൂ പണിക്കരെ;' ആഗതനു ധൈര്യം കൊടുത്തു. ആതിഥേയൻ.

തലചൊറിഞ്ഞു നിലത്തുനോക്കി അറിയിച്ചു ചരണാശ്രിതൻ—'ഞങ്ങടെ കുഞ്ഞിലക്ഷ്മി പറഞ്ഞു—'

'അതേ; പണിക്കരെയൊന്നു കാണേണ്ടിയിരുന്നു.'

പെരുമപ്പെട്ട മംഗലത്തു ഭവനത്തിൻെറ പ്രാഭവം വിളിച്ചറിയിക്കുന്ന സൽക്കാരഹാൾ ആണതു്. സമൂഹത്തിൻെറ സമുന്നതശ്രേണികളിൽ വിഹരിക്കുന്ന വിഖ്യാത വ്യക്തികളെ സമുചിതം സ്വീകരിക്കാനുള്ള സജ്ജീകരണങ്ങളെല്ലാമുണ്ടു്. മിനുങ്ങുന്ന, പതുങ്ങുന്ന ഇരിപ്പിടങ്ങളാണഹാൾ നിറയെ. ചിത്രാലംകൃതമായ കാർപ്പെററുകളാണു് നിലത്തു വിരിച്ചിരിക്കുന്നതു്. അഴുക്കും പൊടിയും കനക്കെ പററിപ്പിടിച്ച തൻെറ പാദങ്ങൾ ആ കയററുകാർപ്പെററുകളിൽ സ്പർശിക്കാൻ തന്നെയും അനുവദിച്ചുകൂടാത്തതാണു്. ആ വക പൊരുത്തക്കേടുകളെയാകമാനം അവഗണിച്ച മഹാനുഭാവൻ തനിക്കവിടെ ഒരു ഇരിപ്പിടം നിർദ്ദേശിച്ചില്ലെന്നു കുററപ്പെടുത്താനുണ്ടോ? അഥവാ, അതുപോലെയുള്ള മഹൽ സന്നിധികളിൽ ഒപ്പമിരുപ്പു് ആയുസ്സിൽ സ്വപ്നംകാണുകയില്ല മാതുപ്പണിക്കരെപ്പോലെയുള്ളവർ.

ബഹുമാനാദരങ്ങൾ കൂടതൽ പ്രകടിപ്പിക്കാൻ ഗോവിന്ദപ്പിള്ളയുടെ പിൻവശത്തേക്കു പതുങ്ങിനീങ്ങി ചതുരൻ. ഒഴിഞ്ഞുകിടക്കുന്ന കസേരകളൊന്നും തൊട്ടു മലിനപ്പെടുത്താതെ കൈകെട്ടി ഒതുങ്ങിനിന്നുണർത്തിച്ചു—

'കാര്യമെന്താണോ'

'നമ്മുടെ നാണുക്കുറുപ്പിനെ നിങ്ങളുന്നു കണ്ടോ?'

'വീട്ടീന്നു പൊററപ്പെട്ടുപോന്നു്;'

'അതെ; അവരു ഭാര്യേം ഭർത്താവും തമ്മിലെന്തൊക്കെയോ അലശണ്ടായുണ്ടായെന്നും അപ്പാടെ കമ്പിനീട്ടിയതാണെന്നും കേട്ടു.'

'അവിടുന്നിങ്ങോട്ടിറങ്ങിയപ്പോ—ഇവൻെറ മട്ടങ്ങുമാറി. പൂച്ചക്കുട്ടിയെപ്പോലിരുന്നവൻെറ പൂടയൊക്കെയങ്ങെഴുന്നു. പെമ്പ്രന്നോരടെ നേരെയങ്ങു തിരിഞ്ഞുനിന്നു. ഫേതെടീ, ഫേതെടീ—എന്നു പറ

ഞ്ഞൊണ്ടാ തൊടങ്ങിയതു്. പണ്ടുണ്ടതും പാളേത്തുറിയതുമെല്ലാം ക്രാസ്സു ചെയ്യുകയാ; പെണ്ണിനുമഞ്ഞു ചെവിത്തകെട്ടു. ഏറങ്ങിപ്പോടാപട്ടീ—ന്നു വരെ അവളെക്കൊണ്ടു പറയിച്ചു.'

'ജാനകി കുറുപ്പിനെ ശകാരിച്ചോ?'

'അളമുട്ടിയാൽ ചേരേം തിരിഞ്ഞുകടിക്കുമേ! അവൾ ആവുന്നെടത്തോളം ക്ഷമിച്ചുനോക്കി. അതിനതിനുമേപ്പോട്ടാ അവൻെറ കേററം. ഒടുക്കം തിരിഞ്ഞുനിന്നു മുഖത്തൊരാട്ടുകൊടുത്തു! അല്ലാണ്ടെന്താ?'

'എന്തു പറഞ്ഞാണു വഴക്കു തുടങ്ങിയതെന്നറിയാമോ?'

'ഇവിടത്തെ ദൂഷിച്ചു പറഞ്ഞാൽ ജാനകി കേട്ടോണ്ടു നില്ക്കുമോ?'

'എന്നെയെന്തു ദൂഷിക്കാൻ?'

'അവളുപെററ മോൻെറ തന്തേ തിരിക്കയല്ല്യോ ഏഴുനേരോം അവൻെറ ജോലി?'

'ഇത്രേംനാളും കഴിഞ്ഞിട്ടിപ്പഴാണോ അതിനൊരു കലഹം?'

'പതിനേഴ പതിനെട്ടു കൊല്ലം മുമ്പൊണ്ടായ കാര്യമാ! ഈയെടസ്സാണേതോ വേന്ദ്രമ്മാരു മണ്ടനു കൊളുത്തിക്കൊടുത്തതു്. അതെങ്ങനെയാ? ഒരു മോനൊള്ളുൻെറ പൊണ്ണുക്കാര്യം പറഞ്ഞോണ്ടു നടക്കയാ— കണ്ണിൽ കാണുന്നവരോടൊക്കെ. അതിലൊരുത്തൻ തിരിഞ്ഞു നിന്നു ചോദിച്ചു—അതിനു നെനക്കെന്താടാ എന്നു്! ആണുങ്ങക്കു പൊറന്നാൽ പിള്ളക്കു് അതിൻെറ ജാത്യം കാണും!'

'ഏതായാലും കഷ്ടമായിപ്പോയി!'

'ഒരു കഷ്ടോമില്ല! ഇതുപോലെയൊള്ള വാഴപ്പിണ്ടികളു വഴീന്നൊഴിഞ്ഞു പോകുന്നതാ—മറെറാള്ളോക്കു സൊയിരം!'

'എങ്കിലും പാവമായിരുന്നു പണിക്കരേ!'

'പാവമല്ല. വഹസ്സുകൊള്ളാത്തവൻ. അതിൻെറ കൂടെ നന്ദികേടും കൂടെയായാലോ?'

'താനെന്തോ ചെയ്തു? സത്യം പറ!'

'ഒന്നു വെരുട്ടിവിട്ടതേയൊള്ളു. നിന്നെയിനി ഈ നാട്ടിൽ കണ്ടുപോയാൽ—പിച്ചാത്തിപ്പിടികിക്കെല്ലു തരത്തില്ലെന്നു്! അല്ലേയ്! മങ്ങലത്തെ അദ്യത്തിനെ അവരാതോം പറഞ്ഞോണ്ടു്—ഒരു തുണ്ടുപറമ്പിൽ നാണക്കുറുപ്പിനു്—ഇട്ടിക്കിൽ ജീവിക്കാനൊക്കുമോ? ജീവിക്കാൻ സമ്മതിക്കുമോ?'

ഗോവിന്ദപ്പിള്ള കൂടുതൽ ചകിതചിത്തനായി. വല്ലാത്ത മനക്ഷീണത്തോടെ പിന്നോക്കം ചാഞ്ഞുകിടന്നു.

ആ പണക്കാരനെ പ്രീണിപ്പിക്കാനായിരുന്നു പണിക്കരുടെ പ്രയോഗങ്ങൾ. ആ വഴി തരപ്പെട്ടന്നിടത്തോളം പാരിതോഷികം

തട്ടിയെടുക്കാനും. ആ അടങ്കല്പകൾക്കാകെ വിരുദ്ധമായ പ്രതികരണമാണ് പ്രഭുവിൽ പ്രത്യക്ഷപ്പെട്ടതു്.

മേല്ലുമേല്ലയന്ന നൈരാശ്യത്തോടെ ആ ചാരുകസാലയ്ക്കു പിന്നിൽ വളരെ നേരം കാത്തുനിന്നു മാതുപ്പണിക്കർ. അങ്ങനെയൊരു ജീവി സമീപത്തുണ്ടെന്ന സ്മരണകൂടി മാഞ്ഞു ഗോവിന്ദപ്പിള്ളയ്ക്കു്. ഒട്ടേറെ നേരം കഴിഞ്ഞൊന്നു ചുമച്ചറിയിച്ചു പണിക്കർ. ഈർഷ്യപ്പെട്ടാണതിനു മറുപടിയുതിർന്നതു്—

'പണിക്കർ പോയില്ലേ?'

'എനിക്കൊരു കാര്യം പറയാനൊണ്ടാരുന്നു.........' അറച്ചറച്ചു വീണ്ടും അറിയിച്ചു ആവശ്യക്കാരൻ.

ഏതോ സഹായാഭ്യർത്ഥനയായിരിക്കുമെന്നു ന്യായമായും ഊഹിക്കാമായിരുന്ന ധനവാൻ ഒരവധി പറഞ്ഞു—'നാളെയോ മറ്റോ പണിക്കരിങ്ങോട്ടു വരു. ഇന്നെനിക്കു പെട്ടെന്നൊരു തലവേദന!'

ആ തലവേദനയുടെ കാര്യകാരണബന്ധം ചിന്തിച്ചു പിടി കിട്ടാതെ പണിക്കർ മെല്ലെ പിൻവാങ്ങി അകന്നു. പാവം പടിയിറങ്ങും വരെയും പ്രത്യാശിച്ചു—പിൻവിളിക്കുമെന്നും വല്ല ചില്ലറയും വലിച്ചെറിയുമെന്നും!

മണിക്കൂറുകൾക്കു ശേഷമാണ് ഗോവിന്ദപ്പിള്ള ആ കിടപ്പിൽ നിന്നെഴുന്നേററതു്. ഏതോ പരിഹാരം കണ്ടെത്തിയ ചൊടിപ്പുമുണ്ടതൽ സമയം. തഥരപ്പെട്ടിറങ്ങി നടക്കയായി നേരെ തുണ്ടുപറമ്പിലേക്കു്.

നാണക്കുറുപ്പു പോയതോടെ ജാനകിയമ്മയിൽ സാരമായ വ്യതിയാനങ്ങൾ തന്നെ സംഭവിച്ചു. അതുവരെ നിലനിന്ന തന്റേടമാകെയെങ്ങോ പോയിമറഞ്ഞു. തൽസ്ഥാനത്തു കനത്ത നിരാശ്രയബോധം വാഴ്ച്ചയാരംഭിച്ചു. പിന്നിട്ട രണ്ടു ദശകങ്ങളിലെ സൗഖ്യാനുഭൂതികൾ അയവിറക്കി പിന്നീടുള്ള ദിവസങ്ങളിലെ ഏറിയപങ്കും ചെലവഴിച്ചു. ആനന്ദസ്മരണകൾ ഓരോ തവണയും ഉപസംഹരിക്കുന്നതു കരൾ പൊട്ടിയ കരച്ചിലോടെയായിരിക്കും. വിശന്നു വശംകെട്ടുമ്പോൾ മാത്രമാണു വല്ലതും ആഹരിക്കുക. കുളി തുടങ്ങിയ ദിനചര്യകളിലും പഴയ ക്രമമോ ശ്രദ്ധയോ ഇല്ല.

എടുത്തു പറയത്തക്ക സ്വത്തില്ല മുൻപും തങ്ങൾക്കു്. സാമാന്യം സ്വത്തുകാരെക്കാൾ സുഭിക്ഷതയിൽ കഴിഞ്ഞിരുന്നു. ആ മനുഷ്യന്റെ അദ്ധ്വാനശേഷിയായിരുന്നു മുഖ്യമായ കൈമുതൽ. അളന്നു തിട്ടപ്പെടുത്താനാവാത്ത ആത്മാർത്ഥസ്നേഹത്തിന്റെ ശക്തിയും.

പ്രണയകലഹമെന്ന നാരങ്ങാക്കറി നാക്കിൽ തൊട്ടിട്ടില്ല നീണ്ട ഇരുപതുവർഷങ്ങൾക്കുള്ളിലും. അല്പമാത്രമായെങ്കിലും ചെടിപ്പു

തോന്നിയിട്ടില്ല ജീവിതമാധുര്യത്തിൽ. എല്ലാമെല്ലാം നല്ല പാതിയായി ലഭിച്ച പുരുഷശ്രേഷ്ഠൻെറ ഹൃദയഗുണം. തനിക്കു ജീവിതത്തിൽ എല്ലാ നല്ലതുകളും നൽകാൻതന്നെ ജീവിച്ച ജീവിതേശ്വരൻെറ മഹാനുഭാവത്വം.

കഴുത്തിൽ താലിചാൎത്തിയ ആ കൈ മാത്രമാണു തനിക്കു സൎവ്വാവലംബം. അവസാനം കാലദോഷത്താൽ ആ കൈ കാണാമറയത്തു മറഞ്ഞു! പിന്നെയും ആയുർദൈൎഘ്യം ശേഷിക്കുന്നു ശപിക്കപ്പെട്ട പെൺപ്രാണിക്കു്. ഒരു ജന്മത്തിൽ രണ്ടു ജന്മം. അഥവാ, അന്നോളം—ആ മനുഷ്യൻ അരുകിലുണ്ടായിരുന്നിടത്തോളം—ആയിരുന്നു സത്യത്തിൽ ജീവിതം. പിന്നീടു തുടരുന്നതു പാരതന്ത്ര്യജീവിതമാവാം.

ജീവിച്ച കാലത്താചരിച്ച നന്മതിന്മകൾ മരണാനന്തരം സ്വൎഗ്ഗനരകങ്ങൾ സമ്മാനിക്കുന്നുവത്രെ. അങ്ങേയററം അഭികാമ്യമായിരുന്ന അന്നത്തെ വാഴ്ചയിൽ സൎവ്വേശ്വരനനിരക്കാത്ത ദൃഷിച്ച വേഴ്ചയിൽ പെട്ടുപോയി മനസ്സറിയാതെ! അതിൻെറ പാപഫലവും അനുഭവിച്ചു തീരേണ്ടേ? നരകത്തീയിൽ കിടന്നു കൈകാലറഞ്ഞു വേണ്ടേ കുചേഷ്ടിതങ്ങളുടെ കൊട്ടമ തീൎക്കാനാവൂ?

ഭൎത്തൃവിരഹദുഃഖം പുത്രവിരഹദുഃഖത്തെ വിഴുങ്ങിക്കളഞ്ഞു വെന്നു വേണം പറയാൻ. ബാബു ബോംബേക്കു പോയതിൽ മാഴ്കാനല്ല കൂടുതൽ സാംഗത്യം. കുട്ടിക്കൊണ്ടു പോയ കുമാരൻനായരെപ്പോലെയോ അതിലുമുപരിയോ ആയി വളൎന്നു വലുതായി വരാവുന്നവഴിയാണതു്. തല്ക്കാലം പിരിഞ്ഞിരിക്കുന്ന വ്യഥയുടെ പതിന്മടങ്ങു ഹൃദയാഹ്ലാദം ഭാവിയിൽ ബലമായി പ്രത്യാശിക്കാം. പക്ഷെ, എവിടേയ്ക്കെന്നില്ലാതെ വീട്ടിൽ നിന്നിറങ്ങിപ്പോയ ഭൎത്താവു് വല്ല ദിക്കിലും ജീവനോടെയുണ്ടെന്നു തന്നെ വിശ്വസിക്കാൻ ഞെരുക്കം. അഥവാ, വിശാലപ്രപഞ്ചത്തിൻെറ ഇരുളടഞ്ഞ കോണിലെങ്ങാനും പ്രാണൻ ധരിക്കുന്നുണ്ടെങ്കിൽത്തന്നെ എന്തെന്തു ദൈന്യതയിലായിരിക്കാം? രോഗിയോ, യാചകനോ, കാഷായവേഷധാരിയോ, ആരറിഞ്ഞു?

പ്രഥമകോപത്തിനു നാട്ടും വീട്ടും ഭാര്യയേയും വിട്ടെറിഞ്ഞു നട. കൊണ്ട സാഹസികൻ—ആ അരിശത്തിൻെറ ചൂടാറും മുൻപേ വല്ല തരത്തിലും പ്രാണൻകൂടി പറിച്ചെറിയാൻ ഒരുമ്പെട്ടാൽ? എവിടെ—ഏതു തരത്തിലാവും—ആ അരുമപ്പെട്ട ശരീരം കേവലം അനാഥവസ്തുവായി വലിച്ചെറിയപ്പെട്ടുക? ഒന്നുമൊന്നും ഓൎക്കാൻ കൂടി കരൾക്കരുത്തില്ല ഭഗവാനെ!........

അയൽക്കാൎക്കു കൂടി അസൂയാവഹമായിരുന്നു മുൻപു് ആ വീട്ടിലെ ഐശ്വര്യം. ഇന്നു തെണ്ടിനടക്കുന്നവർകൂടി കഷ്ടംവയ്ക്കുന്നു അനു

കമ്പാപൂർവ്വം. സമസ്തകുടുംബക്ഷേമത്തിന്റെയും നെടുന്തൂണായിരുന്നു ഗൃഹനാഥൻ. അതിന്റെ അഭാവത്തിലെ സമൂലത്തകർച്ച ആദ്യത്തെ നോട്ടത്തിൽ തന്നെ ആർക്കും ബോധ്യപ്പെടും.

കരുതി സംഭരിച്ചു വച്ചു കാലയാപനം ചെയ്യുയായിരുന്നില്ല. അപ്പപ്പോൾ വേണ്ട വക സ്വരുക്കൂട്ടുകയായിരുന്നു. അങ്ങനെ അന്വേഷിച്ചുകൊണ്ടുവരാൻ ആളില്ലാതായി. അടുക്കളയിൽ തീ പുകയാനും തരപ്പെടാതെയാവുന്നു മിക്കവാറും.

മുഴുത്ത വിദ്വേഷത്തിൽ വർത്തിച്ചിരുന്നവരുണ്ടു ചുററുപാടും. ഇന്നത്തെ പരമദൈന്യത കണ്ടു മനംകുളിർക്കാനാവും—അക്കൂട്ടർ വെളുക്കെ ചിരിച്ചുകൊണ്ട് കടന്നുവരുന്നുണ്ട്. പ്രതിഷേധിക്കാൻ തീരെ കെല്പു വരുന്നില്ല. ബന്ധപ്പെട്ട സമസ്തവും ദീനദീനം പരാജയത്തിൽ.

ഓമനപ്പുത്രൻ ബാബു ഒരു തരത്തിൽ മഹാഭാഗ്യവാൻ തന്നെ. അച്ഛനുമമ്മയും സ്നേഹത്തിൽ കഴിയുന്നതേ അവൻ കണ്ണുതുറന്നശേഷം കണ്ടിട്ടുള്ളു. അല്പമൊരപസ്വരത്തിന്റെ ആരംഭം കണ്ടപ്പോൾ അവൻ സ്ഥലംവിട്ടു. അച്ഛനുപേക്ഷിച്ചു പോയ വീടിന്റെ കെടുതി കാണാൻ അവനില്ല. പെററമ്മയുടെയിന്നത്തെ ചുടുകണ്ണീരും ദുരിതവും അവനു കാണണ്ടാ!

ഗൃഹനാഥൻ പടിയിറങ്ങിയ ദിവസം വഴിയെ വന്നുകയറിയ തെക്കേ അയല്ക്കാരി കുഞ്ഞിലക്ഷ്മിയമ്മയാണ് ഇന്നു ജാനകിയമ്മയുടെ അടുത്ത സഹായി. തനതാവശ്യം മുൻനിർത്തിയാണെങ്കിലും ദിവസവും അടുക്കളയിൽ തീ കൂട്ടാൻ നിർബന്ധിക്കും. കറിക്കരിയാനും അരയ്ക്കാനും മററും പങ്കുകൂടും. വീട്ടുകാരിക്കുകൂടി വിളമ്പാതെ തനിക്കു ലഭിക്കില്ലെന്നു തീർച്ചയുള്ളതുകൊണ്ടാവും—നിർബന്ധപൂർവ്വം ജാനകിയമ്മയെ ഊട്ടാനും നില്ക്കും.

ആരുമാരും തുണയില്ലാത്ത കാലത്തു വശാലെത്തിയ അയൽക്കാരിയെ നിരസിക്കാൻ തോന്നിയില്ല ജാനകിയമ്മയ്ക്ക്. നല്ല കാലത്ത് കുഞ്ഞിലക്ഷ്മിയമ്മയുമായി ഒട്ടും സ്വൈരതയിലല്ലായിരുന്നു. ഒരു തരക്കാർക്കും അവരുമായി പൊരുത്തപ്പെട്ടു പോകാൻ പ്രയാസമാണ്. ഇണങ്ങിയാൽ നക്കിക്കൊല്ലും; പിണങ്ങിയാൽ കുത്തിക്കൊല്ലും! ത്രിവിധകരണങ്ങളിലും മനസ്സറിഞ്ഞു സത്യം കലർന്നു പോകയില്ല. ഇഷ്ടപ്പെട്ടവരെ എത്രയേറെ വാഴ്ത്താനും മടിയില്ല. അതിലിരട്ടി വാചാലതയാണ് അനിഷ്ടപാത്രങ്ങളെ ദുഷിക്കാനും ശകാരിക്കാനും. ഈ ഇഷ്ടാനിഷ്ടഭാവം രണ്ടും എങ്ങും സ്ഥിരമല്ല. അപ്പപ്പോഴത്തെ സ്വകാര്യലാഭങ്ങളുടെ അടിസ്ഥാനത്തിൽ മാറിമറിഞ്ഞു കൊണ്ടേയിരിക്കും. തങ്ങ

ളുടെ നിരന്തര ദാരിദ്ര്യക്കെടുതികൾക്കു ക്ഷണികമായെങ്കിലും സാന്ത്വനം കിട്ടാത്ത ഗുണവശത്തെ ആരുണ്ടു ശ്രദ്ധിക്കാൻ?

അടുത്തു പരിചയപ്പെട്ടതോടെ രണ്ടാൾക്കും മുമ്പുണ്ടായിരുന്ന ദുരഭിപ്രായം വളരെ മാറി. എന്തും പറയാൻ മടിയില്ലാത്ത വായാടിയാണെങ്കിലും, കുഞ്ഞിലക്ഷ്മിയമ്മ കുറെ ശുദ്ധമനസ്ക്കകൂടിയാണെന്നു ജാനകിയമ്മ മനസാ സമ്മതിച്ചു. അസൂയയും പകയും അകത്തൊതുക്കിവച്ചു വെളുക്കെ ചിരിക്കില്ല. അപ്പപ്പോൾ തോന്നുന്നതു സ്നേഹമാണെങ്കിലും ദേഷമാണെങ്കിലും കലവറയില്ലാതെ തുറന്നടിക്കും. പരിക്ഷീണത കണ്ടു പുണ്ണിൽക്കുത്തി രസിക്കയില്ല. ഒട്ടേളിമ കാണുന്നിടത്തു പററിക്കൂടാൻ പഴുതു കാണുകയാണു ദീനദീന.

അംഗസംഖ്യ കുറഞ്ഞ തുണ്ടുപറമ്പിലെ അച്ചടക്കവും സുഭിക്ഷതയും കണ്ടു് അസൂയപ്പെട്ടിരുന്നു പണ്ടു കുഞ്ഞിലക്ഷ്മിയമ്മ. അതോടെ ആരെയും കൂസാത്ത അഹങ്കാരിയും, അറുത്തകൈക്കുപ്പിടാത്ത പിശുക്കിയുമെന്നു ജാനകിയമ്മയെ കരുതിയുമിരുന്നു. ഒക്കെപ്പൊടെ സവ്വാബദ്ധമെന്നു പശ്ചാത്തപിക്കയാണിപ്പോൾ പാവം. ആകാശമിടിഞ്ഞു വീണു പോയില്ല വടക്കേ വീട്ടുകാരിക്കു്. ആയുസ്സിലാദ്യമായി ഭത്താവൊന്നു പിണങ്ങിപ്പോയി. നിത്യം പത്തുതവണയെങ്കിലും കുടുംബകലഹമുണ്ടാകാറുണ്ടു് സാമാന്യപ്പെട്ടിടത്തെല്ലാം. മൂക്കെരിഞ്ഞുതുമ്മുന്ന ഗൗരവമേ അതിനു കല്പിക്കാറുള്ളുതാനും. ഈ നിസ്സാരകാര്യത്തിനു—മരിച്ച വീട്ടിലെപ്പോലിരുന്നു കരച്ചിലും പിഴിച്ചിലുമല്ലേ ജാനികിയമ്മ സദാനേരവും? നേരത്തിനു കഞ്ഞിവെയ്ക്കാനും കുടിക്കാനും വല്ലവരും വന്നു പിടിച്ചിളക്കി വിടണമല്ലോ പതിവായി?

ഗോവിന്ദപ്പിള്ള മാതുപ്പണിക്കരെ മംഗലത്തു വരുത്തി ചോദ്യം ചെയ്യുമ്പോഴും അതേ പ്രശ്നം തന്നെ തുണ്ടുപറമ്പിലും ചർച്ച നടക്കുന്നുണ്ടായിരുന്നു. കപ്പപ്പുഴുക്കും കഞ്ഞിയും വയർ നിറയെ ചെലുത്തിയ സുഖസംതൃപ്തി തുടരെയുള്ള ഏമ്പക്കങ്ങളിലൂടെ വിളംബരം ചെയ്യുന്നുണ്ടു കുഞ്ഞിലക്ഷ്മിയമ്മ. ഗൃഹനാഥൻ വീട്ടിലില്ലാഞ്ഞിട്ടും മുറുക്കിന്റെ വട്ടങ്ങൾക്കു കുറവോ നീക്കുപോക്കോ നേരിടാത്തതും ഈ അയൽക്കാരിയുടെ മഹാഭാഗ്യം.

കിഴക്കേ തിണ്ണയിൽ കാലും നീട്ടിയിരുന്നു സുഖമായൊന്നു മുറുക്കിയിട്ടു കുഞ്ഞിലക്ഷ്മിയമ്മ മൊഴിഞ്ഞു—'ഇതാണു കൊച്ചേ പണ്ടോള്ളോരു പറേന്നേ—അടുക്കുന്നെങ്കിൽ ആണുങ്ങളോടെ വേണമെന്നു്!'

'ഉത്തരത്തേലിരിക്കുന്നതെടുക്കാൻ കൈ പൊക്കുമ്പം കക്ഷത്തിലിരിക്കുന്നതു താഴെവീഴും ചേച്ചീ!' ജാനകിയമ്മയിലെ പ്രതികരണമാണു്.

'തമ്മിലേതാ വല്യതു്.'

'അവനോന്റെ ദൈവം കൂട്ടിയെഴുതിയതു തന്നെയാ—ലോകത്തു പെണ്ണായിപ്പിറന്നവൾക്കു ജീവിതത്തിൽ വല്യതു്''

'ഇപ്പറേന്ന ജാനമ്മയാണോ ബാബൂനെ പെററതു്?'

'ഒരബദ്ധം വരാത്തോരില്ല മനിഷേരടെ കൂട്ടത്തിൽ.'

'അതബദ്ധമല്ല—ഭാഗ്യമാണെന്നു ഞാമ്പറേന്നു!'

'ഇതുപ്പോലെ തീ തിന്നു കഴിയണം—ഞാനീ ആയുസ്സൊടുങ്ങുവോളം!'

'അത്രയ്ക്കുണ്ടു ജലപിശാചായിപ്പോകരുതു്—മനിഷേരായാൽ!'

'അപ്പറഞ്ഞതു നേരാ ചേച്ചീ! ഞാനിന്നു വാസ്തവത്തിലൊരു ചൈത്താനോ പിശാചോ തന്നെ. ബാബൂന്റച്ഛനീ വീട്ടീന്നെറങ്ങിയപ്പഴെന്റെ നല്ലകാലം അസ്തമിച്ചു. അതിനു മുമ്പത്തെ ജാനകിയല്ല ഇന്നു ഞാൻ. ആ എറങ്ങിപ്പോയ മനുഷ്യൻ തിരിച്ചുവരാതെ ഞാനൊട്ടു ഗൊണപ്പെടാനും പോന്നില്ല!'

'പോയവനോ പോയി! അയാൾക്കെന്താ? ഒരു പുരുഷൻ! ഒററത്തടി! എവിടെ ചെന്നാലും ജീവിക്കാം. നീയതല്ല. ഒരു പെണ്ണാ! നല്ല ചെറുപ്പവും—'

'എനിക്കോ?'

'അതേ! ആനസ്സുറിഞ്ഞുകൂടാ അതിന്റെ വലിപ്പം! ഒന്നു പെറ്റെന്നു തന്നെ പെട്ടെന്നാരും പറയത്തില്ല. ഈയെടെയൊരു ചടപ്പാടൊണ്ടു്. എന്നാലും—മൊഖത്തു നോക്കിയാൽ നെലത്തു നോക്കത്തില്ല—ദൈവേഷ്ടം കൊണ്ടു്!'

സമീപകാലത്തെ കാതരഭാവം തെല്ലകന്നു ജാനകിയമ്മയുടെ വദനത്തിൽ. വ്രീളയുടെ നേരിയ പുഞ്ചിരി വിടരുകയും ചെയ്തു തൽസ്ഥാനത്തു്. എന്നിട്ടും പ്രതിഷേധിക്കയാണു കുഞ്ഞിലക്ഷ്മിയമ്മയുടെ മുഖസ്തുതി സൂക്തങ്ങളെ—

'അയ്യേ! കളിയാക്കാതെ! ആരെങ്കിലും കേട്ടാൽ കൊറച്ചിൽ!'

'വല്യവല്യമങ്ങലത്തെ അദ്യം വന്നു മുട്ടപാട്ട കെടക്കുന്നതു വെറുതെയാണോ?'

'എവിടെ?'

'ഹിവിടെ!'

'ഞാങ്കണ്ടില്ല'

അങ്ങകലെനിന്നു നടന്നടുക്കുന്ന ഗോവിന്ദപ്പിള്ളയുടെ നേർക്കു കുഞ്ഞിലക്ഷ്മിയമ്മയുടെ ചൂണ്ടുവിരൽ നീണ്ടു. നിരുപാധികസ്വാതന്ത്ര്യരായി നില ത്തുപടഞ്ഞിരുന്ന സ്ത്രീജനങ്ങൾ രണ്ടും പെട്ടെന്നു പിടഞ്ഞെഴുന്നേററു.

# അദ്ധ്യായം പന്ത്രണ്ട്

ആഗതൻ തുണ്ടുപറമ്പിൽ മുററത്തായപ്പോൾ അയൽക്കാരി തെക്കേ വീട്ടിൽ നുഴഞ്ഞു കഴിഞ്ഞിരുന്നു. ദിവസങ്ങളായി ഗൗനിക്കാതെ കിടന്ന പൂമുഖത്തെ പഴയ ചാരുകസാലയിലെ പൊടിതട്ടിക്കുടയുകയായിരുന്നു അപ്പോഴേക്കും വീട്ടുകാരി.

'ജാനകീ.........'

'എന്താ.........'

മാന്യാതിഥി പതിവുസീററിലമർന്ന ശേഷം തുടർന്നു—'നീയങ്ങു ചാതിപ്പെട്ടു പോയല്ലോ?'

'എന്നിട്ടും ചത്തില്ല!'

'ചാവാനാണോ കൊതി?'

'ആരോരുമില്ലാതിങ്ങനെ ഇരിക്കുന്നതിൽ ഭേദം മരിക്കയല്ലേ?'

'ആരോരുമില്ലേ?'

'ദൈവമുണ്ട്!'

'ബാബു—?'

'അതിനേം കാണാമ്പറയത്തെങ്ങോ പറഞ്ഞയച്ചു സർവ്വേശ്വരൻ!'

'നാണക്കുറുപ്പെവിടെയുണ്ടെന്നു വല്ലതും അറിയാമോ?'

'ഞാനൊരു പെണ്ണ്. എവിടെച്ചെന്നു തെരക്കാനാ?'

'നാലുവഴിക്കും ആളുകളെ വിട്ടു തിരക്കി നോക്കി ഞാൻ. എവിടെപ്പോയൊളിച്ചെന്നൊരു പിടിയും കിട്ടുന്നില്ല.'

'എന്തിനിത്ര ബദ്ധപ്പെടുന്നു?'

'എനിക്ക പ്രാണനാണയാൾ!'

'ഈ വല്യ ആളുകൾക്കു വാസ്തവത്തിൽ—മനസ്സാക്ഷിയെന്നൊന്നില്ല്യോ?'

'ഞാൻ പറഞ്ഞതു വിശ്വാസമായില്ല. കുടലെടുത്തു കാണിച്ചാലും വാഴനാരാണു ചിലക്ക്.'

'ആരെ കാണിക്കാനാ ഈ കൊടല്യ പറിക്കന്നെ? എന്നെയോ? അതിൻെറ കാര്യം?'

'എന്നെക്കൊണ്ട് എണ്ണിയെണ്ണി എണ്ണമിടീപ്പിക്കണോ?'

'എങ്ങാണ്ടുകെടന്ന ഈ പീറേടെ മുൻപിൽ മങ്ങലത്തെ അദ്യം ഏത്തമിടുന്നതെന്തിനാ?'

'നമുക്ക രണ്ടാൾക്കും പിന്നെ സർവ്വേശ്വരനും അറിയാവുന്ന കാര്യങ്ങളാണെല്ലാം.'

'കളഞ്ഞാട്ടെ! ആണുങ്ങളായാൽ ആയുസ്സിൽ ചെലപ്പോൾ ചെളിയിൽ കാല്യ ചവിട്ടിയെന്നിരിക്കും. അതിങ്ങനെ വിളിച്ചു പറഞ്ഞോണ്ടു നടക്കാറൊണ്ടോ?'

'അത്തരത്തിലല്ല ഞാൻ വിചാരിക്കുന്നതു്. മനസ്സറിയാതെ വന്ന ഒരബദ്ധമല്ല അന്നത്തേതു്. മൂന്നുകൊല്ലംതപസ്സിരുന്നു കിട്ടിയ സ്വർഗ്ഗീയ സന്ദർഭം. ഞാനും കുറുപ്പും കൂടി നിങ്ങടെ വീട്ടിലാദ്യം പെണ്ണുകാണാൻ വന്നിരുന്നതോക്കുന്നോ? അതിനു നാലഞ്ചുകൊല്ലം മുൻപേ എൻെറ വിവാഹം നടന്നു പോയി. രണ്ടു പിള്ളേരുമായിക്കഴിഞ്ഞു. അല്ലെങ്കിലന്നീ പുള്ളിയെ തുണ്ടുപറമ്പിൽ നാണക്കുറുപ്പിനു വിട്ടുകൊടുക്കയില്ലായിരുന്നു!'

'മുഡാനിക്കുഞ്ഞമ്മേടെ സ്വത്തും സ്ഥിതിയുമെന്താ? പീറജാനകിയുടെയോ? പരുന്തും പാററായും പോലെ!'

'കലം കുടമാക്കുന്നതും കുടം കലമാക്കുന്നതും കളിമണ്ണെടുത്തു മെനയുന്നവേളോൻ?'

'മെനഞ്ഞെടുത്ത കലം കൊടമാക്കീട്ടോ കൊടം കലമാക്കീട്ടോ വേളോനെന്തു കൃതം?'

'മനോസുഖം! അതല്യോ ജീവിതത്തിൽ വല്യതു്?'

'അവനോൻെറ—?'

'ഞാൻ സ്നേഹിക്കുന്നവരുടേം'

'മറെറാരാളിൻെറ മനസ്സിനകത്തു സുഖമാണോ ദുഃഖമാണോന്നു പ്രശ്നം വച്ചു നോക്കുമോ?'

'മറെറാരാളിൻെറ കഥയെനിക്ക് അന്വേഷിക്കേണ്ട. എനിക്കുള്ളോരുടെ—ഞാൻ സ്നേഹിക്കുന്നവരുടെ—'

'ഇവിടത്തെ ബാബുൻറച്ചനേം വല്യസ്നേഹമാണെന്നല്ല്യോ പറഞ്ഞതു്?'

'ആ ഒരു വാക്ക്! എൻെറ ജാനകീ! എന്നോടു പറയല്ലേ! പ്രത്യേകിച്ചു നമ്മൾ രണ്ടുപേരും മാത്രമാവുമ്പോൾ! ഇവിടത്തെ ബാബൂൻറച്ചൻ! സത്യത്തിലാരാണതു്? ആ അടിസ്ഥാന സത്യം നീ തന്നെയങ്ങു മറക്കാമോ?'

'നേരെങ്ങനെയായാലും ലോകരുടെ മുൻപിലതു മിണ്ടാനൊക്കുമോ? ബാബൂനെക്കൊണ്ടുതന്നെ മറിച്ചൊന്നു വിളിപ്പിക്കാമോ?'

'വിളിച്ചില്ലെങ്കിൽ പറഞ്ഞു വിളിപ്പിക്കേണ്ടതു് പെററമ്മയുടെ കടമയാണു്.'

'അവൻെറ മുഖത്തുനോക്കി ഞാമ്പറയണം—മോനെ നിൻറച്ചൻ വേറെയാണെന്നു്?'

'നിങ്ങള് പറയാതെയും അവനു മനസ്സിലായിട്ടുണ്ട്.'

'പരമസുഖമല്ലേ എനിക്കു മനസ്സിനു്?'

'നിങ്ങൾക്കപമാനമാണോ ആ വസ്തുത?'

'മാനമാണോ?'

'ആലോചിച്ചു നോക്കിയാട്ടെ—'

'എനിക്കു വളരെയൊന്നും ആലോചിക്കാനില്ല.'

'ഞങ്ങൾക്കൊണ്ട്.'

'ഞങ്ങളെന്നു പറഞ്ഞാൽ?'

'ഞാനും എൻെറ മോനും അവൻറച്ചനും.'

'പിന്നെയുമതാ—'

'അതീ ആയുസ്സിൽ മാറാനോ മറക്കാനോ സാധിക്കുമോ?'

'എന്നെ മറക്കാമോ?'

'രണ്ടും രണ്ടാണേ!'

ഗോവിന്ദപ്പിള്ള തോററു. ജാനകിയമ്മയിലെ സ്ഥൈര്യവും തൻേറടവും ആ ധനപ്പെരുമാളെ നന്നെ ആശ്ചര്യപ്പെടുത്തി. അത്ര കൂസലില്ലാതെയാണു വാദപ്രതിവാദം. സ്വരത്തിലോ ഭാവത്തിലോ അഹന്ത തീരെയില്ല, വിനയാദരപ്രകടനങ്ങളിൽ കുറവേതുമില്ല. എങ്കിലും ഇഞ്ചിനു വിട്ടുകൊടുക്കുന്നില്ല പ്രശ്നങ്ങളിൽ.

ബഹുമാന്യാതിഥി വിസ്മയപൂർവ്വം തുറിച്ചു നോക്കിയിരുന്നുപോയി കുറെനേരം. അതിനു നേരെ കണ്ണിടയാൻ നിൽക്കാതെ അലസദൃഷ്ടി നിലത്തു പതിപ്പിച്ചു വീട്ടുകാരി. വിയർത്തു പിന്നോക്കം ചാഞ്ഞിരുന്നു ഗോവിന്ദപ്പിള്ള. ഒന്നു മുറുക്കാൻ തുടങ്ങുകയാണു ജാനകിയമ്മ.

മംഗലത്തുപ്രഭു പിന്നെയും നിവൎന്നിരുന്നു—'അതിരിക്കട്ടെ. ഇത്തരത്തിൽ നിങ്ങളിവിടെ എത്രനാൾ കഴിയും? ഇവിടെ ചെലവിനു വല്ലതുമുണ്ടോ?'

'ഇല്ലെങ്കിലാരു തരാനാ?'

'ഞാൻ!'

'ചെലവിനുതന്നു താമസിപ്പിച്ചിരിക്കയാണെന്നു പറഞ്ഞോണ്ടു—'

'ലോകരു പറയുമെന്നോ?'

'തരുന്നയാളു തന്നെ.'

'സൂചന മനസ്സിലായി! ഉപദ്രവിക്കാൻ വരുന്നില്ല! എന്നാലോ?'

ഒന്നു ചിരിച്ചതേയുള്ളു ജാനകിയമ്മ.

ഗോവിന്ദപ്പിള്ള തുടൎന്നു:—'ഇത്ര ഉപദ്രവമാണെന്നു മനസ്സിലായിരുന്നെങ്കിൽ മുൻപും—ഈ നാലതിരിനകത്തു ഞാൻ കാലുകുത്തുകയില്ലായിരുന്നു!'

'മുമ്പത്തെ കാര്യം! അന്നീ വീട്ടിനൊരു നാഥനുണ്ടു്. ആ മനുഷ്യനെയോൎത്താ വല്ലോരും കേറിവരുന്നതു്. ഇന്നതല്ല!'

'അന്നും ആ മനുഷ്യനെയോൎത്തു മാത്രമല്ല ഞാനിവിടെ വരുന്നതു്.'

'അതു മനുഷ്യരു കേൾക്കെ പറയാൻകൊള്ളാമോ?'

'ഞാനിന്നു ചെലവിനു തരുന്നെന്നു മനുഷ്യരു കേൾക്കാമോ?'

'കേൾപ്പിക്കണോ?'

'എനിക്കു നിൎബ്ബന്ധമില്ല.'

'ഇത്രയുമൊക്കെ കേട്ടതും കേൾപ്പിച്ചതും പോരായോ?'

'ഏതായാലും കേൾപ്പിച്ചു. ഇനി അതുപോലെതന്നെയങ്ങിരുന്നാലെന്താ?'

'എനിക്കെൻെറ മോനെ ശങ്കിക്കണം!'

'അവൻെറ അച്ഛൻതന്നെ അമ്മയെ സംരക്ഷിക്കുന്നു......'

'അതിനു്—ആ മനുഷ്യനെവിടെ?'

'ഈ മനുഷ്യനുണ്ടല്ലോ?'

'പറഞ്ഞുപറഞ്ഞു പിന്നേം വഞ്ചി തിരുനക്കരെത്തന്നെ!'

'എനിക്കിതു പറയാനേയുള്ളു എന്നായാലും!'

'എനിക്കു ചെലവിനു തരുമോ?'

'സ്വീകരിക്കുമെങ്കിൽ!'

'പട്ടിണികെടന്നു ചാവാനിഷ്ടമില്ല—ഏതായാലും.'

,അത്രയെങ്കിലും കാരുണ്യം!'

അപ്പോഴും ജാനകിയമ്മ ഒന്നു ചിരിച്ചു.

അന്നു വൈകുന്നേരം ആ വീട്ടിൽ നെല്ലു പുഴങ്ങുന്നതുകണ്ടു് അയല്ക്കാരി ചോദിച്ചു:—'എന്തു വെലയാ കൊച്ചേ?'

'അറിയാമ്മേയ്യ്.' നെല്ലിൻെറ അടുപ്പിൽ തീയെരിക്കുന്നതിനു വിഘ്നം വരുത്താതെ വീട്ടുകാരി മൊഴിഞ്ഞു.

'കടമാണോ?'

'അല്ല.'

'പിന്നെവിട്ടുന്നാ?'

'വാകീറിയ തമ്പുരാൻ എരയും കൊണ്ടുത്തതന്നു.'

സഹജമായ കുസൃതിച്ചിരിയോടെ കുഞ്ഞിലക്ഷ്മിയമ്മ ചോദിച്ചു: 'മങ്ങലത്തൂന്നാണോ?'

'ആണെങ്കിലെന്താ? എനിക്കും ദഹിക്കത്തില്ല്യോ?'

'അറിയാൻ ചോയിച്ചതാ! നീ കെറീക്കാതെ! കാര്യമില്ലാതെ!'

'വേണ്ടാത്തതോരോന്നു ചോദിക്കാൻ വന്നാൽ?'

'ചോയിച്ചെങ്കിലും ഞാനല്ല്യോ?'

'എപ്പഴുമിഷ്ടപ്പെട്ടെന്നു വരത്തില്ല!'

'എന്നുവച്ചു ഞാനൊടനെ കെറീക്കാൻ പോണുമില്ല' എന്നായി നയതന്ത്രപൂർവ്വം കുഞ്ഞിലക്ഷ്മിയമ്മ.

അത്താഴമൊരുക്കുന്നതിനിടയിൽ ആ അയൽക്കാരി പിന്നെയും ആരാഞ്ഞു:—'എന്നിട്ടു്—എന്തൊക്കെ പറഞ്ഞേച്ചു പോയി?'

'ആരാ?'

'അദ്യം!'

'ഏതദ്യം?'

'മങ്ങലത്തെ.'

'ഞങ്ങൾക്കു തമ്മിൽ ഒരുപാടൊരുപാടൊക്കെ പറയാനില്ലേ?'

'ഒണ്ടോണ്ടു്.'

'അതെന്താണെന്നു മററാരാൾക്കു ചോദിക്കാൻകൊള്ളാമോ?'

'അതും ശരിയാ!' തെല്ലിളിഭ്യതയോടെ തലകുലുക്കി സമ്മതിച്ചു കുഞ്ഞിലക്ഷ്മിയമ്മ. എങ്കിലും ഉടരുകയാണു് 'എന്നായാലും വല്യവനെ നമ്പിനില്ലുയാ ജാനകീ ബുദ്ധി?'

'ജീവിക്കണ്ടായോ കുഞ്ഞിലക്ഷ്മിച്ചേച്ചീ?'

'നിൻെറ ദുഃഖമൊക്കെ തീരും കൊച്ചേ!'

'ചേച്ചിയുടെ നാക്കെങ്കിലും നന്നായിരിക്കട്ടെ.'

ആ ഭാഗം കൂടുതൽ ചുഴിഞ്ഞു ചർച്ചചെയ്യാൻ പിന്നെ കുഞ്ഞിലക്ഷ്മിയമ്മ ധൈര്യപ്പെട്ടില്ല. അതിൻെറ പേരിൽ പ്രത്യേകിച്ച് അസ്വാരസ്യമൊന്നും ഭാവിച്ചുമില്ല.

മുഡാനിക്കുഞ്ഞമ്മയുടെ സന്നിധിയിൽ പതിവുററിപ്പോർട്ട് സമർപ്പിക്കാനെത്തുമ്പോൾ പണ്ടില്ലാത്ത പരുങ്ങൽ ബോദ്ധ്യപ്പെട്ടു പിന്നീട്. അയൽപക്കത്തെ ജാനകിയെ പാടേ തള്ളിപ്പറയാൻ പണ്ടേപ്പോലെ നാവുവഴങ്ങുന്നില്ല പാവത്തിനു്. കുഞ്ഞമ്മയുടെ പക്കൽനിന്നു തുടരെ കിട്ടാറുള്ള കനത്ത പാരിതോഷികങ്ങൾ വസ്തുവത്തിൽ വെറും വേലക്കൂലിമാത്രം. അതേസമയം ജാനകിയമ്മ ക്ഷീണമറിഞ്ഞു ചെയ്യുന്ന സൽക്കാരങ്ങൾ വിലമതിക്കാവല്ലാത്തതും. അകലത്തെ ബന്ധുവിനെക്കാൾ ആപത്തിനുതകുന്നതു് അയലത്തെ ശത്രുവാണെന്നു പണ്ടൊള്ളവരു പറഞ്ഞിട്ടൊണ്ടു്. മങ്ങലത്തെ കുഞ്ഞമ്മമാർ ഇരിക്കുന്നെടത്തു ചെന്നു—സമയം കാത്തുനിന്നു്—ഇഷ്ടം പറഞ്ഞുകൊടുത്താൽ വീട്ടിലേക്കു രണ്ടോ മൂന്നോ നേരത്തേക്കുള്ള വകവല്ലതും തടയും. വെള്ളം കുടിക്കാഞ്ഞു കുടലെരിഞ്ഞു കണ്ണിൽ ഇരുട്ടു കയറുമ്പോൾ വടക്കേതിലേക്കു നുഴഞ്ഞു കടന്നാൽ മതി—അടുക്കളയിൽനിന്നു് ആവശ്യത്തിനു വിളമ്പിക്കഴിക്കാം. തമ്മിലേതാമെച്ചം? ഇല്ലാത്തകൊതിയും നുണയും പൊടിപ്പും തൊങ്ങലും വച്ചുകെട്ടിച്ചമച്ചു വിളമ്പിക്കൊടുക്കണം കുഞ്ഞമ്മമാക്കു്. ഇടയ്ക്കിടയ്ക്കു മൊഴിമുട്ടിക്കുന്ന ക്രാസ്സും ചില്ലറയല്ല. എല്ലാമെല്ലാമീ ജാനകിയെപ്പററി; താങ്ങാൻ വയ്യാത്ത പാരവശ്യത്തിനു തൽക്കാലശാന്തി വരുത്തുന്ന സ്നേഹമൂർത്തിയെപ്പററി. ആയുസ്സിലന്നോളം സത്യത്തിൽ തനിക്കൊരു ദ്രോഹവും ചെയ്തിട്ടില്ല ജാനകി. ചില്ലിക്കാശിനുവക നഷ്ടപ്പെടുത്തിയിട്ടുമില്ല. എങ്കിലും തന്നെക്കൊണ്ടാവുന്നതും അപ്പുറവും അപകാരങ്ങൾ ആചരിച്ചുപോയി അങ്ങോട്ടു്. കുഞ്ഞമ്മയ്ക്കു്, കനത്ത ഭർത്തൃസ്വത്തു മററാക്കും വീതിക്കാതെ കഴിക്കാൻ വേലികെട്ടററപ്പിക്കണം. പാവം ജാനകിക്കു്—അവളുടെ ഏക പുത്രനു ന്യായമായി ലഭിക്കേണ്ട പിതൃസ്വത്തുപോലും വാങ്ങിക്കണമെന്നു വിചാരമേയില്ല.

രണ്ടായാലും തനിക്കൊന്നുമില്ല കണക്കുകൂട്ടിയാൽ. കുഞ്ഞമ്മമാക്കിരുന്നാലും ജാനകിക്കു കൊടുത്താലും കോളേത്തെ കുഞ്ഞിലക്ഷ്മിക്കോ മക്കൾക്കോ കാൽക്കാശിനു കൃതമില്ല. അങ്ങുമിങ്ങും പററിനിന്നു് ഇന്നു കിട്ടുന്നതു മാത്രം. ഇതുതന്നെയും ഈയിടെ തുറന്നു കിട്ടിയ ഒരു മാർഗ്ഗമാണു്. എത്രകാലം നീണ്ടു നിൽക്കുമെന്നു നിശ്ചയിക്കാൻ മേല; താനായി കെട്ടി അടയ്ക്കുന്നില്ല. ദൈവവശാൽ താനെ നിന്നുപോവുംവരെ ഇരുപക്ഷത്തുനിന്നും പിടുങ്ങാവുന്നിടത്തോളം തനിക്കുമിരിക്കട്ടെ.

ഉള്ളവരിൽനിന്നല്ലേ—ഇല്ലാത്തവക്കു വല്ലതും—ഏതെങ്കിലും തരത്തിൽ ലഭിക്കാനൊക്കു?

ദിവസങ്ങൾ അങ്ങനെ നീണ്ടുപോയി. ഗോവിന്ദപ്പിള്ള ഒരിക്കൽക്കൂടി വന്നു ജാനകിയമ്മയെ പരീക്ഷിച്ചുനോക്കി. പണ്ടു്—പതിനെട്ടു വർഷം മുമ്പുണ്ടായ ദൗർബല്യം ആയുസ്സിൽ ഒരിക്കൽക്കൂടി ആവത്തിക്കില്ലെന്നു ബാബുവിൻെറ അമ്മ ദൃഢനിശ്ചയം ചെയ്തിരിക്കുമ്പോലെ!

തികഞ്ഞ യൗവനത്തിലെ ജ്വലിച്ചുയരുന്ന മാംസവികാരമല്ല ഇന്നു ഗോവിന്ദപ്പിള്ളക്കു്. പശ്ചാത്താപത്തിൽ പാകതവന്ന സ്നേഹമാണു്. ഒളിവിലെങ്കിലും തനിക്കൊരു സൽപുത്രനെ നൽകിയ നന്ദിയാണു് അടിസ്ഥാനവികാരം. ആ മകനുമായുള്ള മാനസികബന്ധം ബലപ്പെട്ട നിലനിൽക്കാൻ അവൻെറ അമ്മയെ അതേതരത്തിൽ സ്വാധീനപ്പെടുത്തിവയ്ക്കണമെന്നു ബുദ്ധി ഉപദേശിക്കുന്നു. നാണക്കുറുപ്പിൻെറ അഭാവത്തിൽ ജാനകിയമ്മയെ ബാധിച്ചിരിക്കാവുന്ന അശരണതാബോധം സമൂലം നിർമ്മാർജ്ജനം ചെയ്യേണ്ടതു തൻെറ മൗലികകത്തവ്യമായി പൗരുഷം ആജ്ഞാപിക്കുന്നു. ആയുസ്സിലൊരിക്കലെങ്കിലും അനുഭൂതമായ സ്വർഗ്ഗീയ നിർവൃതി ആയുരന്തത്തോളം ആശിക്കാനും അവകാശപ്പെടാനും ഹൃദയം ആവേശപ്പെടുന്നു.

എങ്കിലെന്തുവേണ്ടു? അടുത്തടുത്തു ചെല്ലുന്തോറും അകന്നകന്നു മാറുകയാണു സമസ്തലക്ഷ്യവും. അനുനയപൂർവ്വം വാദിച്ചുനോക്കി. പ്രലോഭനങ്ങൾ വിലപ്പോവില്ല. അവശ്യം ആവശ്യമായ സഹായങ്ങൾ സ്വീകരിക്കുന്നുണ്ടു്. താനായി വരുത്തിവച്ച ജീവിതയാതനകൾക്കു് വേതനമെന്ന നിലയിൽ—കൂടുതൽ കടപ്പാടിനൊന്നും കാര്യമില്ലെന്ന മട്ടിൽ. നിഷേധാത്മകമല്ല മറുവശത്തെ പ്രതികരണം; ഇഞ്ചിനു മുന്നേററവുമില്ല പൂർവ്വമൈത്രിയിൽ.

രോമചലനങ്ങളെക്കൂടി നിർന്നിമേഷം ഉററുനോക്കി നിൽക്കയാണു് കുഞ്ഞിലക്ഷ്മിയമ്മയും മുഡാനിക്കുഞ്ഞമ്മയും. തികച്ചും ദുർജ്ഞേയമായിത്തന്നെ ശേഷിക്കുന്നു ജാനകിയമ്മയുടെ പുതിയ നീക്കം. ഗോവിന്ദപ്പിള്ളയുമായി കൂടുതൽ അടുപ്പത്തിലാണെന്നു കുഞ്ഞിലക്ഷ്മിയമ്മപോലും ഉറപ്പിച്ചു പറയുന്നില്ല. നാണക്കുറുപ്പു പോയതിനുശേഷം ഉണ്ടുപറമ്പിലെ നിത്യത നടത്തിപ്പോരുന്ന കൈകൾ മററൊന്നല്ലെങ്കിലും.

ഉരുകിത്തണുത്ത ലോഹത്തിൻെറ മട്ടിലാണു ജാനകിയമ്മ. പൊതുവെ വളരെ മാററം വന്നിട്ടുണ്ടു് പ്രകൃതത്തിൽ. ഏല്പെടുന്ന ഏതു കാര്യത്തിലും നിരുത്സാഹമാണു മുന്നിട്ടുനിൽക്കുന്നതു്. ദിനചര്യകൾ

തന്നെയും മററാക്കോവേണ്ടി വഴിപാടു നടത്തുംപോലെ നിവ്വഹിക്കു യാണു്.

ഇത്രയേറെ മനോമാന്ദ്യം വരുത്തുന്നതു മകൻെറ കത്തുകളാണു്. ബാബു ബോംബെയിൽ ചെന്നു രണ്ടാഴ്ച കഴിഞ്ഞപ്പോൾ ആദ്യത്തെ കത്തുവന്നു. അതച്ഛൻെറ പേക്കായിരുന്നു. നാണക്കുറുപ്പും നാട്ടവിട്ടു പോയതിനു ശേഷമാണു പിന്നത്തെ കത്തു്. അതും പ്രിയപ്പെട്ട പിതാവിനെഴുതിയതത്രെ. വിറയ്ക്കുന്നകൈനീട്ടി വാങ്ങിച്ചു ആ അമ്മ. പുത്രന്റെ കത്തു കാണാൻ അത്യാത്തി പിടിച്ചിരുന്ന അച്ഛൻ അതിനു രണ്ടു ദിവസം മുൻപേ വീട്ടുവിട്ടിരുന്നു.

ആ കത്തിൽ ഏററിയപങ്കം ഇഷ്ടപിതാവിൻെറ ക്ഷേമാന്വേഷണങ്ങളാണു്. ആയുസ്സിലാദ്യമായി അച്ഛനെ പിരിഞ്ഞു താമസിക്കേണ്ടിവന്ന കുണ്ഠിതമാണു പിന്നെ കൂട്ടതല്വം. കൂട്ടത്തിൽ പെററമ്മയെപ്പററിയും രണ്ടോ നാലോ വാക്കു കുറിച്ചിട്ടുണ്ടു വെറും ലോഹ്യം.

വീട്ടിലെ സഹജമായ ബുദ്ധിമുട്ടുകൾ അച്ഛൻെറ ശരീരമനസ്സുകൾക്കു യാതൊരു തരത്തിലും പരിക്ഷീണത വരുത്തരുതെന്നു ബലമായഭ്യത്ഥിക്കുന്നു. അതേ സമയം താദൃശവൈഷമ്യങ്ങൾ താരതമ്യേന കൂടുതൽ ബാധിക്കാവുന്ന മാതാവിനെപ്പററി സൗകര്യപൂവ്വം മൗനം ഭജിക്കുകയും!

പണത്തിൻെറ കുറവിൽക്കൂടി നിത്യതയ്ക്കു നേരിടാവുന്ന ദുർഭിക്ഷത മാത്രമല്ല വിവക്ഷിച്ചിരിക്കുന്നതു്. ഉള്ളാൽ രസമില്ലാത്ത ഒരുത്തിയുമായി ഒന്നിച്ചു ജീവിക്കുമ്പോഴത്തെ സൈ്വരഭംഗങ്ങളും സൂചിപ്പിക്കുന്നുണ്ടു്.

ആകെ വായിച്ചപ്പോൾ, ആദ്യത്തെ കത്തിൽത്തന്നെ അവനു് അച്ഛനുമായുള്ള അഭേദ്യമായ അടുപ്പവും അമ്മയുടെ നേക്കുള്ള ദുർജ്ഞേയമായ അവഗണനയും സുവ്യക്തമായി.

വീണ്ടും രണ്ടാഴ്ചകൂടി കഴിഞ്ഞപ്പോൾ കത്തുവന്നു. മുൻപയച്ച കത്തിനു മറുപടികാണാത്ത വിഷാദപരിഭ്രമങ്ങളാണു് അതിലെ ഉള്ളടക്കം.

അതിസ്നേഹത്തിൽനിന്നു തച്ചുയരുന്ന ആപൽശങ്കകളുടെ പരമ്പരയായിരുന്നു പിന്നെ കിട്ടിയ കത്തിൽ. സമുചിതമായ സമാശ്വാസം എഴുതി അയയ്ക്കുവാനപ്പോഴും ജാനകിയമ്മയ്ക്കു നിവ്വാഹമില്ല.

നീണ്ട മൂന്നു മാസത്തിനു ശേഷമാണു് ബോംബെയിൽനിന്നു പിന്നെയൊരു കത്തുവരുന്നതു്. അതു പൊളിച്ചു മുഴവൻ വായിക്കാൻ പെററമ്മയ്ക്കു പ്രജ്ഞാശക്തി നിലനിന്നില്ല. വെയിലത്തു പറിച്ചിട്ട താമരവളയം കണക്കെ വാടിവിയത്തു നിലംപൊത്തിപ്പോയി പാവം.

# അദ്ധ്യായം പതിമ്മൂന്നു്

തുണ്ടുപറമ്പിലേക്കു പോസ്റ്റ്മാൻ കയറിച്ചെല്ലുന്നതു തെക്കേ വീട്ടിലെ കുഞ്ഞിലക്ഷ്മിയമ്മ യാദൃഛയാ കണ്ടിരുന്നു. ഉടനടി ചാടിയിറങ്ങിച്ചെല്ലാൻ സാധിക്കാത്ത സാഹചര്യങ്ങളായിരുന്നു അപ്പോൾ ആ അയൽക്കാരിക്കു്. അരി വാത്തുവാങ്ങി അടച്ചൊതുക്കിവച്ചിട്ടു കൂട്ടാനും അടുപ്പത്തു കയററി. അടുക്കളക്കതകു ചാരി മെല്ലെ വടക്കേതിലേക്കു ചെല്ലുകയാണു്. ഒട്ടകലെവച്ചേ നിലവിളി കൂട്ടിപ്പോയി.—

"ഹല്ലേ!...കൊച്ചേ...ജനകിയേ..."

വെയിലടിക്കുന്ന പുറന്തിണ്ണയിൽത്തന്നെ പ്രജ്ഞയററു കിടക്കുകയാണു ജാനകിയമ്മ. ചലനമില്ലാത്ത വലതുകൈയിൽ ചുരുട്ടിപ്പിടിച്ചിട്ടുണ്ടു് ഒരു കത്തും. അതിൻെറ ലക്കോട്ടും സമീപത്തുതന്നെ കിടക്കുന്നു. ശ്വാസോച്ഛ്വാസം നിലച്ചിട്ടില്ല. വായും കണ്ണും അടഞ്ഞിരിക്കുകയാണു്.

പാഞ്ഞുവന്നപാടെ ഭയസംഭ്രമങ്ങളോടെ പലവുരു കുലുക്കിവിളിച്ചു കുഞ്ഞിലക്ഷ്മിയമ്മ. പെട്ടെന്നോടിച്ചെന്നു് ഒരു കൈയിൽ പച്ചവെള്ളം കോരിക്കൊണ്ടുവന്നു മുഖത്തെറിഞ്ഞു. ഒട്ടുവളരെ നേരത്തെ ശീതോപചാരങ്ങൾക്കു ശേഷം പരിക്ഷീണിത മെല്ലെ മിഴിതുറന്നു. കിണഞ്ഞു ശ്രമിച്ചിട്ടും ശബ്ദം പുറത്തേക്കു വരുന്നില്ല ജാനകിയമ്മയ്ക്കു്. തൊണ്ടവരെയും വരണ്ടുപോയിരിക്കുന്നെന്നു നാവുനീട്ടികാട്ടി. കൈയിൽ കിട്ടിയ പാത്രത്തിൽ കുറെ വെള്ളം ചുണ്ടത്തടുപ്പിച്ചുകൊടുത്തു കുഞ്ഞിലക്ഷ്മിയമ്മ. ഉറക്കെ രണ്ടിറക്കു വെള്ളം കണ്ഠനാളത്തിലൂടെ കടന്നപ്പോൾ അടിയന്തിരാവശ്യം മൊഴിഞ്ഞു—

'മങ്ങലത്തു ചെന്നി...ങ്ങോട്ടു വരാമ്പറഞ്ഞേ......'

കുഞ്ഞിലക്ഷ്മിയമ്മയ്ക്കു കാര്യമെന്തോ പിടികിട്ടി. അവരുടെ മക്കളിലൊരാൾതന്നെ മങ്ങലത്തേക്കു പറന്നു. എട്ടുപത്തു മിനിട്ടിനുള്ളിൽ ഗോവിന്ദപ്പിള്ള വെന്തുവിയത്തു വന്നെത്തി. സംഭവിച്ച അത്യാഹിതമെന്തെന്നു മനസ്സിലാക്കാൻ ഓടിക്കൂടിയ അയൽക്കാരിൽ പലരും ആവർത്തിച്ചു ചോദിച്ചു. കൈയിലിരുന്ന കത്തു ചുരുട്ടിമുറുക്കെപ്പിടിച്ചതേയുള്ളു ജാനകിയമ്മ. കിതച്ചെത്തിയ ഗോവിന്ദപ്പിള്ളയുടെ നേക്കുതെല്ലുകലെവച്ചേ നീട്ടി. അനിഷേധ്യമായ അധികാരാവകാശങ്ങളോടെ അതു കൈപ്പററിനിവർത്തു മങ്ങലത്തു പ്രഭു—

ബോംബെ

............

അമ്മേ! എൻെറ പെററമ്മേ!

ഇപ്പോൾ അഞ്ചുമാസം കഴിഞ്ഞിരിക്കുന്നു, ഞാനവിടെ നിന്നു പോന്നിട്ട്. ഈ അഞ്ചു മാസത്തിനുള്ളിൽ എൻെറ നാലാമത്തെ കത്താണിതു്. മുമ്പത്തെ മൂന്നു കത്തുകൾക്കും ഞാൻ മറുപടി ചോദിച്ചു മട്ടുത്തു. ഈ നാലാമത്തെ കത്തിനു് ഒരു മറുപടി ആവശ്യപ്പെടുന്നില്ല. അഥവാ അമ്മ ആരെക്കൊണ്ടെങ്കിലും എഴുതി അയപ്പിച്ചാൽത്തന്നെ എനിക്കു കിട്ടാൻ പോകുന്നില്ല.

ഈ കത്തു് അമ്മയുടെ കൈയിലെത്തും മുൻപേ ഞാനിവിടം വിട്ടും. എൻെറ പ്രിയപ്പെട്ട പിതാവിൻെറ കാല്പാടുകൾ നോക്കി വിശാല പ്രപഞ്ചത്തിലേക്കിറങ്ങുകയായി ഞാൻ. ഈ ആയുസ്സിലിന്നോളം അറിയപ്പെട്ട സകലരുടെയും കൺമുൻപിൽനിന്നു തികച്ചും ഇരുളടഞ്ഞ കോണിലേക്കു്.

അച്ഛൻെറയും അമ്മയുടെയും വീട്ടിലെയും വിവരങ്ങൾ അറിയാൻ മററേതൊരുവനെയുംപോലെ മികച്ച വിശപ്പായിരുന്നു എനിക്കു്. തുടരെത്തുടരെ മൂന്നു കത്തുകളെഴുതിയിട്ടും രണ്ടുവരി മറുപടി കുറിച്ചയക്കാൻ ഞാൻ ജനിച്ച വീട്ടിൽ ആരും ശേഷിച്ചിട്ടില്ലെന്നു ബോധ്യം വന്നു.

ഇത്ര നീണ്ട ദൂരത്തേക്കെന്നെ പറഞ്ഞയച്ച പെററമ്മ അതിനു ശേഷം പാടെ രൂപാന്തരപ്പെട്ടു. ഞാനിനി മടങ്ങി വന്നാലും ഈ പതിനേഴുവയസ്സുവരെ പരിചയപ്പെട്ട മാതാവിനെയല്ല കണ്ടുമുട്ടുന്നതു്. ഈ പരിവത്തനത്തിൻെറ പ്രാരംഭഘട്ടത്തിൽത്തന്നെ പൊറുതിമുട്ടി എൻെറ പ്രിയപ്പെട്ട അച്ഛൻ എന്നെന്നേക്കുമായി നാട്ടും വീട്ടും വിട്ടു.

അന്യരുടെ അഴുക്കുതോണ്ടി പുറത്തെറിഞ്ഞു കൃതകൃത്യതകൊള്ളുന്ന ലോകരാണിന്നു ബഹുഭൂരിപക്ഷം. അമ്മാതിരി അഴുക്കുതോണ്ടികൾക്കു പിടിപ്പതു പണിയുണ്ടാക്കിക്കൊടുക്കുന്നുണ്ടു് അമ്മയും. ഒട്ടൊക്കെ കേട്ടു ഗ്രഹിക്കാൻ പ്രാപ്തിയായ കാലംതൊട്ടു ദുരർത്ഥം വമിക്കുന്ന വാക്ശരങ്ങളുടെ വർഷമാണെവിടേയും എന്നെ വലയം ചെയ്യുക! വക്താക്കളെ പിടിച്ചു നിർത്തി വ്യാഖ്യാനം ചോദിച്ചിട്ടു കാര്യമില്ല. സ്വയം യുക്തിചിന്ത ചെയ്തു മനസ്സിലാക്കാൻ സഹായകമാണു ജീവിതസാഹചര്യങ്ങൾ തന്നെ.

വ്യക്തമായിടത്തോളം ദുഃഖസത്യങ്ങൾ എനിക്കു തീരെ സഹിക്കാനാവാത്തതാണു്. എങ്കിലും ഉള്ളിൽ തിങ്ങിവിങ്ങുന്ന വേദന ലവലേശം പുറത്തു കാട്ടാവുന്നതുമല്ല. മിഥ്യാഭിമാനമെന്ന പാഴ്ച്ചരടിൽ തൂങ്ങിയാവും ഈ ഇളംപ്രായം നീങ്ങുന്നതു്. അതിന്റെ കുരുക്കഴിക്കാൻ നോക്കുന്തോറും കൂടുതൽ കൂടുതൽ സങ്കീർണ്ണത കണ്ടെത്തുകയാണു്.

ഇന്നോളമെന്നെ അറിഞ്ഞവരെല്ലാം ഇവന്റെ മേൽ ഒരു പതിതപം വച്ചുകെട്ടുന്നുണ്ടു്. അത്തരത്തിലൊരു പതിതനായി പരിചിതരുടെ മുൻപിൽ വീണ്ടും പ്രത്യക്ഷപ്പെടാൻ എനിക്കു വയ്യ. ഒന്നുമൊന്നുമറിയാത്ത ബഹുദൂരത്തെങ്ങാനും ചെന്നെത്താൻ പററിയാൽ ഒരു പക്ഷെ രക്ഷപെട്ടേക്കാം. എന്നോടൊപ്പം എന്റെ ജനനരഹസ്യകഥകൾ അങ്ങെത്തുംവരെയെങ്കിലും ആത്മാഭിമാനം പുലരും.

തുണ്ടുപറമ്പിലെ നാലതിരിനുള്ളിലെ മണൽത്തരികളുടെ തുക തന്നെയും തിട്ടപ്പെടുത്താൻപോന്ന സ്വതീർത്ഥ്യരുണ്ടു് എനിക്കവിടെ. മംഗലത്തു മൂപ്പിലെ മുപ്പതുവെള്ളിക്കാശിനു വിലയ്ക്കു കിട്ടാത്ത കുറെ സുഹൃത്തുക്കൾ. അവരിൽനിന്നു് ഞാൻ പിടിവാശിയെടുത്തു പിടിച്ചെടുത്ത വസ്തുതകൾ നാളെ അവരുടെ നേക്കും തലയുയർത്താൻ ശക്തിയില്ലാതാക്കി. എനിക്കീ ജന്മം നൽകിയ മാതൃദേവി തന്നെയും ഏതാനും നാണയത്തുട്ടുകൾക്കു നിശ്ശേഷം വില്ക്കപ്പെട്ടിരിക്കുമ്പോൾ ഉപരിയെന്തു പറയാൻ?.........'

കത്തുമുഴുവൻ വായിച്ചു കഴിഞ്ഞു ഗോവിന്ദപ്പിള്ള തന്റെ പതിവു കസാല തിരഞ്ഞു തടിചായ്ച്ചു. തുറിച്ചുനോക്കി പരിസരത്തിൽ നില കൊള്ളുന്ന അയൽക്കാരെയാകെ തിരക്കി നോട്ടം നടത്തി. ഒരുത്തരോട്ടും ഒരക്ഷരം ഉരിയാടിയില്ല.

പ്രജ്ഞയററു വീണകിടപ്പിൽ നിന്നു തുങ്ങിയെഴുന്നേററു പുറത്തിണ്ണയിൽത്തന്നെ ചുവരുചാരിയിരിക്കയാണു ജാനകിയമ്മ. അപ്പോഴും തഴുകിപ്പിടിച്ചു നിർല്ലോഭം സാന്ത്വനമോരോന്നു വിളമ്പുന്ന കുഞ്ഞിലക്ഷ്മിയമ്മയോടുപോലും അവക്കു പ്രത്യുക്തിയൊന്നുമില്ല.

വീട്ടുകാരിക്കും ബഹുമാന്യാതിഥിക്കും തമ്മിൽ കണ്ടുകൂടാ. ആ പരന്ന ലോകരുടെ കൺമുൻപിൽവച്ചു പരസ്പരം മുഖം കൊടുക്കാൻ ധൈര്യവുമില്ല രണ്ടാൾക്കും.

ഇടതുകൈയിൽ നിവത്തിപ്പിടിച്ച കത്തിലേക്കു വീണ്ടും ശ്രദ്ധ തിരിഞ്ഞു ഗോവിന്ദപ്പിള്ളയ്ക്ക്. ഭാഗികമായത്രേ പിന്നീടുള്ള മൗന വായന. ബാബുവിൻെറ വാഗ്പ്രയോഗങ്ങളിലെ മൂർച്ച പരിശോധി ക്കയാവാം. പൊതുവെ അഭിമുഖീകരിക്കുന്ന സംഭവവികാസങ്ങൾ വിശകലനം ചെയ്യുകയുമാവാം.

ഒട്ടേറെ കഴിഞ്ഞു സ്വല്പം നീട്ടിവിളിച്ചു—'ജാനകീ!' ഒരു നീണ്ട നെടുവീർപ്പു കണക്കെ.

'എന്താ.........' മുഖംതിരിക്കാതെ വിളികേട്ടു ജാനകിയമ്മ, ഒരു നവോഢയുടെ മുഗ്ദ്ധസ്വരത്തിൽ.

'നീയൊട്ടും വിഷമിക്കാതെ! ഞാനിപ്പത്തന്നെ പുറപ്പെടുകയാ ബോംബേയ്ക്ക്. പിടിച്ച പിടിയാലവനെ നിൻെറ മുൻപിൽ കൊണ്ടു വരാം. ഇനിയൊന്നും പൊതിഞ്ഞു വയ്ക്കേണ്ട. കാര്യമായെല്ലാം നീ പറഞ്ഞു കൊടുക്കു്. കണ്ട അസൂയക്കാരുടെ ഏഷണി മാത്രം കേൾ ക്കാതെ.'

'അവിടുന്നവിടെ ചെല്ലുമ്പോഴേക്കു്—'

'അവനവിടെ നിന്നു പോയേക്കുമെന്നു്? പോയാലെവിടംവരെ പോകും? അതുമൊന്നറിയണമല്ലോ എനിക്കു്!'

'വിളിച്ചാൽ കൂടെ വരുമോ.'

'പോകുന്നതു മംഗലത്തു ഗോവിന്ദപ്പിള്ളയാ!'

'അവൻ്റച്ഛനെ കൂടെ കണ്ടിരുന്നെങ്കിൽ.'

'അവൻ അവൻെറ അച്ഛനെ കാണാൻ പോകയാ! സത്യത്തിലച്ഛ നാരെന്നു ബോധ്യപ്പെടാൻ! എനിക്കെൻെറ നാലുപെൺമക്കളിലും വലുതു്—മുഢാനിപെററ നാലു പെമ്പിള്ളേരിലും വലുതു്—ബാബു വൊരുത്തൻ! അതറിയാമോ നിങ്ങൾക്കു്?'

'ഞാനറിഞ്ഞാൽ മതിയോ?'

'നിങ്ങളവനു പറഞ്ഞുകൊടുക്കണം!'

'കൺമുമ്പിൽ കണ്ടിട്ടാട്ടെ!'

'അവനിനി മംഗലത്തു വന്നു താമസിക്കട്ടെ'

'വിളിച്ചോണ്ടു പോയാട്ടെ.'

'ഒക്കെ നിശ്ചയിച്ചു കഴിഞ്ഞു!'

ബാബുവിൻെറ സ്വഭാവം കൂടുതൽ അടുത്തറിയാവുന്ന ജാനകി യമ്മയ്ക്കു സമാധാനമാവുന്നില്ല. എങ്കിലും സാന്ത്വനപ്പെടുന്നതായി ഭാവി

ക്കുന്നു. തുനിഞ്ഞിറങ്ങിയ പാതയിലൂടെ മുൻപോട്ടു പോകേണ്ടതു തന്റെയും ആവശ്യമാണ്. കഴിവതു പ്രോത്സാഹിപ്പിക്കയല്ലാതെ നിരുത്സാഹപ്പെടുത്താമോ?

ജാനകിയമ്മയോടു വീമ്പടിച്ചെങ്കിലും ബോംബേയോളം പോകുന്ന പ്രശ്നം വന്നപ്പോൾ കള്ളക്കുതിരയുടെ നയം തന്നെ കൈക്കൊള്ളാൻനിർബന്ധിതനായി ഗോവിന്ദപ്പിള്ള. മാതൃഭാഷയല്ലാതെ മറ്റൊന്നും ലവലേശം പിടിയില്ല. മലയാളക്കര തന്നെയും മുഴുവൻ കണ്ടിട്ടില്ല. തുടരെ മൂന്നു ദിവസത്തെ ട്രെയിൻയാത്ര സുഖം പേറി ചെയ്യാനും മങ്ങലത്തുപ്രഭുവിനു ബുദ്ധിമുട്ടുണ്ട്. ആകെക്കൂടി പര്യാലോചിച്ച് ഒരു നിവൃത്തിമാർഗ്ഗം കണ്ടെത്തി. ആധുനികലോകത്തിൽ അത്ര തന്നെ പററാത്ത ഹരിശ്ചന്ദ്രസത്യത്തിൽ നിന്നു തെല്ലകന്ന് നയതന്ത്രപരമായ ഒരു നീക്കം.

അതിന്റെ അഞ്ചാംദിവസം അടുത്ത ബസ്സ് സ്റ്റോപ്പിൽ ബാബു വന്നിറങ്ങി. നാലഞ്ചുമാസം മുൻപു നാട്ടിൽനിന്നു പോയപ്പോഴത്തെ രൂപത്തിലും ഭാവത്തിലും വളരെ മാററമുണ്ട്. അടുത്ത പരിചയക്കാർക്കു തന്നെയും ആളിനെ പെട്ടെന്നു പിടികിട്ടിയില്ല. കണ്ണിലെണ്ണയുമൊഴിച്ചു രണ്ടു നാളായി കാത്തുനിന്ന കോളേത്തു മാതുപ്പണിക്കർക്കു മാത്രം വിജയാട്ടഹാസം മുഴങ്ങി—

'ഹല്ലേയ്! നമ്മടെ ബാബുവല്ലേ? തുണ്ടുപറമ്പിലെ—'

തൊട്ടടുത്ത അയൽക്കാരനാണെങ്കിലും മുഴക്കുടിയൻ മാതുപ്പണിക്കരുമായി പണ്ടേ അടുപ്പമില്ല ബാബുവിന്. പക്ഷെ, ജനിച്ചകാലം തൊട്ടേ പ്രകടിപ്പിച്ചു പോന്ന അനാസ്ഥയ്ക്കാകെ പ്രായശ്ചിത്തമെന്നപോലെ കടന്നു കൈപിടിക്കയായി കാതരഹൃദയൻ—

'പണിക്കരുചേട്ടാ! ഹെന്റമ്മയ്ക്കെങ്ങനെയിരിക്കുന്നു?'

കേട്ടുനിന്ന മററാളുകളെല്ലാം വിസ്മയപ്പെട്ടു പരസ്പരം നോക്കി. മാതുപ്പണിക്കർ ഘനഗാംഭീര്യത്തോടെ സാന്ത്വനമരുളി...

'ഇന്നിപ്പഴല്ലം കൊറവൊണ്ട്. ഞാനിന്നു മൂന്നു ദെവ്വസം കൊണ്ട് ഈ റോഡിൽത്തന്നെയാ. വടക്കുന്നുവരുന്ന ബസ്സേലെല്ലാം നിന്നെ നോക്കുവാ!'

ക്ഷമകെട്ട വേറൊരയൽക്കാരൻ ഇടപെട്ടു—'കാര്യമെന്താ പണിക്കരെ?'

'ഇവന്റെ തള്ളയ്ക്കിന്നു നാലഞ്ചുദെവ്വസമായി.........'

'നാലഞ്ചുദിവസമായി?'

'ഒരു വയററുകടി'

'ആരു പറഞ്ഞു?'

'പറഞ്ഞതു ഞാൻ!' തുടരെ മാറത്തടിച്ചു സമർത്ഥിച്ചു 'കോളേത്തു മാദവപ്പണിക്കർ!'.

'അവിട്ടത്തെ കുഞ്ഞിലക്ഷ്മിയമ്മേടെ കാര്യമോ—അതിൻെറ വടക്കേലെ ജാനികയമ്മേടെ കാര്യമോ?'.

'അതു ചോദിക്കാൻ നീയാരാടാ?'.

'തന്നോട്ട വായിടാൻ വന്നതേ നമുക്ക പററിയ പിശക്!'.

മററു ശ്രോതാക്കൾക്കിടയിലും ഒരു ചിരിയുയന്നു.

വിറളിപിടിച്ച വെട്ടുപോത്തു കണക്കെ പണിക്കരൊന്നു ചിറഞ്ഞു—'മാന്യന്മാരെ പരിഹസിക്കാൻ മാത്രം പഠിച്ച വഷളന്മാർ!'.

പരമാവധി ചിന്താക്കുഴപ്പത്തിലായി ബാബു. തുടരെ മൂന്നു നാളത്തെ തീവണ്ടിയാത്രകൊണ്ടു മുഷിഞ്ഞുലഞ്ഞ മറുനാടൻ വേഷമാണപ്പോഴും ബാബുവിനു്. എറണാകുളത്തു ട്രെയിൻ ഇറങ്ങിയപ്പോഴും വേഷമൊന്നു പകരാൻ ശ്രദ്ധപോയില്ല വിധുരചിത്തനു്.

അത്ര കനത്ത ഹൃദയാഘാതം ഏല്പിച്ച കമ്പിസന്ദേശം ഒരിക്കൽ കൂടി ട്രൗസറിൻെറ പോക്കററിൽ നിന്നു പുറത്തെടുത്തു നോക്കി.

**'Start immediately, Mother is Serious' Govinda Pillai**

ചുററിക്കൂടി നിന്ന ബഹുഭൂരിപക്ഷത്തിൻെറ പരിഹാസഭർത്സനങ്ങൾ പാടെ അഗണ്യകോടിയിൽത്തള്ളി മാതുപ്പണിക്കർ ബാബുവിൻെറ മേൽ പിടിമുറുക്കി—'നമക്ക പാം'.

ബാബു അനങ്ങിയില്ല.

പണിക്കർ ധൃതികൂട്ടി—'വണ്ടിയെറങ്ങിയ പാടെ നേരെ മങ്ങലത്തോട്ട ചെല്ലാനാ—കോന്നപ്പുള്ളയദ്യം പറഞ്ഞിരിക്കുന്നെ!'

പണിക്കരുടെ പിടിയിൽപ്പെട്ടിരുന്ന കൈ കുതറി പിൻവലിച്ചു ബാബു—'എൻ്റമ്മ?'.

'ദൈവകടാക്ഷം കൊണ്ടു് ഇതുവരെ കൊഴപ്പമൊന്നുമില്ലെന്നു പറഞ്ഞില്ല്യോ?'.

'കണ്ടു കേട്ടറിഞ്ഞിടത്തോളം—'.

'അസൂയക്കാരു വെറുതെ പറകയല്ല്യോ?'.

'പണിക്കരുചേട്ടനെന്നു മുതല്ക്കാണു മംഗലത്തെ—'.

'നാണക്കുറുപ്പുപോയപ്പത്തൊട്ടു നമ്മളെയാ കാര്യസ്ഥനാക്കി വച്ചിരിക്കുന്നെ'.

'എങ്കിൽ നിന്നു സമയം കളയാതെ ചെന്നു കാര്യസ്ഥത ഭരിച്ചാട്ടെ'.

'കുഞ്ഞൂടെ വാ''.

'എനിക്കൊരു വീടുണ്ടായിരുന്നു—ഞാൻ പോകുമ്പോൾ!'.

'ആ വീടെങ്ങും പറന്നു പോയില്ല'.

'ഒന്നു ചെന്നു നോക്കി ബോധ്യപ്പെടട്ടെ'.

'അതിനെക്കാൾ പതിന്മടങ്ങു വല്യതു്—രണ്ടു നെലമാളികതന്നാ—മററേടത്തു്!'.

'രണ്ടു നിലേം പന്ത്രണ്ടു നിലേം മുപ്പത്താറു നിലേം കണ്ടിട്ടാ വരുന്നതു്! അതൊക്കെ ചെന്നു കണ്ടശേഷവ്വം എനിക്കെൻെറ തുണ്ടുപറമ്പിലെ കുനൻപുരയാണു ലോകോത്തരം!'.

'മുഖത്തു വന്നു കേറിയ ഐശ്വര്യം തുത്തുകളയല്ലേ!'.

'ലാക്കിനു തടയുന്നതു പണിക്കരുചേട്ടൻ വാങ്ങിച്ചോളു. പാവം ബാബുവിനെ ഉപദ്രവിക്കാൻ വരാതെ!'.

പെട്ടിയും ബെഡ്ഡും എടുപ്പിച്ചു് ആ തരുണൻ നടന്നു കഴിഞ്ഞു. അണ്ടികളഞ്ഞ അണ്ണാനെപ്പോലെ 'മിഴങ്ങസ്യ' നിന്നുപോയി പണിക്കർ.

അവരിരുവരെയും അടുത്തറിയാവുന്ന സമീപവാസികൾ ചിലരുണ്ടു് അവിടെ രംഗനിരീക്ഷകർ. അവരോടു വീട്ടിലെ നിജസ്ഥിതി ചോദിച്ചറിയണമെന്നുണ്ടായിരുന്നു ബാബുവിനു്. കാത്തുനിന്ന കണ്ടകശ്ശനി കാലിൽ ചുററിയതുകൊണ്ടു രണ്ടുവാക്കു ലോഹ്യം കൈമാറാൻ കൂടി തരപ്പെട്ടില്ല.

ബാബു പടി കടന്നു ചെല്ലുമ്പോൾ ജാനകിയമ്മ മുറിസ്സുള്ളിലെന്തോ തിരയുകയായിരുന്നു. മുററത്തു കനത്ത കാലൊച്ചയും അവ്യക്തസംസാരവും കേട്ടു് ഇറങ്ങി വന്നു നോക്കി. ഓക്കാപ്പുറത്തു കൺമുൻപിലതാ ഓമൽ സന്തതി! വിവിധവികാരപാരമ്യതയുടെ വിദ്യുൽപ്രവാഹം ആ അമ്മയെ അമ്പേ കിടിലം കൊള്ളിച്ചു കുറെ നേരത്തേക്കു്. കൺവെട്ടത്തുനിന്നു മറഞ്ഞ നാൾതൊട്ടു കണ്ണും കരളും കൊതിച്ചിരിക്കയാണു് ആ മകനെയൊന്നു കാണാൻ. അവൻ അടുത്തു നിന്നു പിരിഞ്ഞതിൽപ്പിന്നെയുള്ള അദൃഷ്ടസംഭവവികാസങ്ങളോക്കുമ്പോൾ അഭിമുഖീകരിക്കാൻ ധൈര്യം പോരാ. അവസാനം കിട്ടിയ കത്തിലെ ഓരോ വരിയും ഒരു പെററമ്മയുടെ ജീവിതാശതന്നെയും നിശ്ശേഷം ധ്വംസിക്കാൻ പോന്നവയും!.

ചുമട്ടുകാരൻെറ തലയിൽ നിന്നു പെട്ടിയും കിടക്കയും പുറന്തിണ്ണയിലിറക്കി വച്ചിട്ടു ബാബു മാതാവിൻെറ നേക്കു തിരിഞ്ഞു—'ഞാൻ പറഞ്ഞവാക്കിനു വ്യത്യാസം വരുത്തുകയായിരുന്നു?'.

പെററുവളത്തിയ മകൻെറ പാരുഷ്യം തുകച്ചെട്ടുത്ത ദൃഷ്ടിമുനയും ദുരന്തം ധ്വനിക്കും വാഗ്ശരത്തിനും കുരുങ്ങിനിന്നു പാവം ജാനകി

യമ്മ ചുണ്ടുപിളുത്തുകയാണ്—'ദൈവം തമ്പുരാനാ—മോനേ—നിന്നെക്കൊണ്ടിതു പറയിക്കുന്നതു്!'.

'ചെയ്യാവുന്നതൊക്കെ ചെയ്തിട്ട് അവസാനം ദൈവത്തെ വിളിച്ചാൽ മതിയല്ലോ?'.

ബാബു കുനിഞ്ഞു പൂമുഖത്തു കയറി തൻെറ ശരീരഭാരമൊന്നിറക്കിവച്ചു. ബലമായി പിടിച്ചെടുത്ത തന്റേടത്തോടെ മാതാവും സമീപിച്ചു. ബാബു കാലുറക്കീശയിൽ കൈയിട്ടു ടെലഗ്രാം പുറത്തെടുത്തു—

'ഇതെന്താണെന്നറിയാമോ?'.

'നീ പറഞ്ഞാലറിയാം'.

'എനിക്കു കിട്ടിയ കമ്പിയാണ്'.

'ആരടെ?'.

'ഏതോ ഒരു ഗോവിന്ദപ്പിള്ള'.

'ശ്ശോ!.........'.

'എന്താ? ആകാശം ഇടിഞ്ഞു വീണോ?'.

'അതല്ല മോനെ—'.

'അപ്പോൾ—ഇതയച്ചയാളിനെ അമ്മയ്ക്കറിയാം?'.

ജാനകിയമ്മ മിണ്ടിയില്ല.

ബാബു തുടൎന്നു—'അമ്മ അത്യാസന്ന നിലയിലാണ്—ഞാനുടനെ വന്നു ചേരണം—എന്നാണീ കമ്പിയിൽ!'.

ബലമായമൎത്തിപ്പിടിച്ചിട്ടും ജാനകിയമ്മയുടെ മുഖത്തു് ഒരു ചെറുപുഞ്ചിരി പൊട്ടിവിടൎന്നു. ബാബുവിൻെറ മുഖം പരമാവധി രൂക്ഷമായി പരിണമിക്കയും.

'നിൻെറ എഴുത്തു വായിച്ചേച്ചു പറഞ്ഞു—' ജാനകിയമ്മ വിശദീകരിച്ചു. 'ബാംബേച്ചെന്നിപ്പം വിളിച്ചോണ്ടു വരുമെന്നു്! എങ്കിലും ഇതാണു പണിയെന്നു ഞാൻ മനസ്സിൽപ്പോലും ഓൎത്തില്ല!'.

'ആരാണമ്മേ!'.

'നിൻെറച്ചൻെറ......മങ്ങലത്തെ മൂപ്പില്ല്'.

'എന്നിട്ട്—എൻെറച്ഛനെ നിങ്ങൾ രണ്ടും കൂടി എവിടെ കൊന്നു കുഴിച്ചുമൂടി?' ഒരിടിവെട്ടും പോലെ മുഴങ്ങി ബാബുവിൻെറ ശബ്ദം.

ജാനകിയമ്മ ഞെട്ടിവിറച്ചു—'ഇതെന്താണീശ്വരാ—ഈ കൊച്ചൻ ചോദിക്കുന്നതു്?'.

'എൻെറച്ഛനെന്ത്യേന്നു്!'.

'ഞാനെങ്ങും പറഞ്ഞു വിട്ടില്ല'.

'നാണംകെട്ടു തന്നത്താനിറങ്ങിപ്പോവ്വാരുന്നു?'.

'ഏഷണിക്കാരടെ നൊണ കേട്ടിട്ടാരിക്കും!'.

'അങ്ങനെ ഏഷണി പറഞ്ഞുകൂട്ടാൻ വല്ല കാരണവുമുണ്ടോ വാസ്തവത്തിൽ?'.

ഇതെന്തു കിന്നാരം ചോദ്യമാ—ബാബൂ? നീയീ ഉടുപ്പും കാൽസ്രായുമൊക്കെ അഴിച്ചു വച്ചേച്ചു വല്ലതും വന്നുകഴിക്കു്. നൂന്നുനില്ക്കാൻ വയ്യാല്ലോ—വയററിലൊന്നുമില്ലാഞ്ഞു്? നീ ആഹാരം കഴിച്ചിട്ടെത്ര ദിവസമായി?'.

അമ്മയുടെ അനുനയഭാവത്തെ പാടെ അവഹേളിക്കും മട്ടിൽ ഒരു കപടഹാസമുതിൻന്നു ബാബുവിൻെറ മുഖത്തു്—'ഹാ! കരുണയുള്ള ഒരമ്മ! മകനെ സ്നേഹിക്കുന്ന ഒരമ്മ!'.

'നല്ല—മുറിയുന്ന—വെട്ടോത്തിയെടുത്തു കഴുത്തിനൊരു വെട്ടു താടാ! ഇതിലും ഭേദമാ!'.

'ഇതേ വാക്കു തന്നെ എനിക്കമ്മയോടും അപേക്ഷിക്കാം. ഈ നശിച്ച ജീവിതം ഇവിടെത്തന്നെ അവസാനിക്കട്ടെ! അത്രയ്ക്കെങ്കിലും ദയ ശേഷിക്കുന്നുണ്ടോ എന്റെ പെററമ്മയ്ക്കു്? അതില്ല! കൊല്ലാക്കൊല ചെയ്യാൻ! സ്വയം ചെന്നു തൂങ്ങിചാകാൻ! അതിനല്ലേ അമ്മ തുടങ്ങുന്നതു്? പ്രസവിച്ച നേരത്തു തന്നെ കഴുത്തു പിരിച്ചു കൊന്നേക്കാമായിരുന്നല്ലോ? എന്തിനിങ്ങനെ കുറെ വളത്തിക്കൊണ്ടുവന്നു ദ്രോഹിക്കുന്നു? അമ്മ! എത്രയോ പരമാരാധ്യമായ പദം! അതിത്രത്തോളം ഹിംസാത്മകമായിത്തീരാമോ ദൈവമെ!'.

KOTTAYAM PUBLIC LIBRARY * KOTTAYAM. *

# അദ്ധ്യായം പതിന്നാല്

'അവനെന്തു പറഞ്ഞു പണിക്കരെ?'

'അവരടങ്ങോട്ടൊന്നു പോയേച്ച്–ഇപ്പഴിങ്ങു വന്നേക്കാമെന്നു'

'തള്ളയെ കാണാനായിരിക്കും.'

'അവരെക്കൂടെ നേരത്തെ ഇവിടെ വിളിച്ചു നിർത്തേണ്ടതാരുന്നു. എങ്കിലീ കൊച്ചനിങ്ങനെ കയറും പറിച്ചോണ്ടോട്ടമാരുന്നോ?'

'ബോംബേൽ പോയിട്ടു കുറെ നന്നായിട്ടുണ്ടോ പണിക്കരെ?'

'ഇവിട്ടുന്നു പോയേന്റെ എരട്ടിയൊണ്ടിപ്പം തന്നെ. കണ്ടാലാള റിയത്തില്ല. കോട്ടും കാൽസ്രായുമൊക്കെയാ സായ്പമ്മാരെപ്പോലെ; നെറമൊന്നിതുണ്ടതാണെന്നേയൊള്ളു. അതിപ്പഴാരു പറഞ്ഞാലും അവൻ അവിട്ടത്തെപ്പോലല്ലാതിരിക്കുമോ?'

'വന്ന വേഷമൊക്കെയൊന്നു മാറിയിട്ടിങ്ങോട്ടു വരാമെന്നു കരുതിയിരിക്കും.'

'ഹല്ലേ! നല്ല പഠിപ്പൊള്ളവനല്ല്യോ? വിവരമില്ല്യോ? ആ ചട്ടക്കാരുടെ കോട്ടും ശരായിയുമൊക്കെയിട്ടോണ്ടാണോ മങ്ങലത്തോട്ടു വരുന്നതു്?'

'ആ വേഷത്തിൽത്തന്നെ അവനെയെനിക്കൊന്നു കാണണം. നമുക്കങ്ങോട്ടുപോകാം പണിക്കരെ'

'അയ്യോടാ! ആ നാണക്കുറുപ്പിനില്ലാരുന്നു–ഇത്രേം സ്നേഹം! അതെങ്ങനെയാ? അയാളെ വെറുതെ അച്ചാന്നു വിളിച്ചതല്ല്യോ? ഇതതാണോ? പണ്ടൊള്ളോരുപറേം–ഉപ്പോളം വരുമോ ഉപ്പിലിട്ടതെന്നു്.'

'അഞ്ചാറുമാസമായില്ലേ അവനെയൊന്നു കണ്ടിട്ട്.'

'ഇത്ര കാണാതിരിക്കാമ്മയ്യാരുന്നെങ്കിൽ എന്തിനാ ക്മാരന്നായരടെ കൂടെ പറഞ്ഞയച്ചതു്?'

'അട്ടക്കൽനിന്നു പോയതിൽപ്പിന്നെയാണു് അബദ്ധമായെന്നു ബോദ്ധ്യപ്പെട്ടതു്. ഇനിയതു വരികയില്ല. ഞാനവനെ ഇനിയെങ്ങും അയയ്ക്കില്ല.'

'അപ്പഴാ ഉദ്യോഗമോ?'

'ഒരുദ്യോഗത്തിനും പോകേണ്ടാ ബാബു. ഉദ്യോഗത്തിനു കിട്ടുന്ന ശമ്പളത്തിൽ കൂടുതൽ ഇവിടെ കൊടുക്കാൻ എന്നെക്കൊണ്ടു കഴിയും.'

'ഒരു വീടങ്ങു വളരാമ്പോവ്വാ! ഞങ്ങടെ വടക്കേലേടം; ആരും നന്നായിരിക്കട്ടെ ഈശ്വരാ. മാതുപ്പണിക്കരെക്കൂടെ മറക്കാതിരുന്നേച്ചാൽ മതിയാരുന്നു.'

ഗോവിന്ദപ്പിള്ളയും പണിക്കരുംകൂടി ചിരിച്ചുല്ലസിച്ചു തുണ്ടുപറമ്പിലെത്തുമ്പോൾ അവിടുത്തെ അന്തരീക്ഷം അമ്പേ കൊടുമ്പിരിക്കൊള്ളുകയാണു്. ആഗതരെ ദൂരെ കണ്ടപ്പൊഴേ ജാനകിയമ്മ അകത്തെവിടെയോ മറഞ്ഞുകഴിഞ്ഞു. വന്നുകയറിയ വേഷംകൂടി മാറാതെ വിവശനായി ബാബു പൂമുഖത്തു കിടക്കയാണു വെറുംനിലത്തു്. പുറന്തിണ്ണയിലിറക്കിവച്ച പെട്ടിയോ ബെഡ്ഡിംഗോ പിന്നെയാരും തൊട്ടിട്ടില്ല.

സമാഹ്ലാദഭരിതനായി ഗോവിന്ദപ്പിള്ള നേരെ പൂമുഖത്തേക്കു കയറി. അലിഖിതമായ അവകാശഭാവത്തിൽ പതിവിൻപടി ചാരുകസാലയിലമൎന്നു. സൗകര്യപൂൎവ്വം നിദ്രനടിച്ചുകളഞ്ഞു സമീപത്തു കിടന്ന യാത്രാവിവശൻ. പണിക്കർ മറുപുറം തിരിഞ്ഞു ഗേഹിനിയെ തിരയുകയായി. അടുക്കളയിൽ കുഞ്ഞിലക്ഷ്മിയമ്മയും ജാനകിയമ്മയും മുഖത്തോടുമുഖം നോക്കിയിരുന്നു മൗനം ഭജിക്കയാണു്.

ക്ഷമകെട്ട ഗോവിന്ദപ്പിള്ള ബാബുവിനെ വിളിച്ചുണർത്തുകയായി.—'ഇതെന്തുറക്കമാ ബാബു? ഒരു പാപോലും വിരിക്കാതെ.'

ഒരു കള്ളം സ്ഥാപിക്കാൻ പിന്നാലെ പലകള്ളം ആചരിക്കേണ്ടിവരും. ഉറക്കമെന്നപോലെ ഉണർച്ചയും സമത്ഥമായി അഭിനയിക്കേണ്ടിവന്നു ബാബുവിനു്. സുഖനിദ്രയിൽ ശല്യപ്പെടുത്തിയ ശുണ്ഠിയാണു മുൻപേ കാട്ടിയതു്. അതു വാസ്തവത്തിൽ നാട്യമല്ലതാനും.

ശുണ്ഠിയെഴുന്നേററിരുന്നു ബഹുമാന്യാതിഥിയെ രൂക്ഷമായൊന്നു നോക്കി. അതിനോടിടഞ്ഞു ഗോവിന്ദപ്പിള്ളയുടെ മുഖം വിളറിപ്പോയി. ആളറിഞ്ഞശേഷവും അത്രതന്നെ സൗമനസ്യം പ്രകടിപ്പിച്ചില്ല ബാബു. ഒന്നൊതുങ്ങിമാറിയിരുന്നു തുടരെ കോട്ടുവായിടുകയാണു്.

അതിഥിതന്നെ പിന്നെയും സംഭാഷണം ആരംഭിക്കേണ്ടിയിരുന്നു—'എപ്പഴിങ്ങുവന്നു?'

'കുറേനേരമായി! ഒട്ടം സുഖമല്ലാത്ത സ്വരത്തിലാണു ബാബുവിൻെറ പ്രത്യുക്തി.

'കമ്പി എന്നു കിട്ടി?'

'ഇവിടെ നിന്നയച്ചതിൻെറ പിറേറദിവസം.'

'നിന്നെയൊന്നു കാണാൻ തിട്ടക്കപ്പെട്ടിട്ടാണ്.'

'കള്ളക്കമ്പിയടിച്ചതു''

'അതൊക്കെ വേണ്ടിവരും—ചില അത്യാവശ്യഘട്ടങ്ങളിൽ.''

'യാതൊരാവശ്യവുമില്ലാതെയും വ്യാജംതന്നെ കൈകാര്യം ചെയ്യും—അതു ശീലിച്ചവർ!''

'സൂക്ഷ്മാർത്ഥത്തിൽ നോക്കിയാൽ സംഗതി സത്യമാണുതാനും.'

'ഞാൻ പറഞ്ഞതോ ഇവിടെ നടന്നതോ?'

'നിന്നെ കാണാൻ താമസിക്കുന്തോറും നിൻെറമ്മയുടെ സ്ഥിതി മഹാപരുങ്ങലിലായിരുന്നു.'

'ആ പരുങ്ങൽ ഈ ജന്മം മാറുമെന്നും തോന്നുന്നില്ല.'

'അതെന്താ?'

'എന്നെക്കൊണ്ടു വിസ്തരിപ്പിക്കണം?'

'നീ കാര്യമറിയാതെയാണീസംസാരിക്കുന്നതു്.'

'കൂടുതലൊന്നും അറിയണമെന്നില്ല.'

'അതുപോരാ;'

പൂമുഖത്തു വാഗ്വാദം മുറുകിയപ്പോൾ മാതുപ്പണിക്കർ കിഴക്കെ തിണ്ണയിലെത്തി. സ്ത്രീജനങ്ങൾ രണ്ടും പടിഞ്ഞാറെ ചായിപ്പുമുറിയിലും പതുങ്ങി നിന്നു ചെവികൊടുത്തു.

താൻ നാട്ടിൽനിന്നു പോകുംവരെ പൊരുത്തക്കേടിൽ വർത്തിച്ചിരുന്ന തെക്കേ വീട്ടുകാർ അത്ഭുതമാംവണ്ണം അടുത്തുകൂടിയിരിക്കുന്നതു ബാബുവിന്റെ ശ്രദ്ധയിൽപ്പെട്ടു. സമീപകാലത്തെ മററു പല സംഭവവികാസങ്ങളെയുംപോലെ ഈ പുതിയ ചങ്ങാത്തവും അവനു തീരെ രുചിച്ചില്ല. മുഴക്കുടിയൻ മാതുപ്പണിക്കരെ ആ വീട്ടിൽ അഭിമുഖീകരിക്കാൻ തന്നെയും ബാബുവിനിഷ്ടമില്ല. എല്ലാമെല്ലാം ഗോവിന്ദപ്പിള്ളയുടെ സന്നാഹമാണെന്നോർത്തപ്പോൾ രോഷം ഉള്ളിൽ എരിഞ്ഞുയന്നു. അതിൻെറ ജ്വാല വമിച്ചു അങ്ങോട്ടുള്ള ദൃഷ്ടിവിക്ഷേപത്തിൽ.

പക്ഷേ, പഴക്കെച്ചുട്ട കുരമ്പിൻെറ വരവും തീരെ കാര്യമാക്കിയില്ല കൗശലക്കാരൻ പണിക്കർ. ബാബുവുമായുള്ള വാഗ്സമരത്തിൽ

പടിപടിയായി പരിക്ഷീണതയിലേക്കുതാഴന്ന മംഗലത്തു് യജമാനനു ബലത്ത പിന്തുണ നൽകേണ്ട ബാദ്ധ്യതയുമേറെറടുത്തു—

'തലമറന്നെണ്ണതേക്കാതെ കുഞ്ഞേ;'

'അവനു സംഗതികൾ ഹരിശ്രീതൊട്ടേ പറഞ്ഞു കൊടുക്കേണ്ടിയിരിക്കുന്നു' എന്നായി ഗോവിന്ദപ്പിള്ള.

'അത്രയ്ക്കു കുരുന്നു കുഞ്ഞാണോ കോളെജിൽപോയി പഠിച്ചിട്ടും?'

'ഇമ്മാതിരി കാര്യംവല്ലതുമാണോ കാളേജിൽ പഠിക്കുന്നതു്.'

'അങ്ങു വിളിച്ചോണ്ടു പോയാട്ടെ.'

അത്രനേരവും മൗനമുദ്ര പൂണ്ടിരുന്ന ബാബു കടന്നു ചോദിച്ചു, 'എവിടെയാ?'

'മങ്ങലത്തു്' മാതുപ്പണിക്കർ.

'അവിടെയാണോ എനിക്കു കഴകുമരം നാട്ടിയിരിക്കുന്നതു്?'

'കഴകുമരമല്ല; കൊടിമരം! സ്വർണ്ണക്കൊടിമരം!'

'എനിക്കൊരു മരംകേററവും ശീലമില്ല.'

'നീ എടന്തിരിവൊന്നുമെടുക്കാതെൻെറ മോനേ,' ഒന്നും പൊതിഞ്ഞുവയ്ക്കാതെ മർമ്മപ്രശ്നത്തിലേക്കു കടന്നു ഗോവിന്ദപ്പിള്ള.

ചായ്പുമുറിയിൽ ചാരിതാൎത്ഥ്യത്തിൻെറ നോട്ടം തമ്മിൽ കൂട്ടിയുരസി.

അതിഗർഹണീയമായ ശകാരം കേട്ട അസഹ്യതയും ജാള്യതയുമാണു ബാബുവിനു്.

താൻ പറയാനുള്ളതെല്ലാം പറഞ്ഞുതീൎത്ത കൃതാൎത്ഥതയുണ്ടു് ഗോവിന്ദപ്പിള്ളയുടെ മുഖത്തു്.

'ഇനിയോ ബാബൂ?' അവൻെറ അഭിമാനത്തിനേററ മുറിവിൽ മുളകുപൊടി വിതറുകയാണു് വീണ്ടൻ പണിക്കർ.

'എൻെറ അച്ഛൻെറ അടുത്ത ചങ്ങാതിയും ബന്ധുവുമെന്ന നിലയിൽ എനിക്കു മംഗലത്തെ അമ്മാവനെ വളരെ ബഹുമാനമുണ്ടു്.' അത്യഗാധത്തിൻ്റെമേലെയുള്ള ചെറുകല്ലോലംകണക്കെ അവൻപറഞ്ഞു.

'കുഞ്ഞുന്നാളിൽത്തൊട്ടേ നീയെന്നെ അമ്മാവനെന്നാണു് വിളിക്കുന്നതു്' ഗോവിന്ദപ്പിള്ള സമാധാനപ്പെടുകയാണു്.

'അങ്ങനെ ആജീവനാന്തം എനിക്കു് അമ്മാവനാണു് അവിടുന്നു്.'

'ഒരിക്കലും ഞാനെൻെറ ഒരനന്തിരവനായല്ല നിന്നെ കരുതുന്നതും കാണുന്നതും.'

'ഞങ്ങൾ ശുദ്ധമേ ഏഴകൾ?'

'എനിക്കു പിറന്ന മകനൊരിക്കലും ഒരിരപ്പാളിയായിപ്പോകയില്ല.'

'എൻെറയച്ഛൻ പരമദരിദ്രനാണെന്നു് അവിട്ടത്തേക്കറിയാമല്ലോ?'

'നാണക്കുറുപ്പിൻെറ കാര്യമായിരിക്കും നീ പറയുന്നതു്?'

'മറെറാരു നാമം എനിക്കവകാശപ്പെടാനുണ്ടോ?'

'തീർച്ചയായുമുണ്ടു്.'

'എന്നുവച്ചാൽ?'

'ഞാനാണു സത്യത്തിൽ നിൻെറയച്ഛൻ.'

സംയമനശക്തിയാകെ തകൎന്നുപോയി ബാബുവിനു്. ചാടിയെഴുന്നേററു ജ്വലിച്ചുനിന്നു—കരിമരുന്നിനു തീ പിടിച്ച കണക്കെ! അത്യന്തഭീഷണം പൊട്ടിത്തെറിക്കയും—

'ഛായ്; അസംബന്ധം പറയരുതു്.'

ഉത്തരക്ഷണത്തിൽ ഉറക്കെയൊരു ശബ്ദംകേട്ടു. ചായ്പുമുറിയിൽനിന്നാണു്. അതിൻെറ വിശദീകരണം മുഴങ്ങി കുഞ്ഞിലക്ഷ്മിയമ്മയുടെ നിലവിളിയിൽ—

'അയ്യോ! ആരെങ്കിലുമൊന്നോടിവായോ!'.

നിന്നനിലയിൽനിന്നു ചലിച്ചേയില്ല ബാബു. ചാരിയിരുന്ന കതകു തള്ളിത്തുറന്നു് ഗോവിന്ദപ്പിള്ള ചാടിയിറങ്ങിച്ചെന്നു. പിന്നാലെ പണിക്കരുമുണ്ടു്.

ചുവടിളകിയ മരംകണക്കെ പ്രജ്ഞയററു കിടക്കയാണു ജാനകിയമ്മ. മംഗലത്തു പ്രഭുവിൻെറ പിതൃത്വം പാടെധിക്കരിച്ചുള്ള പ്രിയപുത്രൻെറ ഘോരഗജ്ജനം കേട്ടു നിന്നനിലയിൽ എട്ടത്തടിച്ചതുപോലെ വീണുപോയി ആ അമ്മ. ആ വീഴ്ചയുടെ ശബ്ദമാണു പൂമുഖത്തും പുറത്തും മുഴങ്ങിക്കേട്ടതു്.

ഗജവിഗ്രഹൻ ഗോവിന്ദപ്പിള്ള കുനിഞ്ഞു കോരിയെടുത്തു ആ ചലനമററ ഗാത്രം. കണ്ടുനിന്ന കുഞ്ഞിലക്ഷ്മിയമ്മയും പണിക്കരും രണ്ടുകാലും താങ്ങിപ്പിടിച്ചു. കാററും വെളിച്ചവും കൂടുതലുള്ള പൂമുഖത്തു കൊണ്ടുവന്നു കിടത്തി. അറിയപ്പെട്ട ശീതോപചാരങ്ങളെല്ലാം ആചരിച്ചു നോക്കി. മുഴവൻ നിഷ്ഫലം! വീണവീഴ്ചയിൽത്തന്നെ ശരീരത്തിൽനിന്നു പ്രാണൻ പറന്നുപോയിരിക്കണം!.

അടുത്തുചെന്നു് അമ്മയെ ആവുമ്മട്ടെല്ലാം പരിചരിക്കണമെന്നുണ്ടു ബാബുവിനു്. പക്ഷെ, തൻെറ ജീവിതത്തിലെ പ്രധാന പ്രതിയോഗിയാരോ—ആ മനുഷ്യൻെറ പിടിയിലാണു് അപ്പോൾ ആ ചേതനയററഗാത്രം. ആ പരമശത്രുവിനോടു ചേൎന്നു പങ്കെടുക്കേണ്ട കൃത്യം എത്രയേറെ അത്യന്താപേക്ഷിതമാണെങ്കിൽക്കൂടി ഖേദപൂർവ്വം ഉപേക്ഷിക്കയേ നിവ്വാഹമുള്ളു..........................................

സാമ്പത്തിക പ്രാമാണ്യത്തിൽപ്പെട്ടന്ന സാമൂഹ്യമേന്മ നിലനി ത്താൻ വേണ്ടി അത്ര നാളും പിടിച്ചിരുന്ന മറയെല്ലാമെടുത്തു മംഗ ലത്തു ഗോവിന്ദപ്പിള്ള. ഉണ്ടപറമ്പിലെ ശവസംസ്കാരച്ചടങ്ങുകൾക്കു പ്രമുഖഭാരവാഹിയായി തെളിഞ്ഞു നിന്നു. പരേതയുടെ ഏകപുത്രൻ ബാബു യാതൊന്നിലും കൂടാതെ ദൂരെയൊരു കോണിൽ ഒഴിഞ്ഞുമാറി യിരിക്കയാണു്. ബന്ധപ്പെട്ട ജനങ്ങളൊന്നൊന്നായി അവനെ ഉപ ദേശിക്കാൻ ചുററിക്കൂടി—

'പെററമ്മേടെ വായ്ക്കരിയിടാൻ നിന്നോട്ട വല്ലോരും വന്നു പറ യണോ?' എന്നായി ഒരാൾ.

'അവരു പെററിട്ടൊരുമകൻ നീ തടിപോലെയിരിക്കുമ്പോൾ അക്കാര്യത്തിനു് അന്യനൊരുത്തൻ വരുമോ?' അപരൻ ചോദിച്ചു.

'ഇവിടെയിന്നു നടക്കേണ്ട എല്ലാ കാര്യവും നീയൊരുത്തനാണു നിന്നു നടത്തേണ്ടതു്.'

'ഇന്നുതൊട്ടു പതിനാറുദിവസം പട്ടിണിയിരിക്കാൻ—ബലിയിട്ടി രിക്കാൻ—നീയല്ലാതെ വേറെ ആരുണ്ടു്.'

'പെററമ്മക്കിതിനുപകരിക്കാത്ത നിന്നെ പിന്നെ ഈ ലോകത്തു് ഏതു പട്ടിക്കുവേണം?'

'അമ്മയ്ക്കു കർമ്മം ചെയ്യാൻ മടിക്കുന്നവനെ ഒരു മനുഷ്യനായി കണ ക്കാക്കിക്കൂടാ!'

ഒട്ടുവളരെയായപ്പോൾ തൻെറ നിലപാട്ട വെട്ടിത്തുറന്നു പറയേ ണ്ടിവന്നു ബാബുവിനു്—

'മംഗലത്തെ മൂപ്പീന്നു് ഇവിട്ടത്തെ നാലതിരിനു പുറത്തിറങ്ങട്ടെ മുൻപേ! അതു കഴിഞ്ഞിട്ടുമതി—എൻെറ അമ്മയുടെ ശവം പട്ടടയിലേ ക്കെടുക്കുന്നതു്!'

നേതൃത്വം കൊടുത്തുനിന്ന നാട്ടുപ്രമാണി തലകുമ്പിട്ടു പടിയിറ ങ്ങി നടന്നു ചില നിമിഷങ്ങൾക്കുള്ളിൽ!

# അദ്ധ്യായം പതിനഞ്ച്

പതിന്നാലാം ദിവസത്തെ ബലികഴിഞ്ഞു ബാബു ആഹാരം പാകം ചെയ്യാൻ തുടങ്ങുകയാണു്. മണി ഒൻപതു കഴിഞ്ഞിരിക്കണം. രാവിലെ കുളിച്ചു ബലിയിട്ടതിനുശേഷം വ്രതക്കാരൻ തന്നെ തനിക്കു ഭക്ഷണം പാകം ചെയ്തേ പററു. അപ്പോഴും തുണയ്ക്കു് ആ വീട്ടിൽ മററാരംഗമില്ല.

നാട്ടുപ്രമാണി ഗോവിന്ദപ്പിള്ളയെ അന്നു് ഇറക്കിവിട്ടതോടെ ആചാരകർമ്മത്തിൽ സംബന്ധിക്കാനെത്തിയിരുന്ന പലരും പൊഴിഞ്ഞുപൊഴിഞ്ഞകന്നു. ബാബുവിന്റെ സതീർത്ഥ്യരും സുഹൃത്തുക്കളുമായ കുറെ ചെറുപ്പക്കാർ തൽസ്ഥാനത്തു കൂട്ടതൽ ജാഗരൂകതയോടെ സഹകരിക്കാനെത്തി. ആ ഇളമുറക്കാരുടെ സഹായസഹകരണങ്ങളാണു തുടർന്നുള്ള ദിവസങ്ങളിലും തുടൻ പോന്നതു്.

സാമാന്യം ദീക്ഷയും താടിയും വളർന്ന ഒരു കാഷായവേഷധാരി മെല്ല പടികടന്നു വരുന്നു. ആളിനു കാഴ്ചയിൽ വലിയ ചടപാടൊന്നില്ല. പക്ഷെ, പടി കയറി ഓരോ ചുവടു നീങ്ങുന്നതും വളരെ ...ിക്ഷീണതയിലത്രേ. വീട്ടുമുററത്തെത്തി നാലുപാടുമൊരു തിരക്കി ...ാട്ടം നടത്തി. അവസാനം പറമ്പിന്റെ തെക്കുകിഴക്കേ മൂലയിൽ ...്തിനട്ടുനിന്നു കുറെനേരം. ജാനകിയമ്മയുടെ ജഡം ദഹിപ്പിച്ച സ്ഥലമാണതു്. സഞ്ചയനദിവസം ശവക്കുഴി മൂടി മീതെ തൈത്തെങ്ങും വാഴയും നട്ടിട്ടുണ്ടു്. ഭൗതികവിരക്തന്റെ വേഷമണിഞ്ഞ ആഗതൻ വിങ്ങിവിങ്ങിക്കരഞ്ഞുകൊണ്ടു് അങ്ങോട്ടു നീങ്ങി. അന്നു് അസ്ഥികൾ

ശുദ്ധിചെയ്ത കോട്ടപാള മൂന്നെണ്ണം ആ വാഴച്ചുവട്ടിലുണ്ട്. വിതച്ച നവധാന്യങ്ങൾ എമ്പാടും മുളച്ചുപൊന്തി. ആവകയോരോന്നും അശ്രുപാളികളിലൂടെ അവലോകനം ചെയ്തു കുറെ സമയം. പെട്ടെന്നൊരു നിമിഷത്തിൽ പൊട്ടിക്കരഞ്ഞുകൊണ്ട് പട്ടടസ്ഥാനത്തു സാഷ്ടാംഗം വീണു.

വീടിൻെറ കിഴക്കെ പുറന്തിണ്ണയിൽ വടക്കേയററം ചേർന്നാണ് പിതൃബലിവ്രതക്കാരന് അടുപ്പുകൂട്ടിയിരിക്കുന്നതു്. പതിനാറുദിവസത്തെ ബലിതീരുംവരെയും അടുക്കളയിൽനിന്ന് ആഹാരം കഴിച്ചുകൂടെന്നാണ് ആചാരം. ആ വ്രതക്കാരനല്ലാതെ വേറെ ആരുമില്ലാത്ത ആ വീട്ടിൽ അടുക്കളമുറി തുറക്കേണ്ട ആവശ്യമേയില്ലതാനും. കുളിവരെയുള്ള പതിവു പ്രഭാതകൃത്യങ്ങൾ അതിരാവിലെ കഴിഞ്ഞതാണ്. നിത്യം പതിവുള്ള ഉദകക്രിയകളുടെ പരിപാടി തീർന്നപ്പോൾ മുതൽ വയർ കാഹളമൂതുന്നുണ്ട് വല്ലതും ആഹരിക്കാൻ. അരിയും വെള്ളവുമായി അടുപ്പത്തു കയററി അടുത്തിരുന്നു തീയെരിക്കുകയാണ് ആവശ്യക്കാരൻ. ദിവസത്തിലേറിയപങ്കും ഏകാകിയായി കഴിയുകയാണ്. ആ ഏകാന്തതയിൽ ഏതെല്ലാം വഴിയിലൂടെ ചിന്ത കാടുകയറുകില്ല. അങ്ങനെ പരിസരം മറന്ന് മുൻപിൽ അടുപ്പത്തു വേകുന്ന ആഹാരത്തിനു മാത്രം ആഭിമുഖ്യം കൊടുത്തിരുന്ന ബാബു തൻെറ പിൻവശം നടന്ന സംഭവങ്ങൾ യാതൊന്നും കണ്ടില്ല. അവസാനം, പൊട്ടിക്കരഞ്ഞുകൊണ്ടാരോ അമ്മയുടെ പട്ടടസ്ഥാനത്തു കമഴ്ന്നു വീണ ശബ്ദം കേട്ടു ഞെട്ടിത്തിരിഞ്ഞു നോക്കുകയായിരുന്നു.

വേഷം പാടെ വ്യത്യസ്തമെങ്കിലും ദൂരെവച്ചുതന്നെ ആളെ മനസ്സിലായി ബാബുവിന്. പെറ്റമ്മയുടെ ചരമവേളയിലും ശബ്ദസംയമനം പാലിച്ച ചെറുപ്പക്കാരൻ അത്യുച്ചത്തിൽ നിലവിളിച്ചുകൂട്ടി—'ഹെൻറച്ഛാ......'

ഇരുമ്പും കാന്തവുംപോലെ ആ അച്ഛനും മകനും പാഞ്ഞെത്തി ഗാഢാശ്ലേഷത്തിൽ ഏകീഭവിച്ചു. നാണക്കുരുപ്പു മകൻെറ കവിളത്തു നൂറുനൂറു ചുംബനമർപ്പിക്കയാണു ബാഷ്പധാരയോടെ. അച്ഛനെക്കാൾ അല്പമുയർന്നു നിന്ന തൻെറ തലയും മുഖവും ആ താടിക്കാട്ടിന്നടിയിലൊതുക്കാൻ കിണഞ്ഞു പണിപ്പെട്ടുന്നു ബാബു.

പരസ്പരം സാന്ത്വനമരുളി രണ്ടാളും തന്താങ്ങളുടെ ദുഃഖം കുറെ ഒതുക്കി നിർത്തി. ബാബു പണിപ്പെട്ടു പിതാവിനെ വല്ലതരത്തിലും വീട്ടിൻെറ പുറന്തിണ്ണയിലെത്തിച്ചു. പറെറച്ചേർന്നിരുന്നു പെരുത്ത ജിജ്ഞാസയുടെ ചുരുൾ നിവർത്താനും തുടങ്ങി—

'ഹെൻറച്ഛനെവിടാരുന്നു?'

'അച്ഛനുതന്നെ തിട്ടമില്ല മോനെ! ഒരുപാടൊരുപാട്ട നാടൊക്കെ അലഞ്ഞുതിരിഞ്ഞു! കൂട്ടത്തിൽ കൊറെ പുണ്യസ്ഥലങ്ങളും കാണാൻ സംഗതിയായി.'

'അച്ഛനെന്നോട്ട പിണങ്ങിയിറങ്ങിപ്പോയതാണോ? അമ്മയോട്ട ദേഷ്യപ്പെട്ടിട്ടായിരുന്നോ?'

'നേരു പറഞ്ഞാൽ—ഇത്തരത്തിലുള്ള ദുരിതമൊക്കെ എനിക്കായി വിധിച്ച—വല്യതമ്പുരാനോടായിരുന്നു എനിക്കു ദേഷ്യം! ഇതിനു തക്കവണ്ണം ഞാനീ ആയുസ്സിൽ മനസ്സറിഞ്ഞു യാതൊരു പാപോം ചെയ്തിട്ടില്ല. പിന്നെന്താണു ദൈവംതമ്പുരാൻ എന്നോടിങ്ങനെ ചെയ്യാൻ? ഈശ്വരനായാലും ചെയ്യുന്നതിനു നീതിവേണ്ടായോ?'

'അപ്പോൾ—ഞാൻ—അമ്മയെ തെററിദ്ധരിക്കയായിരുന്നു?'

'അതെ; അതിൻെറ ആരംഭം കണ്ടു—നീ ഇവിട്ടന്നു പോന്നേനു കറെ മുമ്പുതൊട്ടേ! എൻെറ കരളുവിങ്ങാൻ തൊടങ്ങിയതു് അവിടം മുതല്ലോ; എൻെറ പക്കേന്നുവന്ന കൈപ്പെശകാ സത്യത്തിൽ. അതു ഞാനെങ്ങനെൻെറ മോനോട്ട വിസ്തരിച്ചു കേൾപ്പിക്കും?'

'അച്ഛനൊരു പരമവഞ്ചകനെ സ്നേഹിച്ചിരിക്കാം; വിശ്വസിച്ചിരിക്കാം;'

'എൻെറ മോനങ്ങനെ പറയാതെ; അതും ആ മനിഷേനെ;'

'അയാൾ മനുഷ്യനാണോ അച്ഛാ?'

'മനിഷേരോപോട്ടെ; ദേവന്മാക്കുമൊണ്ടു് ചെലനേരം ചെല താഴ്ചവീഴ്ചകൾ. അഹല്യാമോക്ഷം കേട്ടിട്ടില്ല്യോ നീ? പള്ളിക്കൂടത്തിലും കോളെജിലും വച്ചു പടിച്ചുകാണും. വല്യവല്യ ദേവേന്ദ്രനല്ല്യോ പെണ്ണിനെ വലയ്ക്കാൻ വന്നതു്? പിന്നാണോ കൊച്ചു—മങ്ങലത്തു കോന്നപ്പുള്ള?'

ഈ സംഭാഷണത്തിനിടയിൽ കുറുപ്പിൻെറ ദൃഷ്ടി യാദൃച്ഛികമായി വടക്കോട്ട പാഞ്ഞു.

'ആ അട്ടപ്പത്തെന്തോന്നാ?'

അത്രനേരവും ഒന്നടങ്ങിനിന്ന വയറെററരിച്ചിൽ വീണ്ടുമുയർന്നു ബാബുവിനു്—

'ഞാൻ കഞ്ഞിവയ്ക്കയായിരുന്നു.'

'ഞാൻ കണ്ടു—നീ തന്നെ കുത്തിയിരുന്നു തീയെരിക്കുന്നതു്. അപ്പഴത്തേക്കു് അവളുടെ ചൊടലത്തെങ്ങെൻെറ കണ്ണിൽപ്പെട്ടു.'

'അപ്പോൾ—അച്ഛൻ വന്നിട്ടൊരുപാട്ട നേരമായോ?'

'നീയാ കഞ്ഞി വെന്തോന്നു നോക്കു്. അട്ടപ്പിൽ തീകൂടെയില്ല!'

മകനെക്കാൾ മുൻപേ പിതാവുതന്നെ അടുപ്പിനടുത്തെത്തി. വീണ്ടും വിറകുകൂട്ടി തീ പിടിപ്പിക്കേണ്ടിയിരുന്നു: കഞ്ഞി കാലമായപ്പോഴേക്കു് ചമ്മന്തിയരച്ചു, പരിചയസമ്പന്നനായ നാണുക്കുറുപ്പ്. വെറുതെ നോക്കിനില്ലാതെ എട്ടുപത്തു പപ്പടം ചുട്ടെടുത്തു ബാബു. ഒന്നുമൊന്നും പറയാതെ രണ്ടു പാത്രം നീക്കിവച്ചു വിളമ്പുകയായി പിന്നെ. വേണ്ടെന്നു ഭംഗിപറഞ്ഞൊഴിയാൻ പിതാവും മുതിർന്നില്ല. ആയുസ്സിലന്നോളം ലഭിക്കാത്ത ആസ്വാദ്യതയായിരുന്നു രണ്ടാൾക്കും അന്നത്തെ പ്രാതലിനു്.

ക്ഷീണംതീർക്കാൻ പൂമുഖത്തുവന്നു തടി ചായ്ച്ചപ്പോഴും—കുറുപ്പിന്റെ കാതരദൃഷ്ടി തുടരെ പായുന്നുണ്ടു് അഗ്നികോണിലെ ആ ചുടലത്തെങ്ങിനു നേരെ! ഹൃദയം തിങ്ങിവിങ്ങി ബഹിർഗമിക്കുന്ന നെടുവീർപ്പുകളുമുണ്ടു് അനുബന്ധമായി. ഈ നിശ്ശബ്ദരോദനത്തിനു ദൃക്സാക്ഷിയായി തൊട്ടടുത്തുതന്നെയുണ്ടു് — മനസാ ആശ്ചര്യംകൂറുന്ന മകൻ.

പിതാവിന്റെ ശ്രദ്ധ മററുവഴിക്കു തിരിച്ചുവിട്ടു ഹൃദന്തരം തെല്ലു ശീതളമാക്കാൻ മാർഗ്ഗങ്ങളാരാഞ്ഞു ബാബു. യാദൃച്ഛികഭാഗ്യമെന്നപോലെ മുററത്തു കാലടിശബ്ദം കേൾക്കായി അപ്പോൾ. അറച്ചറച്ചു കയറിവരുകയാണു് മംഗലത്തു പ്രഭു. ജന്മശത്രുവിനെ ദർശിച്ച ദേഷ്യഭാവമേ ബാബുവിന്റെ മുഖത്തു പ്രത്യക്ഷപ്പെട്ടുള്ളു.

ആചരിച്ച അപകാരങ്ങൾ ആകമാനം മറന്നു് അതിഥിപൂജ ചെയ്യാൻകൂടി കുറുപ്പു സന്നദ്ധനായി. അണപ്പല്ലിറുമ്മിക്കൊണ്ടെങ്കിലും അപ്പോൾ അതിനൊത്തുനില്ക്കാനേ ബാബുവിനും നിവൃത്തിയുള്ളു.

'കുറുപ്പു വന്നെന്നു തെക്കേലെ പണിക്കരു പറഞ്ഞു.' അന്നേക്കു രണ്ടാഴ്ചമുൻപു് കുടിച്ചിറക്കിയ കയ്പുനീരിന്റെ ദുസ്വാദു് തികട്ടിവരുന്നുണ്ടെങ്കിലും മുഴുത്ത സ്നേഹാഹ്ലാദം പൊക്കിപ്പിടിക്കയാണു ഗോവിന്ദപ്പിള്ള.

'ക്ഷീണമൊന്നു തീർത്തിട്ടു മങ്ങലത്തേക്കു വരാൻ ഭാവിക്കയായിരുന്നു ഞാൻ!' കുറുപ്പ്.

'ഞാനാണു വന്നു മാപ്പു പറയേണ്ടതു്.'

'കളയണം കോന്നപ്പിള്ളേ!'

'നിങ്ങടെയൊരു രോമത്തിനു വിലയില്ല ഞാൻ!'

'ഘന്നുവന്നു വെറും കഥയില്ലായ്മയേ പറയാനറിയാവൂ.'

'കുറുപ്പിന്റെ മുൻപിലൊരു പിച്ചതെണ്ടാൻ വന്നിരിക്കയാണിന്നു ഞാൻ!'

'എനിക്കീ ലോകത്തിനിയെന്തിരിക്കുന്നു-കോന്നപ്പുള്ളയ്ക്കു തരാൻ?'

'എനിക്കിന്നുള്ള സകല സ്വത്തും ഞാൻ ദാനമെഴുതിക്കൊടുക്കാം— ബാബുവിനെ എനിക്കു വിട്ടുതരണം!'

'അവൻ വരുമെങ്കിൽ വിളിച്ചോണ്ടു പൊയ്ക്കോണം. ഞാനൊരു തടസ്സത്തിനും വരുന്നില്ല.'

'ഞാനാക്കുമൊരു ജംഗമസാധനമല്ലെന്നോക്കണം!' ക്ഷമകെട്ട ബാബു കടന്നുപറഞ്ഞു.

'ഒരുപക്ഷെ ജംഗമസാധനമായാൽക്കൂടി നിന്നെ വിററു കാശു മാറാൻ ഞാനില്ല!' കുറുപ്പ്.

'കുറെ പണം കൈയിലുള്ളവക്കു് ഈശ്വരനെക്കൂടി വിലയ്ക്കെടുക്കാമെന്നു തോന്നിപ്പോവും' ബാബു.

'എനിക്കുള്ള പണവും സ്വത്തും മുഴുവൻ നിനക്കായിട്ടങ്ങു തന്നേക്കാമെന്നു പറഞ്ഞില്ലേ?' ഗോവിന്ദപ്പിള്ള.

'അത്രയേറെ വിലപ്പിടിപ്പോ ഈ തെണ്ടിച്ചെറുക്കനു്?' ബാബു.

'ഇനിയെങ്കിലും കോന്നപ്പുള്ള ഒരു കാര്യമോക്കണം!' പണ്ടെങ്ങുമില്ലാത്ത ഘനഗാംഭീര്യത്തിൽ കുറുപ്പു തുടൻ: 'ഈ ലോകത്തെനിക്കു് ദൈവംതന്ന സമ്പത്താണെൻെറ ബാബു! ഞാനീ ജീവിതത്തിൽ ഒരു മോനെ കണ്ടതു് അവനെയാ! ആകാശംമുട്ടെ വളത്തിക്കൊണ്ടു വരണമെന്നു് അത്യാശതോന്നി. മനസ്സില്ലാമനസ്സോടെ നിങ്ങടെ കാലുപിടിക്കാനും ഒരു സമയത്തു തോന്നിപ്പോയി. ഞങ്ങൾക്കു ചുരുണ്ടുകെടക്കാനുള്ള ഈ തുണ്ടുപുരേടം നിങ്ങക്കെഴുതിത്തരാൻകൂടെ ഒരുങ്ങിയില്ലേ? അവിടെങ്ങും നിന്നില്ല നിങ്ങൾ. ഞാനൊരുത്തൻ തടിപോലെയിരിക്കുമ്പോൾ എൻെറ മോനെത്തന്നെ നിങ്ങടെ പേക്കങ്ങു തീറെഴുതിത്തരണം! ഒന്നുപാതി ഞാനുമങ്ങു സമ്മതിച്ചുപോയി. എങ്ങനേം ബാബു ഒന്നു വളന്നു വല്യതാവണമെന്നേ എനിക്കൊള്ളു.'

'കുറുപ്പൊരു സത്യം തീരെ മറന്നുപോയി!' ഗോവിന്ദപ്പിള്ള എതിർവാദം ചെയ്തു.

താപസതുല്യനായ നാണുക്കുറുപ്പ് പൂവ്വാധികം ജ്വലിച്ചു — "ഛായ്! സത്യംപോലും! അതോ—കൊടുംവഞ്ചനയോ? ഞങ്ങളെ കൂട്ടത്തോടെ തകർക്കാൻ കണ്ട കൗശലം! ഞാനും നിശ്ശേഷമടിഞ്ഞുപോയേനേ! എൻെറ മോനെനിക്കു മനസ്സിലാക്കിത്തന്നു—ആ ഓരായം! ഞാനായി നിങ്ങളോടും ലോകരോടും സമ്മതിക്കണം—എൻെറ ഒരേയൊരു മോൻറപ്പൻ ഞാനല്ലെന്നു്? പുരുഷവഗ്ഗത്തിലൊരുത്തൻ അതിനു തയ്യാറാവുമെന്നു നിങ്ങൾ വിചാരിച്ചോ?'

'അവൻറമ്മ—ജാനകിയമ്മ—ജീവനോടെയിരുന്നെങ്കിൽ—'

'അവളെ കൊന്നു കുഴിച്ചുമൂടിയതും നിങ്ങളൊരുത്തൻ!' കുറുപ്പ്.

'എന്നെ ഇവിടെനിന്നിറക്കിവിട്ടശേഷമെ അവരുടെ ശവം പട്ടടയിലേക്കെടുത്തുള്ളൂ ഈ മകൻ' ഗോവിന്ദപ്പിള്ള.

'എൻറമ്മയുടെ പാവനനാമത്തിലൊരു തീരാക്കളങ്കം ചാത്താനല്ലെ പരിപാടിയിണക്കിയതു്?' ബാബു.

'അവരൊരു ദേവിയായിരുന്നു വാസ്തവത്തിൽ' ഗോവിന്ദപ്പിള്ള.

'പണ്ടൊരു അഹല്ല്യയെപ്പോലെ!' മഹർഷിതുല്യനായ കുറുപ്പു പറഞ്ഞു.

KOTTAYAM PUBLIC LIBRARY
KOTTAYAM

Cl. No. MF3 Acc. No. 83510

This book should be returned on or before the date last stamped below.

17 MAY 1984
17 AUG 198
5 OCT 1984
6 JUL 1987
23 OCT 1987
10 NOV 1989
25 NOV 1990

If the book is not returned on due date a fine of 5 Ps. (Five) per day will be charged.

MF3 83510

മാധവൻ നായർ. സി. കെ

വിൽക്കപ്പെടാത്ത ബന്ധം